അധികാരം ജനങ്ങളിലേക്ക്

THE PATTAZHY VADAKKEKARA GRAMA PANCHAYAT
CHELIKUZHY, P.O.

### ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# സമഗ്ര വികസന രേഖ

## ജനകീയാസൂത്രണം

## പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന റിപ്പോർട്ട്
പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്

## റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കെ. രാജൻ (ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)
കെ.ജെ. അലക്സാണ്ടർ (സെക്രട്ടറി)
ജി. സുബ്രഹ്മണ്യം (പ്രോജക്ട് സയന്റിസ്റ്റ് CESS)
എസ്. തുളസീധരൻ പിള്ള DRP (കൺവീനർ)
കെ. ഗോപാലകൃഷ്ണൻ നായർ (DRP)
കെ. അരവിന്ദാക്ഷനുണ്ണിത്താൻ (DRP)
പി.എം. രാജപ്പൻ (DRP)
ആർ. ആനന്ദരാജൻ (DRP)
കെ. കാർത്തികേയൻ (DRP)
ആർ. ഗോപാലകൃഷ്ണൻ നായർ (LRP)
ജി. രാമചന്ദ്രക്കുറുപ്പ് (LRP)
ജി. ദിനേശ്ലാൽ (LRP)
എൻ. മാധവൻ പിള്ള (LRP)
കെ. ശശിധരൻ (LRP)
എൻ. സുധാകരൻ (LRP)
ഡി. അമ്പിളികുഞ്ഞമ്മ (LRP)
ടി. അജിത (LRP)
ജി. കൊച്ചുചെറുക്കൻ (LRP)
ടി. തുളസി (LRP)
എം.എസ്. ഹരികൃഷ്ണൻ (LRP)

പ്രസിദ്ധീകരിക്കുന്ന വർഷം - 1996
പ്രസിദ്ധീകരിക്കുന്നത് - പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്
കോപ്പികളുടെ എണ്ണം - 500
ടൈപ്പ് സെറ്റിംഗ് & പ്രിന്റിംഗ് - ദർശനാ ഗ്രാഫിക്സ്, അടൂർ.



## '..........സ്വപ്നങ്ങൾ പൂവണിയട്ടെ'

*പൂർണ്ണ സ്വാതന്ത്ര്യം.............*

*"സ്വന്തം ശ്രമംകൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രം"*

*— ഗാന്ധിജി*




അവലംബം : വിദവദൂപടം, സെസ്സ്

# പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്



# ഉള്ളടക്കം


പേജ്

| | | |
|---|---|---|
| 1 | ആമുഖം – പ്രവർത്തന റിപ്പോർട്ട് | 11 |
| 2 | ഗ്രാമപഞ്ചായത്ത്, പൊതുവിവരം | 13 |
| 3 | സാമൂഹിക സാംസ്കാരികചരിത്രം | 18 |
| 4 | ഭൂപ്രകൃതി – ജനപ്രകൃതി – ജലപ്രകൃതി | 25 |
| 5-1 | കൃഷിയും ജലസേചനവും | 35 |
| 5-2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 42 |
| 5-3 | വ്യവസായം | 48 |
| 5-4 | ഗതാഗതം – ഊർജ്ജം – മാർക്കറ്റ് | 52 |
| 5-5 | പാർപ്പിടവും സാമൂഹ്യക്ഷേമവും | 60 |
| 5-6 | പൊതുജനാരോഗ്യവും കുടിവെള്ളവും | 66 |
| 5-7 | വിദ്യാഭ്യാസം | 72 |
| 5-8 | സംസ്കാരം | 78 |
| 5-9 | വനിത | 82 |
| 5-10 | സഹകരണ മേഖല | 84 |
| 5-11 | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 89 |
| 5-12 | വിഭവസമാഹരണം | 93 |
| 6 | പ്രവർത്തനരേഖ – ഉപസംഹാരം | 103 |



# 1

# ആമുഖം

### *ഗ്രാമസ്വരാജിനെക്കുറിച്ച്*

"അതൊരു സമ്പൂർണ്ണറിപ്പബ്ലിക്കാണ്. സുപ്രധാനമായ ആവശ്യങ്ങൾക്ക് അത് അയൽക്കാരെ ആശ്രയിക്കുകയില്ല. എന്നാൽ പരസ്പരാശ്രയം ആവശ്യമായ കാര്യങ്ങളിൽ അതുണ്ടായിരിക്കുകയും ചെയ്യും."

– *മഹാത്മാഗാന്ധി*

നമ്മുടെ രാജ്യത്തിന്റെ ഭരണക്രമത്തിലും സാമ്പത്തികഘടനയിലും സാമൂഹ്യ, രാഷ്ട്രീയ, സാംസ്ക്കാരിക രംഗങ്ങളിലും ഗ്രാമങ്ങളുടെ പങ്ക് പണ്ടുമുതലേ സുപ്രധാനമാണ്. ഈ വസ്തുത വാത്മീകി രാമായണത്തിൽനിന്നും ശുക്രാചാര്യരുടെ നീതിസാരത്തിൽനിന്നും അറിയാൻ കഴിയുന്നതാണ്. മൗര്യഭരണകാലത്തെ ഭരണക്രമീകരണത്തിനായി രാജാക്കന്മാർ തങ്ങളുടെ രാജ്യത്തെ ചെറിയചെറിയ പ്രവിശ്യകളായി വിഭജിച്ചിരുന്നു. ഇപ്രകാരം ഉണ്ടായതായ ഗ്രാമങ്ങൾക്ക് മിക്ക ആവശ്യങ്ങളും തനതായി നിറവേറ്റാൻ കഴിഞ്ഞിരുന്നു. അതുകൊണ്ടാണ് ഈ ഗ്രാമങ്ങളെ "സ്വയം സമ്പൂർണ്ണഗ്രാമങ്ങൾ" എന്ന് ചരിത്രത്തിൽ വിശേഷിപ്പിക്കപ്പെടുന്നത്. സാമൂഹ്യവളർച്ചയിലും സാമ്പത്തിക വ്യവസ്ഥിതിയിലും വന്ന കാലികമാറ്റങ്ങൾ ഗ്രാമങ്ങളുടെ ഈ സ്വയം സമ്പൂർണ്ണ സ്വഭാവത്തിലും വ്യതിയാനങ്ങൾ വരുത്തി. മുതലാളിത്തവും വിദേശാധിപത്യവും ഈ മാറ്റങ്ങൾക്ക് ശക്തിപകർന്നു. ഇതിന്റെയെല്ലാം പരിണിതഫലമായി ഗ്രാമങ്ങളുടെ സ്വാശ്രയത്വം നഷ്ടപ്പെട്ടു. ഈ സാഹചര്യങ്ങളാണ് രവീന്ദ്രനാഥടാഗോർ, മഹാത്മാഗാന്ധി എന്നിവരെ ഗ്രാമങ്ങളുടെ പുനർസൃഷ്ടിയ്ക്കായി ചിന്തിപ്പിച്ചതും ഗ്രാമസ്വരാജിലധിഷ്ഠിതമായ പഞ്ചായത്ത് രാജ് സംവിധാനത്തിന് അടിസ്ഥാനമിട്ടതും. സ്വാതന്ത്ര്യലബ്ധിക്കുശേഷം പല പരീക്ഷണങ്ങളും പരിശ്രമങ്ങളും നടത്തിയിട്ടുണ്ടെങ്കിലും ഭരണഘടനാപരമായ പ്രതിസന്ധിമൂലം നിയമപ്രകാരം ഫലപ്രാപ്തിയിലെത്തിക്കുവാൻ കഴിഞ്ഞിരുന്നില്ല.

1994ൽ ഇന്ത്യൻ ഭരണഘടനയുടെ 73,74-ാം ഭേദഗതിയിലൂടെ രാജ്യത്ത് പഞ്ചായത്ത് രാജ് നിയമം നിലവിൽ വരികയും കേരളത്തിൽ ത്രിതലപഞ്ചായത്ത് സംവിധാനം നടപ്പായിരിക്കുകയുമാണ്. വിപുലമായ അധികാരങ്ങളാണ് ഇതുവഴി പഞ്ചായത്തുകൾക്ക് കൈവന്നിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് ഇന്ത്യയുടെ ഒൻപതാം പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നത്. കേരളത്തിന്റെ പദ്ധതി തയ്യാറാക്കുന്നതിൽ ഒരു പുതിയ മാർഗ്ഗമാണ് കേരളസർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതാണ് ജനകീയ ആസൂത്രണപദ്ധതി.

സാമൂഹിക തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവയ്ക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ആസൂത്രണം. സ്വതന്ത്ര ഭാരതം പഞ്ചവത്സരപദ്ധതികളിലൂടെ സാമ്പത്തികവളർച്ച കൈവരിക്കുന്നതിനാണ് ശ്രമിച്ചുപോന്നത്. അതിന്റെ ഫലമായി നമുക്ക് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ ആസൂത്രണരീതിക്ക് ചില അടിസ്ഥാന വൈകല്ല്യങ്ങൾ ഉണ്ടായിരുന്നു എന്ന് അനുഭവ

ങ്ങൾ തെളിയിക്കുന്നു. നമ്മുടെ പ്രശ്നങ്ങളും പരിഹാരങ്ങളും സംബന്ധിച്ചകാര്യങ്ങൾ ഉന്നത തലങ്ങളിൽ തീരുമാനിക്കുന്നതിലൂടെ അധികാരകേന്ദ്രീകരണം, പരസ്പര ബന്ധമില്ലാത്ത പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ ഡിപ്പാർട്ട്മെന്റലിസം, ആസൂത്രണത്തിലും നടത്തിപ്പിലും ജനങ്ങൾക്ക് പങ്കില്ലാത്തതിനാൽ ജന– അന്യവൽക്കരണം, ഇതിന്റെയെല്ലാം ഫലമായി സാദ്ധ്യമായ പല സാദ്ധ്യതകളെയും നമുക്കു പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞില്ല. ജനകീയ ആസൂത്രണത്തിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിച്ച് ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ മാതൃക സൃഷ്ടിക്കാനൊരുങ്ങുകയാണ് കേരളം.

വികസനത്തിന്റെ പുത്തൻ മാതൃകകൾ സൃഷ്ടിക്കുന്നതിൽ കേരളം എന്നും മുന്നിലാണ്. സമഗ്രഭൂപരിഷ്ക്കരണം, ആരോഗ്യസംരക്ഷണം, ജനസംഖ്യാനിയന്ത്രണം, സമ്പൂർണ്ണസാക്ഷരതായജ്ഞം, പൊതുവിതരണശൃംഘല എന്നിവ കേരളമാതൃകയുടെ തിളങ്ങുന്ന അദ്ധ്യായങ്ങളാണ്. ആസൂത്രണരംഗത്തെ നമ്മുടെ പുതിയ മാതൃക രാജ്യത്തിനകത്തും പുറത്തുമുള്ളവർ ഉറ്റുനോക്കുകയാണ്. പ്രത്യേക ഗ്രാമഭകിലൂടെ ഗ്രാമത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുക, വ്യാപകമായ വിവരശേഖരണം, റിവ്യൂറിപ്പോർട്ട്, ചരിത്രപഠനം, വിഭവഭൂപടം എന്നിവയിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ സന്നദ്ധപ്രവർത്തനത്തിലൂടെ തയ്യാറാക്കുകയും വികസന സെമിനാർ നടത്തി ചർച്ചചെയ്യുകയും കർമ്മസമിതികളാൽ പദ്ധതികൾ ആവിഷ്കരിക്കുകയും ജനപങ്കാളിത്തത്തോടെ നടപ്പാക്കുകയും ചെയ്യുകയാണ് ജനകീയ ആസൂത്രണ പദ്ധതിയുടെ പരിപാടികൾ.

പദ്ധതി വിഹിതത്തിന്റെ 35-40% തുക താഴെതട്ടുകളിൽ ആസൂത്രണംചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കാൻ നൽകണമെന്നാണ് പ്ലാനിംഗ് ബോർഡിന്റെ കാഴ്ചപ്പാട്. ചെറുതായിരിക്കില്ല ഈ തുക. വളരെ വലിയ ഉത്തരവാദിത്തമാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കുവാനുള്ളത്. മാമൂൽ രീതിവിട്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നമുക്കുകഴിയണം. വികസനത്തെക്കുറിച്ച് ഒരു പുതിയ കാഴ്ചപ്പാടുതന്നെ നമുക്കുണ്ടാകണം. പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് ശരിയായ ധാരണയോടെ കാർഷികവ്യാവസായിക മേഖലകളിൽ ഗുണനിലവാരമുള്ള ഉത്പ്പാദനവും ഉത്പ്പാദനക്ഷമതയും ഉയർത്തുക, സേവനമേഖലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ഉത്പ്പന്നങ്ങളുടെ നീതിപൂർവ്വകമായ വിതരണം സാദ്ധ്യമാക്കുക എന്നനിലയിൽ വികസനത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം. നമ്മുടെ ഗ്രാമത്തിന് അത്യാവശ്യം വേണ്ട ഭക്ഷ്യവസ്തുക്കൾ ഇവിടെതന്നെ നമുക്ക് ഉത്പ്പാദിപ്പിക്കാൻ കഴിയണം. കാർഷികോത്പ്പാദനവുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായസംരംഭങ്ങൾ ഉണ്ടാകണം. കൃഷിഭവൻ, മൃഗാശുപത്രി, ഹെൽത്ത്സെന്റർ, സ്ക്കൂളുകൾ തുടങ്ങിയ സേവനമേഖലകളുടെ കാര്യക്ഷമത ഉയർത്താൻ കഴിയണം.

രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളോടൊപ്പം ഒന്നിച്ചുനിന്ന് നാടിന്റെ വികസനപ്രവർത്തനങ്ങളിൽ ത്യാഗോജ്ജ്വലമായി നിലകൊള്ളുന്ന കാര്യത്തിൽ അഭിമാനകരമായ പാരമ്പര്യമാണ് ഈ ഗ്രാമത്തിനുള്ളത്. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിനായി മഹാപുരുഷന്മാരുടെ നാമധേയങ്ങളിൽ സന്നദ്ധബ്രിഗേഡുകൾ രൂപീകരിച്ചുകൊണ്ടും 144 പഠനകേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ടും 1991ൽ നടന്ന പ്രവർത്തനങ്ങളാൽ ഉയർന്നുവന്ന മഹാപ്രസ്ഥാനത്തിന്റേയും വിഭവഭൂപടനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച സന്നദ്ധപ്രവർത്തനത്തിന്റേയും ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ ഇന്നോളമുണ്ടായ ബഹുജനപങ്കാളിത്തത്തിന്റേയും അനുഭവങ്ങൾ നമുക്ക് കരുത്തും ആത്മവിശ്വാസവും പകരുന്നു.

ഗ്രാമപഞ്ചായത്തുകളെ ആസൂത്രണത്തിന്റെ അടിക്കല്ലുകളാക്കി വികസനത്തിന്റെ പുതുചക്രവാളം തീർക്കാൻ ഒരുങ്ങുന്ന കേരളത്തിന്റെ ഉജ്ജ്വലമാതൃകയിൽ, കാലഘട്ടത്തിന്റെ വെല്ലുവിളികളെ സധൈര്യം നേരിട്ടുകൊണ്ട് തിളങ്ങുന്ന ഒരദ്ധ്യായമായി മാറാൻ ഈ ഗ്രാമത്തിന് കൈവന്നിരിക്കുന്ന അസുലഭ അവസരം വേണ്ടുംവിധം പ്രയോജനപ്പെടുത്തിക്കൊണ്ട് സമസ്ത ജനവിഭാഗങ്ങളുടേയും ജീവിതത്തിന്റെ ഉയർച്ചക്കായി ഒത്തൊരുമിച്ചു പ്രവർത്തിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.



# 2

# പൊതുവിവരം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | പട്ടാഴിവടക്കേക്കര |
| പഞ്ചായത്ത് നിലവിൽവന്ന തീയതി | : | 1979 ജനുവരി 19 |
| ഉൾപ്പെടുന്ന വില്ലേജ് | : | പട്ടാഴിവടക്കേക്കര |
| ബ്ലോക്ക് പഞ്ചായത്ത് | : | പത്തനാപുരം |
| താലൂക്ക് | : | പത്തനാപുരം |
| അസംബ്ലിമണ്ഡലം | : | പത്തനാപുരം |
| വിസ്തീർണ്ണം | : | 18.07 ച:കി:മീ: |
| അതിരുകൾ | : | കിഴക്ക് - പത്തനാപുരം ഗ്രാമപഞ്ചായത്ത് |
| | : | പടിഞ്ഞാറ് - ഏഴംകുളം ഗ്രാമപഞ്ചായത്ത് |
| | : | തെക്ക് - കല്ലടയാറ് |
| | : | വടക്ക് - ഏഴംകുളം, ഏനാദിമംഗലം ഗ്രാമപഞ്ചായത്തുകൾ |
| ജനസംഖ്യ | | |
| 1991 കാനേഷുമാരി | : | 13969 |
| സ്ത്രീകൾ | : | 7170 |
| പുരുഷന്മാർ | : | 6799 |
| ജനസാന്ദ്രത | : | 773 ച:കി:മീ: |
| സാക്ഷരതാശതമാനം | : | 91.41 |
| 1996 അംഗൻവാടി സർവ്വേ | : | 15623 |

| | | |
|---|---|---|
| സ്ത്രീകൾ | : | 7987 |
| പുരുഷന്മാർ | : | 7634 |
| ജനസാന്ദ്രത | : | 865 ച:കി:മീ: |
| സാക്ഷരതാശതമാനം | : | 94.45 |
| വാർഡുകളുടെ എണ്ണം | : | 8 |

## *1995 സെപ്റ്റംബർ 30ന് നിലവിൽവന്ന ഭരണസമിതി*

| | | |
|---|---|---|
| കെ. രാജൻ | : | (പ്രസിഡന്റ്) |
| കെ.ജി. മീനാക്ഷിയമ്മ | : | (വൈസ്പ്രസിഡന്റ്) |
| ഷരീഫ് മുഹമ്മദ് | : | (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |
| കെ.ബി. സജീവ് | : | (ഗ്രാമപഞ്ചായത്ത് മെമ്പർ) |
| എൻ. രാമചന്ദ്രൻ പിള്ള | : | (ഗ്രാമപഞ്ചായത്ത് മെമ്പർ) |
| എസ്. രാധാമണിയമ്മ | : | (ഗ്രാമപഞ്ചായത്ത് മെമ്പർ) |
| അമ്പികാമുരളീധരൻ | : | (ഗ്രാമപഞ്ചായത്ത് മെമ്പർ) |
| ആർ. തങ്കപ്പൻ | : | (ഗ്രാമപഞ്ചായത്ത് മെമ്പർ) |

## *പഞ്ചായത്ത് ജീവക്കാർ*

| | | |
|---|---|---|
| കെ.ജെ. അലക്സാണ്ടർ | : | സെക്രട്ടറി |
| എ. അബ്ദുൾ ഹമീദ് ഖാൻ | : | ഹെഡ്ക്ലാർക്ക് |
| ജി. കമലാസനൻ നായർ | : | യു.ഡി. ക്ലാർക്ക് |
| ജി. രവീന്ദ്രൻ പിള്ള | : | എൽ.ഡി. ക്ലാർക്ക് |
| യു. രാജു | : | ജൂണിയർ ബിൽ കളക്ടർ |
| എ.ലക്ഷ്മണൻ | : | പ്യൂൺ |
| പി. സാംയു റാവുത്തർ | : | പാർട്ട് ടൈം ഫെറിമാൻ |
| പി. ഭാസ്ക്കരപിള്ള | : | പാർട്ട്ടൈം ഫെറിമാൻ |
| കെ. തങ്കപ്പൻ നായർ | : | പാർട്ട് ടൈം ഫെറിമാൻ |
| സി. ശാന്ത | : | പാർട്ട് ടൈം തൂപ്പുകാരി |

## *ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ*

| | | |
|---|---|---|
| ജെ. ചിന്നമ്മ | : | നഴ്സറി സ്കൂൾ ടീച്ചർ |
| എം.പി. ശാരദ | : | നഴ്സറി ആയ |
| ജി. രാജേന്ദ്രൻ | : | പാർട്ട് ടൈം ലൈബ്രേറിയൻ |

# പ്രവർത്തനറിപ്പോർട്ട്

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ.

8-9-96 മുതൽ 10-9-96 വരെ D.R.P. പരിശീലനം.

പുനലൂർവച്ച് നടന്ന റിസോഴ്സ് പേഴ്സൺസ് ജില്ലാതല പരിശീലനപരിപാടിയിൽ എൻ. നാരായണൻ പോറ്റി, കെ. ഗോപാലകൃഷ്ണൻ നായർ, കെ. അരവിന്ദാക്ഷനുണ്ണിത്താൻ, എസ്. തുളസീധരൻ പിള്ള എന്നിവരും കെ. രാജൻ (പഞ്ചാ: പ്രസിഡന്റ്), കെ.ബി. സജീവ് (പഞ്ചാ: മെമ്പർ), കെ.ജെ. അലക്സാണ്ടർ (ഗ്രാമപഞ്ചാ: സെക്രട്ടറി) എന്നിവരും പങ്കെടുത്തു.

13-9-96 വിവിധ രാഷ്ട്രീയ-സന്നദ്ധസംഘടന ഭാരവാഹികളുടെ യോഗം.

പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ-സന്നദ്ധ സംഘടന പ്രധിനിധികളുടെ ഒരു യോഗം വിളിച്ചുചേർത്ത് ജനകീയ ആസൂത്രണ പരിപാടിയെക്കുറിച്ച് ചർച്ചയും ആലോചനയും നടത്തി, എല്ലാവരും സഹകരണം വാഗ്ദാനം ചെയ്തു. അങ്ങനെ കൂട്ടായ ഒരു പ്രവർത്തനത്തിന് തുടക്കംകുറിച്ചു. യോഗത്തിൽ 31 പേർ പങ്കെടുത്തു.

## 15-9-96 - LRP പരിശീലനം

പഞ്ചായത്ത് സമതിയാൽ തെരഞ്ഞെടുക്കപ്പെട്ടവരും സ്ഥലത്തെ പ്രധാന ഉദ്യോഗസ്ഥന്മാരും പഞ്ചായത്ത് മെമ്പർമാരും അടങ്ങുന്ന പ്രാദേശിക പരിശീലനപരിപാടി സംഘടിപ്പിച്ചു. വികസനത്തിന്റെ വെല്ലുവിളികൾ, ജനകീയ ആസൂത്രണപ്രസ്ഥാനം, ഗ്രാമസഭ എന്നീ ക്ലാസുകൾ DRPമാർ എടുത്തു. ഗ്രാമസഭകളിൽ ഗ്രൂപ്പുചർച്ചയ്ക്ക് നേതൃത്വം നൽകാൻ 24 പേരുടെ ഒരു ഗ്രൂപ്പ് രൂപീകരിച്ച് വിഷയങ്ങൾ നിശ്ചയിച്ചു. പരിശീലനത്തിന് ആകെ 45 പേർ പങ്കെടുത്തു.

## 17-9-96 - ഗ്രാമസഭ - ആലോചനായോഗം

വിഷയഗ്രൂപ്പ്, അംഗൻവാടി ജീവനക്കാർ, പഞ്ചായത്ത് മെമ്പർമാർ, DRP എന്നിവരുടെ യോഗം ചേർന്ന് പ്രത്യേകഗ്രാമസഭയുടെ സംഘാടനത്തെക്കുറിച്ച് ആലോചിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. വാർഡുകളിൽ സ്വാഗതസംഘം - വിളംബരജാഥ - ഭവനസന്ദർശനം ഇവയാണ് തീരുമാനിച്ചത്. യോഗത്തിൽ 43 പേർ പങ്കെടുത്തു.

## 21-9-96 - വിളംബരജാഥകൾ

രണ്ട് വിളംബജാഥകൾ കടുവാത്തോട് ജംഗ്ഷനിൽനിന്നും കിഴക്കോട്ടും പടിഞ്ഞാറോട്ടും ആയി എല്ലാവാർഡുകളിലും പര്യടനം നടത്തി. മുത്തുക്കുടകളേന്തി പുതിയ ജനാധികാരമുദ്രാഗീതങ്ങൾ പാടിക്കൊണ്ടുനീങ്ങിയ ഈ ജാഥ ജനങ്ങളിൽ പുതിയ ഉണർവ് സൃഷ്ടിച്ചു. പഞ്ചായത്ത് മെമ്പർമാർ ജാഥയ്ക്ക് നേതൃത്വം നൽകി. DRP മാർ വിശദീകരണങ്ങൾ നടത്തി ജാഥയിൽ ആകെ 40 പേർ പങ്കെടുത്തു.

## 22-9-96 മുതൽ 2-10-96 വരെ ഗ്രാമസഭകൾ

എല്ലാഗ്രാമസഭകളും അവധി ദിവസങ്ങളിലായിരുന്നു നിറപറയും നിലവിളക്കുംവച്ച് ചേർന്ന ഗ്രാമസഭകളിൽ 95 മുതൽ 237 വരെ അംഗങ്ങൾ പങ്കെടുത്തു. എല്ലാ ഗ്രാമസഭകളിലും 12 വിഷയങ്ങളിൽ ഗ്രൂപ്പുചർച്ചകൾ നടന്നു. വികസനസെമിനാറിലേയേക്ക് ആകെ 192 പേർ തെരഞ്ഞെടുക്കപ്പെട്ടു. എല്ലാ ഗ്രാമസഭകളിലുംകൂടി ആകെ 1303 പേർ ഹാജരായി.

## 23-9-96 - അവലോകനയോഗം

മണയറ വാർഡിൽ 22ാം തീയതി ആദ്യ ഗ്രാമസഭചേർന്നതിന്റെ അനുഭവങ്ങൾ വിലയിരുത്തുന്നതിനും മറ്റ് ഗ്രാമസഭകൾ കൂടുതൽ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ തീരുമാനിക്കുന്നതിനുമാണ് ഈ യോഗം ചേർന്നത്. വിഷയഗ്രൂപ്പ്, പഞ്ചായത്ത് മെമ്പർമാർ, DRPമാർ ഇവർ പങ്കെടുത്തു. ആകെ 25 പേർ ഹാജരായിരുന്നു.

## 14-10-96 - കോർഗ്രൂപ്പ് രൂപീകരണം.

വിഷയ ഗ്രൂപ്പ് അംഗങ്ങളുടെ യോഗം ചേർന്ന് അവരിൽനിന്നും 12 പേരെ തെരഞ്ഞെടുത്തു. DRPമാർ ഉൾപ്പെടെ 19 പേർ ഉള്ള കോർഗ്രൂപ്പ് രൂപീകരിച്ചു.

### *12-11-96 - ഗ്രാമസഭ റിപ്പോർട്ട് ക്രോഡീകരണം.*

കോർഗ്രൂപ്പ് യോഗംചേർന്ന് ഗ്രാമസഭ റിപ്പോർട്ടുകളുടെ ക്രോഡീകരണ പ്രവർത്തനം ആരംഭിച്ചു.

### *19-11-96 മുതൽ 21-11-96 വരെ 2-ാം ഘട്ടം പരിശീലനം*

ബ്ലോക്ക് തലത്തിലുള്ള 2ാം ഘട്ടപരിശീലനം പത്തനാപുരത്ത് വച്ചുനടന്നു. 1-ാം ഘട്ടം RPമാർക്കുപുറമെ P.M. രാജപ്പൻ, R. ആനന്ദരാജൻ, K. കാർത്തികേയൻ എന്നിവരും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം. ഷരീഫ് റാവുത്തർ, വില്ലേജ് ഓഫീസർ, കൃഷിഓഫീസർ എന്നിവരും പങ്കെടുത്തു.

### *25-11-96 - ദ്വിതീയ വിവരശേഖരണം.*

കോർഗ്രൂപ്പ്, DRP, പഞ്ചായത്ത് മെമ്പർമാർ, സർക്കാർ–അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ മേധാവികൾ എന്നിവരുടെ യോഗം ചേർന്ന് ദ്വിദീയ വിവരശേഖരണ ടീമുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. യോഗത്തിൽ 46 പേർ ഹാജരായിരുന്നു.

### *28-11-96 2-ാം ഘട്ടം ഏകദിനശില്പശാല*

LRP, പ്രധാന ഉദ്യോഗസ്ഥർ, പഞ്ചായത്ത് മെമ്പർമാർ പുതുതായി ക്ഷണിക്കപ്പെട്ടവർ ഇവരുടെ യോഗം ചേർന്നു. പ്രാഥമികമേഖല, ദ്വിതീയമേഖല, ത്രിതീയമേഖല എന്നീ ക്ലാസ്സുകൾ DRPമാർ എടുത്തു. വീഡിയോ ക്ലാസ്സ് ഉണ്ടായിരുന്നു. വികസന രേഖതയ്യാറാക്കുന്നതിന് ഈ യോഗത്തിൽവച്ച് കോർഗ്രൂപ്പിന് ചുമതലകൾ നിശ്ചയിച്ചു. കോർഗ്രൂപ്പ് അംഗങ്ങളോടൊത്ത് സന്നദ്ധരായ LRPമാരെയും നിശ്ചയിച്ചു. DRPമാർക്കും പ്രത്യേകചുമതലകൾ നിശ്ചയിച്ചു. ഓരോ വിഷയത്തിലും DRPമാരുടെ നേതൃത്വത്തിൽ കോർഗ്രൂപ്പ് അംഗം തയ്യാറാക്കുന്ന കരട് LRPമാരുൾപ്പെടുന്ന സമിതി ചർച്ചചെയ്ത് അന്തിമതീരുമാനം നൽകുന്ന സംവിധാനമാണ് രേഖ തയ്യാറാക്കുന്നതിന് തീരുമാനിച്ചത്. ചരിത്രം, ആമുഖവും പ്രവർത്തനറിപ്പോർട്ടും, പൊതുവിവരം, ഭൂപ്രകൃതി ഇവയ്ക്ക് ഉഞജ മാർക്ക് പ്രത്യേക ചുമതലകൾ നിശ്ചയിച്ചു. ശില്പശാലയിൽ 40 പേർ പങ്കെടുത്തു.

ശ്രീ. B. അജയകുമാർ (ജില്ലാപഞ്ചായത്ത് മെമ്പർ), ശ്രീ. G. സുബ്രഹ്മണ്യം (പ്രോജക്ട് സയന്റിസ്റ്റ്, സെസ്സ്), ശ്രീ. കെ. സൈനുദീൻ (SRP) എന്നിവരുടെ അന്വേഷണവും നിർദേശങ്ങളും വളരെ സഹായകമായിട്ടുണ്ട്.

### *ഗ്രാമസഭകളിലെ പങ്കാളിത്തം.*

| വാർഡ് നമ്പർ | സ്ത്രീ | പു. | ആകെ | SC |
|---|---|---|---|---|
| 1 | 38 | 92 | 130 | 29 |
| 2 | 29 | 101 | 130 | 17 |
| 3 | 36 | 151 | 187 | 60 |
| 4 | 67 | 84 | 151 | 18 |
| 5 | 24 | 71 | 95 | 2 |
| 6 | 82 | 152 | 234 | 35 |
| 7 | 38 | 101 | 139 | 22 |
| 8 | 101 | 136 | 237 | 39 |
| ആകെ | 415 | 888 | 1303 | 222 |

3-12-96ൽ രാവിലെ 10 മണിക്ക് കരിമ്പാലൂർ "ജനാധികാര കലാജാഥ" ഉത്ഘാടനം ചെയ്തു. ജനകീയാസൂത്രണത്തിന്റെ പ്രസക്തിയെ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശദീകരിക്കുകയും വിവിധങ്ങളായ കലാപരിപാടികൾ ജാഥാംഗങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

### *16-12-96 - സ്വാഗതസംഘ രൂപീകരണ യോഗം*

വികസന സെമിനാറിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്ത് സമിതി അംഗങ്ങൾ, ഡി.ആർ.പി., എൽ.ആർ.പി., രാഷ്ട്രീയ സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവരുടെ യോഗം ചേർന്ന് ചർച്ച നടത്തി സ്വാഗത സംഘം രൂപീകരിച്ചു. യോഗത്തിൽ 34 പേർ പങ്കെടുത്തു.

## 19-12-96 - വാർഡ് കൺവെൻഷനുകൾ

എല്ലാ വാർഡുകളിലും ഈ തീയതിയിൽ വികസന സെമിനാർ പ്രതിനിധികളുടെ യോഗം കൂടി സെമിനാറിലെ കാര്യപരിപാടിയെക്കുറിച്ച് ചർച്ചചെയ്തു വ്യക്തത ഉണ്ടാക്കുകയും വാർഡു തലത്തിൽ വിഭവസമാഹരണം, പ്രചരണം എന്നീ കാര്യങ്ങൾക്ക് പരിപാടി തയ്യാറാക്കുകയും ചെയ്തു.

നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളിൽ പഞ്ചായത്തിനകത്തും പുറത്തുമുള്ള നിരവധി ആളുകളുടെ ആത്മാർത്ഥവും ക്രിയാത്മകവുമായ സഹായസഹകരണങ്ങൾ ഉണ്ടായിട്ടുണ്ട്. നാടിന്റെ വികസനത്തിനായി പ്രവർത്തിക്കുവാൻ നമ്മുടെ ജനത അത്യാവേശപൂർവ്വം മുന്നോട്ടുവന്നിരിക്കുന്നു എന്ന് പ്രവർത്തനാനുഭവങ്ങൾ തെളിയിക്കുന്നു. ഒന്നും ശരിയാവില്ലാ – എന്നു നിരാശാബോധം പോലെതന്നെ എല്ലാം ശരിയാകും – എന്ന അമിതവിശ്വാസത്തിലേയ്ക്കും നാം എത്തിക്കൂടാ. ആസൂത്രണത്തിന്റെ പുതിയൊരു വഴിയിലൂടെയാണ് നാം സഞ്ചരിക്കുന്നത്. കല്ലും മുള്ളും ഉണ്ടാകുമെന്ന ബോധത്തോടെ തടസങ്ങളെ അതിജീവിക്കുവാനുള്ള മെയ്‌വഴക്കവും മനക്കരുത്തും നേടിക്കൊണ്ട് പടിപടിയായ പ്രവർത്തനങ്ങളിലൂടെ നമുക്ക് ലക്ഷ്യംകൈവരിക്കാൻ കഴിയണം.





# 3

# സാമൂഹിക സാംസ്കാരിക ചരിത്രം

1979 ജനുവരി 19-ാം തീയതി ഔദ്യാഗികമായി നിലവിൽവന്ന പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് കൊല്ലം ജില്ലയുടെ വടക്കുകിഴക്കായി പത്തനംതിട്ട ജില്ലയോടുചേർന്ന് ഏനാദിമംഗലം, ഇളമണ്ണൂർ ഗ്രാമങ്ങളോടൊട്ടി നിൽക്കുന്നു. ഈ ഗ്രാമത്തെ പത്തനാപുരം ഗ്രാമത്തിൽനിന്നും കുണ്ടയം തോടും പട്ടാഴി ഗ്രാമത്തിൽനിന്നും കല്ലടയാറും വേർതിരിച്ചു നിർത്തുന്നു. 1991-ലെ സെൻസസ് പ്രകാരം ഗ്രാമത്തിലെ ആകെ ജനസംഖ്യ 13,969 ആണ്. ഇതിൽ 6,799 പേർ പുരുഷന്മാരും 7,170 പേർ സ്ത്രീകളുമാണ്. 2,653 പേർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുണ്ട്. മെതുകുമ്മേൽ, താഴത്തു വടക്ക്, ഏറത്തുവടക്ക്, ചെളിക്കുഴി, മണയറ, മീനം വടക്കേക്കര, മാലൂർ, കരിമ്പാലൂർ എന്നിവയാണ് ഗ്രാമപഞ്ചായത്തിലെ വാർഡുകൾ.

കൊച്ചുകൊച്ചു മലകളും കുന്നിൻപുറങ്ങളും താഴ്വരകളും വയലേലകളും തോടുകളും ഈ ഗ്രാമത്തിന്റെ പ്രകൃതിയെ ചേതോഹരമാക്കുന്നു. കിഴക്കേ അറ്റം മുതൽ പടിഞ്ഞാറെ അറ്റം വരെ ഈ ഗ്രാമത്തെ തഴുകിപ്പോകുന്ന കല്ലടയാറ് ഇവിടം സസ്യസമൃദ്ധവും ഫലഭൂയിഷ്ഠവുമാക്കുന്നു. ഗ്രാമീണ ജനങ്ങളിൽ അധികവും സാധാരണ കർഷകരും കർഷകത്തൊഴിലാളികളുമാണ്. ഗൾഫ് രാജ്യങ്ങളിലും മറ്റു വിദേശ രാജ്യങ്ങളിലും തൊഴിൽ ചെയ്യുന്നവരും ചെറുകിട വ്യവസായമേഖലകളിൽ പണിചെയ്യുന്നവരും കുറവല്ല. കുരുമുളക്, ഇഞ്ചി, നെല്ല്, വാഴ, മരച്ചീനി, പയറുവർഗ്ഗങ്ങൾ, തെങ്ങ്, കമുക്, മാവ്, പ്ലാവ്, കശുമാവ് എന്നിവയായിരുന്നു രണ്ട് ദശാബ്ദത്തിനുമുമ്പുവരെ പ്രധാന കൃഷികളായുണ്ടായിരുന്നത്. എന്നാൽ നാണ്യവിളകളും തോട്ടവിളകളുമായ റബ്ബർ, തേക്ക്, മാഞ്ചിയം എന്നിവയുടെ സ്വാധീനത്താൽ മേൽപറഞ്ഞ കൃഷികൾ പിൻതള്ളപ്പെട്ടിരിക്കുന്നു. ഹിന്ദു സമുദായത്തിലെ നായർ, ഈഴവർ, പുലയർ, പറയർ, തണ്ടാൻ, വേളാർ, കുറവർ, വിശ്വകർമ്മ വിഭാഗങ്ങളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഇടകലർന്ന് ഇഴുകിച്ചേർന്ന് താമസിക്കുന്ന ഇവിടം മാനവ മൈത്രിയുടേയും മതസൗഹാർദ്ദത്തിന്റേയും പ്രതീകമാണ്.

ഗ്രാമത്തിലെ പ്രധാന ഉത്സവങ്ങളിലൊന്നാണ് പട്ടാഴി ദേവീക്ഷേത്രത്തിലെ പ്രസിദ്ധമായ മീനത്തിരുവാതിര മഹോത്സവം. ശക്തിസ്വരൂപിണിയായ പട്ടാഴി ദേവിയുടെ പൊന്നിൻ തിരുമുടി ദർശിക്കുന്നതിനായി കേരളത്തിന്റെ നാനാഭാഗത്തുനിന്നും മറ്റ് അന്യ സംസ്ഥാനങ്ങളിൽനിന്നും ആയിരക്കണക്കിന് ഭക്തജനങ്ങൾ ഈ ദിനത്തിൽ ഇവിടെ എത്തിച്ചേരുന്നു. ജാതിമതഭേദമെന്യേ പട്ടാഴിയിലെ ജനങ്ങൾ ഈ ദിനം ഉത്സവമായി ആഘോഷിക്കുന്നു. പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിൽ മെതുകുമ്മേൽ വാർഡിൽ സ്ഥിതിചെയ്യുന്ന മഹാവിഷ്ണു ക്ഷേത്രത്തിന് ഉദ്ദേശം രണ്ടായിരം വർഷത്തെ പഴക്കമുള്ളതായി പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ ക്ഷേത്രങ്ങ

ളിൽ അപൂർവ്വമായിമാത്രം കാണുന്ന നരസിംഹ രൂപത്തിലുള്ളതാണ് ഇവിടുത്തെ പ്രതിഷ്ഠ. ഇതുപോലെ മതസൗഹാർദ്ദത്തിന്റെ പ്രതീക മായി നിലകൊള്ളുന്നതാണ് ചരിത്രപ്രസിദ്ധ മായ മേട്ടുംപുറത്ത് അഖ്‌ലിയാപള്ളി. നൂറ്റാണ്ടു കളോളം പഴക്കമുള്ള ഈ പള്ളിയിൽ ആദ്യകാ ലങ്ങളിൽ നടത്തിയിരുന്ന ചന്ദനക്കൂട മഹോ ത്സവം ഈ ഗ്രാമത്തിന്റെ ഉത്സവമായി ആഘോ ഷിച്ചിരുന്നതായി പറയപ്പെടുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തമിഴ് നാടിന്റെ പടി ഞ്ഞാറൻ മേഖലകളിൽനിന്നും ധാരാളം ഭക്തജ നങ്ങൾ ഇവിടെയെത്തി നേർച്ച അർപ്പിക്കാറുണ്ട്. 1977ൽ ജമാ–അത്ത് യംഗ് മെൻസ് അസോസി യേഷന്റെ നേതൃത്വത്തിൽ ചന്ദനക്കുട മഹോ ത്സവം നടത്തിയെങ്കിലും പല വിധ കാരണങ്ങ ളാൽ പിൽക്കാലങ്ങളിൽ നടത്താൻ കഴിഞ്ഞില്ല. എല്ലാ മതവിഭാഗങ്ങൾക്കും ഒരുപോലെ വിശ്വാ സമുള്ളതാണ് ഈ പള്ളി.

പട്ടാഴി വടക്കേക്കര ഗ്രാമത്തിന്റെ പൂർവ്വ കാല ചരിത്രത്തിലേക്ക് കണ്ണോടിക്കുമ്പോൾ തല മുറകൾക്ക്മുമ്പ് ഭാരതത്തിൽ നിലനിന്നിരുന്ന ക്ഷേത്ര സംസ്ക്കാരത്തിലേക്ക് കടന്നുചെല്ലേണ്ടി യിരിക്കുന്നു. പേരുകൊണ്ടും പെരുമകൊണ്ടും ചരിത്രപ്രസിദ്ധമായ പട്ടാഴി ദേവീക്ഷേത്രം തിരു വിതാംകൂറിലെ ഏറ്റവും പഴക്കമാർന്ന ക്ഷേത്ര ങ്ങളിൽ ഒന്നാണ്. ഇന്ന് ഈ ക്ഷേത്രം നില നിൽക്കുന്ന സ്ഥലം ഒരുകാലത്ത് നാട്ടുപ്രമാണി യായിരുന്ന കടിയംതുരത്തിൽ കാരണവരുടെ വാഴത്തോപ്പായിരുന്നു. ഒരു ദിവസം കാരണവർ വാഴത്തോട്ടം സന്ദർശിച്ചപ്പോൾ തോട്ടത്തിന്റെ ഒരു ഭാഗത്ത് തേജസ്വിനിയായ ഒരു സ്ത്രീരൂപം കാണപ്പെട്ടു. ആ സ്ഥലം ലക്ഷ്യമാക്കി നടന്നു ചെന്ന കാരണവർ കണ്ട കാഴ്ച വിസ്മയാവഹ മായിരുന്നു. ആൾരൂപം കണ്ട സ്ഥലത്ത് മുകൾഭാ ഗത്തായി ഒരു തളക്കല്ല് – കല്ലിൽ മിനുമിനു ത്തതും വെട്ടിത്തിളങ്ങുന്നതുമായ ഒരു ചുവന്ന പട്ട് – താഴെ ഒരു കിണർ, കിണറ്റിൽ നോക്കിയ പ്പോൾ സമുദ്രത്തിലേപ്പോലെ നീലച്ഛവി കലർന്ന ജലം ആഴിപോലെ ഇളകി മറിയുന്നു. കാരണ വർ അത്ഭുതപ്പെട്ടു. കരയിൽ പട്ട്, കിണറ്റിൽ ആഴി. ഇങ്ങനെയാണ് ഈ ദേശത്തിന് പട്ടാഴി യെന്ന പേരുണ്ടായതെന്നും, പട്ടാഴി ദേവിയുടെ മൂലനാമമായ 'ഭട്ടാരിക' എന്നതിന്റെ തൽഭവ മായി പട്ടാഴി എന്ന പേരുണ്ടായിയെന്നും ക്ഷേത്ര ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എ.ഡി. 500-ാമാണ്ടോടടുത്ത് കരുനാഗ പ്പള്ളി കേന്ദ്രമാക്കി അധിവസിച്ചിരുന്ന ബുദ്ധമ തവിശ്വാസികൾ ഈ ഗ്രാമത്തിന്റെ ഭാഗമായ മാലൂരിലും പരിസരപ്രദേശങ്ങളിലും പിൽക്കാ ലങ്ങളിൽ കുടിയേറിപ്പാർത്തിരുന്നതായി കാണാം. ഇക്കാലത്താണ് ഇന്നത്തെ പള്ളിപ്പുറം കടവും സ്ക്കൂളും സ്ഥാപിക്കപ്പെട്ടത്. 'പള്ളി' എന്ന പേരുതന്നെ ബുദ്ധമത വിശ്വാസികളുടെ വിദ്യാലയങ്ങൾക്കായിരുന്നു. അതുപോലെ സമീ പകാലത്ത് മാലൂർ സെന്റ് സ്റ്റീഫൻസ് കോളേ ജിന്റെ പരിസരത്തു കണ്ടെത്തിയ കല്ലറകളും അവയ്ക്കുള്ളിൽ കാണപ്പെട്ട വലിയ മൺകുട ങ്ങളും ഈ വസ്തുതയെ ബലപ്പെടുത്തുന്നു.

ഇളയിടത്ത് സ്വരൂപത്തിന്റെ കാലത്ത് ഈ പ്രദേശം കൊട്ടാരക്കര രാജ്യത്തിന്റെ ഭാഗമായി രുന്നു. ഈ കാലഘട്ടത്തിൽ ചെങ്ങന്നൂ രിൽനിന്നും മറ്റു ഭാഗങ്ങളിൽനിന്നും ആര്യന്മാർ ഇവിടേക്ക് കുടിയേറിപ്പാർത്തു. ഇവർ മഠങ്ങൾ സ്ഥാപിച്ച് സംസ്കൃതം പ്രചരിപ്പിച്ചു. ഇപ്രകാരം ജനപഥങ്ങളുണ്ടായതോടെ മറവന്മാരുടെ ഭീഷ ണിയും ആക്രമണവും സർവ്വസാധാരണമായി. ഈ ആക്രമണങ്ങളെ തടയുന്നതിനുവേണ്ടി അന്നത്തെ ബ്രാഹ്മണർ മധുര, തെങ്കാശി എന്നി വിടങ്ങളിൽനിന്നും മുസ്ലീങ്ങളെ ഇവിടെ വിളിച്ചു വരുത്തുകയും അവരിൽ ഒരു പ്രമുഖനെ ക്ഷേത്ര ത്തിനോടടുത്തുള്ള പടിപ്പുരയിൽ പാർപ്പിക്കു കയും ചെയ്തു. ഇന്നും ഇവർ പടിപ്പുര കുടും ബക്കാർ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇവരുടെ പിൻഗാമികളാണ് ഈ പ്രദേശത്തുള്ള മുസ്ലീങ്ങളിൽ അധികവും. ഇളയിടത്ത് അമ്മ മഹാറാണിയാണ് പട്ടാഴി ദേവിയുടെ പൊന്നിൻ തിരുമുടി സംഭാവന ചെയ്തത്.

മാർത്താണ്ഡവർമ്മയുടെ കാലത്ത് തിരു വിതാംകൂർ രാജ്യം ശക്തിപ്രാപിച്ചപ്പോൾ കൊട്ടാ രക്കര രാജ്യവും തിരുവിതാംകൂറിന്റെ ഭാഗമാക്ക പ്പെട്ടു. 1750ൽ മാർത്താണ്ഡവർമ്മ തന്റെ സാമ്രാജ്യം ശ്രീപത്മനാഭന് സമർപ്പിച്ച് പത്മനാ ഭദാസനായി. ഇതേത്തുടർന്ന് കാർത്തികതിരു നാൾ (ധർമ്മരാജാവ്) പട്ടാഴി ദേവിക്ക് പട്ടാഴി

ദേശം ദാനമായി കൊടുത്തു. അങ്ങനെ ദേവസ്വത്തിന്റെ അധീനതയിൽ വന്നതോടെ ദേവിയുടെ പ്രതിപുരുഷനായ കാമ്പിത്താൻ ഭരണം നടത്താൻ തുടങ്ങി.. കാമ്പിത്താനെ തെരഞ്ഞെടുത്തിരുന്നതും നിയന്ത്രിച്ചിരുന്നതും അന്നത്തെ ജനകീയ കമ്മിറ്റികളായിരുന്നു. ജനാധിപത്യ സമ്പ്രദായത്തെക്കുറിച്ച് ലോകം ചിന്തിച്ചുതുടങ്ങുന്നതിനുമുമ്പുതന്നെ ഇവിടെ ജനാധിപത്യ വ്യവസ്ഥിതിയിലുള്ള ഭരണം നിലനിന്നിരുന്നു എന്നത് നമുക്ക് എന്നും അഭിമാനിക്കാവുന്നതുതന്നെയാണ്.

ജന്മിത്തം ഇവിടെ അതിന്റെ പൂർണ്ണരൂപത്തിൽ നിലനിന്നിരുന്നില്ല. അതിന്റെ പ്രധാന കാരണം 1962 വരെ ഭൂമിയുടെ മേലുള്ള ഉടമസ്ഥാവകാശവും നിയന്ത്രണവും ദേവസ്വത്തിനായിരുന്നു എന്നതാണ്. എന്നിരുന്നാലും കൊല്ലും കൊലയും സിദ്ധിച്ച ചില തറവാട്ടുകാരും തമ്പ്രാക്കന്മാരും നാടുവാണിരുന്നു. ഇവരുടെ കാലത്ത് താഴ്ന്ന ജാതിക്കാരായിട്ടുള്ളവർ അനുഭവിച്ചിട്ടുള്ള പീഢനങ്ങളും യാതനകളും പഴയ ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയെ അനുസ്മരിപ്പിക്കുന്നവയാണ്. ചെമ്പന്റെ കഥ ഒരു ഉദാഹരണം മാത്രം – ഹിംസ്ര ജീവികളെ വെല്ലുന്ന കരുത്തും ആരേയും കൂസാത്ത സ്വഭാവവുമുണ്ടായിരുന്ന ചെമ്പൻ അക്കാലത്തെ ജന്മിമാർക്ക് ഒരു വെല്ലുവിളി തന്നെയായിരുന്നു. ഒരു ദിവസം താന്നിക്കൽ കുടുംബത്തിന്റെ നേതൃത്വത്തിൽ ജന്മിമാർ സംഘടിച്ച് ചെമ്പനെ പിടിച്ചുകെട്ടി ഒരു പോത്തിനോടൊപ്പം ചേർത്ത് മണയറയിലെ നിലം വൈകുംവരെ പൂട്ടുകയുണ്ടായി. ഇടയ്ക്കിടെ ക്രൂരമായി മർദ്ദിച്ചിട്ടും യാതൊരുവിധ തളർച്ചയും ക്ഷീണവും വൈകുന്നേരമായിട്ടും ചെമ്പനിൽ കണ്ടില്ല. അരിശം മൂത്ത ജന്മിമാർ തൊട്ടടുത്തുള്ള ഒരു വൻമരത്തിൽ ചെമ്പനെ ബന്ധിക്കുകയും മരത്തിൽ ഉണ്ടായിരുന്ന വിശറിന്റെ കൂടുകൾ കൂട്ടത്തോടെ ഇളക്കിയിട്ട് അതിക്രൂരമായി കടിപ്പിച്ച് കൊല്ലുകയും ചെയ്തു. ഈ ചെമ്പൻ ഇന്ന് ഇവിടുത്തെ പറയ സമുദായക്കാരുടെ ആരാധനാ മൂർത്തിയാണ്. മണയറ കാവിലും ഏറത്തുവടക്ക് വാർഡിലെ ചെമ്പന്നൂർ കാവിലും കോട്ടേക്കോണത്തുകാവിലും ഇന്നും നടത്താറുള്ള കച്ചകെട്ടി തുള്ളൽ ഈ ചെമ്പന്റെ പ്രീതിക്കുവേണ്ടിയുള്ളതാണ്.

ഇൻഡ്യൻ ദേശീയ പ്രസ്ഥാനത്തിന് കാര്യമായ സംഭാവനകളൊന്നും ഈ പ്രദേശത്തിന് നേടിക്കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും നേതാജി സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച ഇൻഡ്യൻ നാഷണൽ ആർമിയിൽ മെതുകുമ്മേൽ ഭാനു വിക്രമൻപിള്ളയും മാലൂർ ചാമക്കാല ഗോപലപിള്ളയും ദീർഘകാലം സേവനമനുഷ്ഠിച്ചവരാണ്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലും ഇൻഡ്യയിലും കേരളത്തിലും നിലനിന്നിരുന്ന ജാതി സമ്പ്രദായം അതിന്റേതായ രൂപത്തിൽ ഇവിടെ കണ്ടിരുന്നില്ല എന്നാൽ അയിത്തം, ഉച്ചനീചത്വം, അനാചാരം, അന്ധവിശ്വാസം എന്നിവകളൊക്കെ ഇവിടെയും നിലനിന്നിരുന്നു. സോഷ്യലിസ്റ്റ് ചിന്താഗതികളുടെ പ്രചാരവും ഗാന്ധിജിയുടെ നേതൃത്വത്തിൽ ആരംഭിച്ച അയിത്തോച്ചാടനപ്രക്ഷോഭണവും വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം എന്നിവയിലൂടെ പ്രചരിച്ച ആശയങ്ങളും ക്ഷേത്രപ്രവേശനവിളംബരത്തിന്റെ സന്ദേശങ്ങളും ഈ ഗ്രാമത്തിലെ പരിവർത്തനങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചിട്ടുണ്ട് ഇതിന്റെയൊക്കെ ഫലമായി ജാതി സമ്പ്രദായം, അയിത്തം, ഉച്ചനീചത്വം എന്നിവ ഈ ഗ്രാമത്തിൽനിന്നും അപ്രത്യക്ഷമായി. പക്ഷേ താഴ്ന്ന ജാതിക്കാർക്കിടയിൽ ഇന്നും പലവിധ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്നു. എന്നാൽ ജാതിയുടെ പേരിലോ മതത്തിന്റെ പേരിലോ കൊലപാതകങ്ങളും സംഘട്ടനങ്ങളും രക്തച്ചൊരിച്ചിലുകളും ഇവിടെ ഉണ്ടായതായി കേട്ടുകേൾവിപോലുമില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തോടുകൂടിയാണ് വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ധർമ്മരാജാവിന്റെ കാലത്ത് ഏനാർ–മാലൂർ–കുണ്ടയം–പത്തനാപുരം റോഡ് അനുവദിക്കപ്പെട്ടിരുന്നെങ്കിലും കേവലം ഒരു നടപ്പാതമാത്രമായി തുടരുകയായിരുന്നു. 1946ൽ സി.പി. രാമസ്വാമി അയ്യർ ഏർപ്പെടുത്തിയ വില്ലേജ് അപ്‌ലിഫ്റ്റ് സമിതിയുടെ കാലത്താണ് കടുവാത്തോട്– ഇരുപത്തി

യാറാംകുറ്റി റോഡ്, മുക്കംതോട് പാലം എന്നിവ ജനകീയ പങ്കാളിത്തത്തോടുകൂടി നിർമ്മിക്കപ്പെട്ടത്. ഇതിനായി സർക്കാരിൽനിന്നും 6,000 രൂപാ സഹായവും അക്കാലത്ത് ലഭിച്ചിരുന്നു. പ്ലാന്തോട്ടം രാമനുണ്ണിത്താൻ, കോട്ടാമൽ ചെല്ലപ്പൻപിള്ള, കുണ്ടയത്ത് ഖാൻ, പരീപ്ര വേലുപ്പിള്ള, കഴുക്കാണിൽ മുദാർ റാവുത്തർ എന്നിവർ ഈ സമിതിയിൽ അംഗങ്ങളായിരുന്നു. ദിവാൻ ഭരണത്തിന്റെ അവസാനത്തോടെ ഈ സമിതിയുടെ പ്രവർത്തനവും നിലച്ചു.

1947നു ശേഷം രൂപകൊണ്ട കർഷകസമാജം വിപ്ലവകരവും ശ്രദ്ധേയവുമായ പല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. ദേവസ്വം ഭൂമിയുടെ കൈവശാവകാശത്തിനു വേണ്ടി നടത്തിയ പോരാട്ടമായിരുന്നു അതിൽ എടുത്തു പറയേണ്ടത്. അതിനായി ബഹുജന സമരം സംഘടിപ്പിക്കുന്നതിനും ദേവസ്വം വിലക്ക് ലംഘിച്ചുകൊണ്ട് മരം മുറിക്കൽ നടത്തുന്നതിനും ഈ പ്രസ്ഥാനത്തിന് കഴിഞ്ഞു. 1952ലെ തെരഞ്ഞെടുപ്പിൽ പട്ടാഴി മണ്ഡലത്തിൽനിന്നും കളത്തിൽ വേലായുധൻ നായർ തെരഞ്ഞെടുക്കപ്പെടുകയും കർഷകസമാജത്തിന്റെ പോരാട്ടങ്ങളുടെ നേതൃത്വപരമായ പങ്ക് ഏറ്റെടുക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഇവിടുത്തെ ക്രിസ്ത്യാനികൾക്ക് പട്ടാഴി ദേശത്ത് ശവം അടക്കാനുള്ള അവകാശം ഉണ്ടായിരുന്നില്ല. ഈ അവകാശം നേടിയെടുക്കുന്നതിനു വേണ്ടി ക്രിസ്ത്യാനികൾ സംഘടിക്കുകയും വിലക്ക് ലംഘിച്ചുകൊണ്ട് ഒരു ക്രിസ്ത്യാനിയുടെ ശവം ഇവിടെ അടക്കുകയും ചെയ്തു. ഇതറിഞ്ഞ് യാഥാസ്ഥിതികരായ ഹിന്ദുക്കളിൽ ഒരു ഭാഗം സംഘടിച്ച് ശവം മാന്തിയെടുത്തു. ഈ സ്ഥിതി പ്രക്ഷുബ്ധമായ അന്തരീക്ഷം സൃഷ്ടിച്ചു. ദിവസങ്ങൾ കഴിഞ്ഞ് പട്ടാഴി ഗ്രാമത്തിനു വെളിയിൽ താമരക്കുടിയിൽ ഈ ശവം പിന്നീട് മറവുചെയ്തു. ഈ സംഭവത്തിനു ശേഷം ഹിന്ദുമതത്തിലെ പുരോഗമനവാദികളും മറ്റു സമുദായക്കാരും ക്രിസ്ത്യാനികളുടെ ന്യായമായ അവകാശത്തിനുവേണ്ടിയുള്ള പോരാട്ടത്തിന് ധാർമ്മിക പിന്തുണ നൽകി. ഒടുവിൽ ഈ അവകാശം അംഗീകരിക്കപ്പെട്ടു. മേൽപ്പറഞ്ഞ സംഭവങ്ങൾ 1957ലെ ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കുന്നതിന് ഒരു പരിധിവരെ വഴിതെളിച്ചിട്ടുണ്ട്. 1962ൽ അന്നത്തെ കേരള സർക്കാർ ദേവസ്വം പ്രതിനിധികളുമായി ചർച്ച നടത്തുകയും നഷ്ടപരിഹാരമായി ഒരു നിശ്ചിത തുക ദേവസ്വത്തിന് നൽകിക്കൊണ്ട് ദേവസ്വം വക ഭൂമി സർക്കാർ ഏറ്റെടുത്ത് കുടികിടപ്പുകാരന് കൈമാറിക്കൊണ്ടുള്ള ദേവസ്വം സെറ്റിൽമെന്റ് ആക്ട് നിലവിൽ വരുകയും ചെയ്തു.

1948ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം ഇവിടെ ആരംഭിക്കപ്പെട്ടു. അഡ്വ: കേശവൻ നായർ, കുറുമ്പകര തങ്കപ്പൻ, കല്ലാണിക്കൽ കുഞ്ഞുപിള്ള, പടിഞ്ഞാറ്റിടത്ത് നാരായണപിള്ള, പി.കെ. സദാശിവൻ എന്നിവരായിരുന്നു ആദ്യകാല പ്രവർത്തകർ. അസംഘടിത തൊഴിലാളി മേഖലകളിൽ സ്വാധീനം ചെലുത്തുവാനും അസമത്വങ്ങൾക്കെതിരായി പ്രതികരിക്കുവാനും ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. 1956ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനം ആരംഭിച്ചു. അഞ്ചൽ മാസ്റ്റർ കൃഷ്ണപിള്ളസാർ, പുളിവിള ദാമോദരൻ, താന്നിവിള വേലായുധൻ, റ്റി. ഇസ്മാൻ മൈതീൻ റാവുത്തർ, ചെളിക്കുഴി ഗോവിന്ദപ്പിള്ള എന്നിവരായിരുന്നു ആദ്യകാല പ്രവർത്തകർ. ദേവസ്വം സെറ്റിൽമെന്റ് ആക്ട് നടപ്പാക്കിടെയുക്കുന്നതിനും ആദ്യകാല വികസന പ്രവർത്തനങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കുന്നതിനും ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം സഹായകമായിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് കാര്യമായ പുരോഗതി നേടുവാൻ ഈ പ്രദേശത്തിന് കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഗ്രാമത്തിലെ ജനങ്ങളിൽ 94.45% സാക്ഷരരാണ് എന്ന് സാക്ഷരതാ റിപ്പോർട്ടും 91.41% എന്ന് 1991ലെ കാനേഷുമാരിയും വെളിപ്പെടുത്തുന്നു. ഗ്രാമത്തിലെ അറിയപ്പെടുന്ന ആദ്യത്തെ സ്ക്കൂൾ മെതുകുമ്മേൽ ജംഗ്ഷനു സമീപം സി.എസ്.ഐ. പള്ളിയോടുചേർന്ന് മിഷനറിമാർ ആരംഭിച്ച സ്ക്കൂളാണ്. ഇവിടുത്തെ ആദ്യ ഹൈസ്ക്കൂൾ 1924ൽ ആരംഭിച്ച സെന്റ് പോൾസ് സ്ക്കൂളാണ്. 1958ൽ ഇത് യു.പി. സ്ക്കൂളായി തരംതാഴ്ത്തപ്പെട്ടു. ഇവിടുത്തെ ആദ്യകാല പ്രാഥമിക വിദ്യാലയങ്ങളിലൊന്നാണ് ഇന്നത്തെ താഴത്തുവടക്ക് എൽ.പി.എസ്. ആദ്യകാലത്ത് സ്വകാര്യമേഖലയിൽ ആരംഭിക്കപ്പെട്ട

ഈ സ്ക്കൂൾ പിന്നീട് സർക്കാർ ഏറ്റെടുത്തു. ഇന്നത്തെ ഏക ഹൈസ്ക്കൂളായ എം.റ്റി.ഡി.എം. മീനം വടക്കേക്കരയിലാണ് നിലകൊള്ളുന്നത്. 1964 ജൂലൈ മാസം 4-ാം തീയതി പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജ് ആരംഭിക്കപ്പെട്ട തോടുകൂടി ഇവിടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭ്യമായി. മാലൂരിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം ഇന്ന് ജില്ലയിലെ ഒരു ഉയർന്ന കോളേജാണ്. വിദ്യാഭ്യാസരംഗത്ത് ഇത്രയേറെ മുന്നേറ്റമുണ്ടായെങ്കിലും സാങ്കേതിക-തൊഴിലധിഷ്ഠിത വിദ്യാലയങ്ങളുടെ ഇല്ലായ്മയും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ അഭാവവും വിദ്യാഭ്യാസരംഗത്തെ പോരായ്മയായി നിലനില്ക്കുന്നു.

1971ൽ ഏനാത്ത്-പത്തനാപുരം റോഡിൽ പണിതീർത്ത കടുവാത്തോട് പാലം ഗതാഗതരംഗത്ത് പുരോഗതിയുടെ തുടക്കം കുറിച്ചു. തന്മൂലം ഗ്രാമത്തിനുപുറത്തുള്ള പല പ്രധന പട്ടണങ്ങളുമായും വ്യാപാരകേന്ദ്രങ്ങളുമായും വാഹന ഗതാഗതം ആരംഭിക്കുന്നതിന് അവസരമുണ്ടായി. അന്നത്തെ പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്ന ടി.കെ. ദിവാകരനാണ് ഈ പാലം നാട്ടുകാർക്ക് തുറന്നുകൊടുത്തത്. പട്ടാഴി വടക്കേക്കര, പട്ടാഴി ഗ്രാമവാസികളുടെ ഒരു ചിരകാലസ്വപ്നമായിരുന്നു കല്ലടയാറ്റിലെ ഇടക്കടവ് പാലം. 1988ൽ ഈ പാലത്തിന്റെ പണി പൂർത്തീകരിക്കപ്പെട്ടതോടുകൂടി ഒറ്റപ്പെട്ടു കിടന്നിരുന്ന വടക്കേക്കര ഗ്രാമത്തിന് ജില്ലാ കേന്ദ്രവുമായും തലസ്ഥാനനഗരിയുമായും ബന്ധപ്പെടുവാനുള്ള സൗകര്യം സുഗമമായി. മുൻ മുഖ്യമന്ത്രി അവുക്കാദർകുട്ടി നഹ തറക്കല്ലിട്ട പാലം മുൻ ഗതാഗതവകുപ്പ് മന്ത്രി ടി.കെ. ഹംസ നാടിനു സമർപ്പിച്ചു. വ്യാപാര-വാണിജ്യ-കാർഷിക മേഖലകളിൽ പുരോഗതി നേടുന്നതിനും ഈ പാലത്തിന്റെ നിർമ്മാണം ഉപകരിച്ചിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന കുണ്ടയം പാലത്തിന്റെ പണി പൂർത്തിയാവുന്നതോടുകൂടി ഗതാഗതരംഗത്ത് അല്പംകൂടി മുന്നേറാൻ നമുക്ക് കഴിയും. എന്നിരുന്നാലും പട്ടാഴി ആറുട്ടുപുഴക്കടവിലെ പാലം ഉണ്ടാകുന്നതോടുകൂടി മാത്രമേ നമ്മുടെ പ്രദേശത്തിന്റെ ഗതാഗത സൗകര്യങ്ങൾ വിപുലപ്പെടുകയുള്ളു. ഏനാത്ത്-പത്തനാപുരം, കടുവാത്തോട്-പട്ടാഴി മുക്ക്, അടൂർ, ചെളിക്കുഴി-കൈതപ്പറമ്പ്, ചെളിക്കുഴി- പത്തനാപുരം, മാലൂർ-പുതുവൽ, താഴത്തുവടക്ക്-കൈതപ്പറമ്പ്-അടൂർ എന്നീ റോഡുകളാണ് വാഹനഗതാഗതമുള്ള റോഡുകൾ. കെ.എസ്.ആർ.ടി.സി., സ്വകാര്യ ബസ് സർവ്വീസുകൾ നാമമാത്രമായുണ്ടെങ്കിലും ജനങ്ങളിൽ അധികവും ടെമ്പോ-ട്രക്കർ സർവ്വീസുകളെയാണ് ആശ്രയിക്കുന്നത്. നാട്ടുകാർ സംഘടിതമായി നിർമ്മിച്ച കടുവാത്തോട്-മഞ്ചാടിമൂട് റോഡും ചെളിക്കുഴി-മണമ്പുവിള റോഡും ഇന്ന് പഞ്ചായത്തിലെ പ്രധാന റോഡുകളുടെ നിരയിലേക്ക് അഭിവൃദ്ധിപ്പെട്ടിരിക്കുന്നു.

ആരോഗ്യരക്ഷാ പ്രവർത്തനരംഗത്ത് നാം ബഹുദൂരം പിന്നിലാണ്. ശാസ്ത്രീയ ചികിത്സാ സൗകര്യങ്ങൾ ഒട്ടുംതന്നെയില്ല. ആകെയുള്ള ഒരു റൂറൽ ഡിസ്പെൻസറിയുടെ അവസ്ഥ പരിതാപകരമാണ്. നാളിതുവരെ സ്വന്തമായി ഒരു കെട്ടിടമില്ല. തന്മൂലം രോഗികളെ കിടത്തി ചികിത്സിപ്പിക്കുവാനോ ഫലപ്രദമായ ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കുവാനോ ഈ സ്ഥാപനത്തിന് കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഗ്രാമീണ ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഇന്ന് ഈ സ്ഥാപനത്തെ ആശ്രയിക്കുന്നില്ല. ആയുർവ്വേദ-ഹോമിയോ ഡിസ്പൻസറികൾ, യൂനാനി ചികിത്സാ കേന്ദ്രങ്ങൾ എന്നിവ ഇവിടെയില്ല. മാരകരോഗങ്ങളും പകർച്ചവ്യാധികളും താരതമ്യേന കുറവാണ്. ആയുർദൈർഘ്യം, ശിശു മരണ നിരക്ക്, ജനസംഖ്യാ വർദ്ധനവ് എന്നിവ സംസ്ഥാന ശരാശരിയോടൊപ്പം നിൽക്കുന്നു.

ഏതാണ്ട് മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പുവരെ ഇവിടുത്തെ ജനങ്ങൾ താരതമ്യേന ചിലവുകുറഞ്ഞ ചെറിയ വീടുകളിലാണ് താമസിച്ചിരുന്നത്. വീടുകളിൽ അധികവും ഓലകൊണ്ടോ പുല്ലുകൊണ്ടോ മേയപ്പെട്ടവയായിരുന്നു. അതിന്റെ പ്രധാന കാരണം ഭൂമി ദേവസ്വത്തിന്റേതായിരുന്നതുകൊണ്ട് മരം മുറിക്കാൻ അവകാശമില്ലാതിരുന്നതാണ്. മറ്റു പ്രദേശങ്ങളിലെന്നപോലെ ഗൾഫ് രാജ്യങ്ങളിൽനിന്നും മറ്റു വിദേശ രാജ്യങ്ങളിൽനിന്നും പണം വരാൻ തുടങ്ങിയതോടുകൂടി വീടിന്റെ ഘടനയിലും വലിപ്പ

ത്തിലും മാറ്റം വന്നിട്ടുണ്ട്. ഓലകൊണ്ടു മേയുന്ന വീടുകൾ ഇന്ന് താരതമ്യേന കുറവാണ്. പുല്ലു മേയുന്ന വീടുകൾ ഇല്ലെന്നുതന്നെ പറയാം. വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വേതനനിലവാരത്തിൽ കാലാനുസൃതമായുണ്ടായ വർദ്ധനവും ശാസ്ത്രീയ കൃഷി രീതികളിലൂടെയും നാണ്യവിള കൃഷികളിലൂടെയും നേടിയ സാമ്പത്തിക വളർച്ചയും മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങൾ തേടുന്നതിന് സഹായകമായി എന്നിരുന്നാലും പാർപ്പിടം ഇവിടുത്തെ ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. സ്വന്തമായി വീടില്ലാത്തവർ ധാരാളമുണ്ട്. വസ്ത്രധാരണത്തിൽ കേരളീയ ഗ്രാമത്തനിമ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. സാരിയും ബ്ലൗസുമാണ് സ്ത്രീകളിൽ ബഹുഭൂരിപക്ഷവും ഇന്നും ധരിക്കുന്നതെങ്കിലും ചുരിദാറിനും സൽവാർ– കമ്മീസിനും ഒട്ടും പിന്നിലല്ലാത്ത സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. പുരുഷന്മാരിൽ അധികവും ഷർട്ടും മുണ്ടുമാണ് ധരിക്കുന്നതെങ്കിലും പാന്റ്സിനും മാന്യമായ സ്ഥാനമാണുള്ളത്. പ്രായമുള്ള സ്ത്രീകളിൽ നല്ലൊരു ശതമാനം ചട്ടധരിക്കുന്നവരായുണ്ട്. ടെലിവിഷൻ, സിനിമ, റേഡിയോ എന്നീ മാദ്ധ്യമങ്ങളിലൂടെ പ്രചരിച്ച ആധുനിക ഫാഷൻ വസ്ത്രധാരണരീതിയിലേക്ക് ഈ പ്രദേശവും എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു.

സഹകരണ മേഖലയിൽ 1961 മാർച്ച് മാസം 22-ാം തീയതി പട്ടാഴി വടക്കേക്കര അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി സ്ഥാപിതമായി. ഈ സ്ഥാപനമാണ് ഇന്നത്തെ പട്ടാഴി വടക്കേക്കര സഹകരണ ബാങ്കായി പ്രവർത്തിക്കുന്നത്. കാർഷിക–കാർഷികേതര മേഖലയുടെ വളർച്ചയ്ക്ക് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നിർണ്ണായക പങ്കു വഹിക്കുന്നുണ്ട്.

1979 ജനുവരി 22-ാം തീയതി അധികാരമേറ്റെടുത്ത ആദ്യ പഞ്ചായത്ത് സമിതിയുടെ പ്രസിഡന്റ് ടി. ഇസ്മാൽ മൈതീൻ റാവുത്തറായിരുന്നു. എൽ. ജോൺ, പി.കെ. സദാശിവൻ, പെരുംതോട്ടത്തിൽ ബാലകൃഷ്ണപിള്ള എന്നിവരായിരുന്നു മെമ്പറന്മാർ.

1980ൽ നടന്ന ആദ്യ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ താഴത്തുവടക്ക് വാർഡിൽനിന്നും വിജയിച്ച പി.കെ. പുഷ്പാംഗദൻ പ്രസിഡന്റായി. മെമ്പറന്മാരായി വി.ആർ. ഗോപാലകൃഷ്ണപിള്ള (മെതുകുമ്മേൽ), എ. സോമൻകുട്ടി (ഏറത്തുവടക്ക്), സി.വി. സുകുമാരൻ (ചെളിക്കുഴി), എൻ. നളിനി (മണയറ), എൻ. രാമചന്ദ്രൻപിള്ള (മീനം വടക്കേക്കര) (വൈസ് പ്രസിഡന്റ്), ജനാർദ്ദനൻ ശാസ്ത്രി (മാലൂർ), ജോർജ്ജ് മത്തായി (കരിമ്പാലൂർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 1988ൽ നടന്ന തെരഞ്ഞെടുപ്പിൽ മെതുകുമ്മേൽ വാർഡിൽനിന്നും വിജയിച്ച പി.കെ. പുഷ്പാംഗദൻ വീണ്ടും പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. താഴത്തുവടക്ക് വാർഡിൽനിന്നും വിജയിച്ച എൽ. തോമസായിരുന്നു വൈസ് പ്രസിഡന്റ്. മാലൂർ വാർഡിൽനിന്നും ജനാർദ്ദനൻ ശാസ്ത്രിയും ഏറത്തുവടക്ക് വാർഡിൽനിന്നും എ. വിജയനും ചെളിക്കുഴി വാർഡിൽനിന്നും സി. മംഗളാനന്ദനും മണയറ വാർഡിൽനിന്നും ആർ. ബാലകൃഷ്ണപിള്ളയും കരിമ്പാലൂർ വാർഡിൽനിന്നും ജി. സരസമ്മയും തെരഞ്ഞെടുക്കപ്പെട്ടു.

1995 സെപ്തംബറിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മണയറ വാർഡിൽനിന്നും വിജയിയായ കെ. രാജൻ പ്രസിഡന്റായി അധികാരമേറ്റു. മെതുകുമ്മേൽ വാർഡിൽനിന്നും വിജയിച്ച കെ.ജി. മീനാക്ഷിയമ്മയാണ് വൈസ് പ്രസിഡന്റ്. താഴത്തുവടക്ക് വാർഡ് മെമ്പറായി കെ.ബി. സജീവും ഏറത്തുവടക്ക് വാർഡ് മെമ്പറായി എൻ. രാമചന്ദ്രൻപിള്ളയും ചെളിക്കുഴി വാർഡ് മെമ്പറായി എസ്. രാധാമണി അമ്മയും മീനം വടക്കേക്കര വാർഡ് മെമ്പറായി എം. ഷെറീഫും മാലൂർ വാർഡ് മെമ്പറായി ആർ. തങ്കപ്പനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയെ പ്രതിനിധീകരിക്കുന്നു. എം. ഷെറീഫാണ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ.

പട്ടാഴി വടക്കേക്കര ഗ്രാമത്തിന്റെ പൊതു ചിത്രമിതാണെങ്കിലും കേരളത്തിന്റെ ഇതര ഗ്രാമങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പല രംഗങ്ങളിലും ഇവിടം പിൻതള്ളപ്പെട്ടിരിക്കുന്നതായി കാണാം. അതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് ജില്ലയുടെ ഒരറ്റത്ത് ഒറ്റപ്പെട്ട ഒരു കൊച്ചു പ്രദേശം എന്ന നിലയിൽ അധികാരകേന്ദ്രങ്ങളുടെ അവഗണനയാണ്. തന്നെയുമല്ല പല വകു

പ്പുകളുടേയും പ്രവർത്തനമേഖലയ്ക്ക് വിസ്തൃതി വരുത്തുന്നതിനായി നിരന്തരം വെട്ടി മുറിക്കപ്പെടുന്ന ഒരു പ്രദേശമായി ഇവിടം നില നിർത്തപ്പെടുന്നു. ഇപ്രകാരമാണ് ആകെയുള്ള നാലു പോസ്റ്റാഫീസുകൾ ഗ്രാമത്തിനു പുറ ത്തുള്ള മൂന്ന് സബ് പോസ്റ്റാഫീസുകൾക്ക് കീഴി ലായത്. ടെലിഫോൺ ഉപഭോക്താക്കൾ താര തമ്യേന കുറവാണ്; ഉള്ളവയാകട്ടെ പത്തനാ പുരം, പട്ടാഴി, അടൂർ, കുളക്കട എന്നീ എക്സ്ചേഞ്ചുകൾക്കുകീഴിലുമാണ്. ഇലക്ട്രിസി റ്റിയുടേയും പി.ഡബ്ലിയു.ഡി.യുടേയും സ്ഥിതിയും ഭിന്നമല്ല. ഈ സ്ഥിതിവിശേഷം ഒൻപതാം പദ്ധതി നടപ്പിലാകുന്നതോടുകൂടി മാറുമെന്ന് നമുക്ക് പ്രത്യാശിക്കാം.









# 4

# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

ഒരു പ്രദേശത്തിന്റെ വികസനം പ്രധാനമായും അവിടുത്തെ ഭൂപ്രകൃതിയേയും, ജനശക്തിയേയും ആശ്രയിച്ചാണിരിക്കുന്നത്. ഭൂപ്രകൃതി എന്നുപറയുമ്പോൾ, ഭൂമിയുടെ കിടപ്പ്, മണ്ണിന്റെ ഘടന അഥവാ സ്വഭാവം, ജലലഭ്യത, കാലാവസ്ഥ എന്നിവയെയാണ് അർത്ഥമാക്കുന്നത്. ജനശക്തി അഥവാ മനുഷ്യവിഭവശേഷി എന്നുപറയുമ്പോൾ ജനങ്ങളുടെ വിദ്യാഭ്യാസനിലവാരം, വികസനത്തോടുള്ള ആഭിമുഖ്യം, തൊഴിലിനെ സംബന്ധിച്ചുള്ള അറിവ്, കഴിവ് ഇവയെ ആശ്രയിച്ചിരിക്കുന്നു മേൽപറഞ്ഞവയെ കണക്കിലെടുക്കാതെയുള്ള വികസനം പലപ്പോഴും ലക്ഷ്യപ്രാപ്തിയിൽ എത്താറില്ല. അതാത് പ്രദേശത്തിന്റെ വികസനം ആ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെയും മറ്റ്പ്രകൃതി വിഭവങ്ങളുടെയും സന്തുലിതാവസ്ഥയ്ക്ക് അനുയോജ്യമായതും ആ പ്രദേശത്തിന്റെ അഭംഗുരമായ വികസനത്തിന് വഴിയൊരുക്കുന്നതുമായിരിക്കണം വിഭവങ്ങളുടെ ശാസ്ത്രീയമായ അപഗ്രഥനവും അവലോകനവും ഇവയ്ക്ക് വഴിയൊരുക്കുന്നതുമാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂപ്രകൃതി വളരെ വൈചിത്ര്യവും വൈവിധ്യവും നിറഞ്ഞതാണ് പൊതുവെ മലനാട്, ഇടനാട്, തീരപ്രദേശം എന്ന് വിഭജിക്കപ്പെട്ടിട്ടുണ്ടെങ്കിലും; തീരപ്രദേശത്തോട് ചേർന്ന് കുന്നുകളും മലംപ്രദേശങ്ങളിൽതന്നെ സമതലങ്ങളും സർവ്വസാധാരണമാണ് കാലാവസ്ഥ, ജലസ്രോതസുകളുടെ ലഭ്യത, മണ്ണിന്റെ ഘടന ഇവയുടെ വ്യത്യാസം മൂലം കാർഷികവിളകളും വ്യത്യസ്ത സ്വഭാവത്തിലുള്ളതാകുന്നു. മേൽപറഞ്ഞ ഭൂപ്രകൃതിയിലുള്ള വ്യത്യസ്തത ഇൻഡ്യയുടെ മറ്റ് സംസ്ഥാനങ്ങളിൽ പ്രായേണ കാണപ്പെടുന്നില്ല. അതുകൊണ്ടുതന്നെ കേരളത്തിന്റെ സമഗ്രവികസനത്തിന് വ്യത്യസ്തമായ സമീപനം പ്രാദേശികമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളെ കണക്കിലെടുത്താണ് പ്രാദേശിക വിഭവ ഭൂപടം നിർമ്മിച്ചിട്ടുള്ളതും നിർമ്മിച്ചുവരുന്നതും എന്ന് ആമുഖമായി പറഞ്ഞുകൊള്ളട്ടേ എന്നിരുന്നാലും ഒരു ജില്ലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടിവരുമ്പോൾ, പഞ്ചായത്ത്തല വിഭവങ്ങളെ കഴിയുന്നത്ര ക്രോഡീകരിച്ച് ഗ്രാമ, ബ്ലോക്ക്, ജില്ലാതലത്തിൽ ഏകോപിപ്പിക്കേണ്ടതുണ്ട് കൊല്ലം ജില്ലയിൽ ഇത് പ്രാവർത്തികമാക്കാനുള്ള മുന്നോടിയായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലേയും വികസനറിപ്പോർട്ടുകൾ വിഭവഭൂപടങ്ങളെ ആസ്പദമാക്കി തയ്യാറാക്കുന്നു.

കൊല്ലം ജില്ലയുടെ വടക്കുമദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പട്ടാഴി വടക്കേകര ഗ്രാമചഞ്ചായത്ത് മലംപ്രദേശത്തോടുചേർന്ന ഒരു ഇടനാടൻ ഉൾഗ്രാമമാണ് വൈചിത്ര്യമാർന്ന ഭൂപ്രകൃതിയ്ക്ക് ഇവിടം ഒരു ഉദാഹരണമാണ്. ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാ

പുരം ബ്ലോക്കിൽ ഉൾപ്പെടുന്ന ആറ് പഞ്ചായത്തുകളിൽ ഒന്നാണ് പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് 18.07 ചതുരശ്ര കിലോമീറ്റർ മൊത്തം വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിനെ എട്ട് വാർഡുകളായി പിരിച്ചിരിക്കുന്നു ഏറത്തുവടക്ക് വാർഡിലാണ് പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്നത് കൊല്ലം ജില്ലയിലെ ഒരേഒരു സെക്കൻഡ് ഗ്രേഡ് പഞ്ചായത്താണിത്

(ചിത്രം 2, 3 നോക്കുക)

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് മലനാട് കാർഷിക കാലാവസ്ഥ മേഖലയിൽ ഉൾപ്പെടുന്നു കൊട്ടാരക്കര പട്ടണത്തിൽനിന്നും 13 കി മീ വടക്കുകിഴക്കായി അക്ഷാംശം 9°5′നും 9°7′Nനും, രേഖാംശം 76°46′നും 76°51′E ലുമായി സ്ഥിതിചെയ്യുന്ന ഈ ഗ്രാമപഞ്ചായത്തിന്റെ വടക്ക്, കിഴക്ക്, പടിഞ്ഞാറുഭാഗങ്ങളിലായി പത്തനംതിട്ട ജില്ലയും വടക്ക് കിഴക്ക് ഭാഗത്തായി പത്തനാപുരം പഞ്ചായത്തും, തെക്ക് കല്ലടയാറും (11 കി മീ ) സ്ഥിതിചെയ്യുന്നു

ചെറുചരിവുകളാൽ ഉൾപ്പെട്ട താഴ്വരകളും ഉയർന്ന കുന്നിൻപ്രദേശങ്ങളും ഇവയെ ബന്ധിപ്പിക്കുന്ന ഇടത്തരം ഉയരമുള്ള പ്രദേശങ്ങളും ചേർന്നതാണ് പട്ടാഴി വടക്കേക്കരയുടെ ഭൂപ്രകൃതി പൊതുവെ ചരിവുകൾ വടക്ക്-തെക്ക് ദിശയെ അവലംബിച്ചാണ് കാണപ്പെടുന്നത് പഞ്ചായത്തിലെ ഏറ്റവും ഉയർന്നഭാഗത്തിന് സമുദ്രനിരപ്പിൽനിന്നും 120 മീറ്റർ ഉയരമുണ്ട് ഈ ഭാഗം പഞ്ചായത്തിന്റെ വടക്ക്-കിഴക്ക് ഭാഗത്തായി കൈതപറമ്പ് പ്രദേശം ഉൾപ്പെടുന്ന സ്ഥലത്താണ് കാണുന്നത് താഴ്വരകളിൽ അങ്ങിങ്ങായി കാണപ്പെടുന്ന ചെറിയ കുന്നിൻപ്രദേശങ്ങൾ പഞ്ചായത്തിൽ പൊതുവായി ഉൾപ്പെടുന്നതാണ്

(ചിത്രം 5 നോക്കുക)

നിമ്നോന്നതിപ്രകാരം പഞ്ചായത്തിനെ 20 മീറ്ററിനുതാഴെ, 20 മീറ്ററിനും 60 മീറ്ററിനും ഇടയ്ക്ക്, 60 മീറ്ററിനും 100 മീറ്ററിനും ഇടയ്ക്ക്, 100 മീറ്ററിനു മുകളിൽ എന്നിങ്ങനെ 4 മേഖലകളാക്കി തരംതിരിക്കാം 100 മീറ്ററിനു മുകളിൽ കാണപ്പെടുന്ന പ്രദേശങ്ങൾ പുല്ലംകുന്നിമല, അഞ്ചുമല എന്നിവയാണ് നിമ്നോന്നതിപ്രകാരമുള്ള പ്രദേശങ്ങളുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു

| നിമ്നോന്നതി (മീറ്ററിൽ) | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| 20ൽ താഴെ | 351.00 |
| 20-60 | 1103.00 |
| 60-100 | 335.00 |
| 100നുമുകളിൽ | 17.16 |

അവലംബം: (വിഭവഭൂപടം സെസ്സ്)

നിമ്നോന്നതിപ്രകാരം പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും 20 മീറ്ററിനും 60 മീറ്ററിനും മദ്ധ്യത്തായി കാണപ്പെടുന്നു നിമ്നോന്നതി അവലംബിച്ച് പഞ്ചായത്തിലെ ഭൂരൂപങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ചതിന്റെ പശ്ചാത്തലത്തിൽ രൂപംകൊണ്ട പഠനത്തിൽ പൊതുവെ പഞ്ചായത്തിനെ താഴ്വര, ചെറുചരിവ്, ഇടത്തരംചരിവ്, മിതമായചരിവ്, ഉയർന്ന സമതലം എന്നിങ്ങനെ 5 ആയിതരംതിരിക്കാം ഇവയുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു

| ഭൂരൂപം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| താഴ്വര | 351.00 |
| ചെറുചരിവ് | 812.00 |
| ഇടത്തരംചരിവ് | 360.36 |
| മിതമായചരിവ് | 99.80 |
| ഉയർന്നസമതലം | 18.56 |

അവലംബം: (വിഭവഭൂപടം സെസ്സ്)

(ചിത്രം 6 നോക്കുക)

മെതുകുമ്മേൽ, താഴത്ത് വടക്ക്, ഏറത്ത് വടക്ക്, മീനം, മാലൂർ, കരിമ്പാലൂർ വാർഡുകളുടെ തെക്ക്പ്രദേശങ്ങൾ ഭൂരിഭാഗവും, മെതുകുമ്മേൽ, കരിമ്പാലൂർ വാർഡുകളുടെ തെക്ക്പടിഞ്ഞാറ്, തെക്ക്കിഴക്ക് ഭാഗങ്ങളും താഴ്വരകളാൽ ചുറ്റപ്പെട്ടവയാണ് കല്ലടയാറിനോടു

ചേർന്നുകിടക്കുന്ന ഈ പ്രദേശങ്ങൾ മണ്ണൊലിപ്പും വെള്ളപ്പൊക്ക ഭീഷണിയും നേരിടുന്നു. മിതമായ ചരിവുകൾ പ്രധാനമായും മണയറ, മാലൂർ, ചെളിക്കുഴി, താഴത്ത് വടക്ക് വാർഡുകളുടെ വടക്ക്, വടക്ക് കിഴക്ക്, വടക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ യഥാക്രമം കാണപ്പെടുന്നു പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ചെറുചരിവുകളാലും ഇടത്തരം ചരിവുകളാലും ചുറ്റപ്പെട്ടു കാണുന്നു (വിശദാംശങ്ങൾക്ക് ഭൂപടം നോക്കുക) മിതമായ ചരിവുകളിൽ പാറകാണപ്പെടുന്ന ഭാഗങ്ങളിൽ മണ്ണിന്റെ കനം കുറവായതിനാൽ മണ്ണൊലിപ്പിന് സാദ്ധ്യതയുണ്ട്. വിസ്താരമേറിയ ഉയർന്ന സമതലങ്ങൾ മെതുകുമ്മേൽ, താഴത്ത് വടക്ക് വാർഡുകളുടെ വടക്ക് പടിഞ്ഞാറ് ഭാഗങ്ങളേയും, ഏറത്ത് വടക്ക് വാർഡിന്റെ കിഴക്ക്-പടിഞ്ഞാറ് ദിശയെ അവലംബിച്ചും മണയറ, മീനം, മാലൂർ വാർഡുകളുടെ മദ്ധ്യഭാഗത്തുമായികാണപ്പെടുന്നു.

## *മണ്ണ്*

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിൽ പൊതുവെ മൂന്നുതരം മണ്ണിനങ്ങളാണ് കാണപ്പെടുന്നത് നല്ല നീർവാർച്ചയുള്ള ലാറ്ററൈറ്റ് മണ്ണ് ഉയർന്ന സമതലങ്ങളിലും മിതമായ ചരിവുകളിലും ഇടത്തരം ചരിവുകളിലും കാണപ്പെടുന്നു ഉയർന്ന സമതലങ്ങളിൽ ചരൽകലർന്ന മണ്ണും കാണാവുന്നതാണ് കൈതപറമ്പ്, പുല്ലുംകുന്നൽമല, വേടമല, അഞ്ചുമല ഭാഗങ്ങളിൽ ലാറ്ററൈറ്റ് മണ്ണിന്റെ കനം തുലോംകുറവാണ് താഴ്വരകളിൽ നീർവാർച്ചകുറഞ്ഞ എക്കൽമണ്ണ് കാണപ്പെടുന്നു. ചെറുചരിവുകളിൽ ലാറ്ററൈറ്റ് മണ്ണും എക്കൽമണ്ണും സമ്മിശ്രമായി കാണപ്പെടുന്നുണ്ട്. മണൽകലർന്ന പശിമരാശി എക്കൽമണ്ണ് കല്ലടയാറിനോട് ചേർന്നുള്ള ചില ഭാഗങ്ങളിൽ കാണപ്പെടുന്നു.




(ചിത്രം 6)


മൺതരങ്ങൾ
76°47'
76°49'
9°7'
9°5'
N
0
കി.മി.
ചരൽകൂടിയ ലാറ്ററൈറ്റ്
എക്കൽ മണ്ണ്
ലാറ്ററൈറ്റ്
Source : PRM , CESS

## പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്




(ചിത്രം 3)




(ചിത്രം 5)

# ജലപ്രകൃതി

ഒരു പ്രദേശത്തിന്റെ ജലപ്രകൃതി പൊതുവെ അവിടുത്തെ ഭൂപ്രകൃതി, മണ്ണ്, കാലാവസ്ഥ മുതലായവയുമായി ബന്ധപ്പെടുത്തി പറയാവുന്നതാണ് ജലപ്രകൃതി സ്വാഭാവികമായും അവിടുത്തെ ജലസ്രോതസുകളുടെ പര്യാപ്തതയെ മാനദണ്ഡപ്പെടുത്തി നിർവ്വചിക്കാവുന്നതാണ് ജലസ്രോതസുകളെ രണ്ടായി തരംതിരിക്കാം 1 ഉപരിതലജലസ്രോതസുകൾ 2 ഭൂഗർഭ ജല സ്രോതസുകൾ ഉപരിതലജലസ്രോതസുകൾ പൊതുവെ നദി, തോടുകൾ, കുളങ്ങൾ, നീരുറവകൾ എന്നിവയാണ് ഭൂഗർഭ ജലസ്രോതസുകളിൽ കിണറുകൾ, കുഴൽകിണറുകൾ എന്നിവ ഉൾപ്പെടുന്നു

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് പൊതുവെ ജലസ്രോതസുകളാൽ സമ്പുഷ്ടമാണ് ഉപരിതലജലസ്രോതസുകളുടെ എല്ലാതരങ്ങളും ഈ പഞ്ചായത്തിൽ ലഭ്യമാണ് തെക്ക് വശത്ത് പഞ്ചായത്തിന്റെ അതിർത്തിയായ കല്ലടയാർ, ഈ പ്രദേശത്തിന്റെ താഴ്വരകളെ ഫലസമ്പുഷ്ടമാക്കുന്നതിൽ ഒരു മുഖ്യപങ്കാളിയാണ് അനേകം ചെറുതും വലുതുമായ കൈവഴികൾ ചേർന്നുള്ള 2 പ്രധാന തോടുകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ജലശൃംഖലയാണ് ജലനിർഗ്ഗമനത്തിന് ഏകമാർഗ്ഗം മാത്രമുള്ള ഒരു ഭൂവിഭാഗത്തെയാണ് നീർമറിപ്രദേശം എന്നുവിശേഷിപ്പിക്കുന്നത് നീർമറിപ്രദേശങ്ങൾ പഞ്ചായത്തിൽ പൊതുവെ ഏഴ് എണ്ണമാണുള്ളത് ഇതിൽ മുഖ്യ നീർമറി പ്രദേശം കടുവാത്തോട് ഉൾപ്പെടുന്ന 837.5 ഹെക്ടർ പ്രദേശമാണ് മറ്റൊരു മുഖ്യനീർമറി പ്രദേശമായ കുണ്ടയംതോടിന് പടിഞ്ഞാറ് ഏകദേശം 181.25 ഹെക്ടർ പ്രദേശം ഉൾപ്പെടുന്നതാണ് നീർമറിപ്രദേശങ്ങളും അവയുടെ നീളം, വിസ്തീർണ്ണം എന്നിവ ചുവടെ ചേർക്കുന്നു




(ചിത്രം 8)



ജലലഭ്യത
76° 47'
76° 49'
9° 7'
9° 5'
N
0
കി.മീ
കല്ലട ആറ്
താരതമ്യേന കൂടുതൽ
മിതം
പൊതുവെ കുറവ്
Source: PRM, CESS

| നീർമറിപ്രദേശം | നീളം (കി.മീറ്ററിൽ) | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| കുണ്ടയം–മുക്കംതോട് | 1.70 | 181.25 |
| പാറക്കടവ് തോട് | 3.20 | 200.00 |
| കുറ്റിക്കാട്തോട് | 1.95 | 125.00 |
| മുക്കൂട്ട്മണ്ണ്തോട് | 4.2 | 250.00 |
| കടുവാത്തോട് | 3.75 | 338.00 |
| പാറപ്പുഴത്തോട് | 4.10 | 225.00 |
| വെട്ടുതുരുത്തിത്തോട് | 5.2 | 200.00 |
| ആകെ | 24.1 | 1519.25 |

(അവലംബം : വിഭവഭൂപടം സെസ്സ്)

മേൽപറഞ്ഞവയിൽ കടുവാത്തോടിന്റെ വടക്കുഭാഗവും, കുണ്ടയംതോടിന്റെ ഭൂരിഭാഗവും വറ്റാത്തവയാണ്. കാലാവസ്ഥയിലുള്ള വ്യതിയാനം, മഴയുടെതോത് ഇവയെ ആശ്രയിച്ച് ബാക്കിയുള്ള തോടുകൾ പൊതുവെ വറ്റുന്നവയാണ് കാർഷികവിളകൾ ഈ പഞ്ചായത്തിൽ മേൽപറഞ്ഞ മുഖ്യനീർമറിപ്രദേശങ്ങളെ ആശ്രയിച്ചാണ് കാണപ്പെടുന്നത്.

പഞ്ചായത്തിൽ പൊതുവേ വലുതും ചെറുതുമായ 7 കുളങ്ങളുണ്ട് ഇവയിൽ ഭൂരിഭാഗവും വറ്റാത്തവയാണ് പ്രധാനപ്പെട്ട കുളങ്ങളായ ശാസ്താകാവ്കുളവും വിളയിൽകുളവും ജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്രദമാണ്. ഏറിയപങ്ക് കുളങ്ങളും പാർശ്വഭിത്തികെട്ടാത്തവയാണ് കുളങ്ങളുടെ വിസ്തൃതി, അവ ഉൾപ്പെടുന്ന വാർഡ് ഇവ താഴെചേർക്കുന്നു.

| വാർഡ് | പേര് | വിസ്തീർണ്ണം (നീളംXവീതി) മീറ്ററിൽ |
|---|---|---|
| 1 | മണിമംഗലത്ത് | 4 x 3 |
| 1 | വിളയിൽ | 6 x 4 |
| 4 | പാറപുഴ | 4 x 3 |
| 4 | ചൂരവേലി | 4 x 3 |
| 5 | ശാസ്താംകാവ് | 10 x 7 |
| 6 | കരിയ്ക്കത്തിൽ | 4 x 3 |
| 7 | മഠത്തിൽ | 4 x 3 |

(അവലംബം: വിഭവഭൂപടം സെസ്സ്)

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വറ്റാത്ത നീരുറവകൾ അനേകം സ്ഥിതിചെയ്യുന്നു ഇവയുടെ ഉപയോഗം കണക്കിലെടുത്ത് പരിസ്ഥിതിയ്ക്ക് കോട്ടംതട്ടാതെയുള്ള സംയോജിത മത്സ്യകൃഷിയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ് ഇവയുടെ വിസ്തീർണ്ണം, അവ ഉൾപ്പെടുന്ന വാർഡ് എന്നിവ താഴെചേർക്കുന്നു

| പേര് | വിസ്തീർണ്ണം (നീളം x വീതി) മീറ്ററിൽ | വാർഡ് |
|---|---|---|
| മഞ്ചാടിമൂട് | 3x3 | 2 |
| കോട്ടയ്കോണം | 3x2 | 3 |
| പേറയിൽ | 3x2 | 3 |
| മേട്ടുംപുറത്ത് | 3x2 | 3 |
| കുമ്പിക്കോട്ട് | 4x2 | 4 |
| വേടമല | 2x2 | 4 |
| ചിറയിൽവടക്ക് | 2x2 | 5 |
| കരിയിലാഞ്ചികുഴി | 3x3 | 5 |
| മുക്കൂട്ട്മൺ | 2x2 | 5 |
| വൈക്കത്ത് | 3x3 | 5 |
| മലയിൽപുത്തൻവീട് | 2x3 | 5 |
| കാഞ്ഞിരംവിള | 2x2 | 5 |
| മണയറ | 3x3 | 5 |
| കീഴ്ക്കുളം | 3x3 | 5 |
| കരുവക്കിനാൽ | 3x2 | 5 |
| കല്ലറക്കോണം | 3x3 | 6 |
| പാറപ്പുഴ | 3x3 | 6 |
| കുളങ്ങാമൂല | 3x2 | 6 |
| ചാണിക്കൽ | 3x2 | 6 |
| പാറമട | 2x2 | 6 |
| കൊല്ലാറക്കുഴി | 3x3 | 6 |
| കീഴ്ത്തിരാടി | 2x2 | 6 |
| ചാഴിപ്പാറ | 3x3 | 6 |
| കോണത്ത് | 2x2 | 7 |
| ഭൂതക്കുഴി | 2x2 | 7 |
| വഞ്ചിക്കൽ | 2x2 | 7 |
| ആലുവിളപടിഞ്ഞാറ് | 2x2 | 7 |

പഞ്ചായത്തിന്റെ വിഭവഭൂപടങ്ങളെ അടിസ്ഥാനപ്പെടുത്തി ജലലഭ്യതയെ മാനദണ്ഡപ്പെടുത്തി മൂന്നുമേഖലകളായി തരംതിരിച്ചിട്ടുണ്ട്.

ഭൂഗർഭ ജലസ്രോതസ്സുകളിൽ പ്രധാനമായ കിണറുകളിൽ ഏറിയപങ്കും വറ്റാത്തവയാണ് മിതമായ ചരുവുകളിലും ഇടത്തരം ചരുവുകളിലും മലമുകളിലും പ്രായേണ കിണറുകൾ വറ്റിപ്പോകാറുണ്ട്. 10 മുതൽ 12 മീറ്റർ വരെ താഴ്ചയുള്ള കിണറുകൾ ഈ പ്രദേശങ്ങളിൽ കാണാവുന്നതാണ് ഏറ്റവും കൂടുതൽ വറ്റാത്ത കിണറുകൾ വാർഡ് 1 മെതുകുമ്മേൽ ആണ് ഏറ്റവും കൂടുതൽ വറ്റുന്ന കിണറുകൾ ഉള്ളത് വാർഡ് 3 ഏറത്തുവടക്കാണ്. ഇതുമൂലം കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ പൊതുവെ താഴത്തുവടക്ക്, ഏറത്തുവടക്ക്, മാലൂർ വാർഡുകളിലാണ് (ബാർ ഗ്രാഫ് കാണുക)

| വാർഡ് നമ്പർ | എണ്ണം | |
|---|---|---|
| | വറ്റുന്നവ | വറ്റാത്തവ |
| 1 | 13 | 278 |
| 2 | 94 | 207 |
| 3 | 112 | 151 |
| 4 | 18 | 161 |
| 5 | 18 | 193 |
| 6 | 10 | 136 |
| 7 | 70 | 198 |
| 8 | 12 | 181 |

പഞ്ചായത്തിലുള്ള ആകെ 1852 കിണറുകൾ ഉള്ളതിൽ 1505 എണ്ണം വറ്റാത്തവയും 347 എണ്ണം വറ്റുന്നവയുമാണ് (അവലംബം സാമൂഹിക- സാമ്പത്തിക സർവ്വേ വിഭവ ഭൂപട നിർമ്മാണം)

## *കാലാവസ്ഥ*

പട്ടാഴിവടക്കേക്കര ഗ്രാമപഞ്ചായത്ത് മലനാട് കാർഷിക കാലാവസ്ഥ മേഖലയിൽ ഉൾപ്പെടുന്നു ഇവിടുത്തെ വാർഷിക വർഷപാതം 2554 മില്ലീമീറ്ററാണ് കേരളത്തിന്റെ വാർഷിക വർഷപാതം 3036 മില്ലീമീറ്ററാണ് കൊല്ലംജില്ലയിൽ ഏറ്റവും കൂടുതൽ മഴലഭിക്കുന്ന മാസം ജൂണും ഏറ്റവും കുറവ് ജനുവരിയിലുമാണ് വടക്കു-കിഴക്കൻ മൺസൂണിൽ ഏറ്റവും കൂടുതൽ മഴലഭിക്കുന്ന ജില്ലയാണ് കൊല്ലം ജില്ലയിൽ കൂടിയ താപനില രേഖപ്പെടുത്തുന്നത് ഏപ്രിൽ മാസത്തിലും (37° സെൽഷ്യസ്) കുറഞ്ഞ താപനില (22.5° സെൽഷ്യസ്) രേഖപ്പെടുത്തുന്നത് ജനുവരിമാസത്തിലുമാണ്

### ഭൂവിനിയോഗം

ഭൂവിനിയോഗം ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 72%വും റബ്ബർ കൃഷിയാണ് കർഷകർക്ക് പൊതുവെ റബ്ബർ കൃഷിയിലാണ് താല്പര്യം നെൽകൃഷി തുലോം കുറവാണ് ഇരുപ്പൂകൃഷി സമ്പ്രദായം ഫലപ്രാപ്തിയിൽ കാണപ്പെട്ടുവരുന്നില്ല ഉപയോഗശൂന്യമായ പുറംപോക്ക് സ്ഥലങ്ങൾ പാറക്കെട്ട് നിറഞ്ഞ ഖനനപ്രക്രിയ നടന്നുകൊണ്ടിരിക്കുന്ന പ്രദേശങ്ങളാണ് ഇവ മണയറ, മീന, ഏറത്തുവടക്ക്, മെതുകുമ്മേൽ വാർഡുകളിലായി കാണപ്പെടുന്നു മറ്റു കാർഷിക വിളകളുടെ ഉല്പാദനവും പരക്കെ മന്ദീഭവിച്ചുകാണപ്പെടുന്നു. വിവിധ തരത്തിലുള്ള ഭൂവിനിയോഗം അവയുടെ വിസ്തീർണ്ണം എന്നിവ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ഭൂവിനിയോഗം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| റബ്ബർ (PLR) | 1306.50 |
| മിശ്രിതകൃഷി (MC) | 246.30 |
| നെല്ല് (മുണ്ടകൻ + വിരുപ്പ്) (P1+P2) | 154.40 |
| മിശ്രിത മരങ്ങൾ (MT) | 33.70 |
| തെങ്ങ് (Co) | 45.90 |
| മരച്ചീനി (T) | 3.60 |
| വാഴ (B) | 2.30 |
| ഉപയോഗയോഗ്യമായ തരിശുഭൂമി (CWL) | 3.30 |
| ഉപയോഗശൂന്യമായ തരിശുഭൂമി (WL) | 4.42 |
| നികത്തിയ നെൽപാടം (Ret + B) | 6.66 |

മിശ്രിതകൃഷി - തെങ്ങ്, കമുക്, മാവ്, പ്ലാവ് തുടങ്ങിയ കായ്ഫലമുള്ള എല്ലാ വൃക്ഷങ്ങളും

മിശ്രിതമരങ്ങൾ - ആഞ്ഞിലി, പാഴ്മരങ്ങൾ, വെള്ളമരങ്ങൾ തുടങ്ങിയ കായ്ഫലമില്ലാത്ത എല്ലാ വൃക്ഷങ്ങളും

അവലംബം : വിഭവഭൂപടം, സെസ്സ്







Source: PRM programme, CESS

വിഭവങ്ങളുടെ ശാസ്ത്രീയ അപഗ്രഥനവും അവലോകനവും നടത്തി അവയിലൂടെ പരിസ്ഥിതി ബന്ധിത പരിപാടികൾക്ക് ഊന്നൽ നൽകേണ്ടതാണ്. പരിസ്ഥിതി ബന്ധിത അവലോകനം ചുവടെചേർക്കുന്നു.

## *പരിസ്ഥിതിബന്ധിത അവലോകനം*

| ഭൂരൂപങ്ങൾ | നിമ്നോന്നതി | ഉപരിതലമണ്ണ് | ജലലഭ്യത | മണ്ണൊലിപ്പ് | നിലവിലുള്ള ഭൂവിനിയോഗം | പരിസ്ഥിതി പ്രശ്നങ്ങൾ | സംരക്ഷണനടപടികൾ |
|---|---|---|---|---|---|---|---|
| മലമുകൾ | 100 മീറ്ററിനു മുകളിൽ | ലാറ്ററൈറ്റ് | കുറവ് | പൊതുവെ കുറവ് | കുറ്റിച്ചെടികൾ കശുമാവ്, റബ്ബർ | കുറ്റിച്ചെടികൾ നിലവിലുള്ള പ്രദേശത്ത് മണ്ണൊലിപ്പ് സാധ്യതയുണ്ട്. | കുറ്റിച്ചെടികൾ നിലവിലുള്ള സ്ഥലങ്ങളിൽ ദീർഘകാലവൃക്ഷ വിളകൾവെച്ചുപിടിപ്പിക്കേണ്ട താണ്. റബ്ബർ, കശുമാവ്, തേക്ക് കൃഷി തുടരാവുന്നതാണ്. |
| മിതമായ ചരിവുകൾ | 60 മീറ്ററിനും 100 മീറ്ററിനും ഇടയിൽ | ലാറ്ററൈറ്റ് | താരതമ്യേന കുറവ് | താരതമ്യേന കൂടുതൽ | റബ്ബർ, മരച്ചീനി | ഉയർന്നമഴ ലഭ്യതയും ചരിവും ഉള്ളതുകൊണ്ട് ബാക്കിയുള്ള മണ്ണുകൂടി ഒലിച്ചുപോകാൻ സാധ്യതയുണ്ട് | ദീർഘകാലവൃക്ഷങ്ങൾ തായ്‌വേരോട്ടമുള്ള മരങ്ങൾ, റബ്ബർ മുതലായ വിളകൾ, ആശാസ്യ മായ മണ്ണുസംരക്ഷണ പ്രവർത്തന ങ്ങളോടെ നടത്താവുന്നതാണ്. പാർപ്പിടങ്ങളും, മരച്ചീനി മുതലായ കിഴങ്ങുവർഗ്ഗവിളകളും ഒഴിവാക്കേണ്ടതാണ്. |
| ഇടത്തരംചരിവ് | 20നും 60നും ഇടയിൽ | ലാറ്ററൈറ്റ് | ഇടത്തരം | പൊതുവെ കുറവ് | മിശ്രിതകൃഷി,തെങ്ങ്, മരച്ചീനി, കവുങ്ങ്, റബ്ബർ | ചരിവിന്റെ മേൽഭാഗത്ത് മരച്ചീനികൃഷിയും കുറ്റിച്ചെടികളും മണ്ണൊലിപ്പിനെ പ്രോത്സാഹിപ്പിക്കുന്നു. | മരച്ചീനി ഒഴിവാക്കണം. ദീർഘകാല വൃക്ഷവിളകൾ നടത്തേണ്ടതും മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. |
| ചെറുചരിവ് | 20 മീറ്ററിനും 60 മീറ്ററിനും ഇടയ്ക്ക് | ലാറ്ററൈറ്റ്, മണൽകലർന്ന എക്കൽമണ്ണ്. | താരതമ്യേന കൂടുതൽ | കുറവ് | മിശ്രിതകൃഷി, മിശ്രിതമരങ്ങൾ, മരച്ചീനി, റബ്ബർ | മരച്ചീനികൃഷി മണ്ണൊലിപ്പിന് ഇടയാക്കുന്നു. | എല്ലാ കൃഷിരീതികളും തുടരേണ്ടതാണ്. മണ്ണിന്റെ ഉല്പാദനക്ഷമത നിലനിർത്തി ഇടവിളകൃഷി കുറക്കേണ്ടതാണ്. മരച്ചീനി താഴ്ഭാഗങ്ങളിൽ മാത്രം കൃഷിചെയ്യേണ്ടതാണ്. |
| താഴ്‌വരകൾ | 20മീറ്ററിനും താഴെയും | നീർവാഴ്ച കുറഞ്ഞ എക്കൽമണ്ണും മണൽകലർന്ന എക്കൽമണ്ണ്. | കൂടുതൽ | കുറവ് | നെല്ല്, വാഴ, റബ്ബർ,നഴ്സറി, വീടുകൾ | ആറിനോടുചേർന്ന ഭാഗത്ത് വെള്ളം കയറാനുള്ള സാധ്യതയുണ്ട്. നെൽപാടങ്ങൾ നികത്തുന്നതു കൊണ്ട് വെള്ളം നിലനിർത്താനുള്ളകഴിവ് കുറയുന്നു. | നെൽകൃഷിനിലനിർത്തേണ്ടതുണ്ട്. ആറിനോടുചേർന്ന ഭാഗങ്ങൾ മണ്ണൊലിപ്പ് ഭീഷണിനേരിടു ന്നതിനാൽ ഭിത്തികെട്ടുക. തുടർവിളയായി പയറുവർഗ്ഗ വിളകൾ കൃഷിചെയ്യാവുന്നതാണ്. |

അവലംബം : (വിഭവഭൂപടം സെസ്സ്)

# ജനപ്രകൃതി

1991ലെ കാനേഷുമാരി കണക്കുപ്രകാരം പട്ടാഴിവടക്കേക്കര ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 13969 ആണ്. ഇതിൽ 6799 പുരുഷന്മാരും 7170 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 371 സ്ത്രീകൾ കൂടുതലാണ് കേരളത്തിലെ ആൺ–പെൺ അനുപാതം 1000 പുരുഷന്മാർക്ക് 1036 സ്ത്രീകളാണ്. ഈ ഗ്രാമപഞ്ചായത്തിൽ അനുപാതം 1000 പുരുഷന്മാർക്ക് 1054 സ്ത്രീകളാണ് കേരളത്തിന്റെ ജനസാന്ദ്രത ച കി മീ ന് 769 ആണ്. കൊല്ലം ജില്ലയിലേത് ച കി മീ ന് 967 ആണ്. ഈ ഗ്രാമപഞ്ചായത്തിൽ ജനസാന്ദ്രത ച കി മീ ന് 773 05 ആണ് പട്ടികജാതി ജനസംഖ്യ ഈ ഗ്രാമപഞ്ചായത്തിൽ 2429 ആണ്. ഇതിൽ 1226 പുരുഷന്മാരും 1203 സ്ത്രീകളും ഉൾപ്പെടുന്നു. സാക്ഷരത 91 41 ആണ്. സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനത്തിലൂടെ 1991 ഏപ്രിൽ മാസത്തിൽ സാക്ഷരതാശതമാനം കണക്കാക്കിയിരിക്കുന്നത് 94 45% ആണ്.

1996ലെ അംഗൻവാടി കാനേഷുമാരി കണക്കുപ്രകാരം ഈ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 15623 ആണ് (സ്ത്രീകൾ – 7989, പുരുഷന്മാർ – 7634) ഇത് 1991ലെ ജനസംഖ്യയേക്കാൾ 1654 പേർകൂടുതലാണ്. (12 ശതമാനം) പട്ടികജാതി ജനസംഖ്യ 2653 ആണ് ആറു വയസ്സിനുതാഴെയുള്ള ആകെ കുട്ടികളുടെ എണ്ണം 1025 ആണ്.







# 5.1

# കൃഷിയും ജലസേചനവും

ഒരു പ്രദേശത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെ നിലനിർത്തുന്നത് കൃഷി, വ്യവസായം, വാണിജ്യം എന്നീ ഘടകങ്ങളാണ്. ഈ വസ്തുതകൾ വിലയിരുത്തിക്കൊണ്ടാണ് ശ്രീമൂലം തിരുനാളിന്റെ കാലത്ത് കൃഷിഡിപ്പാർട്ടുമെന്റ് സ്ഥാപിക്കപ്പെട്ടതും തുടർന്ന് തിരുവിതാംകൂർ ഭൂപണയ ബാങ്ക്, കാർഷിക ഋണാശ്വാസനിയമം എന്നിവ നടപ്പിലാക്കപ്പെട്ടതും. തുടർന്ന് അധികാരത്തിൽവന്ന ജനാധിപത്യ ഗവൺമെന്റുകളും കാർഷികമേഖലക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള വികസന നയങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി ഒട്ടേറെ നേട്ടങ്ങൾ നമുക്ക് ഉണ്ടായിട്ടുണ്ട്. എന്നാൽ ഇന്ന് കേരളം കാർഷികോല്പാദനരംഗത്ത് അഖിലേന്ത്യാ ശരാശരിയേക്കാൾ പിന്നിലാണ്. ഭക്ഷ്യോല്പാദനത്തിന്റെ കാര്യത്തിൽ ബഹുദൂരം പിന്നിലുമാണ്.

1991 ലെ സെൻസസ് രേഖപ്രകാരം പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതി 18.07 ച.കി.മീറ്ററാണ്. കൃഷിഭവൻ അടിസ്ഥാന വിവര രജിസ്റ്റർ അനുസരിച്ച് ആകെ കൃഷിഭൂമി 1798 ഹെക്ടറാണ്. (4441.06 ഏക്കർ) പ്രധാനവിളകളായ റബ്ബർ 1155 ഹെക്ടറും നെല്ല് 158 ഹെക്ടറുമാണ്. ഈ വിളകളുടെ ഉല്പാദനം സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നു നിൽക്കുന്നു.

### *കാർഷിക ചരിത്രം*

കല്ലടയാറിന്റെ സമീപത്തുസ്ഥിതിചെയ്യുന്നതും മലകളും ചെറുകുന്നുകളും പാടശേഖരങ്ങളുമടങ്ങുന്ന കാർഷിക പ്രധാനമായ പ്രദേശമാണ് ഈ ഗ്രാമം. ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ നെല്ല്, തെങ്ങ്, കമുക്, മരച്ചീനി ഇവ പ്രധാന വിളകളായിരുന്നു. മലമ്പ്രദേശങ്ങൾ കാടുപിടിച്ചുകിടന്നു. കശുമാവുകൃഷി അങ്ങിങ്ങായി ഉണ്ടായിരുന്നു. പട്ടാഴി ദേവസ്വം വകയായിരുന്ന ഈ പ്രദേശത്ത് കൃഷിക്കാർക്ക് പാട്ടയാധാര വ്യവസ്ഥയിൽ ഭൂമിനൽകിയിരുന്നു. നെൽകൃഷിക്കാർ വിളവിന്റെ നിശ്ചിതഭാഗം ദേവീക്ഷേത്ര ചെലവിലേക്ക് നൽകണമായിരുന്നു. കുടിശിഖ വരുത്തിയാൽ പ്രവർത്തിയാരും പരിവാരങ്ങളും വന്ന് വിളജപ്തിനോട്ടീസ്

പാടത്ത് പ്രദർശിപ്പിക്കുമായിരുന്നു. വീടുകളുടേയും വൃക്ഷങ്ങളുടേയും എല്ലാം ആധിപത്യം ദേവസ്വത്തിനായിരുന്നു. കർഷകകുടുംബക്കാർ നിശ്ചയിച്ചുകൊടുക്കുന്ന സ്ഥലത്ത് കർഷകതൊഴിലാളികൾ കുടിലുകെട്ടിതാമസിക്കുകയും ആ സ്ഥലത്തെ ആദായമെടുത്തും കുടുംബക്കാരുടെ അടിയാളന്മാരായും ജീവിച്ചുവന്നു. നിലം ഉഴുന്നതിന് കുടുംബക്കാർ കാളകളേയും പോത്തുകളേയും വളർത്തുകയും മരക്കലപ്പ ഉപയോഗിക്കുകയും ചെയ്തിരുന്നു

1957 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വത്തിലുള്ള കേരള സർക്കാർ "ഭൂപരിഷ്കരണ നിയമം" നടപ്പിലാക്കിയതോടെ കേരളത്തിലാകെ കൃഷിഭൂമി യഥാർത്ഥ കർഷകർക്ക് സ്വന്തമായി. എന്നാൽ പട്ടാഴിക്കാർക്ക് ഭൂമി സ്വന്തമാക്കുന്നതിന് പ്രത്യേകം 'പട്ടാഴി ദേവസ്വം ബിൽ' അവതരിപ്പിക്കേണ്ടിവന്നു. അന്നത്തെ റവന്യൂ മന്ത്രി ആയിരുന്ന കെ.ആർ. ഗൗരിയമ്മ രണ്ടുപകലും ഒരു രാത്രിയും പട്ടാഴിയിൽ തങ്ങി വിജ്ഞാനപ്രദായിനി വായനശാലയിൽ കർഷകരെ വിളിച്ചുചേർത്ത് ചർച്ചകൾനടത്തി ദേവസ്വം നഷ്ടപരിഹാരതുക സംബന്ധിച്ച് ധാരണയുണ്ടാക്കിയാണ് നിയമംകൊണ്ടുവന്നത്. മൊത്തം നഷ്ടപരിഹാരതുക സർക്കാർ ദേവസ്വത്തിനു നൽകുകയും നിശ്ചിതതുക കൃഷിക്കാർ സർക്കാരിന് നൽകുന്നമുറയ്ക്ക് പട്ടയം ലഭിച്ചുവന്നു. കൃഷിഭൂമി കർഷകന് സ്വന്തമായതോടെ കാർഷികമേഖല കൂടുതൽ ശക്തമായി.

കുറ്റാലൻ, പടനവെള്ള, അതിക്കിരാഴി, ആനക്കൊമ്പൻ, തവളക്കണ്ണൻ, കൊച്ചുതുനിപ്പാവ്, മൈലവിത്ത്, ചേറാടി, കറുത്തചുട്ടിയാരൻ തുടങ്ങിയ നെല്ലിനങ്ങളായിരുന്നു ഈ കാലത്ത് കൃഷിചെയ്തിരുന്നത്. കാട്ടുപ്രദേശങ്ങളായിരുന്ന മലഞ്ചരിവുകൾ വെട്ടിത്തെളിച്ച് കൃഷി ആരംഭിച്ചു. തെങ്ങ്, ആഞ്ഞിലി, മാവ്, പ്ലാവ്, പുളി, നെല്ലി, അമ്പഴം, കുളമാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ എവിടെയും കാണാമായിരുന്നു. മുതിര, പയർ, വാഴ, കുരുമുളക്, ഇഞ്ചി, കപ്പ, എള്ള്, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, കൈത ഇവയൊക്കെ വീട്ടുപറമ്പുകളിലും മറ്റുപ്രദേശങ്ങളിലും സുലഭമായിരുന്നു. നാളികേരം മാലികെട്ടി കല്ലടയാറ്റിൽകൂടി കല്ലടയ്ക്കുകൊണ്ടുപോകുമായിരുന്നു. നെൽകൃഷി ആരംഭിക്കുന്നതിന്റെ മുന്നോടിയായി ചില പ്രദേശങ്ങളിൽ മരമടിമത്സരം ഒരു മഹോത്സവമായി ജനങ്ങൾകൊണ്ടാടിയിരുന്നു. ചെറുകിടകർഷകരും കർഷകത്തൊഴിലാളികളും അവരവരുടെ കൃഷിപ്പണി ചെയ്യുന്നതിൽ പരസ്പരം സഹായിക്കുക പതിവായിരുന്നു. ഭൂവുടമകളുടെ അടിമത്ത്വമനോഭാവത്തിനെതിരായും കർഷകത്തൊഴിലാളികളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനുവേണ്ടി ശക്തമായ ചെറുത്തുനില്പുകൾക്കും കൊയ്ത്തുസമരങ്ങൾക്കും കാർഷികമേഖല സാക്ഷ്യം വഹിച്ചിട്ടുണ്ട്.

## ഇന്നത്തെ വിളചേരുവ

വിളചേരുവയിൽ ഉണ്ടായിരുന്ന വൈവിധ്യം ഇപ്പോൾ നന്നെ കുറഞ്ഞിരിക്കുന്നു. കാറ്റും മഴയും വരുമ്പോൾ മാമ്പഴം പെറുക്കാൻ ഓടുന്ന കുട്ടികൾ ഇന്നു വെറും ഓർമ്മ മാത്രം. കിളിച്ചുണ്ടൻ, മൂവാണ്ടൻ. കപ്പമാവ്, നാട്ടുമാവ് തുടങ്ങിയ മാവിനങ്ങൾ അപൂർവ്വമായിരിക്കുന്നു. കശുമാവ്, പുളി, പ്ലാവ് ഇവയൊക്കെ പേരിനു മാത്രം. കാച്ചിലും, ചേനയും, ചേമ്പും, ചീവക്കിഴങ്ങും കൃഷിചെയ്യുന്നവർ നന്നേ കുറവ്. പച്ചക്കറി വേനൽക്കാലത്ത് പാടത്ത് വളരെ കുറച്ചു മാത്രമേ കൃഷിചെയ്യുന്നുള്ളു. എവിടെയും സുലഭമായിരുന്ന പച്ചമരുന്നുകൾ ദുർലഭമായിരിക്കുന്നു. ആടലോടകം, മുത്തങ്ങ, തഴുതാമ, കീഴാർനെല്ലി, ചിറ്റമൃത്, കുറുംതോട്ടി, കരിംകുറിഞ്ഞി, വെളുത്താവണക്ക്, അമരി, നറുനീണ്ടി, ശതാവരി, വേപ്പ്, കുടുക്കമൂലി, മുയൽച്ചെവിയൻ ഇവയെല്ലാം ദുർലഭമായിരിക്കുന്നു. ഇങ്ങനെ പോയാൽ പച്ചമരുന്നുകൾ ഓർമ്മമാത്രമായി തീരും. ഇവയെ സംരക്ഷിക്കുവാൻ നമുക്ക് പ്രത്യേകപരിപാടി വേണം.

പച്ചക്കറിക്കൃഷിയുടെ കാര്യത്തിൽ നമ്മുടെ പിന്നോക്കാവസ്ഥ ശ്രദ്ധേയമാണ്. 8ഹെക്ടർ സ്ഥലത്ത് പ്രതിവർഷം ആകെ ഉല്പാദനം 8ടൺ പച്ചക്കറിയാണ്. ഇത് നമ്മുടെ ആവശ്യത്തിന്റെ 0.92% മാത്രമാണ്. സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ ഗ്രാമപഞ്ചായത്തുകൾ ശരാശരി 15-20 ലക്ഷം രൂപയുടെ പച്ചക്കറി കമ്മിയിലാണ്. എന്നാൽ നമ്മുടെ ഗ്രാമം സമീകൃതാ

ഹാരവ്യവസ്ഥപ്രകാരം മതിപ്പു കണക്കിൽ 88 ലക്ഷം രൂപയുടെ (പ്രതിവർഷം) പച്ചക്കറി കമ്മി നേരിടുന്നു. നെൽക്കൃഷി നഷ്ടമാണെന്നാണ് കർഷകരുടെ അനുഭവം. 158 ഹെക്ടർ സ്ഥലത്തായി 642.74 ടൺ നെല്ലാണ് നമ്മുടെ വാർഷിക ഉല്പാദനം. ഇത് നമ്മുടെ ആവശ്യത്തിന്റെ 14.38% മാത്രമാണ്. അതായത് 19126300 രൂപയുടെ അരി പ്രതിവർഷം കമ്മിയിലാണ് ഈ ഗ്രാമം (മതിപ്പു കണക്ക്). ഇന്നത്തെ പ്രധാന വിളയായ റബ്ബർ 1155 ഹെക്ടറിൽ നിന്നായി പ്രതിവർഷം 1078.77 ടൺ ആണ് ഉല്പാദനം. ഇത് സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന ഉല്പാദനമാണ്. തീരപ്രദേശത്തെ പ്രധാനകൃഷി തെങ്ങാണ്. 265 ഹെക്ടർ സ്ഥലത്തുനിന്നും 1073250 തേങ്ങയാണ് പ്രതിവർഷ ഉല്പാദനം. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. നമ്മുടെ ആവശ്യത്തിന്റെ 42% മാത്രമാണിത്. (വിളവിസ്തീർണ്ണവും ഉല്പാദനവും അവലംബം കൃഷിഭവൻ രേഖ.)

കാർഷികമേഖലയിലെ പ്രശ്നങ്ങൾ പൊതുവെ പരിശോധിക്കുമ്പോൾ ഭക്ഷ്യോല്പാദനത്തിൽ നാം വളരെ പിന്നിലാണ്. നെൽക്കൃഷി പൊതുവേ നഷ്ടമായതിനാലും, വെള്ളപ്പൊക്കം, വരൾച്ച എന്നിവയാലും കൃഷിക്കാർ നെൽപാടങ്ങൾ തെങ്ങ്, റബ്ബർ എന്നിവയ്ക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഈ സ്ഥിതി തുടർന്നാൽ നമ്മുടെ നെല്ലുല്പാദനം പൂജ്യമാകാൻ അധികകാലം വേണ്ടിവരില്ല. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിന്റെ പോരായ്മകൾ പരിഷ്കരിച്ച് നെല്ലുല്പാദനസമിതികളെ പ്രോത്സാഹിപ്പിച്ചും കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകിയും നെൽകൃഷിക്ക് സബ്സിഡി ഏർപ്പെടുത്തിയും ലാഭകരമാക്കിമാറ്റാൻ അടിയന്തിര നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഒട്ടേറെ സാധ്യതകളുണ്ട്. ജലസേചനമാർഗ്ഗങ്ങളുണ്ടായാൽ വേനൽക്കാലത്ത് തരിശായി കിടക്കുന്ന പാടങ്ങളിൽ പച്ചക്കറികൃഷി വ്യാപകമാക്കാൻ കഴിയും. കുറച്ചു സ്ഥലം പച്ചക്കറികൃഷിക്കായി മാറ്റിവയ്ക്കുവാൻ തയ്യാറായാൽ മഴക്കാലത്ത് കരപ്രദേശങ്ങളിൽ പച്ചക്കറികൃഷിചെയ്യാം. ഇതിനായി കൃഷിവകുപ്പിൽ ഇന്നുള്ള പദ്ധതിയെ വിപുലപ്പെടുത്തിയും വാർഡടിസ്ഥാനത്തിൽ കൃഷിക്കാരെ രജിസ്റ്റർ ചെയ്ത് പഞ്ചായത്ത് തലത്തിൽ പച്ചക്കറി വികസനസമിതി രൂപീകരിച്ചുകൊണ്ട് വിത്തും വളവും സാങ്കേതികസഹായവും ലഭ്യമാക്കി ഒരു സമഗ്ര പച്ചക്കറിപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്. ഇന്നത്തെ നമ്മുടെ പച്ചക്കറി ഉപയോഗ സംസ്കാരത്തിനു തന്നെ മാറ്റം വരേണ്ടിയിരിക്കുന്നു. പരമ്പരാഗതമായി നാം ഉപയോഗിച്ചുവന്ന നമുക്കു ചുറ്റും കാണുന്ന പല പച്ചക്കറികളും പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നമ്മൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. പോഷകസമൃദ്ധമായ ഓമയും നെല്ലിയും ചീരയുമൊക്കെ നമ്മുടെ എല്ലാവീടുമുറ്റങ്ങളിലും വച്ചുപിടിപ്പിക്കുവാൻ നമുക്ക് കഴിയണം.

നമ്മുടെ തെങ്ങുകൾക്ക് ഇന്ന് വേണ്ടത്ര ജലസേചനമോ, രാസവളപ്രയോഗമോ ലഭിക്കുന്നില്ല. കേരവികസനസമിതിയിൽ മുഴുവൻ കേര കർഷകരേയും അംഗങ്ങളാക്കിക്കൊണ്ടും, കൃഷിവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രാസവളക്കിറ്റുകൾ ലഭ്യമാക്കിക്കൊണ്ടും നാളീകേരവികസനത്തിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുക വഴിയും തീരപ്രദേശത്തെ നാളീകേരഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്. പാഴ്മരങ്ങളേയും തെങ്ങുകളേയും ഉപയോഗപ്പെടുത്തി കുരുമുളക് കൃഷി വ്യാപിപ്പിക്കുവാനും റബ്ബറിന്റെ ഇടവിളയായി കൈതക്കൃഷി ചെയ്യുവാനും സാദ്ധ്യത നിലനില്ക്കുന്നു.

### *ജലസേചനസൗകര്യങ്ങൾ*

കല്ലടയാറിന്റെ വടക്കുഭാഗത്തായി ആറിനോടു ചേർന്നതും മലമ്പ്രദേശത്തിന്റെ ഭാഗമായതുമായ ഉയർന്ന സമതലങ്ങളും ചരിവുകളും പാടശേഖരങ്ങളുമുള്ള ഈ ഭൂവിഭാഗം ഒരു പ്രധാന നീർമറി പ്രദേശമാണ്. അനേകം കൈവഴികളാൽ മിക്ക പ്രദേശങ്ങളേയും ബന്ധിപ്പിക്കുന്നതും കല്ലടയാറ്റിലേക്ക് ഒഴുകിയെത്തുന്നതുമായ കടുവാത്തോട്, കുറ്റിക്കാട്ടുതോട്, തോട്ടമൺമൂഴി എന്നീതോടുകളും കുണ്ടയം തോടിന്റെ കുറെ കൈവഴികളും ഈ പ്രദേശത്ത് ഉൾപ്പെടുന്നു. പാഴായിപോകുന്ന ജലം പ്രയോജനപ്പെടുത്തുവാൻ നീർമറി അടിസ്ഥാനത്തിലുള്ള സ്ഥലജലമാനേജുമെന്റിന്റെ അഭാവത്താലും

മറ്റും വേനൽക്കാലത്ത് മിക്കതോടുകളും വറ്റി പോകുന്നു. ചെറുകുഴികളായിട്ടുള്ള 27 നീരുറവകളും 7 കുളങ്ങളും നിലവിലുണ്ട്. ജലസേചനത്തിനുവേണ്ടിയുള്ള പമ്പുസെറ്റുകൾ (ഷോർട്ടബിൾ) 2 എണ്ണമാണുള്ളത്. പൊതുജലസേചനക്കിണറുകൾ 10 എണ്ണമുണ്ട്. 19 ക്രോസ്ബാറുകൾ ഉണ്ടെങ്കിലും ഒന്നും തന്നെ ഉപയോഗപ്രദമല്ല. മറ്റു ജലസേചനസൗകര്യങ്ങൾ നിലവിലില്ല. ഈ ഗ്രാമത്തിലെ ശരാശരി വർഷപാതം 2859.9 മി.മീറ്ററാണ്. ഇത് സംസ്ഥാന ശരാശരി (3125.00) യേക്കാൾ കുറവാണ്. (അവലംബം CWC)

ഉപയോഗശൂന്യമായികിടക്കുന്ന ക്രോസ്ബാറുകൾ ശരിയാക്കിയും കൂടുതൽ ക്രോസ് ബാറുകൾ നിർമ്മിച്ചും പാടത്തെ ജലദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും. കല്ലടയാറ്റിൽ സംഭരണവിയർ (ചെറിയ അണ) നിർമിച്ചും ലിഫ്റ്റ് ഇറിഗേഷൻ വഴിയും തലക്കുളനിർമ്മാണത്തിലൂടെയും ജലസേചന സാദ്ധ്യതകൾ നിലനില്ക്കുന്നു. വറ്റാത്ത ചെറുകുളങ്ങൾ വലുതാക്കി സംരക്ഷിക്കുവാൻ വാർഡുവികസനസമിതിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിന്റെ സഹായത്താൽ ജനകീയ പരിശ്രമമുണ്ടാകണം.

## *വിപണനസൗകര്യങ്ങൾ*

ചെളിക്കുഴി കേന്ദ്രമാക്കിയുള്ള ഒരു അന്തിച്ചന്തയാണ് ഈ ഗ്രാമപ്പഞ്ചായത്തിലെ ഏകവിപണനകേന്ദ്രം. എന്നാൽ ഇത് കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് പ്രയോജനപ്പെടുന്നില്ല. ഒരു നല്ല ആഴ്ചച്ചന്തയാക്കി മാറ്റുവാൻ വളരെ സാധ്യതയുണ്ട്. കൃഷിക്കാർ ഇപ്പോൾ വിപണനത്തിന് കലയപുരം, പറക്കോട്, പത്തനാപുരം എന്നീ മാർക്കറ്റുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഇതിനാൽ വാഹനക്കൂലി, മറ്റുചിലവുകൾ എന്നിങ്ങനെ ഉല്പന്നവിലയുടെ ഒരുഭാഗം കർഷകന് നഷ്ടമാകുന്നു. മാർക്കറ്റിംഗ് സൊസൈറ്റിയോ മാവേലിസ്റ്റോറോ ഗ്രാമത്തിൽ നിലവിലില്ല.

## *കാർഷികബന്ധങ്ങൾ*

1991ലെ സെൻസസ് പ്രകാരം ജനസംഖ്യയിൽ 1514 പുരുഷകർഷകരും 87 സ്ത്രീകർഷകരും 833 പുരുഷകർഷകത്തൊഴിലാളികളും 307 സ്ത്രീകർഷകത്തൊഴിലാളികളുമാണുള്ളത്. വില്ലേജ് ഓഫീസ് രേഖാപ്രകാരം 11000 പേർ ഭൂമി കൈവശക്കാരാണ്. ഇതിൽ 50 സെന്റു മുതൽ 1 ഏക്കർവരെ ഭൂമിയുള്ളവരാണ് ഏറ്റവും കൂടുതൽ. സ്വന്തം അദ്ധ്വാനം കൃഷിക്കുപയോഗിക്കുന്നവരാണ് ഏറിയപങ്കും. എന്നാൽ ഇടത്തരക്കാർക്കിടയിൽ ഇത് കുറഞ്ഞുവരുന്നു. മണ്ണിൽ പണിയെടുക്കുന്നത് അഭിമാനകരവും രാജ്യസ്നേഹപരവുമാണെന്നുള്ള ബോധം ഇത്തരക്കാരിൽ ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്നു. എല്ലാം കൂലി കൊടുത്തു ചെയ്യുന്ന നില എത്തിയിരിക്കുന്നു. റബ്ബറിന്റെ കടന്നുകയറ്റം ഇതിനൊരു കാരണമാണ്. റബ്ബർ മരങ്ങളായിക്കഴിഞ്ഞാൽ പിന്നെ ദീർഘകാലത്തേക്ക് മണ്ണിൽ ദൈനംദിനാദ്ധ്വാനം വേണ്ടെന്നു വരുന്നു. എന്നാൽ മണ്ണിലദ്ധ്വാനിക്കുന്നത് ദിനചര്യയാക്കിയിട്ടുള്ളവരും ഇല്ലാതില്ല. കാർഷികവൃത്തി ജീവനെ നിലനിർത്തുന്നതും അഭിമാനകരവുമാണെന്നുള്ള ബോധം പ്രചരിപ്പിക്കപ്പെടണം. കൃഷിക്കാരെ ആദരിക്കുന്ന പദ്ധതികൾ വിപുലപ്പെടുത്തുകയും കർഷകരോടൊത്ത് കർഷകത്തൊഴിലാളികളേയും ആദരിക്കുന്ന സംസ്ക്കാരം വളർന്നുവരണം. ഗ്രാമതലത്തിൽ കാർഷികമേളകളും കാർഷികോത്സവങ്ങളും സംഘടിപ്പിക്കണം

### *കൂലിസേവനവ്യവസ്ഥകൾ*

| | |
|---|---|
| ഉഴവ് | 200 രൂപ/10സെന്റ് |
| കിളയ്ക്കൽ | 100 രൂപ/ദിവസം |
| ഞാറുനടൽ | 80 രൂപ/ദിവസം |
| കളയെടുക്കൽ | 80 രൂപ/ദിവസം |
| കൊയ്ത്ത് | 6:1 (പതം) |
| തേങ്ങയിടൽ | ഒരു തേങ്ങ/തെങ്ങിന് |
| റബ്ബർവെട്ട്<br>പാലെടുപ്പ് | 40 മുതൽ 60 രൂപാ വരെ<br>കൊടുത്തുവരുന്നു/300 മരം |

## രാസവള – കീടനാശിനി ഉപയോഗം

ഗ്രാമത്തിൽ സഹകരണമേഖലയിലും സ്വകാര്യമേഖലയിലുമായി 10 വളക്കടകളാണുള്ളത്. പ്രതിവർഷം ശരാശരി 316.6 ടൺ രാസവളവും 35.3 ലിറ്റർ ദ്രവകീടനാശിനിയും 11.2 കി.ഗ്രാം ഖരകീടനാശിനിയും വിറ്റഴിയുന്നു. (അവലംബം കൃഷിഭവൻ രാസവളകീടനാശിനി സ്റ്റേറ്റ്മെന്റ്) രാസവളത്തിന്റെ ശരാശരി ഉപയോഗം 176 Kg/ഹെക്ടറാണ്. ഇത് സംസ്ഥാന ശരാശരിയുടെ (81.5 Kg/ഹെക്ടർ) ഇരട്ടിയിലധകമാണ്. (അവലംബം കൃഷിഭവൻ)

അധികം കൃഷിക്കാരും രാസവളങ്ങളും കീടനാശിനിയും ശാസ്ത്രീയമായല്ല ഉപയോഗിക്കുന്നത്. പെട്ടെന്നുണ്ടാകുന്ന അധിക ആദായം കണക്കിലെടുത്ത് നിയന്ത്രണമില്ലാതെ രാസവളം പ്രയോഗിക്കുന്നു. പരമ്പരാഗതമായി ഉപയോഗിച്ചുവന്ന ജൈവവളങ്ങളുടെ ലഭ്യതയും ഉപയോഗവും ഗണ്യമായി കുറഞ്ഞിരിക്കുന്നു. ഇതു മണ്ണിന്റെ ഘടനടിലുണ്ടാക്കുന്ന ആഘാതം ചെറുതല്ല. മണ്ണുപരിശോധനയ്ക്കായി കൃഷിഭവൻ വഴിയുള്ള സംവിധാനം തൃപ്തികരമല്ല. കീടനാശിനികളുടെ അശാസ്ത്രീയ പ്രയോഗം വളരെ വലിയ ഭവിഷ്യത്തുകൾ വരുത്തിവയ്ക്കുകയാണ്. സസ്യങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ തിരിച്ചറിഞ്ഞ് ഉചിതമായ മരുന്ന് ശരിയായ അളവിൽ പ്രയോഗിക്കുന്നതിന് കൃഷിഭവന്റെ ഉപദേശം തേടുന്നവരുടെ എണ്ണം വളരെ കുറവാണ്. രാസവളത്തിന്റേയും കീടനാശിനികളുടേയും ഈ അശാസ്ത്രീയപ്രയോഗം ഒരുഭാഗത്ത് കർഷകന് സാമ്പത്തികനഷ്ടം ഉണ്ടാക്കുമ്പോൾ മറുഭാഗത്ത് മണ്ണിനേയും, മനുഷ്യനേയും, സസ്യങ്ങളേയും, മറ്റുജീവജാലങ്ങളേയും ദോഷകരമായി ബാധിക്കുന്നു. ഇതുവഴി പ്രകൃതിയുടെ പാരിസ്ഥിതിക സംതുലിതാവസ്ഥ തകിടം മറിയാനിടയാകുന്നു.

നിലവിലുള്ള സാഹചര്യത്തിൽ ജൈവവേലികൾ, കമ്പോസ്റ്റ് കുഴികൾ എന്നിവയിലൂടെ ജൈവവളം ഉല്പാദിപ്പിച്ചും കർഷകപരിശീലനങ്ങൾ സംഘടിപ്പിച്ചും കൃഷിഭവന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിക്കൊണ്ടും കാർഷിക സമിതികളെ കൂടുതൽ ശക്തമാക്കിക്കൊണ്ടും പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

### നിലവിലുള്ള ജനകീയ കാർഷിക സമിതികൾ

| | | |
|---|---|---|
| ● | പഞ്ചായത്തുതല കാർഷിക വികസന സമിതി | 1 |
| ● | പാടശേഖര സമിതികൾ | 3 |
| ● | കുരുമുളക് ഉല്പാദക സമിതി | 1 |
| ● | കേരവികസന സമിതി | 1 |

### ഭൂമി സംബന്ധിച്ച വിവരങ്ങൾ (അടിസ്ഥാനവിവര രജിസ്റ്റർ, കൃഷിഭവൻ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 204 ഹെക്ടർ 48 ആർ 37 ച:മീ. |
| പുരയിടം | 1611 ഹെക്ടർ 81 ആർ 51 ച:മീ. |
| പുറമ്പോക്ക് (സർക്കാർ) | 91 ഹെക്ടർ 61 ആർ 96 ച:മി. |
| കൃഷിയോഗ്യ തരിശ് | — |
| കൃഷിയോഗ്യമല്ലാത്ത തരിശ് | — |
| ആകെ | 1907 ഹെക്ടർ 91 ആർ 84 ച:മീ. |

## കാർഷികോപകരണങ്ങൾ ലഭ്യത (കൃഷിഭവൻ രേഖ)

| ഉഴവുപകരണങ്ങൾ | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | ഷോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|
| ട്രാക്ടർ | ട്രില്ലർ | റോക്കർ സ്പ്രെയർ | നാപ്സാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| ഇല്ല | ഇല്ല | 15 | 22 | പാറ്റ് മെഷീൻ | ഇല്ല | 2 | 2 |

## കർഷകരുടെ തരംതിരിച്ചുള്ള വിവരം (കൃഷിഭവൻ രേഖ)

| നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിടകർഷകർ (1-2 ഹെക്ടർ) | വൻകിടകർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|
| 12975 | 500 | 25 |

## വിളവിസിതീർണ്ണവും ഉത്പാദനവും (അടിസ്ഥാന വിവര രജിസ്റ്റർ കൃഷിഭവൻ)

| വിള | വിസ്തിർണ്ണം ഹെക്ടർ | മൊത്തം ഉത്പാദനം | | ഉത്പാദനക്ഷമത ഹെക്ടറിൽ | |
|---|---|---|---|---|---|
| നെല്ല്(ഒന്നാം വിള) | 158 | 346.494 | ടൺ | 2193 | കി:ഗ്രാം |
| നെല്ല് (രണ്ടാം വിള) | 158 | 296.25 | ” | 1875 | ” |
| നെല്ല് (മൂന്നാംവിള) | - | - | | | |
| പയർ | 15 | 12.25 | ” | 8.17 | ” |
| എള്ള് | 3 | 0.795 | 265 | | |
| പച്ചക്കറികൾ | 8 | 8.00 | 1000 | | |
| തെങ്ങ് | 265 | 1073250 | എണ്ണം | 4050 | എണ്ണം |
| വാഴ | 15 | 119265 | കി.ഗ്രാം | 7951 | കി.ഗ്രാം. |
| മരച്ചീനി | 40 | 600 | ടൺ | 15 | ടൺ |
| കുരുമുളക് | 78 | 21060 | കി. ഗ്രാം | 270 | കി.ഗ്രാം |
| പ്ലാവ് | 12 | 3.06 | ടൺ | 255 | കി.ഗ്രാം |
| കശുമാവ് | 15 | 12.3 | ടൺ | 820 | കി.ഗ്രാം |
| മാവ് | 18 | 110700 | എണ്ണം | 6150 | എണ്ണം |
| റബ്ബർ | 1155 | 1078.77 | ടൺ | 934 | കി.ഗ്രാം |
| കവുങ്ങ് | 2 | 27286 | എണ്ണം | 13643 | എണ്ണം |
| കൈത | 2 | 24 | ടൺ | 12 | ടൺ |
| ഇഞ്ചി | 7 | 315 | ടൺ | 45 | ടൺ |
| വെറ്റില | 5 | 120000 | കെട്ട് | 24000 | കെട്ട്. |

## മണ്ണ്. തരം - ഘടന - കനം (മണ്ണ് സംരക്ഷണ ഓഫീസ് രേഖ)

| തരം | ഘടന | കനം |
|---|---|---|
| വെട്ടുകൽ മണ്ണ് | ചരലും ചെളിയും കലർന്ന മണ്ണ് | 150 സെ.മീ |

### പ്രശ്നങ്ങൾ

- നെൽക്കൃഷി നഷ്ടത്തിലാണ്.
- പാടങ്ങൾ മറ്റുകാര്യങ്ങൾക്കുപയോഗിക്കുന്നത് അയൽക്കൃഷിക്ക് തടസ്സങ്ങൾ സൃഷ്ടിക്കുന്നു
- നിലം കൃഷിക്ക് തൊഴിലാളികളുടെ ലഭ്യതക്കുറവ്
- ജൈവവളങ്ങളുടെ ലഭ്യതക്കുറവ്
- കാർഷികോല്പന്നങ്ങൾക്ക് സ്ഥിരവിലയില്ല
- ഭക്ഷ്യവസ്തുക്കളിൽ കീടനാശിനി വിഷം
- അശാസ്ത്രീയ രാസവള, കീടനാശിനി പ്രയോഗം
- റബ്ബറിന് പട്ടമരവിപ്പ്.
- തെങ്ങിന് കാറ്റ് വീഴ്ച
- തെങ്ങിന് ശാസ്ത്രീയ പരിചരണമില്ല.
- കുരുമുളകിന് ദ്രുതവാട്ടം, മറ്റു രോഗങ്ങൾ
- വാഴ – മണ്ടയടപ്പ്, ഇഞ്ചി പഴുക്കൽ.
- വെറ്റിലക്കൃഷിക്ക് വിവിധ രോഗങ്ങൾ ഈറ്റ മുളലഭ്യതക്കുറവ്
- ക്രോസ്ബാറുകൾ പ്രവർത്തിക്കുന്നില്ല.
- തോട്ടുവരമ്പുകൾ ഇടിയുന്നു.
- പദ്ധതികൾക്കുവിലയിരുത്തലില്ല.
- കൃഷിഭവൻ പ്രവർത്തനങ്ങൾ വിപുലമാകുന്നില്ല
- വിള ഇൻഷ്വറൻസ് ആനുകൂല്യം വൈകുന്നു.
- ആധുനിക കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യമല്ല.
- ഗ്രാമത്തിൽ വിപണന സൗകര്യം പര്യാപ്തമല്ല.
- മാവേലി സ്റ്റോർ നിലവിലില്ല.
- ജലസേചന സൗകര്യം തൃപ്തി കരമല്ല.
- വ്യാപകമായ മണ്ണൊലിപ്പ്.

### സാദ്ധ്യതകൾ

- വാട്ടർ ഷെഡ്പദ്ധതികൾ നടപ്പാക്കൽ.
- നെൽക്കൃഷിക്ക് വർദ്ധിച്ച പ്രോത്സാഹനം.
- പച്ചക്കറിക്കൃഷിക്ക് സമഗ്രപരിപാടി.
- വാർഡുതലകാർഷികവികസനസമിതികൾ.
- കല്ലടയാറ്റിൽ വിയർ (ചെറിയ അണ), ലിഫ്റ്റ് ഇറിഗേഷൻ.
- തലക്കുളങ്ങൾ.
- ക്രോസ് ബാറുകളുടെ അടിയന്തിര റിപ്പയറിംഗ്, പുതിയ ക്രോസ്ബാറുകൾ.
- പുതിയ നഴ്സറികൾ.
- പച്ചക്കറി വാങ്ങുകയും കൊടുക്കുകയും പച്ചക്കറി വിത്ത് ലഭിക്കുകയും ചെയ്യുന്ന മാവേലി സ്റ്റോർ.
- തരിശായിക്കിടക്കുന്ന പഞ്ചായത്തുവക 30 സെന്റ് സ്ഥലത്ത് പച്ചക്കറി വിത്തുൽപ്പാദനം.
- ജൈവവേലി, കമ്പോസ്റ്റ് കുഴി പ്രചരിപ്പിക്കൽ, കർഷക പരിശീലനം പ്രകൃതിദത്ത കീടനാശിനി പ്രചരിപ്പിക്കൽ.
- ചെളിക്കുഴി ചന്ത ആഴ്ചച്ചന്തയാക്കൽ.
- കടുവാത്തോട് മിച്ചഭൂമി പച്ചക്കറികൃഷിക്ക് ഉപയോഗപ്പെടുത്തൽ.
- ഹരിജൻ സർവ്വീസ് സഹകരണ സംഘം വഴി ഈറ്റ, മുള വിതരണം മെച്ചപ്പെടുത്തൽ
- കാർഷിക സമിതികൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങളും പ്രോത്സാഹനങ്ങളും, കാർഷികമേളകൾ.
- നിലം സംബന്ധിച്ച നിയമം ശക്തമാക്കലും സാമൂഹ്യസമ്മർദ്ദവും





# 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

## *മൃഗസംരക്ഷണം*

പട്ടാഴി വടക്കേക്കര പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലൂടെ കല്ലടയാറൊഴുകുന്നു. ഈ പഞ്ചായത്തിലെ ജലസമ്പത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുന്ന മുഖ്യഘടകമാണ് ഈ ജലപ്രവാഹം. ജനജീവിതത്തിനു മാത്രമല്ല മൃഗസംരക്ഷണത്തിനും ഈ അസുലഭ ജലസുലഭത അനുഗ്രഹമാണ്.

30 വർഷങ്ങൾക്കുമുമ്പുള്ള സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുന്നപക്ഷം ഗ്രാമീണരിൽ ഏറിയകൂറും കർഷകരും കർഷകത്തൊഴിലാളികളുമായിരുന്നു എന്നു മനസ്സിലാക്കാം. കൃഷിയിൽ യന്ത്രങ്ങളുടേയും രാസവളങ്ങളുടേയും ആഗമനത്തിനമുൻപ് ഈ പ്രദേശത്തെ കൃഷീവലരായ ജനങ്ങൾ അവരുടെ കന്നുകളേയും കാളകളേയും ഉപയോഗിച്ച് നിലം ഉഴുകയും അവയുടെ ചാണകം വളമായി ഉപയോഗിക്കുകയും ചെയ്തിരുന്നു. കറവമാടുകളേയും ജനങ്ങൾ വളർത്തിയിരുന്നു. പാലിനും മാംസത്തിനുംവേണ്ടി ധാരാളം ആടുകളേയും വിരളമായി എരുമകളേയും വളർത്തിയിട്ടുണ്ട്. മാംസത്തിനും മുട്ടയ്ക്കുംവേണ്ടി കോഴികളേയും വളർത്തിയിരുന്നു.

നിലങ്ങളിലും കരയിലും നെൽക്കൃഷി നടത്തിയിരുന്നതോടൊപ്പം വാഴ, ചീനി, പയർവർഗ്ഗങ്ങൾ തുടങ്ങിയവയും കൃഷി ചെയ്തിരുന്നു. അതിനാൽ തത്സംബന്ധമായ കാലിത്തീറ്റകളും സുലഭമായിരുന്നു. ജനങ്ങളിൽ ബഹുഭൂരിപക്ഷവും പാലും മുട്ടയും മാംസവും ഭക്ഷിക്കുന്നവരായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, പിന്നിട്ട ആ കാലഘട്ടത്തിൽ വളർത്തുമൃഗങ്ങളും പക്ഷികളും ജനജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു.

എന്നാൽ സമീപകാലഘട്ടത്തിൽ ഈ അവസ്ഥയ്ക്ക് വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനൊരു കാരണം കാർഷികരംഗത്തെ യന്ത്രവത്ക്കരണമാണ്. കന്നുകളേയും കാളകളേയും ഉപയോഗിച്ച് പൂട്ടുന്നതിലും ലാഭകരമായി ട്രാക്ടറും ട്രില്ലറും ഉപയോഗിക്കാമെന്നായി. അങ്ങനെ വളർത്താൻ പ്രായേണ ബുദ്ധിമുട്ടുള്ള ഉഴവുമാടുകളെ ഉപേക്ഷിച്ച് ഉഴവുയന്ത്രങ്ങളും ഉപയോഗിക്കാൻ കർഷകർ തയ്യാറായി.

# സർവ്വേ റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1987 | പശു | 1367 |
| | എരുമ | 6 |
| | മറ്റുള്ളവ | 6370 |

**മൃഗാശുപത്രി രേഖ**

| | | | |
|---|---|---|---|
| 1996 | കാള സങ്കര ഇനം | | 116 |
| | പശു സങ്കര ഇനം | കറവ ഉള്ളവ | 766 |
| | | കറവ ഇല്ലാത്തവ | 349 |
| | എരുമ | കറവ ഉള്ളവ | 1 |
| | | കറവ ഇല്ലാത്തവ | 1 |
| | പോത്ത് | | 28 |
| | ആട് | | 1798 |
| | പട്ടി | | 719 |
| | പൂവൻ കോഴി | | 1910 |
| | പിടക്കോഴി | മുട്ട ഇടുന്നവ | 5181 |
| | | മുട്ട ഇടാത്തവ | 2223 |
| | താറാവ് | ആൺ | 13 |
| | | പെൺ | 171 |

### *ഗോ സംരക്ഷണം*

മേൽ പ്രസ്താവിച്ച പ്രകാരം വിവരങ്ങൾ അപഗ്രഥിച്ചാൽ ഈ കാലഘട്ടത്തോടെ ഗോ സംരക്ഷണരംഗത്തും ക്ഷീരോല്പാദന രംഗത്തും വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുള്ള തായി മനസ്സിലാക്കാവുന്നതാണ്. ഈ രംഗത്ത് വിപ്ലവകരമായ വ്യതിയാനങ്ങൾ വരുത്താൻ കൃത്രിമ ബീജസങ്കലനപദ്ധതിക്ക് കഴിഞ്ഞു എന്നത് ശ്രദ്ധേയമായ കാര്യമാണ്. ഈ പദ്ധതി യിലൂടെ അത്യുല്പാദനശേഷിയുള്ള മികച്ച ഗോവർഗ്ഗങ്ങളുടെ കടന്നുകയറ്റം ഈ മേഖലയി ലുണ്ടായിട്ടുണ്ട്. ഈ നാടിന്റെ കാലാവസ്ഥയ്ക്കു ചേർന്ന പ്രായേണ ചെലവു കുറഞ്ഞ തീറ്റക്രമ ങ്ങൾകൊണ്ട് സാമാന്യമായി പാലും മാംസവും പ്രദാനം ചെയ്തിരുന്ന നമ്മുടെ നാടൻ ഇന ങ്ങളെ അവഗണിച്ചുകൊണ്ട് കൂടുതൽ സംരക്ഷ ണച്ചുമതലയും, ചെലവുമുള്ള അത്യുല്പാദനശേ ഷിയുള്ള പശുക്കളുടെ സംരക്ഷണത്തിന് മറ്റെ വിടെയുമെന്നപോലെ ഒരു താത്പര്യം ഈ പ്രദേ ശത്തും ഉണ്ടായിട്ടുണ്ട്.

## താരതമ്യ പഠനം 1995-96 (മൃഗാശുപത്രിയിൽ ചികിത്സിച്ച രേഖ)

| നമ്പർ | രോഗങ്ങൾ | പശു | ആട് | കോഴി | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 708 | 87 | - | 118 |
| 2 | ശ്വാസകോശസംബന്ധമായവ | 149 | 54 | 12 | 2 |
| 3 | ഉപാപചയ സംബന്ധം | 96 | - | - | - |
| 4 | ത്വക് രോഗങ്ങൾ | 267 | 24 | - | 48 |
| 5 | ധാതുലവണങ്ങളുടെ അഭാവം | 167 | 45 | - | 58 |
| 6 | പരാദരോഗങ്ങൾ | 905 | 157 | 399 | 19 |
| 7 | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 180 | 21 | - | 1 |
| 8 | വന്ധ്യത | 484 | - | - | - |
| 9 | അകിടു വീക്കം | 52 | 4 | - | - |
| 10 | മുടന്തൻ പനി | 105 | - | - | - |

കാർഷികവൃത്തിക്ക് കൂടുതൽ ഊന്നൽ നൽകിയിരുന്ന ആ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമായിരുന്നു നാടൻ ഇനങ്ങൾ. എന്നാൽ ഈ ആധുനിക കാലഘട്ടത്തിൽ ജനങ്ങൾ യന്ത്രവൽക്കരണത്തിലധിഷ്ഠതമായ കൃഷി രീതികൾ അവലംബിക്കുന്നു. ബഹുഭൂരിപക്ഷം ജനങ്ങളും കാർഷികേതര മേഖലകളിലേക്ക് ശ്രദ്ധ തിരിച്ചിരിക്കുന്നു. കുറഞ്ഞ ചെലവിൽ കൂടുതൽ ഉല്പാദനമെന്ന വ്യാവസായിക ലക്ഷ്യത്തിലൂന്നിയ ഒരു സംസ്കാരമാണിന്നുള്ളത്. അത്യുല്പാദനശേഷിയുള്ള സങ്കരവർഗ്ഗ ഗോസംരക്ഷണത്തിന് മുൻതൂക്കം നൽകുന്ന ഒരു സ്ഥിതിവിശേഷം ഇതുമൂലം സംജാതമായിട്ടുണ്ട്. അത്യുല്പാദനശേഷിയുണ്ടെങ്കിലും മേൽത്തരം ഇനങ്ങളുടെ സംരക്ഷണത്തിന് നാടൻ ഇനങ്ങളേക്കാൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട് തൊഴുത്തിന്റെ ശുചിത്വം, ഭക്ഷണക്രമത്തിലുള്ള സമീകൃതാവസ്ഥ, രോഗപ്രതിരോധ നടപടികൾ, കൃത്രിമ ബീജാധാനം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തിയെങ്കിൽ മാത്രമേ അത്യുല്പാദനശേഷിയുള്ള ഇനം പശുക്കളെക്കൊണ്ട് കർഷകന് ഗുണം ലഭിക്കുകയുള്ളു. ഈ പ്രദേശത്ത് കഴിഞ്ഞ ദശാബ്ദങ്ങളിലുണ്ടായ മൃഗസംരക്ഷണത്തോടുള്ള വൈമുഖ്യം നെൽക്കൃഷിക്കും മറ്റു വിളകൾക്കും ജൈവവളങ്ങളുടെ ഉപയോഗം കുറയുവാനും തത്ഫലമായി രാസവളങ്ങളുടെ ഉപയോഗം വർദ്ധിക്കുവാനും ഇടയായി.

രാസവളങ്ങളുടെ ഉപയോഗം കൃഷിഭൂമിയുടെ ഉല്പാദനക്ഷമതയെ പെട്ടെന്നുർത്തിയെങ്കിലും കാലക്രമത്തിൽ മണ്ണിന്റെ ഘടനയെ പ്രതികൂലമായി ബാധിച്ചു. എന്നാൽ ജൈവവളങ്ങളുടെ പ്രയോഗത്തിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കുവാനും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുവാനും കഴിയേണ്ടിയിരിക്കുന്നു.

ക്ഷീരോല്പാദനരംഗത്ത് മികവു പുലർത്താൻ കഴിയുന്നുണ്ടെങ്കിലും പാലിന്റെ വിപണനരംഗം വെല്ലുവിളികളെ നേരിടുകയാണ്. ഉല്പാദിപ്പിക്കുന്ന പാലിൽസ്വന്തം അവശ്യത്തിലധികമുള്ളത് വിറ്റഴിക്കുന്നതിന് ആവശ്യമായ സംഭരണ സൗകര്യങ്ങളും വിപണിയും കണ്ടെത്തേണ്ടതുണ്ട്. ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന രണ്ട് സ്വകാര്യ സ്ഥാപനങ്ങളും സഹകരണ മേഖലയിലെ ഒരു പാൽ സംഭരണ ഏജൻസിയും ഈ പ്രതിസന്ധി ഒട്ടൊക്കെ പരിഹരിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിലെ പതിനയ്യായിരത്തോളംവരുന്ന ജനങ്ങളുടെ ആവശ്യത്തിന്

പ്രതിദിനം ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നതെന്ന് കണക്കാക്കാവുന്ന 1400 ലിറ്റർ പാൽ തീരെ അപര്യാപ്തമാണ്. ഈ അപര്യാപ്തത പരിഹരിക്കണമെങ്കിൽ കൂടുതൽ ജനങ്ങൾ കറവപ്പശുവിനെ വളർത്തുന്നതിന് തയ്യാറായേ പറ്റുകയുള്ളു.

### *കോഴിവളർത്തൽ*

ഈ ഗ്രാമത്തിൽ മുൻകാലങ്ങളിലെന്ന പോലെ വീടുകളിൽ കോഴികളെ വളർത്തുന്നുണ്ട്. കോഴിമുട്ടവിറ്റ് മറ്റു സാധനങ്ങൾ വാങ്ങുന്ന രീതിയായിരുന്നു നിലനിന്നിരുന്നത്. വീട്ടമ്മമാർ കോഴിമുട്ടയുമായി ചന്തയിൽ പോകുന്നത് പതിവായിരുന്നു. എന്നാൽ ഈ സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ട്. വീടുകളിൽ ലഭിക്കുന്ന മുട്ട വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന രീതിയാണ് ഇപ്പോൾ പൊതുവേ നിലവിലുള്ളത്. റബ്ബർ കൃഷി വ്യാപകമായതോടുകൂടി വീടുകളിൽ ഉള്ള കോഴികൾ കൃഷിക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരുന്ന സ്ഥിതി ഇപ്പോഴില്ല. വീടുകളിൽ കോഴികളുടെ ചെറു യൂണിറ്റുകൾ വ്യാപകമാക്കുന്നതിന് വലിയ സാദ്ധ്യത നിലനിൽക്കുന്നു. 5 കോഴികളുടെ യൂണിറ്റിന്റെ വിതരണം ഇപ്പോൾ മൃഗാശുപത്രി വഴി നിലവിലുള്ളത് ജനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. കുടുതൽ ആനുകൂല്യങ്ങളോടെ ഈ പദ്ധതി വിപുലമാക്കാവുന്നതാണ്. പഴകുളം സൊസൈറ്റിയുമായി ബന്ധപ്പെട്ട് ചെളിക്കുഴിയിൽ കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്ന ഒരു യൂണിറ്റ് നിലവിലുണ്ട്. ഇറച്ചിക്കോഴികളെ വളർത്തി കോഴിയിറച്ചി വില്ക്കുന്ന ഒരു കേന്ദ്രം ഈ ഗ്രാമത്തിലില്ല. ഇതിന് സാദ്ധ്യതയുണ്ട്.

മൃഗസംരക്ഷണ ഉപാധികൾ സൗകര്യങ്ങൾ

ഈ ഗ്രാമപഞ്ചായത്തിലെ ഏക മൃഗാശുപത്രി കടുവാത്തോട്ടിലും ഐ.സി.ഡി.പി. സബ് സെന്റർ മാലൂരും പ്രവർത്തിക്കുന്നു. മൃഗാശുപത്രിയിൽ ഒരു ഡോക്ടറും ഒരസിസ്റ്റന്റും മാത്രമാണുള്ളത്; ഐ.സി.ഡി.പി. സെന്ററിൽ ഒരു ലൈവ് സ്റ്റോക്ക് അസിസ്റ്റന്റുമുണ്ട്. ഇവർ പഞ്ചായത്തിലെ മൃഗസംരക്ഷണരംഗത്ത് കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. 80ം പദ്ധതിയിലെ ഐ.സി.ഡി.പി. സ്കീം പ്രകാരം ആടുവളർത്തൽ യൂണിറ്റുകളും കോഴിവളർത്തൽ യൂണിറ്റുകളും എം.എൽ.പി.പി. സ്കീമനുസരിച്ച് കോഴിക്കുഞ്ഞുങ്ങളേയും വിതരണം നടത്തുന്നുണ്ട്.

എന്നാൽ മൃഗസംരക്ഷണരംഗത്ത് സർക്കാരിൽനിന്നു ലഭിക്കുന്ന സേവനങ്ങൾ മതിയായ തരത്തിലല്ല എന്നു വ്യക്തമാണ്. മൃഗാശുപത്രിയിലും ഐ.സി.ഡി.പി. സെന്ററിലുമുള്ള സൗകര്യക്കുറവുകൾ, ആവശ്യത്തിന് സബ്സെന്ററുകളില്ലായ്മ, സ്റ്റാഫിന്റെ കുറവ് എല്ലാം പ്രകടമാണ്. തെരുവു നായ്ക്കളുടെ എണ്ണം കുടിക്കൊണ്ടിരിക്കുന്നു. ഇത് പേവിഷബാധയുടെ സാദ്ധ്യതയെ വർദ്ധിപ്പിക്കുന്നു. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും അലയുന്നവയെ പിടിച്ച് നശിപ്പിക്കുകയും വേണം.

### *ക്ഷീരവികസനം*

ഇപ്പോൾ ഗവണ്മെന്റിൽനിന്നും ബ്ലോക്കു തലത്തിൽ പ്രവർത്തിക്കുന്ന ഡയറി ഡവലപ്പ്മെന്റ് ഓഫീസ് പത്താപുരത്ത് പ്രവർത്തിക്കുന്നു. അവർ നല്കിവരുന്ന സബ്സിഡികൾ, നടത്തിവരുന്ന ക്ഷീരോല്പന്ന പ്രദർശനങ്ങൾ, കർഷക ബോധവൽക്കരണ പരിപാടികൾ ഇവ ക്ഷീരോല്പാദകർക്കും മൃഗസംരക്ഷകർക്കും പ്രയോജനകരമാണ്. എന്നാൽ ആവശ്യത്തിനുള്ള സ്റ്റാഫംഗങ്ങളുടെ കുറവും പ്രവർത്തന മേഖലയുടെ വ്യാപ്തിയും ഇത്തരം പ്രവർത്തനങ്ങൾ എല്ലായിടത്തും എത്തിക്കന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. അതിനാൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തുള്ളവർക്കും പദ്ധതിയുടെ പ്രയോജനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

### *പ്രശ്നങ്ങൾ*

- ❐ പുല്ലിന്റെയും വയ്ക്കോലിന്റെയും ലഭ്യതക്കുറവ്.
- ❐ കാലിത്തീറ്റയുടെ വിലക്കൂടുതൽ.
- ❐ കന്നുകാലികളെ വേനൽക്കാലത്ത് കുളിപ്പിക്കുവാനുള്ള ജലദൗർലഭ്യം.
- ❐ മൃഗ ചികിത്സയ്ക്കുള്ള സൗകര്യക്കുറവ്.
- ❐ മൃഗാശുപത്രിയിൽ ആവശ്യത്തിനുള്ള മരു

ന്നില്ല.

- ❐ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് മൃഗാശുപത്രിയിലേക്കുള്ള ദൂരക്കൂടുതൽ.
- ❐ പാൽ ശേഖരണം, വിതരണം എന്നിവയ്ക്ക് ഫലപ്രദമായ സംവിധാനമില്ല.
- ❐ ആധുനിക കന്നുകാലി പരിപാലനത്തെക്കുറിച്ചുള്ള അറിവില്ലായ്മ.
- ❐ നല്ല ഇനങ്ങളെ വാങ്ങാനുള്ള സാമ്പത്തിക ക്ലേശം.
- ❐ കോഴികൾക്ക് പ്രതിരോധ ചികിത്സാസൗകര്യങ്ങളും രോഗചികിത്സയും അപര്യാപ്തം. കോഴിവസന്ത സർവ്വസാധാരണം.
- ❐ ക്ഷീരവികസനവകുപ്പിന്റെ ആഫീസ് ഗ്രാമപഞ്ചായത്തിൽ ഇല്ല.
- ❐ അറവുശാലകൾ ഇല്ല.
- ❐ പേപ്പട്ടി ശല്യം അനുഭവപ്പെടാറുണ്ട്.

### *സാദ്ധ്യതകൾ*

- ❐ മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
- ❐ കയ്യാലകളിൽ പീലിവാകപോലുള്ള ചെടികൾ വച്ചുപിടിപ്പിക്കൽ, തെങ്ങിന് ഇടവിളയായും മറ്റു തരിശു ഭൂമികളിലും പുൽക്കൃഷി ചെയ്യാവുന്നതാണ്.
- ❐ റബ്ബറരി, കപ്പ, തേങ്ങാപ്പിണ്ണാക്ക് എന്നിവ ലഭ്യമാണ്.
- ❐ കുളങ്ങളുടെ വികസനം, തോടുകളിൽ ക്രോസ് ബാറുകൾ, ആറ്റുകടവുകളിൽ പ്രത്യേക സംവിധാനം.
- ❐ മൃഗാശുപത്രി വികസന സമിതി രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനം.
- ❐ സബ് സെന്ററുകൾ സ്ഥാപിക്കൽ.
- ❐ നിലവിലുള്ള ക്ഷീര സഹകരണസംഘത്തിൽ എല്ലാ പാൽ ഉല്പാദകരെയും അംഗങ്ങളാക്കി പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.
- ❐ ബോധവൽക്കരണപ്രവർത്തനങ്ങൾ.
- ❐ ഗ്രാമത്തിലുള്ള സഹകരണ ബാങ്കിനെ ഉപയോഗപ്പെടുത്തൽ.
- ❐ ക്ഷീരവികസന ആഫീസ് സ്ഥാപിക്കൽ.
- ❐ ആധുനിക അറവുശാല സ്ഥാപിക്കൽ.
- ❐ അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള സമഗ്രപരിപാടി.

### *മത്സ്യബന്ധനം*

ഈ ഗ്രാമപഞ്ചായത്ത് ഒരു ഉൾനാടൻ മലയോരപ്രദേശമാണ്. ഇവിടെ മത്സ്യബന്ധനം ഒരു തൊഴിലായി സ്വീകരിച്ചവർ ആരുംതന്നെയില്ല. കടൽ മത്സ്യം വാങ്ങിക്കൊണ്ടുവന്ന് വിപണനം നടത്തുന്ന നാല്പതോളം തൊഴിലാളികൾ ഇവിടെയുണ്ട്. അവർ പ്രധാനമായും ചെളിക്കുഴി അന്തിച്ചന്തയിലും കടുവാത്തോട്, മെതുകുമ്മേൽ, കരിപമ്പാലൂർ എന്നിവിടങ്ങളിലെ പൊതുനിരത്തുകളിലുംവച്ച് മത്സ്യക്കച്ചവടം നടത്തുന്നു. കൂടാതെ, സൈക്കിൾ തുടങ്ങിയ വാഹനങ്ങളിൽ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കൊണ്ടുപോയി വിൽക്കുന്നുണ്ട്. കച്ചവടത്തിനുശേഷം മിച്ചംവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിലുള്ള സൗകര്യക്കുറവ് കാരണം പലപ്പോഴും ചീഞ്ഞ മത്സ്യം വിൽക്കേണ്ടിവരുന്നു.

കല്ലടയാറിന്റെ സാമീപ്യം ഉപയോഗപ്പെടുത്തി ഗ്രാമത്തിലുള്ള മറ്റു ജലസ്രോതസ്സുകൾ, ഉപയോഗശൂന്യമായിക്കിടക്കുന്ന ഇഷ്ടികക്കുളങ്ങൾ എന്നിവിടങ്ങളിൽ ശുദ്ധജലമത്സ്യക്കൃഷി നടത്താവുന്നതാണ്. ശുദ്ധജലമത്സ്യക്കൃഷിയിൽ യുവസംരംഭകരെ ആകൃഷ്ടരാക്കി ഈ രംഗത്തുകൊണ്ടുവന്നാൽ കുറേ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും തന്മൂലം നല്ല മത്സ്യ ഇനങ്ങൾ ലഭ്യമാക്കാനും കഴിയും.

കല്ലടയാറ്റിലും ഇവിടുത്തെ തോടുകളിലും ലഭ്യമായിരുന്ന പല മീനുകളും സമീപകാലത്തുണ്ടായ മത്സ്യരോഗത്താൽ നാമാവിശേഷമായി. നാമമാത്രമായെങ്കിലും അവശേഷിച്ചിട്ടുള്ള മത്സ്യങ്ങളും ഈ മാരകരോഗത്തിൽപ്പെട്ട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന് പരിഹാരമായി അടിയന്തിര പഠന ഗവേഷണങ്ങൾ ഉണ്ടാകേണ്ടതാണ്.

### *പ്രശ്നങ്ങൾ*

- ❐ മത്സ്യം കേടുകൂടാതെ സൂക്ഷിക്കാനുള്ള സൗകര്യക്കുറവ്.

- മത്സ്യ വിപണന സൗകര്യങ്ങളുടെ അപര്യാപ്തത
- ആറ്റിലേയും തോട്ടിലേയും മത്സ്യങ്ങളുടെ രോഗം.
- ശുദ്ധജലമത്സ്യക്കൃഷിയെക്കുറിച്ചുള്ള പരിജ്ഞാനക്കുറവ്.

### *സാദ്ധ്യതകൾ*

- നിലവിലുള്ള അന്തിച്ചന്തയുടെ വിപുലീകരണവും ആധുനികവൽക്കരണവും.
- പുതിയ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
- ശുദ്ധജല മത്സ്യക്കൃഷിക്ക് കീഴ്കുളം ഏലായിലെ വെള്ളക്കെട്ടുപ്രദേശം, നിലവിലുള്ള മറ്റു കുളങ്ങൾ, ഉപയോഗശൂന്യമായ ഇഷ്ടികക്കുഴികൾ ഇവ ഉപയോഗപ്പെടുത്തൽ.
- ശുദ്ധജല മത്സ്യക്കൃഷിയെപ്പറ്റി വിപുലമായ ബോധവൽക്കരണം.





# 5.3 വ്യവസായം

കൊല്ലം ജില്ലയിൽ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമപഞ്ചായത്താണിത്. പരമ്പരാഗത കുടിൽവ്യവസായങ്ങളായ മൺപാത്ര നിർമ്മാണം, ഈറ്റ ഉപയോഗിച്ചുള്ള കുട്ട, വട്ടി, പനമ്പ് മുതലായവയുടെ നിർമ്മാണം എന്നിവയായിരുന്നു ഏതാനും വർഷം മുമ്പു വരെ പ്രധാനമായും ഉണ്ടായിരുന്നത്. വീടുകൾതോറും ഇവ വിറ്റ് ഒരു ന്യൂനപക്ഷം ഉപജീവനം നടത്തിയിരുന്നു. വ്യാവസായിക പ്രാധാന്യമുള്ള കശുവണ്ടി നല്ല രീതിയിൽ ഇവിടെ ഉല്പാദിപ്പിച്ചിരുന്നു. എന്നാൽ ഇന്ന് റബ്ബർ മറ്റ് കാർഷികവിളകളുടെ സ്ഥാനം കൈയടക്കിയിരിക്കുന്നു. മൊത്തം കൃഷിഭൂമിയുടെ 72%വും റബ്ബറാണ് കൃഷി ചെയ്യുന്നത് (1991ലെ വിഭവ ഭൂപട സർവ്വേ പ്രകാരം). റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

പരമ്പരാഗത വ്യവസായങ്ങളുടെ നിരവധി യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാംതന്നെ (കശുവണ്ടി ഫാക്ടറി ഒഴികെ) ചെറുകിട യൂണിറ്റുകളാണ്. ഇവയിൽ പലതും ലാഭകരമായി പ്രവർത്തിക്കുന്നു. ഒരു വൻകിട കശുവണ്ടി ഫാക്ടറിയും ഖാദി, കയർ, ഈറ്റ നെയ്ത്ത്, പർപ്പടക നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രം, ഫർണിച്ചർ, സോഡാ നിർമ്മാണം, റിപ്പയറിംഗ്, ഇഷ്ടിക നിർമ്മാണം, തടിയറപ്പ് കേന്ദ്രം, നെല്ലുകുത്തുമില്ല്, ആയുർവ്വേദം, പാറമട, കല്ലുവെട്ട്, തയ്യൽകേന്ദ്രം, പടക്ക നിർമ്മാണം എന്നിവ ഉൾപ്പെടെ 62 യൂണിറ്റുകളാണിവിടെയുള്ളത്. ഇതിൽ താഴത്തുവടക്ക്, മണയറ എന്നീ വാർഡുകളിലുള്ള ഖാദി വ്യവസായ യൂണിറ്റുകൾ ഒഴികെ ബാക്കിയുള്ള എല്ലാ വ്യവസായ യൂണിറ്റുകളും സ്വകാര്യമേഖലയിലാണ്.

വിവിധ യൂണിറ്റുകളിലായി 639 സ്ത്രീകളും 195 പുരുഷന്മാരും ഉൾപ്പെടെ 834 പേർ ജോലിചെയ്യുന്നു. ഇതിൽ 517 പേരും കശുവണ്ടി ഫാക്ടറിയിലാണുള്ളത്. (വ്യവസായ യൂണിറ്റുകളുടെ നേരിട്ട് ശേഖരിച്ച സ്ഥിതിവിവരം ചുവടെ പട്ടിക രൂപത്തിൽ കൊടുത്തിട്ടുണ്ട്)

## വ്യവസായങ്ങളുടെ സ്ഥിതിവിവരക്കണക്ക്

**(നേരിട്ടു ശേഖരിച്ചത്)**

| നമ്പർ | ഇനം | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | | വേതനം | |
|---|---|---|---|---|---|---|---|
| | | | സ്ത്രീ | പുരുഷൻ | ആകെ | സ്ത്രീ | പുരുഷൻ |
| 1 | ഖാദിവ്യവസായം | 2 | 21 | 1 | 22 | 25 | 50 |
| 2 | കയർ | 1 | 2 | 1 | 3 | 60 | 60 |
| 3 | ഈറ്റ വ്യവസായം | 3 | 20 | 12 | 32 | 50 | 50 |
| 4 | കശുവണ്ടി ഫാക്ടറി | 1 | 500 | 17 | 517 | 41 | 80 |
| 5 | റെഡിമെയ്ഡ് വസ്ത്രം | 2 | 8 | 3 | 11 | 25 | 60 |
| 6 | ഫർണിച്ചർ | 18 | | 49 | 49 | | 200 |
| 7 | സോഡാ നിർമ്മാണം | 3 | | 3 | 3 | | 100 |
| 8 | റിപ്പയർ ഷോപ്പ് | 3 | | 3 | 3 | | 100 |
| 9 | ഇഷ്ടിക നിർമ്മാണം | 11 | 50 | 49 | 99 | 75 | 100 |
| 10 | സാമിൽ | 2 | 3 | 9 | 12 | 60 | 125 |
| 11 | നെല്ലുകുത്ത് മിൽ | 4 | | 8 | 8 | | 80 |
| 12 | പർപ്പടകം | 2 | 3 | 2 | 5 | 50 | 50 |
| 13 | പടക്കം | 1 | | 4 | 4 | | 120 |
| 14 | ആയുർവ്വേദം | 1 | | 2 | 2 | | 100 |
| 15 | കല്ലുവെട്ട് | 1 | | 8 | 8 | | 125 |
| 16 | പാറമട | 5 | 30 | 20 | 50 | 60 | 130 |
| 17 | തയ്യൽ കേന്ദ്രം | 2 | 2 | 4 | 6 | 80 | 150 |
| | ആകെ | 62 | 639 | 195 | 834 | | |

ഖാദി ബോർഡിന്റെ 2 ഖാദി യൂണിറ്റുകളുണ്ട്. 55 പേരുമായി തുടങ്ങിയ താഴത്തുവടക്ക് വാർഡിലുള്ള യൂണിറ്റിൽ ഇപ്പോൾ 5 പേർ മാത്രമാണുള്ളത്. 24 തൊഴിലാളികളുമായി തുടങ്ങിയ മണയറ വാർഡിലുള്ള യൂണിറ്റിൽ 17 പേരാണിപ്പോഴുള്ളത്. ശരിയായ മാനേജ്മെന്റില്ലായ്മ, മറ്റു ജോലികളേക്കാൾ കുറഞ്ഞ വേതന നിരക്ക്, പ്രാദേശിക സഹകരണമില്ലായ്മ, ആധുനിക മെഷീനുകളുടെ ലഭ്യതക്കുറവ് എന്നിവയാണ് ഈ യൂണിറ്റുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

ഇഷ്ടിക നിർമ്മാണം, ഫർണിച്ചർ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രം, കയർ നിർമ്മാണം എന്നിവ ലാഭകരമായി പ്രവർത്തിക്കുന്ന യൂണിറ്റുകളാണ്. ശരിയായ മേൽനോട്ടത്തിലൂടെയും സാമ്പത്തിക സഹായങ്ങൾ നൽകിയും സഹകരണാടിസ്ഥാനത്തിൽ ഈ വ്യവസായങ്ങളെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. കയറിന്റെ ഒരു ചെറിയ ഉല്പാദന യൂണിറ്റാണ് മീനം വടക്കേക്കര വാർഡിൽ ഉള്ളത്. സാമ്പത്തിക സഹായവും സാങ്കേതിക പരിശീലനവും നൽകിയാൽ 50ലധികം ആളു

കൾക്ക് തൊഴിൽ നല്കി ഈ ഉല്പാദന യൂണിറ്റ് മെച്ചപ്പെടുത്താനുള്ള സാദ്ധ്യതയുണ്ട്. നല്ല വിപണിയും ലഭ്യമാണ്. തൊഴിൽരംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കുന്നുവെങ്കിലും കാർഷിക മേഖലയിൽ ചില പ്രശ്നങ്ങൾ ഇഷ്ടിക നിർമ്മാണം സൃഷ്ടിക്കുന്നു. തൽഫലമായി കാർഷിക മേഖലയിൽനിന്ന് ഈ വ്യവസായത്തിന് ചില പ്രതിസന്ധികൾ ഉയർന്നുവരികയും ചെയ്യുന്നുണ്ട്.

പരമ്പരാഗത വ്യവസായമായ ഈറ്റനെയ്ത്ത് അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം നേരിടുന്നു. ഈ മേഖലയെ സഹായിക്കാൻ പട്ടികജാതി സഹകരണ സംഘം ശ്രമിക്കുന്നുണ്ടെങ്കിലും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വ്യാവസായികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ചെളിക്കുഴിയിലെ അന്തിച്ചന്ത ആഴ്ചച്ചന്തയായി വികസിപ്പിക്കാവുന്നതാണ്.

റബ്ബറിനെ ആശ്രയിച്ച് പ്രവർത്തിപ്പിക്കാവുന്ന ഒരു വൻകിട വ്യവസായശാലയ്ക്ക് വളരെ സാദ്ധ്യതയുണ്ട്. അത് ബ്ലോക്കടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ ആലോചിക്കാവുന്നതാണ്. അതിനുള്ള വിഭവങ്ങൾ നമ്മുടെ ബ്ലോക്കതിർത്തിയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാണ്. റബ്ബർ തടി സംസ്കരിച്ച് വിവിധ ഫർണിച്ചറുകൾ ഉണ്ടാക്കുന്ന യൂണിറ്റുകളേക്കുറിച്ചും ഈ രൂപത്തിൽ ആലോചിക്കാവുന്നതാണ്. റബ്ബർ തോട്ടങ്ങളിൽ ഏക ഇടവിളയായി കൃഷി ചെയ്യാവുന്ന കൈതക്കൃഷി പ്രോത്സാഹിപ്പിച്ചുകൊണ്ട് പൈനാപ്പിൾ ജ്യൂസ്, ജാം എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ നടത്താനുള്ള സാദ്ധ്യതയുണ്ട്. തേനീച്ച വളർത്തലും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ധാരാളം വറ്റാത്ത ജലസ്രോതസ്സുകളുള്ള പഞ്ചായത്താണ് നമ്മുടേത്. വറ്റാത്ത കുളങ്ങൾ വിപുലപ്പെടുത്തി മത്സ്യക്കൃഷി വ്യാപാരാടിസ്ഥാനത്തിൽ നടത്താനുള്ള സാദ്ധ്യത ഇവിടെയുണ്ട്. മണയറ, മീനം വടക്കേക്കര വാർഡുകളുടെ ഇടയിലുള്ള കീഴ്ക്കുളം ഏലായിൽ ഏതാണ്ട് ഒരേക്കർ നിലം കൃഷിക്ക് യോഗ്യമല്ലാതെ വർഷം മുഴുവൻ വെള്ള കെട്ടിക്കിടക്കുകയാണ്. ഈ നിലം കുറെക്കൂടി കുഴിച്ച് വശങ്ങൾ കെട്ടി സൂക്ഷിച്ചാൽ വൻതോതിൽ മത്സ്യക്കൃഷി ചെയ്യാവുന്നതാണ്.

കോഴിവളർത്തൽ, ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണം, കറിപൗഡറുകളുടെ നിർമ്മാണം, പുഷ്പച്ചെടിക്കൃഷി, തീപ്പെട്ടി നിർമ്മാണം, ചന്ദനത്തിരി, കുട, മെഴുകുതിരി, പ്ലാസ്റ്റിക് സാധനങ്ങൾ എന്നിവയുടെ നിർമ്മാണം ഇവയെല്ലാം സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നൽകാൻ കഴിയുന്ന വിപണന സാദ്ധ്യതയുള്ള വ്യവസായങ്ങളാണ്. ആവശ്യമായ സാമ്പത്തികവും സാങ്കേതിക പരിശീലനവും നൽകി പുതിയ വ്യവസായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയണം.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ധാരാളം ലഭ്യതയുള്ള മറ്റൊരു അസംസ്കൃത വസ്തുവാണ് പാറ. പരിസ്ഥിതിപ്രശ്നം ഉണ്ടാകാതെ പാറ ഉപയോഗിച്ചുകൊണ്ട് മെറ്റൽ ക്രഷർ യൂണിറ്റുകളും ഹോളോ ബ്രിക്സ് യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിലെ ഏക ധനകാര്യ സ്ഥാപനമാണ് 'പട്ടാഴി വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക്'. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് കൂടുതൽ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കത്തക്കവിധം പ്രത്യേക പദ്ധതികൾ ഈ ബാങ്കുവഴി ആവിഷ്കരിക്കേണ്ടതാണ്. വ്യാവസായിക സംരംഭകരെ കണ്ടെത്തി ആവശ്യമായ സാമ്പത്തിക സഹായം നൽകി സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാൻ കഴിയുന്ന വ്യവസായ യൂണിറ്റുകൾ സംഘടിപ്പിക്കണം.

ഈ ഗ്രാമപഞ്ചായത്തിൽനിന്നും ധാരാളം ആളുകൾ വിദേശത്തും ഗൾഫ് രാജ്യങ്ങളിലുമായി പണിയെടുക്കുന്നുണ്ട്. ഇവരുടെ സമ്പത്തിന്റെ ഏറിയ പങ്കും വലിയ ഭവനങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയാണ് ചെലവഴിക്കുന്നത്. ഇത്തരം പ്രവണതകളെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് അവരെ വ്യവസായരംഗത്തേക്ക് തിരിച്ചുവിടുന്നതിന് പഞ്ചായത്തുതലത്തിൽ ശ്രമം നടത്തി പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള പ്രോത്സാഹനം കൊടുക്കാവുന്നതാണ്.

പ്രാദേശിക ഭക്ഷ്യോല്പന്നങ്ങളായ നേന്ത്ര

ക്കായ, മരച്ചീനി, നാളികേരം ഇവ ഉപയോഗപ്പെടുത്തി ശിശു ആഹാരനിർമ്മാണ യൂണിറ്റുകൾ, നാളികേരോല്പന്നങ്ങൾ തുടങ്ങിയ വ്യവസായ സംരംഭങ്ങൾക്ക് സാദ്ധ്യതയുണ്ട്.

## പ്രശ്നങ്ങൾ

- ഖാദി യൂണിറ്റുകൾ പ്രതിസന്ധി നേരിടുന്നു.
- കാർഷിക ഉല്പന്നമായ റബ്ബർ വ്യാവസായികരംഗത്ത് കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നില്ല.
- പരമ്പരാഗത കുടിൽ വ്യവസായമായ കയർ നിർമ്മാണം, ഈറ്റ നെയ്ത്ത് എന്നിവ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നു.
- തേനീച്ച വളർത്തൽ പൂർണ്ണമായും കോഴി വളർത്തൽ ഭാഗികമായും സാംക്രമിക രോഗങ്ങൽ മൂലം നശിക്കുന്നു.
- പുതിയ വ്യവസായ സംരംഭകർക്ക് സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാകുന്നില്ല.
- ബീഡിത്തൊഴിലാളികൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- നിലവിലുള്ള കുളങ്ങൾ മത്സ്യക്ക്യഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉപയോഗിക്കുന്നില്ല.
- വ്യവസായ സഹകരണ സംഘങ്ങൾ നിലവിലില്ല.
- പ്രാദേശിക ഭക്ഷ്യോല്പന്നങ്ങൾ വ്യവസായാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നില്ല.
- നിലവിലുള്ള വ്യവസായ യൂണിറ്റുകളിലെ ഉല്പന്നങ്ങൾ വാങ്ങി അവയെ പ്രോത്സാഹിപ്പിക്കുവാനുള്ള ശ്രമങ്ങൾ കാണുന്നില്ല.
- ഗ്രാമപഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
- ഗൾഫ് മലയാളികളെ വ്യവസായരംഗത്തേക്ക് പ്രോത്സാഹിപ്പിക്കുന്നില്ല.
- ധാരാളം പാറ ലഭ്യമാണ്. എന്നാൽ വ്യാവസായികാവശ്യങ്ങൽക്കായി ഇതിനെ പ്രോത്സാഹിപ്പിക്കുന്നില്ല.

## സാദ്ധ്യതകൾ

- ഖാദി യൂണിറ്റുകളിലൂടെ പരിശീലനം നേടിയ ധാരാളം ആളുകളുണ്ട്. കൂട്ടായ്മയിലൂടെ ഖാദി യൂണിറ്റുകളുടെ പ്രശ്നം പരിഹരിക്കാനുള്ള സാദ്ധ്യതയുണ്ട്.
- റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്കുള്ള അസംസ്കൃതവസ്തുക്കൾ ധാരാളം ലഭ്യമാണ്.
- റബ്ബർതോട്ടങ്ങളിൽ കൈതക്കൃഷി പ്രോത്സാഹിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്.
- പാറ ധാരാളം ലഭ്യമാണ്.
- പ്രതിരോധ നടപടികൾ സ്വീകരിച്ച് തേനീച്ച വളർത്തലും കോഴി വളർത്തലും പുനഃസ്ഥാപിക്കാനുള്ള സാദ്ധ്യതയുണ്ട്.
- ബീഡിത്തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.
- വറ്റാത്ത കുളങ്ങളും ചതുപ്പുനിലങ്ങളും ഇവിടെയുണ്ട്.
- വിവിധ വ്യാവസായി വൈദഗ്ദ്ധ്യമുള്ളവരും തൊഴിൽ സംരംഭകരും ധാരാളം ഉണ്ട്.
- പ്രാദേശിക ഭക്ഷ്യോല്പന്നങ്ങളായ നാളികേരം, നേന്ത്രക്കായ, മരച്ചീനി എന്നിവ ലഭ്യമാണ്.
- പ്രാദേശിക വ്യാവസായികോല്പന്നങ്ങളുടെ മേളകൾക്ക് സാദ്ധ്യത.
- ഔട്ട് വർക്കർ സമ്പ്രദായമനുസരിച്ച് നിരവധി ചെറുകിട വ്യവസായങ്ങൾ നടത്താനുള്ള സാദ്ധ്യതയുണ്ട്.
- വിദേശ മലയാളികൾ ഒട്ടേറെയുണ്ട്.
- സാമ്പത്തിക സഹായത്തിലൂടെ നിലവിലുള്ള കയർ നിർമ്മാണം, ഈറ്റനെയ്ത്ത് എന്നിവയെ പ്രോത്സാഹിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്.



# 5.4 ഗതാഗതം ഊർജ്ജം മാർക്കറ്റ്

### ഗതാഗതം

ഏതൊരു പ്രദേശത്തിന്റെയും പുരോഗതിയുടെ അടിസ്ഥാന ഘടകങ്ങളിലൊന്ന് റോഡുകളും വാഹന സൗകര്യങ്ങളുമാണ്. എന്നാൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതി ഗതാഗത സൗകര്യങ്ങൾക്ക് പരിമിതികളുണ്ടാക്കുന്നു. കുന്നും മലയും ചരിവുകളും നിലങ്ങളും നിലവിലുള്ള റോഡുകളുടെ സംരക്ഷണം ചെലവേറിയതാക്കുന്നു. പട്ടാഴി ഗ്രാമപഞ്ചായത്തിനേയും പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിനെയും നെടുകെ വിഭജിച്ചുകൊണ്ടൊഴുകുന്ന കല്ലടയാറ്റിൽക്കൂടിയുള്ള ജലഗതാഗതമായിരുന്നു പ്രാചീനകാലത്തെ പ്രധാന അവലംബം. രാജഭരണകാലത്ത് ഈ നദിക്ക് സമാന്തരമായി ഏനാത്ത് മുതൽ പത്തനാപുരം വരെ പ്രാചീന നടപ്പാതയുണ്ടായിരുന്നുവെന്ന് വഴിവക്കിലെ ചോലമരങ്ങളും ചുമടുതാങ്ങികളും സൂചിപ്പിക്കുന്നു. എന്നാൽ 1945-46 കാലഘട്ടത്തിൽ തിരുവിതാംകൂർ രാജാവ് നിയമിച്ച 'ഗ്രാമോദ്ധാരണ സമിതി' (Village Uplift Committee) ഈ റോഡ് വീതികൂട്ടി വെട്ടി. ഇതാണ് പഞ്ചായത്തിലെ ഇന്നത്തെ പ്രധാന പി.ഡബ്ല്യൂ.ഡി. റോഡ്. ഇതിൽ മെതുകുമ്മേൽ മുതൽ ചെങ്കിലാത്ത് വരെയുള്ള 10 കിലോമീറ്റർ ഭാഗം ഈ ഗ്രാമ പഞ്ചായത്തിലാണ്. കൂടാതെ ഇടക്കടവ്-ഏഴംകുളം പി.ഡബ്ല്യൂ.ഡി. റോഡിന്റെ 3.5 കിലോമീറ്റർ ഭാഗം ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ഇതുകൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 95 കിലോമീറ്റർ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വെട്ടു റോഡുകളുമുണ്ട്. ഈ റോഡുകളൊന്നുംതന്നെ ഇന്നത്തെ ഗതാഗതാവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ പര്യാപ്തമല്ല. ആദ്യകാലത്ത് കാളവണ്ടികൾ മാത്രമായിരുന്നു വാഹനമായി ഉണ്ടായിരുന്നത്. എന്നാൽ ഇന്ന അവ അപ്രത്യക്ഷമാവുകയും ആ സ്ഥാനത്ത് നിരവധി മോട്ടോർ വാഹനങ്ങൾ ഗതാഗതം നടത്തുകയും ചെയ്യുന്നു.

### പഞ്ചായത്ത് റോഡുകൾ

ഈ ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഒട്ടേറെ പഞ്ചായത്ത് റോഡുകളുണ്ട്. ഇവയെല്ലാം ആദ്യകാലത്ത് ജനങ്ങൾ സന്നദ്ധ

പ്രവർത്തനത്തിലൂടെ നിർമ്മിച്ചവയാണ്. രാത്രിയും പകലുമായി ജനങ്ങൾ കൂട്ടംചേർന്ന് ചെണ്ടമേളത്തോടെ ആഘോഷപൂർവ്വമാണ് പല റോഡുകളും നിർമ്മിച്ചത്. പിന്നീട് അവ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വീതി കൂട്ടുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തുപോന്നു. നമ്മുടെ ഗ്രാമത്തിലെ റോഡുനിർമ്മാണത്തിൽ ഇന്നത്തെ തലമുറയിലെ പ്രായംചെന്നവരും മുൻതലമുറക്കാരും നടത്തിയിട്ടുള്ള ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ അനുസ്മരിച്ചുകൊണ്ട് റോഡുകളുടെ ഇന്നത്തെ അവസ്ഥ മെച്ചപ്പെടുത്തുവാനും പുതിയ റോഡുകൾ നിർമ്മിക്കുവാനുംവേണ്ടി പ്രവർത്തിക്കുവാൻ നമുക്ക് ബാദ്ധ്യതയുണ്ട്. പല റോഡുകളും യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാത്തതുകാരണം സഞ്ചാരയോഗ്യമല്ലാതായി കിടക്കുകയാണ്. ഗ്രാമപ്രദേശത്തിന്റെ ഭൂപ്രത്യേകതകൾകൊണ്ടും ഓടകളുടെ അര്യാപ്തതകൊണ്ടും മഴക്കാലമാവുമ്പോൾ റോഡുകൾ പലതും മോശമാകുന്നു.

റോഡുകളുടെ എല്ലാ പണികളും പഞ്ചായത്ത് ചെയ്യട്ടെ എന്ന് നാം ചിന്തിച്ചുകൂടാ. നമ്മുടെ വിഭവങ്ങൾ പരിമിതമാണ്. ഗ്രാമപഞ്ചായത്തും ജനങ്ങളും സംയുക്തമായി പ്രവർത്തിക്കുന്നതിലൂടെ മാത്രമേ നമുക്ക് പുരോഗതി കൈവരിക്കാനാവൂ. എന്നാൽ റോഡ് പണികൾ പഞ്ചായത്തിൽനിന്നും നടത്തുമ്പോൾ അതിന്റെ വിവരങ്ങൾ സുതാര്യമാകാത്തതും ഉപഭോക്താക്കളുടെ യോഗം ഫലപ്രദമായി വിളിച്ചുചേർക്കാത്തതുംമൂലം ജനങ്ങളിൽ ഒരു അന്യഥാബോധം ഉണ്ടാകുവാൻ ഇടയാകുന്നു. ഈ സ്ഥിതി മാറണം. അടുത്തകാലത്തായി ഗ്രാമപഞ്ചായത്തിലെ മിക്ക വാർഡുകളിലും ഇടത്തട്ടുകാരെ ഒഴിവാക്കി ജനപങ്കാളിത്തത്തോടെ നടന്ന റോഡുപണികൾ ആവേശകരമാണ്. ജനകീയ ഇടപെടൽ ഇനിയും വളരെ വിപുലമാകണം. നമ്മുടെ ഗ്രാമപഞ്ചായത്തിലെ ചില വാർഡുകളിൽ സർവ്വീസ് ബസുകൾ ഇല്ലാത്തതിനാൽ അവിടെ ഗതാഗതപ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്നു. പുതിയ ബസ് സർവ്വീസുകൾ ആരംഭിച്ച ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## *പി.ഡബ്ല്യു.ഡി. റോഡുകൾ*

നമ്മുടെ ഗ്രാമത്തിൽ പി.ഡബ്ല്യു.ഡി. റോഡുകൾ ആകെ 13.5 കിലോമീറ്റർ ആണുള്ളത്. ഒന്ന്: ഏനാത്ത്–പത്തനാപുരം റോഡ്, രണ്ട്: മൈലം– ചെളിക്കുഴി–ഏഴംകുളം റോഡ്. ഇതിൽ മൈലം–ഏഴംകുളം റോഡിൽ പട്ടാഴി, പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കല്ലടയാറിനു കുറുകെയുള്ള പാലം പണിതീർത്ത് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ട് 8 വർഷമാകുന്നു. എന്നാൽ, റോഡിന്റെ വീതിക്കുറവും നിലവിലുള്ള കലുങ്കുകളുടെയും ചെറു പാലങ്ങളുടെയും ശോച്യാവസ്ഥയുംമൂലം ഈ റോഡിലൂടെ ദീർഘദൂര സർവ്വീസുകളൊന്നുംതന്നെയില്ല. അതുകൊണ്ടുതന്നെ ഈ പാലം കൊണ്ടുള്ള യഥാർത്ഥ ഗുണം ഈ രണ്ടു ഗ്രാമപഞ്ചായത്തുകൾക്കും ലഭിക്കുന്നില്ല. ഇതേ പ്രശ്നംതന്നെയാണ് ഏനാത്ത്–പത്തനാപുരം റോഡിനുമുള്ളത്. രണ്ട് പി.ഡബ്ല്യു.ഡി. റോഡുകളിലും നിലവിലുള്ള പല കലുങ്കുകളും ചെറുപാലങ്ങളും ഇടിഞ്ഞുവീഴാറായ അവസ്ഥയിലാണ്. ബ്ലോക്കുതലത്തിലോ ജില്ലാതലത്തിലോ ഈ പ്രശ്നം പരിഹരിച്ച് രണ്ട് ഗ്രാമപഞ്ചായത്തുകളിലെയും ഗതാഗത പ്രശ്നം ദൂരീകരിക്കേണ്ടതാണ്.

കെ.എസ്.ആർ.ടി.സി., സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും ജീപ്പ് സർവ്വീസുകളുടെ ക്രമാതീതവും അനിയന്ത്രിതവുമായ സർവ്വീസ് കാരണം പല ബസ്സുകളും ട്രിപ്പ് മുടക്കുന്നതിന് കാരണമായിത്തീരുന്നു. അതിനാൽ, സമാന്തര സർവ്വീസുകളെ നിയമംമൂലം തടഞ്ഞെങ്കിൽ മാത്രമേ ഇതിന് പരിഹാരമുണ്ടാവുകയുള്ളു. അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ ഈ പ്രദേശത്തെ പൂർണ്ണമായും അവഗണിക്കുന്നതായി അനുഭവം തെളിയിക്കുന്നു. അടൂർ യൂണിറ്റിൽനിന്നും ഈ ഗ്രാമപഞ്ചായത്തിലൂടെ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന കടമ്പനാട്–ഏനാത്ത്–പത്തനാപുരം സർവ്വീസുകൾ രണ്ടും ഏഴംകുളം, കൈതപ്പറമ്പ്, മഞ്ഞാടിമൂട്–ചെളിക്കുഴി– കുന്നിട പത്തനാപുരം സർവ്വീസും അടൂർ–പട്ടാഴി ക്ഷേത്രം സർവ്വീസും പൂർണ്ണമായി നിർത്തിയിട്ട് മാസങ്ങളോളമായി. ഇതിൽ കടമ്പനാട്– പത്തനാപുരം സർവ്വീസ്

പരിഷ്കരിച്ച് മറ്റ് റൂട്ടിലേക്ക് മാറ്റിയതായും അറിയുന്നു. ഇങ്ങനെയുള്ള അനവസരത്തിലെ ക്യാൻസലേഷനും ട്രിപ്പ് മുടക്കലുമാണ് ജനത്തെ വീണ്ടും ജീപ്പ് സർവ്വീസുകളിലേക്ക് ആകർഷിക്കുന്നത്. ഒരു സമയത്ത് ഇവിടുത്തെ ആളുകൾ പൂർണ്ണമായും ജീപ്പ് സർവ്വീസുകൾ ഒഴിവാക്കിയിരുന്നതാണ്.

ഏനാത്ത്-പത്തനാപുരം റൂട്ടിൽ ജീപ്പ് സർവ്വീസ് സുലഭമാണ്. ജനങ്ങൾ ഇത് ഉപയോഗപ്പെടുത്തുന്നു. എന്നാൽ, ബസ് സർവ്വീസുകളെ ഇത് നഷ്ടത്തിലാക്കുന്നു. ഇക്കാരണത്താൽ പ്രൈവറ്റ് ബസ്സുകൾ അവരുടെ റൂട്ട് പൂർണ്ണമായും ഓടുന്നതിന് തയ്യാറാകുന്നില്ല. കെ.എസ്.ആർ.ടി.സി. ബസ്സുകൾ പലപ്പോഴും ആളില്ലാതെ ഓടേണ്ടിവരുന്നു. കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തുകയും ഉള്ള ബസ്സുകൾ കൃത്യത പാരിക്കുകയും സമയവിവരപ്പട്ടിക ജംഗ്ഷനുകളിൽ സ്ഥാപിക്കുകയും ചെയ്താൽ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്. ജില്ലാ സംസ്ഥാന ആസ്ഥാനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള ദീർഘദൂര സർവ്വീസുകളൊന്നുംതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിലൂടെ ഇല്ലാത്തതിനാൽ ദൂരസ്ഥലങ്ങളിലേക്കുള്ള യാത്രയ്ക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു. പ്രദേശത്തെ ഒരു ഉയർന്ന വിദ്യാഭ്യാസ സ്ഥാപനമായ മാലൂർ സെന്റ് സ്റ്റീഫൻസ് കോളേജ് വഴി പത്തനാപുരത്തേക്ക് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ഒരു കെ.എസ്.ആർ.ടി.സി. ബസ്സും രണ്ട് പ്രൈവറ്റ് ബസ്സുകളും സർവ്വീസ് നിർത്തിയിട്ട് വർഷങ്ങളാകുന്നു. അത് പെട്ടെന്നുതന്നെ പുനസ്ഥാപിക്കേണ്ടിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന വാഹനങ്ങൾക്കനുസരിച്ച് റോഡുകളുടെ നിലമെച്ചപ്പെടുത്താത്തതിനാലും ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കപ്പെടാത്തതിനാലും റോഡ് അപകട സാദ്ധ്യത വർദ്ധിക്കുന്നു. ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾ ഇല്ലാത്തത് ഒരു പ്രധാന പ്രശ്നമാണ്. ഈ ഗ്രാമത്തിൽ ഒരു വെയിറ്റിംഗ് ഷെഡ്ഡുപോലുമില്ല. ഗ്രാമപഞ്ചായത്തിന്റെയും സന്നദ്ധ സംഘടനകളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയണം. പ്രധാന ജംഗ്ഷനുകളിലെല്ലാം വെയിറ്റിംഗ് ഷെഡ്ഡുകളുടെ ആവശ്യത്തെസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. നിലവിലുള്ള ബസ് സർവ്വീസുകൾ സമയകൃത്യത പാലിക്കുകയും കൂടുതൽ സർവ്വീസുകൾ ആരംഭിച്ച് ഗ്രാമപഞ്ചായത്തിലെ യാത്രാക്ലേശം പരിഹരിക്കുകയും ചെയ്യേണ്ടതാണ്.

## ഗ്രാമീണ റോഡുകൾ

| റോഡിന്റെ സ്വഭാവം (നീളം) | | | | | | | |
|---|---|---|---|---|---|---|---|
| | | | ടാർ | | | | |
| കച്ച | പക്ക | മെറ്റൽ | പഞ്ചായത്ത് | PWD | NH | മറ്റുള്ളവ | ആകെ |
| 87.639 കി..മീ | NIL | 5.290 കി.മീ | 10 കി..മീ. | 13.5 കി.മീ. | NIL | NIL | 111.729 കി.മീ. |

## കടത്ത് സംബന്ധിച്ച വിവരങ്ങൾ

| കടത്തിന്റെ പേര് | കടത്തിൽനിന്നുള്ള വരുമാനം | മറ്റ് വിവരങ്ങൾ |
|---|---|---|
| മണക്കുന്നിൽ കടവ്<br>കല്ലൂർ കടവ്<br>കുണ്ടയം തോട്ട് കടവ | ഇല്ല | പഞ്ചായത്തിൽനിന്നും സൗജന്യമായി നേരിട്ട് കടത്ത് നടത്തുന്നു. |

## നിലവിലുള്ള ടാർ റോഡുകൾ (ഗ്രാമപഞ്ചായത്ത് പരിധിയിൽ)

| ക്രമ നമ്പർ | പേര് | ദൂരം |
|---|---|---|
| 1 | ഇടക്കടവ്-ഏഴംകുളം റോഡ് | 3.5 കി.മീ. |
| 2. | ഏനാത്ത്-പത്തനാപുരം റോഡ് | 10 കി.മീ. |
| 3 | താഴത്തുവടക്ക്-കൈതപ്പറമ്പ് റോഡ് | 2.5 കി.മീ. |
| 4. | ചെളിക്കുഴി-സിങ്കപ്പൂർ ജംഗ്ഷൻ | 2.5 കി.മീ. |
| 5. | മെതുകുമ്മേൽ-ആറാട്ടുപുഴം റോഡ് | 1 കി.മീ. |
| 6. | മെതുകുമ്മേൽ-വെട്ടുതുരുത്തി റോഡ് | 1 കി.മീ. |
| 7. | മാലൂർ-മാലൂർ കോളേജ് റോഡ് | 1 കി.മീ. |
| 8. | കുറ്റിക്കാട്-മണമ്പുവിള-പരുമല റോഡ് | 2 കി.മീ. |

(നേരിട്ട് ശേഖരിച്ചത്)

## നിലവിലുള്ള ബസ് സർവ്വീസുകൾ

| ക്രമ നമ്പർ | റൂട്ട് | KSRTC | പ്രൈവറ്റ് |
|---|---|---|---|
| 1 | പത്തനാപുരം-ഏനാത്ത് | 1 | 2 |
| 2 | കടുവാത്തോട്-പട്ടാഴിമുക്ക്-അടൂർ | 2 | 4 |
| 3 | കുന്നിട-ചെളിക്കുഴി-കൈതപ്പറമ്പ്-അടൂർ | – | 2 |
| 4 | ഏനാത്ത്-മെതുകുമ്മേൽ-ആറാട്ടുപുഴ | – | 1 |
| 5 | കടുവാത്തോട്-മാലൂർ കോളേജ് | 1 | |
| 6 | പത്തനാപുരം-മാലൂർ കോളേജ് | 3 | |
| 7 | ഏനാത്ത്-കടുവാത്തോട്-പട്ടാഴി | – | 1 |
| 8 | ഏനാത്ത്-കടുവാത്തോട് | 1 | |
| 9 | അടൂർ-ചെളിക്കുഴി-പത്തനാപുരം | – | 2 |
| 10 | അടൂർ-കൈതപ്പറമ്പ്-പട്ടാഴി-പുനലൂർ | 1 | |

### പ്രശ്നങ്ങൾ

- പഞ്ചായത്ത് റോഡുകൾ പലതും ടാർ ചെയ്യേണ്ടതുണ്ട്.
- പുതിയ ബസ് സർവ്വീസുകളും റൂട്ടുകളും ഉണ്ടാകണം.
- റോഡുകൾക്ക് ഒന്നുംതന്നെ ഓടകളില്ല.
- ഇടവഴികളായിക്കിടക്കുന്ന പല റോഡുകളും വീതി കൂട്ടേണ്ടതാണ്.
- മിക്ക വാർഡുകളിലും വേണ്ടത്ര റോഡ് സൗകര്യമില്ല.
- വെയിറ്റിംഗ് ഷെഡ്ഡുകൾ നിലവിലില്ല.
- പല റോഡുകൾക്കും വേണ്ടത്ര വീതിയില്ല.
- വർഷത്തിലൊരിക്കൽപോലും അറ്റകുറ്റപ്പണി നടത്താത്ത റോഡുകൾ നിരവധിയാണ്.
- കടത്തുവള്ളക്കാരുടെ വേതനം തൃപ്തികരമല്ല.

- വള്ളക്കടവുകളിലെ മണൽ വാരൽ യാത്രയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.
- ജീപ്പ് സർവ്വീസുകൾ ബസ് സർവ്വീസുകളെ പ്രതികൂലമായി ബാധിക്കുന്നു.
- വഴിവക്കിൽ ബസ് സമയവിവരപ്പട്ടിക ഇല്ല.
- ബസ് സർവ്വീസുകൾ സമയകൃത്യത പാലിക്കുന്നില്ല.
- പ്രാഥമിക ആവശ്യങ്ങൾക്കുള്ള പൊതു സൗകര്യം ഗ്രാമത്തിൽ ഒരിടത്തും നിലവിലില്ല.
- നിരവധി പുതിയ റോഡുകൾ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്.
- പ്രധാന കേന്ദ്രങ്ങളിൽ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യങ്ങളില്ല.
- ബസ് സർവ്വീസുകൾ പരിമിതമാണ്.

### *സാദ്ധ്യതകൾ*

- ജനപങ്കാളിത്തത്തോടെയുള്ള റോഡുകളുടെ നിർമ്മാണം.
- ഓടകൾ നിർമ്മിക്കാൻ സന്നദ്ധസംഘടനകളുടെ പ്രവർത്തനം.
- ഗട്ടറുകൾ നികത്താൻ ബഹുജന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ പരിപാടി..
- പ്രധാനപ്പെട്ട എല്ലാ റോഡുകളും ടാർ ചെയ്യൽ.
- ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകൾക്കും പാലങ്ങൾക്കും കൈവരികൾ നിർമ്മിക്കൽ.
- റോഡ് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തൽ.
- റോഡുകളുടെ നിർമ്മാണത്തിൽ ഇടത്തട്ടുകാരെ ഒഴിവാക്കൽ.

## ഊർജ്ജം

ഒരു പ്രദേശത്തിന്റെ പുരോഗതിയുടെ നിർണ്ണായക ഘടകമാണ് ഊർജ്ജത്തിന്റെ ഉല്പാദനവും ഉപയോഗവും. നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഊർജ്ജ സ്രോതസ്സുകൾ വിറക്, മണ്ണെണ്ണ, വൈദ്യുതി, പാചകവാതകം എന്നിവയാണ്. ഗ്രാമീണരിൽ 85 ശതമാനം ആളുകളും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. 15 ശതമാനം ആളുകൾ മണ്ണെണ്ണയും പാചകവാതകവും വൈദ്യുതിയും ഉപയോഗിക്കുന്നു. വിറകും മണ്ണെണ്ണയും മാത്രമായിരുന്നു നമ്മുടെ ഗ്രാമവാസികൾ ഊർജ്ജാവശ്യത്തിനായി ഉപയോഗിച്ചിരുന്നത്. നമ്മുടെ ഗ്രാമത്തിൽ തെങ്ങുല്പന്നങ്ങളും കശുവണ്ടിത്തോടും റബ്ബർ വിറകുകളും വേനൽക്കാലത്ത് റബ്ബർകായതോടുകളും ഗാർഹികാവശ്യത്തിനായി ഉപയോഗിക്കുന്നു. ഇന്ന് പാചകാവശ്യത്തിനായി പാചക ഗ്യാസ്, ബയോഗ്യാസ് തുടങ്ങിയ ഊർജ്ജസ്രോതസ്സുകളെയും ആശ്രയിക്കുന്നു. ചാണകത്തിൽനിന്നും സൂര്യപ്രകാശത്തിൽനിന്നും ഉല്പാദിപ്പിക്കുന്ന ഊർജ്ജം നാമമാത്രമായിട്ടേ നമ്മുടെ ഗ്രാമത്തിലെ ആളുകൾ ഉപയോഗിക്കുന്നുള്ളു. ഗ്രാമത്തിലെ മിക്ക പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഇപ്പോഴും വൈദ്യുതി കടന്നുചെല്ലാത്ത ധാരാളം പ്രദേശങ്ങളുണ്ട്. ബയോഗ്യാസ് പ്ലാന്റുകളും സൗരോർജ്ജ ലാമ്പുകളും ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത നമ്മുടെ ഗ്രാമത്തിലുണ്ട്. പാചകഗ്യാസ് ഏജൻസി ഗ്രാമത്തിൽ നിലവിലില്ല.

നമ്മുടെ ഗ്രാമത്തിൽ ഭൂരിപക്ഷം ആളുകളും പാചകാവശ്യത്തിനായി വിറക് ഉപയോഗിക്കുന്നതിനാൽ അടുപ്പിൽനിന്നും ഉയരുന്ന പുക വീട്ടമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യത്തെ ബാധിക്കുന്നു. വിറകിലടങ്ങിയിരിക്കുന്ന ഇന്ധനമൂല്യത്തിന്റെ എട്ടിലൊന്നുപോലും യഥാർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നില്ല എന്നുള്ളതും പരമ്പരാഗത വിറകടുപ്പുകൾക്കുള്ള മറ്റൊരു പ്രധാന ദോഷമാണ്. ഇതിന് പരിഹാരമായി ബയോഗ്യാസ് അടുപ്പുകളും പുകയില്ലാത്ത മെച്ചപ്പെട്ട അടുപ്പുകളും പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. മെച്ചപ്പെട്ട അടുപ്പുകളുടെ പ്രചരണത്തിനായുള്ള ദേശീയ പരിപാടിയുടെയും (NPIC) അനർട്ട് (ANERT) സർക്കാർ സ്ഥാപനത്തിന്റെയും സഹായം ലഭ്യമാക്കാവുന്നതാണ്. തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് അടുപ്പ് സ്ഥാപിക്കുന്നതിനുള്ള വൈദഗ്ദ്ധ്യം ലഭ്യമാക്കി മെച്ചപ്പെട്ട അടുപ്പുകളുടെ ഉപയോഗം വർദ്ധിപ്പിക്കാവുന്നതാണ്. നമ്മുടെ ഗ്രാമത്തിൽ 30 വീടുകളിൽ മണ്ണെണ്ണയും 57 വീടുകളിൽ പാചക വാതകവും 2 വീടുകളിൽ വൈദ്യുതിയും 11 വീടുകളിൽ ബയോഗ്യാസും പാചകാവശ്യത്തിനായി നിലവിൽ ഉപയോഗിക്കുന്നു.

പത്തനാപുരം, ഏഴംകുളം, കുളക്കട ഇലക്ട്രിസിറ്റി ഓഫീസുകൾവഴിയാണ് നമ്മുടെ ഗ്രാമത്തിൽ വൈദ്യുതി വിതരണം നടക്കുന്നത്. 2740 കുടുംബങ്ങളുള്ളതിൽ 1940 പേർ വൈദ്യുതി ഉപഭോക്താക്കളാണ്. 315 കുടുംബങ്ങൾ അപേക്ഷ നൽകിവൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്നു. വഴിവിളക്കുകളായി 548 ബൾബുകളും 45 ട്യൂബ് ലൈറ്റുകളും ഉണ്ട്. എന്നാൽ ഇലക്ട്രിസിറ്റി ബോർഡിന്റെ അനാസ്ഥ കാരണം ഭൂരിഭാഗവും കത്തുന്നില്ല. 8 ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്. തെരുവുവിളക്കുകൾക്കായി ഗ്രാമപഞ്ചായത്ത് പ്രതിമാസം 3,908 രൂപ അടയ്ക്കുന്നുണ്ട്. ഈ രംഗത്ത് വോൾട്ടേജ് ക്ഷാമവും പവർകട്ടും പ്രശ്നങ്ങളായി നിലനിൽക്കുന്നു. നമ്മുടെ ഗ്രാമം മൂന്ന് വൈദ്യുതി ഓഫീസുകളുടെ കീഴിൽ ആയതിനാൽ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വൈദ്യുതീകരണം നടത്തുന്നതിന് സാങ്കേതിക തടസ്സങ്ങൾ നിലനില്ക്കുന്നു. വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിലെല്ലാം ഉടൻ വൈദ്യുതി എത്തിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനം വലിയ കമ്മി നേരിടുന്ന ഈ സാഹചര്യത്തിൽ വൈദ്യുതി ഉപയോഗിക്കുന്ന കാര്യത്തിൽ നാം വേണ്ടത്ര ശ്രദ്ധിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. അല്പം പോലും വൈദ്യുതി പാഴാകാതിരിക്കാനും അത്യാവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കുവാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

| | |
|---|---|
| ആകെ കുടുംബങ്ങൾ | 2740 |
| വൈദ്യുതി ഉപഭോക്താക്കൾ | 1940 |
| ഗാർഹികം | 1755 |
| വ്യാപാരം | 162 |
| വ്യാവസായികം | 10 |
| കാർഷികം | 13 |

### കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകർ

| | |
|---|---|
| Ordinary | 127 |
| OTP | 39 |
| OYEC | 149 |

### ട്രാൻസ്ഫോർമറുകൾ

| | |
|---|---|
| താഴത്തുവടക്ക് No.1 | 110 KVA |
| താഴത്തുവടക്ക് No.2 | 110 KVA |
| മെതുകുമ്മേൽ | 63 KVA |
| ചെളിക്കുഴി | 100 KVA |
| അംബേദ്കർ | 100 KVA |
| കുറ്റിക്കാട്ട് | 63 KVA |
| മാലൂർ കോളേജ് | 50 KVA |
| മണയറ | 100 KVA |

## പ്രശ്നങ്ങൾ

- വോൾട്ടേജ് ക്ഷാമം, അപ്രഖ്യാപിത പവർകട്ട്.
- വിറകുവില വർദ്ധനവും വിറകിന്റെ ലഭ്യതക്കുറവും.
- വൈദ്യുതി എത്താത്ത പ്രദേശങ്ങൾ അവശേഷിക്കുന്നു.
- പ്രധാന ജംഗ്ഷനുകളിൽ മെർക്കുറിലാമ്പ് ഇല്ല.
- വഴിവിളക്കുകൾ കത്താതിരിക്കാറുണ്ട്.
- ഇലക്ട്രിസിറ്റി ജീവനക്കാരുടെ അനാസ്ഥയും നിരുത്തരവാദിത്വവും.
- രണ്ടുവശങ്ങളിൽ വന്നുനിൽക്കുന്ന വൈദ്യുതി ലൈൻ കാരണം ഇടയ്ക്ക് വഴിവിളക്കില്ലാത്ത സ്ഥിതിയും ലൈൻ കണക്ഷൻ കിട്ടാത്ത സ്ഥിതിയും നിലവിലുണ്ട്. ഉദാ: വില്ലേജ് ഓഫീസ് വൈദ്യുതീകരണം.
- വൈദ്യുതി കണക്ഷന് താമസം നേരിടുന്നു.
- കറണ്ടുചാർജ്ജ് അടയ്ക്കാനുള്ള ഗ്രാമപഞ്ചായത്തിലെ സൗകര്യംവിപുലമല്ല.
- ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസ് ഗ്രാമത്തിലില്ല.
- പുകയില്ലാത്ത അടുപ്പ് സ്ഥാപിച്ചുകിട്ടാൻ ഗ്രാമത്തിൽ സംവിധാനമില്ല.

## സാദ്ധ്യതകൾ

- പഞ്ചായത്ത്തലത്തിൽ ഊർജ്ജ സംരക്ഷണ സമിതി.
- പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കാൻ വിപുലമായ പരിപാടി.

- സോളാർ ലാമ്പ്, കുറഞ്ഞ വോൾട്ടേജിൽ കത്തുന്ന ട്യൂബ് തുടങ്ങിയവല ഭി ക്കാൻ അനർട്ടിന്റെ സേവനം പ്രയോജനപ്പെടുത്തൽ.
- വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചു മാറ്റാൻ ജനകീയ ഇടപെടൽ.
- ഊർജ്ജ ലാഭമുള്ള വൈദ്യുത ദീപങ്ങൾ പ്രചരിപ്പിക്കൽ.
- ഊർജ്ജ സംരക്ഷണ ബോധവൽക്കരണം.

## മാർക്കറ്റ്

കാർഷികപ്രധാനഗ്രാമമാണ് പട്ടാഴി വടക്കേക്കരഗ്രാമപഞ്ചായത്ത്. റബ്ബർ കൃഷിയുടെ സർവ്വവ്യാപനത്തിനു മുൻപ് താരതമ്യേന ഉയർന്ന പ്രദേശങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നില്ല. ഈ സ്ഥലങ്ങൾ പറങ്കിമാവ്, വയണ, കാഞ്ഞിരം, മരോട്ടി, പുന്ന, മാവ്, പ്ലാവ്, ആഞ്ഞിലി മുതലായവൃക്ഷങ്ങളാൽ സമ്പുഷ്ടമായിരുന്നു. ഇടഭാഗങ്ങളിൽ സർവ്വസാധാർണമായി കോലിഞ്ചി, ചിറ്റരത്ത, നറുനീണ്ടി എന്നീ ഔഷധപ്രധാനങ്ങളായ വിഭവങ്ങൾ പ്രകൃതിജന്യമായി സുലഭമായിരുന്നു.

വയണപ്പൂവ്, കാഞ്ഞരക്കുരു,മരോട്ടിയ്ക്കാ, പുന്നയ്ക്കാ, കോലിഞ്ചി, ചിറ്റരത്ത, നറുനീണ്ടി എന്നീ ഉല്പ്പന്നങ്ങൾ വാങ്ങുന്നതിനായി വിദൂര സ്ഥലങ്ങളിൽന്നിന്നും കച്ചവടക്കാർ ഒറ്റയ്ക്കും കൂട്ടായും വരുക പതിവായിരുന്നു. പ്രധാനവിളകൾ കശുവണ്ടിയും നാളീകേരവും കുരുമുളകും ആയിരുന്നു. കശുവണ്ടിയും കുരുമുളകും ഗ്രമത്തിലെ തന്നെ ചെറുകിടകച്ചവടക്കാർ ശേഖരിച്ച് വിദൂരകമ്പോളങ്ങളിൽ വിപണനം നടത്തിപ്പോന്നു. കായംകുളം, കരുനാഗപ്പള്ളി, കൊല്ലം തുടങ്ങിയ സ്ഥലങ്ങളിലെ കച്ചവടക്കാരെത്തി നാളീകേരം ശേഖരിക്കുകയും അവ മാലികളായി കല്ലടയാറ്റിലൂടെ കൊണ്ടുപോവുകയായിരുന്നു. ഇവിടെ വ്യാപകമായി ഉണ്ടായിരുന്ന കാളക്കര പുല്ല് പുൽതൈലം നിർമാണത്തിന് പേരുകേട്ടതായിരുന്നു. ഇന്നത്തെ ഗ്രാമപഞ്ചായത്തിന്റെ പല ഭാഗത്തും ഏകദേശം 30 വർഷത്തിനു മുൻപവരെ വ്യാവസായികാടിസ്ഥാനത്തിൽ പുൽതൈലനിർമാണം നടന്നിരുന്നു. ആറ്റുതീര പ്രദേശങ്ങളും താഴ്ന്ന വയലേലകളും കരിമ്പുകൃഷിക്ക് ഉപയോഗിച്ചിരുന്നു. ഇവിടെ തന്നെ നാടൻ ചക്കുകളുടെ സഹായത്തോടെ കരിമ്പ് സംസ്കരിച്ച് ശർക്കരഉണ്ടാക്കി ഗ്രാമത്തിലും ഗ്രാമത്തിനു പുറത്തും വില്പന നടത്തിയിരുന്നു. പന്തളം ഷുഗർമില്ലിന്റെ ആവിർഭാവത്തോടെ കരിമ്പ് വ്യാപകമായി അവിടേയ്ക്ക് കയറ്റ് അയച്ചിരുന്നു. എന്നാൽ മന്നം ഷുഗർമില്ലിന്റെ പ്രവർത്തനം സ്തംഭിച്ചതോടെ കരിമ്പിന്റെ വിപണി കുറയുകയും തുടർന്ന് കരിമ്പുകൃഷി പാടെ ഉപേക്ഷിക്കേണ്ടിവരികയും ചെയ്തു. പണത്തിനു വേണ്ടിയുള്ള പരക്കംപാച്ചിലിനിടയിൽ കുന്നിൻപുറങ്ങളും, നെൽപാടങ്ങളും കൃഷിഭൂമിയുടെ ഏറിയപങ്കും റബ്ബർകയ്യടക്കി. തൽഫലമായി മേൽപറഞ്ഞ പ്രകൃതിജന്യവിഭവങ്ങളെല്ലാം ഇന്ന് അന്യമായിതീർന്നുവെന്നു പറയാം.

റബ്ബർ, നെല്ല്, നാളീകേരം, ഏത്തവാഴ, വെട്ടുചേമ്പ്, ചെറുചേമ്പ്, ചേന കാച്ചിൽ. ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കുരുമുളക്, പയർവർഗങ്ങൾ വെറ്റില ഇവ സാധാരണയായും പടവലം, പാവൽ, കോവൽ, ചീര, വെള്ളരി,മത്തൻ, കുമ്പളം, നാരകം എന്നിവ ഭാഗീകമായും കൃഷി ചെയ്യുന്നു.

പ്രധാന ഉല്പന്നമായ റബ്ബറിന് ഒരു പൊതുവിപണിയോ സഹകരണവിപണിയോ ഗ്രാമത്തിലില്ല. എന്നാൽ പ്രധാന കേന്ദ്രങ്ങളിലെല്ലാം സ്വകാര്യഏജൻസികൾ റബ്ബർ വിലയ്ക്കെടുക്കുന്നുണ്ട്. പക്ഷേ ഏകീകൃതമായ വില കർഷകർക്ക് ലഭ്യമാകുന്നില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 റബ്ബർ ഉല്പാദകസംഘങ്ങൾ റബ്ബർ സമാഹരണം നടത്തുകയും റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിമുഖേന വില്പന നടത്തുന്നതിനുള്ള സൗകര്യവും ഉണ്ടാവുകയും ചെയ്താൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. റബ്ബർ ഒഴികെയുള്ള കാർഷിക വിളകളുടെ വിലിപനയ്ക്ക് മാർക്കറ്റിംഗ് സംവിധാനം വളരെ അപര്യാപ്തമാണ്. ഇന്ന് ഇവിടുത്തെ കാർഷികോല്പന്നങ്ങളെല്ലാം വിദൂരസ്തങ്ങളായ പറക്കോട്, പത്തനാപുരം, കലയപുരം, കുന്നിക്കോട്, പട്ടാഴി എന്നീ ചന്തകളിലൂടെയാണ് വിറ്റഴിയ്ക്കപ്പെടുന്നത്. തന്മൂലം കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കു പുറമേ സാമ്പത്തിക നഷ്ടവും അനുഭവപ്പെടുന്നു. ചെളിക്കുഴി കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അന്തിച്ചന്ത

ആഴ്ചച്ചന്തയായി ഉയർത്തിയും ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും പ്രധാന കേന്ദ്രങ്ങളിൽ അന്തിച്ചന്തകൾ ഏർപ്പെടുത്തിയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. മത്സ്യക്കൃഷി ഇവിടെയില്ലെങ്കിലും മത്സ്യം വാങ്ങി വില്പന നടത്തുന്ന തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ ഉണ്ട്. എന്നാൽ പ്രധാന ജംഗ്ഷനുകളിലും റോഡുകളിലമാണ് മത്സ്യവിപണനം ഇപ്പോൾ നടത്തുന്നത്. ഇത് പരിസരമലിനീകരണത്തിനും പൊതുജനാരോഗ്യത്തിനും ഹാനികരമാകുന്നു. അതുകൊണ്ട് മത്സ്യം, മാംസം എന്നിവയുടെ വില്പനയ്ക്ക് പ്രത്യേക സൗകര്യം ഉണ്ടാക്കേണ്ടതാണ്.

സഹകരണാടിസ്ഥാനത്തിൽ റബ്ബർ ഉപയോഗച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതും വിപണനം നടത്തുന്നതുമായുള്ള സംരഭങ്ങൾക്ക് ഇവിടെ നല്ലസാദ്ധ്യതയുണ്ട്. അതുപോലെതന്നെ വളരെ കൂടുതലായി ഉല്പാദിപ്പിക്കുന്ന ഏത്തയ്ക്കാ ഉപയോഗിച്ച് ഭക്ഷ്യോല്പന്നങ്ങൾ (വറ്റൽ, ശർക്കരവരട്ടി) നിർമ്മിച്ച് വിപണനം നടത്തുന്നതിന് ഇവിടെ വൻതോതിൽ സാദ്ധ്യതയുണ്ട്. ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നിന്റേയും അധികലഭ്യതയും ഇല്ലായ്മയും സന്തുലനം ചെയ്യാനുള്ള കരുത്തുറ്റ വ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്ത് വിപണന സംവിധാനം കരുപിടിപ്പിക്കുന്നത് സ്വാശ്രയഗ്രാമത്തിലേക്കുള്ള നമ്മുടെ ആദ്യത്തെ കാൽവെപ്പായിരിക്കും.



# 5.5

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## *പാർപ്പിടം*

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയാണ്. പുരാതന മദ്ധ്യശിലാകാലത്ത് മനുഷ്യൻ എവിടെയും സ്ഥിരതാമസം ഉറപ്പിച്ചിരുന്നില്ല. മഴ, മഞ്ഞ്, വേനൽ,എന്നിവയിൽനിന്നും അവന് അഭയം നൽകിയത് ഗുഹകളാണ്. നവീനശിലായുഗകാലഘട്ടത്തിലെ സംസ്കാരത്തിന്റെ വളരെ വികാസം പ്രാപിച്ച ഘട്ടത്തിലാണ് മനുഷ്യൻ വീടുകൾ നിർമ്മിക്കാൻ തുടങ്ങിയത്. കമ്പ്, ഇല, പുല്ല് തുടങ്ങിയ സാധനങ്ങൾ ഉപയോഗിച്ച് ആരംഭിച്ച വീട് നിർമ്മാണം ഇന്ന് അത്യാധുനിക സൗകര്യങ്ങളോടുകൂടി ബഹുനിലമന്ദിരങ്ങളിൽ എത്തി നിൽക്കുന്നു. പാർക്കാൻ ഒരിടം എന്നതിൽ നിന്ന് ആഡംബരത്തിന്റെയും ധൂർത്തിന്റെയും പൊങ്ങച്ചത്തിന്റെയയും രംഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇന്ന് ഗൃഹനിർമ്മാണം ഈ സാഹചര്യത്തിൽ സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിലെ പാർപ്പിടങ്ങളെ പരിശോധിക്കാം.

1994ലെ സാമൂഹ്യസാമ്പത്തിക സർവ്വേ (വിഭവഭൂപടം) പ്രകാരം 2741 വീടുകളാണ് നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉണ്ടായിരുന്നത്. വീടുകളുടെ എണ്ണവും പ്രത്യേകതകളും വാർഡുതിരിച്ച് പട്ടിക 1ൽ താഴെ കൊടുത്തിരിക്കുന്നു.

### *വീടുകളുടെ തരം*

(സാമൂഹ്യ സാമ്പത്തികസർവ്വേ വിഭവ ഭൂപടനിർമ്മാണം.)

| വാർഡ് | മേച്ചിൽ | ഓടിട്ടത് | ഓടും വാർപ്പും കൂടി | വാർത്തത് |
|---|---|---|---|---|
| 1 | 48 | 6 | 204 | 38 |
| 2 | 23 | 7 | 226 | 54 |
| 3 | 105 | 55 | 297 | 24 |
| 4 | 60 | 11 | 213 | 45 |
| 5 | 43 | 34 | 210 | 12 |
| 6 | 89 | 23 | 212 | 35 |
| 7 | 75 | 19 | 224 | 33 |
| 8 | 42 | 11 | 230 | 31 |
| ആകെ | 485 | 166 | 1816 | 272 |

1996ലെ ഗ്രാമ പഞ്ചായത്ത് കണക്ക് പ്രകാരം 3571 കെട്ടിടങ്ങളാണ് ഇവിടെ ഉള്ളത്. ഇത് കടകളും കൂടി ചേർന്ന കണക്കാണ്. ഇതു പ്രകാരം കെട്ടിടങ്ങളുടെ പൊതുസ്ഥിതി പട്ടിക 11ൽ കൊടുക്കുന്നു.

***കെട്ടിടങ്ങളുടെ വിവരണം***
***(പഞ്ചായത്ത് ഓഫീസ് രേഖ)***

| ഒന്നിലധികം നിലകൾ | ഒറ്റ നില കോണക്രീറ്റ് | ഓടു മേഞ്ഞത് | ഓല മേഞ്ഞത് | മറ്റുള്ളവ |
|---|---|---|---|---|
| 26 | 343 | 2463 | 571 | 168 |

വൻകിട കെട്ടിട നിർമ്മാണം ഇവിടെ കുറവാണ്. ഓല മേഞ്ഞതും മറ്റ് മേച്ചിൽ (ഷീറ്റ് )ഉള്ളതുമായി 739 കെട്ടിടങ്ങൾ ഇവിടെ ഉണ്ട്.

ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വാസയോഗ്യമായ വീടില്ലാത്തവരായി 739 കുടുംബങ്ങളും, സ്വന്തം ഭൂമി ഉള്ളവരും എന്നാൽ ഭവനരഹിതരുമായ 250ൽ പരം കുടുംബങ്ങളും ഉണ്ട്. ഇതിൽ 90% ആളുകളും സ്വന്തമായി വീട് ഉണ്ടാക്കാൻ കഴിവില്ലാത്തവരാണ്. ഇവരുടെ പ്രശ്നത്തിന് മുൻഗണന നൽകണം.

ഗ്രാമപഞ്ചായത്തിൽ 3 ലക്ഷം വീടു കോളണികൾ ഉണ്ട്. ഇവിടെ ഒരേ വീട്ടിൽതന്നെ ഒന്നിലധികം കുടുംബങ്ങൾ അധിവസിക്കുന്നു. ഈ കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലും ആണ്. കോളണികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പരിസരമലിനീകരണം അടക്കമുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നു.

ഏകദേശം 2530 വർഷം മുൻപ് ഇവിടെ മൺഭിത്തികളോടുകൂടിയതും പുല്ല്, ഓല, പനയോല, എന്നിവകൊണ്ട് മേഞ്ഞതും ചാണകം മെഴുകിയ തറകളും ഉള്ള വീടുകളായിരുന്നു ഏറെയും. കാലക്രമേണ അത് കല്ലും ഇഷ്ടികയും കൊണ്ടുള്ള ഭിത്തിയും ഓടുമേഞ്ഞതോ കോൺക്രീറ്റോ ആയ മേൽക്കൂരകളും ഉള്ളവയായി രൂപാന്തരപ്പെട്ടു.

ഗൾഫു പണം ഉപയോഗപ്പെടുത്തി ബഹുനില മന്ദിരങ്ങളുടെ നിർമ്മാണം നമ്മുടെ പ്രദേശത്ത് താരതമ്യേന കുറവാണ്. കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുന്ന എല്ലാ സാധനങ്ങൾക്കും ഇപ്പോൾ വൻപിച്ച വിലക്കയറ്റം അനുഭവപ്പെടുന്നു. പാറ, മണൽ, ഇഷ്ടിക, തടി, സിമന്റ്, കമ്പി തുടങ്ങിയ എല്ലാ ഇനം കെട്ടിട നിർമ്മാണ സാമഗ്രികൾക്കും അനുഭവപ്പെടുന്ന വിലക്കയറ്റം സാധാരണക്കാരന് കെട്ടിടനിർമ്മാണത്തിന് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

വൈദഗ്ധ്യം നേടിയ കെട്ടിടനിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം ഈ മേഖലയിൽ അനുഭവപ്പെടുന്നുണ്ട്. ഈ വിഭാഗത്തിന്റെ കൂലിയിലും സാരമായ മാറ്റം വന്നു. കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് ഉണ്ടായ വ്യതിയാനം പട്ടികയിൽ നിന്ന് ഗ്രഹിക്കാം.

***കൂലിനിരക്ക്***

| തൊഴിലാളിവിഭാഗം | 1991 | 1996 |
|---|---|---|
| മേസ്തിരിമാർ | 70 | 130 |
| ആശാരിമാർ | 70 | 130 |
| മൈക്കാട്കാർ | 50 | 100 |

കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള വീട് നിർമ്മാണം ഈ പ്രദേശത്ത് ചുരുക്കം ആണ്. ചെലവ്കുറഞ്ഞ കെട്ടിടനിർമ്മാണ സമ്പ്രദായത്തിന് വേണ്ടത്ര പ്രചാരണം ലഭിച്ചിട്ടില്ല. നിലം നികത്തി വീട് ഉണ്ടാക്കുന്ന പ്രവണത നമ്മുടെ പ്രദേശത്ത് കാര്യമായി ഇല്ല. ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനം ഒന്നും ഗ്രാമപ്രദേശത്ത് ഇല്ല. ഈ പഞ്ചായത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പാർപ്പിടരംഗത്തുള്ള പ്രശ്നങ്ങളും സാധ്യതകളും എന്തെല്ലാം എന്ന് പരിശോധിക്കാം.

## *പ്രശ്നങ്ങൾ*

- ❒ കെട്ടിടനിർമാണസാമഗ്രികളുടേയും ഭൂമിയുടേയും വിലക്കയറ്റം.
- ❒ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ദൗർലഭ്യം.
- ❒ ഭവനനിർമാണ സഹകരണസംഘം ഇല്ല.
- ❒ ലക്ഷംവീടുകളുടെ ശോചനീയാവസ്ഥ.
- ❒ ദുർബലജനവിഭാഗത്തിന് നൽകുന്ന ഗ്രാന്റ് അപര്യാപ്തത.
- ❒ വിവിധ ഏജൻസികളുടെ ഭവനനിർമാണ പദ്ധ

തികളെക്കുറിച്ച് അറിവില്ലായ്മ.

- സ്ഥിരവരുമാനം ഇല്ലാത്തവർക്ക് കെട്ടിട നിർമ്മാണ വായ്പ ലഭിക്കുന്നിതിന് ബുദ്ധിമുട്ട്.
- ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിന് ഭൂമി കണ്ടെത്തുന്നതിന് ഫലപ്രദമായ നടപടി ഇല്ല.
- ചെലവുകുറഞ്ഞ വീടുനിർമ്മാണ ഉപകരണങ്ങളുടേയും സാങ്കേതിക വിദ്യയുടേയും അഭാവം.
- ഭവനനിർമ്മാണ പദ്ധതികൾക്ക് അപേക്ഷ നൽകിയവർക്ക് ആധാരം തിരിച്ചു കിട്ടാനുള്ള ബുദ്ധിമുട്ട്.
- ഓലമേഞ്ഞ മേൽക്കൂരവീടിന്റെ ആവർത്തന ചിലവ്.

### സാധ്യതകൾ

- വിലവർദ്ധനവുകൂടി പരിഗണിച്ച് വായ്പാ ധന സഹായ തോതു വർദ്ധിപ്പിക്കുക.
- ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിച്ച് ലളിതമായതും ഉദാരമായതും ആയ വ്യവസ്ഥകളോടെ വായ്പാവിതരണം.
- തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താൻ പരിശീലനം.
- കോളണികളുടെ പ്രശ്നങ്ങൾക്ക് മുൻഗണന.
- വിവിധ ഭവനനിർമ്മാണ പദ്ധതികളെക്കുറിച്ച് ജനപങ്കാളിത്തത്തോടെ പ്രചരണം.
- ഭൂരഹിതർക്കും, നിർദ്ധനർക്കും ആയി ഗ്രാമതലത്തിൽ പ്രത്യേകം ഭവനനിർമ്മാണ പദ്ധതി.
- വലിയകെട്ടിടങ്ങളുടെ നിർമ്മാണത്തിന് നികുതി വർദ്ധിപ്പിക്കുക.
- ചെലവുകുറഞ്ഞവീട്ടുനിർമ്മാണ രീതിയെക്കുറിച്ച് ബോധവൽക്കരണം.
- റബ്ബർതടി സംസ്കരിച്ച് കെട്ടിടനിർമ്മാണത്തിന് ഉപയോഗപ്പെടുത്താൻ പദ്ധതി.
- സമയബന്ധിതമായി മുഴുവൻ വീടുകളും ഓടു മേഞ്ഞത് ആക്കുന്നതിനുള്ള പദ്ധതി.

## സാമൂഹ്യക്ഷേമം

വികസനം എന്ന ആശയം ഏറെ ആശയക്കുഴപ്പത്തിനും വിവാദത്തിനും ഇടനൽകിയ ഒരു സങ്കൽപ്പമാണ്. വികസനമെന്നു പറയുമ്പോൾ നമ്മുടെ മനസിലെത്തുക പുരോഗതിയെക്കുറിച്ചുള്ള ചില ധാരണകളും ചില സർക്കാർ പദ്ധതികളുമാണ്. മറിച്ച് വികസനം എന്നു പറയുമ്പോൾ എല്ലാവർക്കും തൊഴിൽ, ഭക്ഷണം, കുടിവെള്ളം, ആരോഗ്യം, പാർപ്പിടം എന്നൊരു ചിത്രമാണ് തെളിഞ്ഞുവരേണ്ടത്. ആസൂത്രണത്തിന്റെ പ്രധാന വെല്ലുവിളികൾ തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ്. ഈ രണ്ട് അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലൂടെ മാത്രമേ സാമൂഹ്യക്ഷേമം കൈവരൂ. ചുരുക്കി പറഞ്ഞാൽ ദാരിദ്ര്യനിർമാർജനമാണ് സാമൂഹ്യക്ഷേമം എന്നു പറയുന്നത്. പാവപ്പെട്ടവർക്കുമാത്രം പ്രയോജനം കിട്ടുന്ന സാമൂഹ്യക്ഷേമ ആസ്തികളാണ് ദാരിദ്ര്യനിർമ്മാർജ്ജനത്തിലൂടെ നിർമ്മിക്കേണ്ടത്. പക്ഷേ ഇന്ന് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പല പദ്ധതികളും അങ്ങനെയല്ല.

നാഷണൽ സർവ്വേ ഓർഗനൈസേഷന്റെ (N.S.O) സർവേപ്രകാരം 1971 ൽവാർഷികവരുമാനം 3500/- രൂപയിൽ താഴെ വരുമാനമുള്ള കുടുംബമായിരുന്നു ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ. 1992ലെ കണക്കുപ്രകാരം വാർഷികവരുമാനം 11000 രൂപയിൽ താഴെ വരുമാനമുള്ള കുടുംബമാണ് ദാരിദ്ര്യരേഖയ്ക്കു താഴെ. ദേശീയ അടിസ്ഥാനത്തിൽ നോക്കുമ്പോൾ 30% ജനങ്ങൾ ഈ വിഭാഗത്തിൽ വരുന്നു. 1992ലെ IRDP സർവ്വേ പ്രകാരം നമ്മുടെ ഗ്രാമത്തിൽ 3167 കുടുംബങ്ങൾ ഉള്ളതിൽ 1688 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ഇത് 52% ആണ്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ IRDP സർവ്വേവിവരം പട്ടികയായി താഴെ കൊടുക്കുന്നു.

IRDP സർവ്വേ – ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം.

| വാർഡ് | സർവ്വേ കണ്ടെത്തിയ കുടുംബം | SC/ST കുടുംബം | നാളിതുവരെ സഹായം ലഭിച്ചവർ | സഹായം ലഭിച്ച SC | സഹായംമൂലം ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയവർ | ഇനിയും അവശേഷിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 165 | 52 | 48 | 22 | 14 | 151 |
| 2 | 209 | 38 | 39 | 16 | 18 | 191 |
| 3 | 327 | 99 | 42 | 23 | 19 | 308 |
| 4 | 238 | 11 | 29 | 6 | 20 | 218 |
| 5 | 303 | 44 | 42 | 18 | 17 | 276 |
| 6 | 216 | 33 | 34 | 17 | 22 | 194 |
| 7 | 120 | 20 | 20 | 5 | 15 | 105 |
| 8 | 110 | 15 | 20 | 6 | 14 | 96 |
| ആകെ | 1688 | 312 | 274 | 113 | 149 | 1539 |

രണ്ടുതരത്തിലുള്ള സാമൂഹ്യക്ഷേമപദ്ധതികളാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ദാരിദ്ര്യനിർമാർജ്ജനപദ്ധതികളും, വിവിധവിഭാഗക്കാർക്കുള്ള ധനസഹായ പദ്ധതികളും. IRDP പദ്ധതി പ്രകാരം ആനുകൂല്യം പ്രതിവർഷം ശരാശരി 69 കുടുംബങ്ങൾക്കാണ് ലഭിച്ചത്. ആകെയുള്ള ദരിദ്രകുടുംബങ്ങളിൽ 6% മാത്രമാണ് ഇത്. ആനുകൂല്യം ലഭിച്ചതിൽ നല്ലൊരു ശതമാനം ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയിട്ടില്ല.

1995ലെ വില്ലേജ് ഓഫീസ് കണക്ക് അനുസരിച്ച് വിവിധ ധനസഹായം ലഭിക്കുന്നവരുടെ സ്ഥിതിവിവരം പട്ടികയായി താഴെ കൊടുക്കുന്നു.

## *വിവിധ ധനസഹായം ലഭിക്കുന്നവർ*

| വാർദ്ധക്യകാല പെൻഷൻ | വികലാംഗ പെൻഷൻ | വിധവാ പെൻഷൻ | തൊഴിലില്ലായ്മ വേതനം | കർഷകത്തൊഴിലാളി പൻഷൻ |
|---|---|---|---|---|
| 20 | 78 | 62 | 164 | 389 |

അർഹരായ അനേകർ ഇനിയും ഇതിന്റെ പരിധിയിൽ വരേണ്ടിയിരിക്കുന്നു. ട്രൈസം പദ്ധതിയനുസരിച്ച് 8-ാം പദ്ധതിക്കാലത്ത് നമ്മുടെ ഗ്രാമപഞ്ചായത്തിൽ 21 പേർക്ക് തൊഴിൽ പരിശീലനം നൽകി ഇവരിൽ ആരും തന്നെ പരിശീലനം നേടിയ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തിയിട്ടില്ല.

DWCRA പദ്ധതി പ്രകാരം മൂന്ന് യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1. മെതുകുമ്മേൽ

അംബദ്കർമെമ്മോറിയൽ ബാംബുവർക്സ് 2. ഏറത്തുവടക്ക് പ്രയദർശിനി ഡയറി യൂണിറ്റ്. 3. മാലൂർ ജ്യോതി റെഡിമെയ്ഡ്സ്. ഇതിൽ മെതുകുമ്മേൽ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. മറ്റുയൂണിറ്റുകൾ പദ്ധതിവിഭാവനം ചെയ്യുന്ന തരത്തിൽ പ്രവർത്തിക്കുന്നില്ല. ഭാഗീകമായി പ്രവർത്തിക്കുന്നു. സ്ത്രീകൾക്കിടയിലെ അനൈക്യവും ശരിയായ നേതൃത്വം ഇല്ലായ്മയും ഇതിന്റെ പരാജയകാരണങ്ങളാണ്.

ഗ്രാമപഞ്ചായത്തിൽ 15 അംഗൻവാടികൾ പ്രവർത്തിക്കുന്നതിൽ 6 എണ്ണത്തിന് സ്വന്തമായി കെട്ടിടം പോലും ഇല്ല. മറ്റുള്ളവയുടെ പരിമിതി ഏറെയാണ്. ഇവയ്ക്ക് വേണ്ട അടിസ്ഥനസൗകര്യങ്ങൾ ഉണ്ടാക്കാൻ അടിയന്തിര ശ്രദ്ധ വേണം.

സാമൂഹ്യ ക്ഷേമവകുപ്പുവഴി നടപ്പിലാക്കുന്ന വിവിധപദ്ധതികളുടെ സഹായം ഗ്രാമപ്ചായത്തിൽ ലഭിച്ചിട്ടുള്ളവർ വിരളമാണ്. വികലാംഗർക്കുള്ള യാത്രാബത്ത, വികലാംഗർക്കുള്ള തൊഴിൽപരിശീലനം, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള വിവിധ പദ്ധത്കൾ എന്നിവയെപ്പറ്റി ഗുണഭോക്താക്കൾക്ക് അറിവില്ല. ഈ ഇനങ്ങളിലുള്ള ആനുകൂല്യം അർഹരായ എല്ലാവർക്കും കിട്ടുന്നതിനുള്ള ജനകീയപ്രവർത്തനം വേണം.

നമ്മുടെ ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്ന ചില സാമൂഹ്യക്ഷേമപദ്ധതികളും താഴെ സൂചിപ്പിക്കുന്നു. ഗ്രാമവികസനവകുപ്പ്, ലാസെക്രട്ടറിയേറ്റ്, ഉന്നതവിദ്യാഭ്യാസവകുപ്പ്, തൊഴിൽപരിശീലന ഡയറക്ടറേറ്റ്, പബ്ലിക്റിലേഷൻസ്വകുപ്പ്, ആസൂത്രണസാമ്പത്തിക കാര്യവകുപ്പ് എന്നിവയുടെ പരിധിയിൽവരുന്ന നിരവധി ക്ഷേമ പദ്ധതികളുണ്ട്. കേരള തൊഴിലാളി ക്ഷേമനിധിബോർഡ് കർഷകത്തൊഴിലാളി ക്ഷേമനിധി, കേരള കൈത്തൊഴിലാളി ക്ഷേമനിധി, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, വനിതാവികസനകോർപറേഷൻ, സാമൂഹ്യക്ഷേമഉപദേശകബോർഡ് എന്നിവയുടെ കീഴിൽ വരുന്ന ഒട്ടനേകം പദ്ധതികളുണ്ട്. ഈ പദ്ധത്കളിലൂടെ ഗുണം ലഭിക്കേണ്ട നല്ലൊരു വിഭാഗത്തിന് അത് ലഭിക്കുന്നില്ല. ഈ പദ്ധതികൾ എല്ലാം വഴി ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നതിനുള്ള അവകാശം ഗ്രാമപഞ്ചായത്തിന് ലഭിച്ചാൽ ഈ രംഗത്ത് മാറ്റം വരുത്താം.

### *പ്രശ്നങ്ങൾ*

- IRDP ലിസ്റ്റിൽ അർഹതപ്പെട്ട എല്ലാവരും ഇല്ല. അനർഹർ കടന്നുകൂടിയിട്ടുണ്ട്.
- അർഹതപ്പെട്ട എല്ലാവർക്കും ധനസഹായം ലഭിക്കുന്നില്ല.
- വിവിധക്ഷേമപദ്ധതികളെപ്പറ്റി അജ്ഞത നിലനില്ക്കുന്നു.
- ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനുള്ള ധനസഹായം ഇല്ല.
- പലക്ഷേമ പദ്ധതികളുടേയും നടത്തിപ്പ് കാര്യക്ഷമമല്ല.
- ദാരിദ്ര്യനിർമ്മാർജനപദ്ധതികൾ ലക്ഷ്യം നേടുന്നില്ല.
- തൊഴിലാളി ക്ഷേമപദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നില്ല.
- അംഗൻവാടി പ്രവർത്തനത്തിൽ പ്രശ്നങ്ങൾ.
- അത്യാവശ്യ ഘട്ടങ്ങളിൽ രക്തം ആവശ്യമാകുമ്പോൾ പ്രത്യേക ഗ്രൂപ്പിൽ പെട്ടവരെ കണ്ടെത്താൻ പ്രയാസം.

### *സാദ്ധ്യതകൾ*

- IRDP ലിസ്റ്റ് കുറ്റമറ്റതാക്കുക. ഗ്രാമപഞ്ചായത്ത് സമിതി, സന്നദ്ധപ്രവർത്തകർ എന്നിവരുടെ സഹായം ഇതിന് ഉപയോഗപ്പെടുത്താം.
- അർഹരായ എല്ലാവർക്കും ധനസഹായം ലഭിക്കുന്നുണ്ടോ എന്ന് ജനകീയ പരിശോധന.
- ദാരിദ്ര്യരേഖയുടെ മാനദണ്ഡമായി നിശ്ചയിച്ചിരിക്കുന്ന വാർഷികവരുമാന പരിധി ഉയർത്തുക.
- വിവിധ പെൻഷൻ പദ്ധതികളുടെ തുക കാലോചിതമായി വർദ്ധിപ്പിക്കുകയും വിതരണം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.
- വിവിധക്ഷേമ, ധനസഹായ പദ്ധതികളെക്കു

റിച്ച് ബോധവൽക്കരണം.

- IRDP ഗുണഭോക്താക്കളെ കണ്ടെത്താൻ പദ്ധതി നടപ്പിലാക്കൽ എന്നിവയിൽ എല്ലാം ജനകീയ പങ്കാളിത്തം ഉറപ്പാക്കണം.
- അംഗൻവാടികൾക്ക് ജനകീയകമ്മിറ്റികൾ രൂപീകരിക്കുകയും ലഭ്യമാകുന്ന സമ്പത്ത് ഈ സമിതികളിലൂടെ വിനിയോഗിക്കുകയും ചെയ്യുക.
- അംഗൻവാടിയോട് ചേർന്ന് ക്രഷ് നിർമ്മിക്കുക.
- ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 15നും 45നം ഇടയിൽ പ്രായമുള്ളവരുടെ രക്തഗ്രൂപ്പ് നിർണ്ണയിച്ച് വാർഡടിസ്ഥാനത്തിൽ രജിസ്റ്റർ ഉണ്ടാക്കുക.
- മഹിളാസമാജങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് ക്ഷേമപ്രവർത്തനത്തിന് നേതൃത്വം ഏൽപ്പിക്കുക.
- കെട്ടിടം ഇല്ലാത്ത 6 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുകയും ഉള്ളവയ്ക്ക് അറ്റകുറ്റപ്പണി നടത്തിക്കുകയും ചെയ്യുക.
- അംഗൻവാടി ജീവനക്കാരുടെ സേവന - വേതന വ്യവസ്ഥകൾ ഉയർത്തുക.
- പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കണം.

# 5.6



# കുടിവെള്ളവും പൊതുജനാരോഗ്യവും

## *പൊതുജനാരോഗ്യം*

ആരോഗ്യമുള്ള സമൂഹമാണ് രാജ്യത്തിന്റെ സമ്പത്ത്. അടിസ്ഥാന സേവനങ്ങളിലൊന്നായ ആരോഗ്യ മേഖലയെ ഒരു സാമൂഹിക ഉത്തരവാദിത്തമായി കണ്ടുകൊണ്ട് പദ്ധതികൾ നടപ്പിലാക്കിയ ഒരു സംസ്ഥാനമാണ് കേരളം. ഇതുകൊണ്ട് ശിശുമരണ നിരക്ക്, ആയുർദൈർഘ്യം, ജനന നിയന്ത്രണം, പകർച്ചവ്യാധികളുടെ നിയന്ത്രണം തുടങ്ങിയ കാര്യങ്ങളിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി. ഈ നേട്ടങ്ങൾ നിലനിർത്തുന്നതിനും കൂടുതൽ പുരോഗതി കൈവരിക്കുന്നതിനും നമ്മുടെ ഗ്രാമപഞ്ചായത്തിന് പരിമിതികൾ വളരെയുണ്ട്.

നമ്മുടെ പ്രദേശത്ത് ആരോഗ്യ സ്ഥാപനങ്ങൾ പരിമിതമാണ്. 1982ൽ ഒരു ഗവ: റൂറൽ ഡിസ്പെൻസറി മാലൂർ വാർഡിൽ പ്രവർത്തനം അരംഭിച്ചതാണ് ഈ രംഗത്തെ ആദ്യത്തെ സംരംഭം. 1988ൽ ഇത് പ്രൈമറി ഹെൽത്ത് സെന്ററാക്കി ഉയർത്തിയെങ്കിലും ജനങ്ങൾക്ക് വേണ്ട രീതിയിൽ സേവനം നൽകാൻ ഈ സ്ഥാപനത്തിനു കഴിയുന്നില്ല. കാര്യമായ സൗകര്യങ്ങൾ ഒന്നുമില്ലാത്ത ഒരു വാടകക്കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ മുഴുവൻ സമയവും ഡോക്ടറോ ആവശ്യത്തിന് മറ്റ് ജീവനക്കാരോ ഇല്ല. അത്യാവശ്യ മരുന്നുകൾക്കുപോലും ക്ഷാമമാണ്. ഈ സെന്ററിന്റെ കീഴിൽ മൂന്ന് സബ്സെന്റർ ഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. ആയുർവ്വേദം, ഹോമിയോ തുടങ്ങിയ മറ്റ് മേഖലകളിലൊന്നും സർക്കാർ സ്ഥാപനം ഇല്ല. സ്വകാര്യ മേഖലയിലും അടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥാപനങ്ങൾ ഒന്നുമില്ല. ആയുർവ്വേദ രംഗത്ത് ചെളിക്കുഴി, മണയറ, മാലൂർ എന്നീ വാർഡുകളിൽ ഓരോ സ്വകാര്യ ചികിത്സാ കേന്ദ്രങ്ങളും ചെളിക്കുഴി, മീനം വാർഡുകളിൽ ഓരോ അലോപ്പതി ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ ചികിത്സക്കായി ഏനാത്ത്, പട്ടാഴി, അടൂർ, പത്തനാപുരം തുടങ്ങിയ മറ്റ് സ്ഥലങ്ങളെയാണ് ആശ്രയിക്കുന്നത്. ഇതിന് അടിയന്തിരമായി പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഈ പ്രദേശത്ത് അഞ്ചാംപനി, വയറിളക്കം, ചെങ്കണ്ണ്, മഞ്ഞപ്പിത്തം, ചിക്കൻപോക്സ് തുടങ്ങിയ പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്. പ്രതിരോധ കുത്തിവയ്പ് അംഗൻവാടികൾ വഴിയായും മറ്റും നടത്താറുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാരവും വിറ്റാമിൻ ഗുളികകളും അംഗൻവാടികളിൽക്കൂടി വിതരണം നടത്തുന്നുണ്ട്. ഈ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. പൊതു ജനന–മരണ നിരക്ക് സംസ്ഥാന ശരാശരിയെക്കാളും അല്പം താഴെനിൽക്കുന്നു എന്നത് ആശാവഹമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 800ഓളം വിദ്യർത്ഥികൾ സ്കൂൾ ഉച്ചഭക്ഷണ വിതരണം പരിപാടിയുടെ ഗുണഭോക്താക്കളാണ്. ഗ്രാമപഞ്ചായത്തിലെ പൊതു ആരോഗ്യസ്ഥിതി വിവരങ്ങൾ പട്ടികയായി താഴെക്കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യ സ്ഥിതി വിവരങ്ങൾ (അവലംബം: അംഗൻവാടി)

| | |
|---|---|
| ആകെ വീടുകൾ | 3571 |
| കക്കൂസുള്ള വീടുകളുടെ എണ്ണം | 2158 |
| അമ്മമാരുടെ എണ്ണം | 1700 |
| കുടുംബാസൂത്രണ | |
| മാർഗ്ഗം സ്വീകരിച്ച അമ്മമാർ | 1258 |
| അംഗവൈകല്യമുള്ളവർ | 175 |
| മന്ദബുദ്ധികൾ | 20 |
| സ്ഥായിയായ രോഗബാധിതർ | 128 |
| ഒരു വയസ്സിൽ താഴെ പ്രായമുള്ള | |
| കുട്ടികളുടെ എണ്ണം | 251 |
| ആകെ ഗർഭിണികൾ | 227 |
| 6 വയസ് വരെ പ്രായമുള്ള | |
| ആകെ കുട്ടികൾ | 1025 |

3571 വീടുകളുള്ളതിൽ 2158 വീടുകളിൽ മാത്രമേ കക്കൂസുകളുള്ളു. 40 ശതമാനം വീടുകൾക്ക് കക്കൂസ് സൗകര്യം ഇനിയും ഇല്ല. കക്കൂസ് ഉള്ളവയിൽത്തന്നെ 751 വീടുകൾക്ക് മാത്രമാണ് സെപ്റ്റിക് ടാങ്ക് സൗകര്യമുള്ളത്.

(ചാർട്ട് കാണുക)

ആരോഗ്യ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന സന്നദ്ധ സംഘടനകളുടെ രൂപീകരണം അത്യാവശ്യമാണ്.

## *പ്രശ്നങ്ങൾ*

- ❒ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല. അതിന് സൗകര്യങ്ങളില്ല.
- ❒ ആയുർവ്വേദ, ഹോമിയോ ആശുപത്രി ഇല്ല.
- ❒ 40 ശതമാനം വീടുകൾക്ക് കക്കൂസില്ല.
- ❒ കിണറുകളിൽ 40 ശതമാനത്തിന് ചുറ്റുമതിൽ ഇല്ലാത്തതിനാൽ രോഗാണു സംക്രമണം നടക്കുന്നു.
- ❒ റബ്ബർ റോളറുകളിൽനിന്നും മലിനജലം റോഡുകളിലേക്കും കൃഷിസ്ഥലത്തേക്കും ഒഴുകുന്നു.
- ❒ അനധികൃത അറവുശാലകൾ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- ❒ കോളനി നിവാസികൾ, കുറച്ചു ഭൂമി മാത്രമുള്ളവർ എന്നിവർക്ക് ശവം മറവുചെയ്യുന്നതിന് അസൗകര്യം.
- ❒ പൊതുനിരത്തിലെ മത്സ്യ വിപണനം.
- ❒ എല്ലാ വാർഡുകളിലും കുടുംബക്ഷേമ കേന്ദ്രങ്ങളും സബ്സെന്ററുകളും ഇല്ല.

## *സാദ്ധ്യതകൾ*

- ❒ പ്രൈമറി ഹെൽത്ത് സെന്ററിന് കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമായ സ്വന്തം കെട്ടിടം ഉണ്ടാക്കുകയും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.
- ❒ പ്രൈമറി ഹെൽത്ത് സെന്ററിന് ഉപദേശക സമിതി രൂപീകരിക്കുക.
- ❒ പൊതുജന സഹായത്തോടെ ഹോമിയോ ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുക.
- ❒ കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും സമയബന്ധിതമായി കക്കൂസ് ഉണ്ടാക്കാൻ ഗ്രാമപഞ്ചായത്തും സന്നദ്ധ സംഘടനകളും കൂട്ടായി ശ്രമിക്കുക.
- ❒ ധനകാര്യ ഏജൻസികളുടെ സഹായത്തോടെ മുഴുവൻ കിണറുകൾക്കും ചുറ്റുമതിൽ.

- ~~റബ്ബർ റോളറുകളോടുകൂടി~~ ടാങ്കും പണികഴിപ്പിക്കുക. ഈ ജലം ഉപയോഗിച്ച് പാചകവാതകത്തിനുള്ള പ്ലാന്റുകൾ ഉണ്ടാക്കുക.
- ആധുനിക സൗകര്യങ്ങളുള്ള അറവുശാല.
- പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം.
- മത്സ്യവിപണനത്തിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തുക.
- ഓരോ വാർഡിലും കുടുംബക്ഷേമ കേന്ദ്രങ്ങളും സബ്സെന്ററുകളും സ്ഥാപിക്കുകയും ജനകീയ സമിതികൾ രൂപീകരിക്കുകയും ചെയ്യുക.

PATTAZHI VADAKKEKARA PANCHAYAT
LATRINE FACILITIES OF HOUSEHOLDS,1994

| WARD NUMBER | 1 | 2 | 3 | 4 |
|---|---|---|---|---|
| 1 | 14 | 182 | 2 | 98 |
| 2 | 70 | 138 | 3 | 98 |
| 3 | 119 | 139 | 7 | 207 |
| 4 | 168 | 58 | 3 | 100 |
| 5 | 206 | 46 | 3 | 44 |
| 6 | 124 | 53 | 8 | 172 |
| 7 | 37 | 179 | 4 | 130 |
| 8 | 13 | 209 | 5 | 86 |
| TOTAL | 751 | 1004 | 35 | 935 |

1- LATRINE WITH SEPTIC TANK
2- LATRINE WITH OUT SEPTIC TANK
3- KAYAL / CANAL TYPE LATRINE
4- DISPOSAL WITHOUT LATRINE

BASED ON VOLUNTEER DATA COLLECTION (PRM)

PATTAZHI VADAKKEKARA PANCHAYAT
TYPE AND AVAILABILITY OF LATRINE,1994




1. LATRINE WITH SEPTIC TANK
2. LATRINE WITHOUT SEPTIC TANK
3. KAYAL / CANAL TYPE LATRINE
4. DISPOSAL WITHOUT LATRINE

BASED ON VOLUNTEER DATA COLLECTION(PRM)

## കുടിവെള്ളം

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. നമ്മുടെ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകൾ കിണറുകൾ, പൊതുകിണറുകൾ, ഉറവകൾ, കുഴൽക്കിണറുകൾ, കല്ലടയാറ് എന്നിവയാണ്. 1994ലെ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം നമ്മുടെ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകൾ വാർഡ് തിരിച്ച് പട്ടികയായി കൊടുക്കുന്നു.

### കുടിവെള്ള സ്രോതസ്സുകൾ 1994

| വാർഡ് | ടാപ്പ് | കിണർ | പൊതുകിണർ | അരുവി | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | 4 | 263 | 24 | 5 | - |
| 2 | 4 | 281 | 8 | 16 | - |
| 3 | 7 | 429 | 25 | 3 | 17 |
| 4 | 2 | 300 | 25 | - | 2 |
| 5 | 17 | 251 | 20 | - | 11 |
| 6 | 3 | 247 | 28 | - | 81 |
| 7 | 2 | 343 | 1 | 1 | 3 |
| 8 | 4 | 277 | 3 | - | 28 |
| ആകെ | 41 | 2391 | 134 | 25 | 142 |



ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളിൽ 80 ശതമാനത്തിനുമാത്രമാണ് സ്വന്തമായി കിണർ ഉള്ളത്. ബാക്കിയുള്ളവർ അയൽപക്കക്കിണറിനേയും പൊതുകിണറിനേയും ആശ്രയിക്കുന്നു. നിലവിലുള്ള 70 ശതമാനം കിണറുകളിൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. ഭൂമിക്കടിയിലെ പാറ ചില ഭാഗങ്ങളിൽ കിണർ കുഴിക്കുന്നതിന് പ്രതിബന്ധമാകുന്നു.

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം എത്തിക്കുന്നതിന് പൈപ്പുകളും പൊതുടാപ്പുകളും ഇല്ല. നമ്മുടെ ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ 7 പഞ്ചായത്തുകൾക്കായി ആവിഷ്കരിച്ച് പണിതുടങ്ങിയ പദ്ധതി പൂർത്തിയാക്കിയിട്ടില്ല. കല്ലടയാറിന്റെ സാമീപ്യവും നീരുറവകളും ഉപയോഗപ്പെടുത്താൻ കഴിയണം.

നിലവിലുള്ള പൊതുകിണറുകൾ വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ല. ഇവിടെ നിലവിലുള്ള കുഴൽക്കിണറുകളിലെ വെള്ളത്തിന് തുരുമ്പ് ചുവ അനുഭവപ്പെടുന്നു. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സ്ഥാനങ്ങളിലല്ല അവ സ്ഥാപിച്ചിട്ടുള്ളത്.

കുന്നുകൾ ധാരാളമുള്ള നമ്മുടെ പ്രദേശത്തെ ഉറവകൾ ഇനിയും സംരക്ഷിച്ച് പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. നമ്മുടെ തോടുകളെല്ലാം വേനൽക്കാലത്ത് വറ്റുന്നവയാണ്. വിവിധ ഭാഗങ്ങളിലുള്ള കുളങ്ങൾ ജനപങ്കാളിത്തത്തോടെ കുഴിച്ച് വേണ്ടവിധം സംരക്ഷിച്ചാൽ കുളി, അലക്ക്, കന്നുകാലികളെ കഴുകൽ എന്നിവയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

മാലൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ ജർമ്മനിയിലെ ഇ.ഡബ്ല്യു.ഇ. എന്ന സന്നദ്ധ സംഘടനയുടെ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ള ജലവിതരണ പദ്ധതിയുടെ ഭാഗമായി മീനം എൽ.പി.എസ്., മാലൂർ യു.പി.എസ്. എന്നിവിടങ്ങളിലേക്ക് പൈപ്പുലൈൻ സ്ഥാപിക്കുകയും വഴിയോരങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതിന്റെ പ്രയോജനം ആർക്കും ലഭിക്കുന്നില്ല. കോളേജ് അധികാരികളുമായി ബന്ധപ്പെട്ട് ഇതിന് പരിഹാരം കാണണം.

കല്ലടയാറ്റിലെ ജലം പ്രയോജനപ്പെടുത്തുന്നതിന് നമുക്ക് കഴിയുന്നില്ല. നമ്മുടെ തോടുകളിലെ വെള്ളം സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള ആസൂത്രണം വേണം. മെതുകുമ്മേൽ വാർഡിൽ കൊച്ചുതറ വെള്ളിഞ്ചയിൽ, മണയറ വാർഡിൽ ചെന്നക്കൽ ഏലാ, കാവുംകോണം, മീനത്ത് കരിക്കത്തിൽ, കരിമ്പാലൂരിൽ മുരിക്കാംകോട്, മാലൂരിൽ മലേലയ്യത്ത് എന്നീ നീരുറവകൾ സംരക്ഷിക്കുന്നതിന് പദ്ധതി വേണം. പഞ്ചായത്തിൽ ലഭ്യമായ ശുദ്ധജലവും മഴവെള്ളവും വേണ്ടവിധത്തിൽ ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം വേണം.

## *പ്രശ്നങ്ങൾ*

- ❐ ഗ്രാമപഞ്ചായത്തിലെ കുറെ വാർഡുകളിൽ ചില സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
- ❐ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ചിട്ടുള്ള കുഴിൽക്കിണറുകളിൽ പ്രതീക്ഷിച്ചത്ര വെള്ളം കിട്ടുന്നില്ല. അവയിലെ വെള്ളത്തിന് രുചിവ്യത്യാസം.
- ❐ നമ്മുടെ ഗ്രാമപഞ്ചായത്തിനുവേണ്ടി സർക്കാർ ആസൂത്രണം ചെയ്ത ശുദ്ധജല പദ്ധതിയുടെ പണി തടസ്സപ്പെട്ടിരിക്കുന്നു.
- ❐ പൊതുവായി ഉപയോഗിക്കാവുന്ന വലിയ കുളങ്ങളോ ചിറകളോ ഇല്ല.
- ❐ പുതിയ കിണർ കുഴിക്കേണ്ടവർക്ക് അതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്.
- ❐ നീരുറവകൾ വേണ്ടവിധം സംരക്ഷിക്കുന്നില്ല.
- ❐ ചുറ്റുമതിൽ ഇല്ലാത്ത കിണറുകൾ.
- ❐ മാലൂർ കോളേജിൽനിന്നുള്ള ശുദ്ധജല വിതരണ പദ്ധതി തകരാറിൽ.
- ❐ കല്ലടയാറിന്റെതീരത്തുള്ള കിണറുകളിൽ വേനൽക്കാലത്ത് ജലദൗർലഭ്യം.
- ❐ മഴവെള്ളം സംരക്ഷിക്കുന്നതിന് ശാസ്ത്രീയ സമീപനം ഇല്ല.
- 1❐ ചില ഭാഗത്ത് മണ്ണിനടിയിൽ പാറ ആയതിനാൽ കിണർ കുഴിക്കാൻ സാധിക്കുന്നില്ല.
- ❐ തോടുകളിൽ ജലം സംരക്ഷിച്ചുനിർത്താൻ പദ്ധതി ഇല്ല.

## *സാദ്ധ്യതകൾ*

- പൊതുകിണറുകളെല്ലാം ഉപയോഗയോഗ്യമാക്കുക.
- നിലവിലുള്ള കുഴൽക്കിണറുകൾ അറ്റകുറ്റപ്പണി ചെയ്ത് സംരക്ഷിക്കുക.
- തുടങ്ങിവച്ച ജലവിതരണ പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുക.
- നീരുറവകൾ സംരക്ഷിക്കുകയും സാദ്ധ്യതയുള്ള ഭാഗങ്ങളിൽ പൊതുകുളം നിർമ്മിക്കുകയും ചെയ്യുക.
- സ്വന്തമായി കിണർ കുഴിക്കാൻ സാമ്പത്തിക ശേഷിയില്ലാത്തവർക്ക് സഹായ പദ്ധതികൾ.
- ചുറ്റുമതിൽ കെട്ടി കിണർ സംരക്ഷിക്കുന്നതിന് സാമ്പത്തിക സഹായം.
- കോളേജിൽനിന്നുള്ള ശുദ്ധജല വിതരണം സാദ്ധ്യമാക്കുന്നതിന് ഫലപ്രദമായ ചർച്ചയും തീരുമാനങ്ങളും.
- കല്ലടയാറ്റിൽനിന്നുള്ള മണൽവാരലിന് നിയന്ത്രണങ്ങൾ.
- വർഷകാലത്ത് മഴവെള്ളം ഭൂമിയിൽത്തന്നെ കെട്ടിനിർത്തുന്നതിന് ജലോത്സവം സംഘടിപ്പിക്കുക.
- പാറയുള്ള പ്രദേശങ്ങളിൽ ഒന്നിലധികം കുടുംബങ്ങൾക്കുവേണ്ടി സൗകര്യപ്രദമായ ഭാഗത്ത് കുഴൽക്കിണർ.
- നിരവധി തോടുകളുള്ളതിൽ ജലം സംരക്ഷിച്ച് നിർത്താൻ സാദ്ധ്യതയുണ്ട്.
- നീരുറവകൾ സംരക്ഷിച്ച് മിനി ജലവിതരണ പദ്ധതി.





# 5.7 വിദ്യാഭ്യാസം

തന്റെ അജ്ഞതയെക്കുറിച്ച് ബോധവാനാകുമ്പോഴാണ് ഏതൊരു മനുഷ്യനും ബുദ്ധിമാനാകുന്നത് – സോക്രട്ടീസ്

അവിഭക്ത പട്ടാഴി പഞ്ചായത്തിന് വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ പ്രാചീനത ആവകാശപ്പെടാനുണ്ട്. പട്ടാഴി എന്ന സ്ഥലനാമംപോലും ചില ചരിത്രപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ക്ഷേത്രസങ്കേതങ്ങളിൽ നടത്തിയിരുന്ന വേദവിദ്യാഭ്യാസത്തെ സൂചിപ്പിക്കുന്നതാണ്. വേദവിദ്യാർത്ഥികളെ 'പട്ടന്മാർ' എന്നും അവർക്ക് ഡിഗ്രി നൽകുന്നതിനെ 'പട്ടത്താനം' എന്നും ചരിത്ര പണ്ഡിതന്മാർ വിശേഷിപ്പിക്കുന്നു. ഉദാഹരണമായി പട്ടാമ്പി, പട്ടത്താനം, പട്ടം തുടങ്ങിയ സ്ഥലനാമങ്ങൾ, രേവതീ പട്ടത്താനം എന്ന ബിരുദദാനച്ചടങ്ങ് (അവലംബം – 'കേരളം പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ' ഇളംകുളും കുഞ്ഞൻപിള്ള) പട്ടന്മാർക്ക് വിദ്യാഭ്യാസം നൽകിയിരുന്ന സ്ഥലമായിരുന്നിരിക്കാം പട്ടാഴിയായി മാറിയത്.

എന്നാൽ, തിരുവിതാംകൂറിൽ പാശ്ചാത്യ മിഷനറിമാരുടെ പ്രവർത്തനം, നവോത്ഥാന കാലഘട്ടങ്ങളിലെ വ്യതിയാനങ്ങൾ, ദേശീയ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ജനമുന്നേറ്റങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടാണ് ഇവിടെ നവീന വിദ്യാഭ്യാസത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. അനിനുമുമ്പ് ഉന്നത കുടുംബങ്ങളിൽ വീട്ടിലിരുത്തിയും പിന്നോക്ക വിഭാഗത്തിലും താഴ്ന്ന നിലവാരത്തിലുള്ളവരും കുടിപ്പള്ളിക്കൂടങ്ങളിലും (ആശാൻ പള്ളിക്കൂടം എന്ന് പില്ക്കാലത്ത് വ്യവഹരിക്കപ്പെട്ടു) കുട്ടികളെ അയച്ച് ഭാഷയും കണക്കും പഠിപ്പിച്ചിരുന്നതായി തെളിവുകളുണ്ട്. മിഷനറിമാരാൽ മെതുകുമ്മേൽ എന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ട മലയാളം സ്കൂളാണ് പഞ്ചായത്തിലെ ആദ്യവിദ്യാലയം. 1924ൽ തിരുവനന്തപുരം മോഡൽ സ്കൂൾ അദ്ധ്യാപകനായിരുന്ന ചെങ്ങന്നൂർ കോടകുളഞ്ഞി സ്വദേശി ശ്രീ. എം.ജെ. ജോൺ ഇതിനു സമീപത്തായി ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥിപക്കുകയും സമീപ ദേശങ്ങളായ ഏനാത്ത്, മണ്ണടി, പത്തനാപുരം തുടങ്ങിയ പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾ ഇവിടെ വിദ്യാഭ്യാസം നേടുകയും ചെയ്തു. ഈ

സ്കൂളാണ് ഇന്നത്തെ സെന്റ് പോൾസ് യു.പി. സ്കൂൾ. 1958ൽ മാനേജ്മെന്റിന്റെ ഏതോ അനാസ്ഥ കാരണം സെന്റ് പോൾസ് ഹൈസ്കൂൾ യു.പി.എസ്സായി ഗവണ്മെന്റ് തരം താഴ്ത്തുകയുണ്ടായി.

1946ൽ പനമ്പള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിലുണ്ടായ തിരു- കൊച്ചി മന്ത്രിസഭയുടെ കാലത്ത് ആരംഭിച്ച പട്ടാഴി ഗവ: ഹൈസ്കൂൾ അപ്പോഴേക്ക് പ്രശസ്തമായ നിലയിൽ എത്തിക്കഴിഞ്ഞിരുന്നു. സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലത്ത് ആരംഭിച്ച മാലൂർ ഗവ: എൽ.പി. സ്കൂളാണ് പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രാചീനം.

1956ലെ ഐക്യ കേരപ്പിറവിക്കു ശേഷം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എൽ.പി. സ്കൂളുകൾ ആരംഭിക്കുകയും അവയിൽ ചിലത് യു.പി. സ്കൂളാക്കി ഉയർത്തപ്പെടുകയും ചെയ്തു. പഞ്ചായത്തു വിഭജനത്തിനുശേഷം പട്ടാഴി വടക്കേക്കര പഞ്ചായത്തിൽ ഹൈസ്കൂളില്ലാത്ത സ്ഥിതി പരിഹരിച്ചുകൊണ്ട് മീനം വാർഡിൽ എം.ടി.ഡി.എം.എച്ച്.എസ്. എന്ന പേരിൽ ഒരു ഹൈസ്കൂൾ ആരംഭിക്കുകയും ചെയ്തു. ഇതേ മാനേജുമെന്റിന്റെ കീഴിൽ 1964ൽ പ്രവർത്തനമാരംഭിച്ച ഇന്ന് ഒന്നാം ഗ്രേഡ് കോളേജായിത്തീർന്നിട്ടുള്ള സെന്റ് സ്റ്റീഫൻസ് കോളേജാണ് ഉന്നതവിദ്യാഭ്യാസ രംഗത്തെ പഞ്ചായത്തിലെ ഏക സ്ഥാപനം. 85ൽപരം അദ്ധ്യാപകരും 60ൽപരം അനദ്ധ്യാപകരുമുള്ള ഇവിടെ എല്ലാ ശാസ്ത്ര വിഷയങ്ങളിലും ഗ്രാഡ്വേഷൻ, ആർട്സ് വിഷയങ്ങളിൽ ധനതത്വശാസ്ത്രത്തിൽ ഡിഗ്രി, ജിവശാസ്ത്രത്തിൽ പോസ്റ്റുഗ്രാഡ്വേഷൻ എന്നീ കോഴ്സുകൾ നടത്തുന്നു. സമീപ പഞ്ചായത്തുകളിലെ വിദ്യാർത്ഥികളാണ് അധികവും. വിശദവിവരം അനുബന്ധങ്ങളിൽ ചേർത്തിരിക്കുന്നു.

ഇന്ന് 4 ലോവർ പ്രൈമറി സ്കൂളുകളിലായി 479 ആൺകുട്ടികളും 443 പെൺകുട്ടികളും പഠിക്കുന്നു. 3 അപ്പർ പ്രൈമറി സ്കൂളുകളിൽ 282 ആൺകുട്ടികളും 314 പെൺകുട്ടികളും പഠിതാക്കളാണ്. ഹൈസ്കൂളിൽ 183 വീതം ആൺകുട്ടികളും പെൺകുട്ടികളുമുണ്ട്. ആകെ സ്കൂൾ വിദ്യാർത്ഥികളിൽ 256 ആൺകുട്ടികളും 255 പെൺകുട്ടികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. കൂടാതെ, ഹൈസ്കൂൾ വിഭാഗത്തിൽ 200ൽ പരം വിദ്യാർത്ഥികൾ സമീപ പഞ്ചായത്തുകളായ പട്ടാഴി, കുളക്കട, കിഴക്കുപുറം, നെടുമൺ, പറക്കോട്, പത്തനാപുരം പഞ്ചായത്തുകളിലെ വിവിധവിദ്യാലയങ്ങളിൽ പോയി പഠിക്കുന്നു. വിശദവിവരങ്ങൾ പട്ടിക 1, 2 എന്നിവയിൽ ചേർത്തിരിക്കുന്നു. അടുത്ത കാലത്തായി ഇംഗ്ലീഷ് മീഡിയം ഭ്രമം വ്യാപകമായതുകാരണം ഈ പഞ്ചായത്തിലെ 25% കുട്ടികൾ സമീപപ്രദേശങ്ങളിലുള്ള അൺ-എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോയി പഠിക്കുന്നതു കാരണം അംഗീകൃത വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നു.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ പൊതുവെ തൃപ്തികരമല്ല. പട്ടിക 3ൽ കാണിച്ചിരിക്കുന്നു. വിദ്യാഭ്യാസ നിലവാരത്തിൽ പൊതുവെ പിന്നോക്കംനില്ക്കുന്ന സ്കൂളുകളാണ് ഇന്നുള്ളത്. വിദ്യാർത്ഥകളിൽ പകുതിയിലധികം 50%ത്തിൽ താഴെ മാർക്ക് വാങ്ങുന്നരാണെന്ന് കാണുന്നു. അക്കാദമിക് നിലവാരം പട്ടിക 4ൽ കാണിച്ചിരിക്കുന്നു. എസ്.എസ്.എൽ.സി. വിജയശതമാനവും ശരാശരി 50ൽ താഴെയാണെന്ന് കാണുന്നു. അദ്ധ്യാപക-രക്ഷാകർത്തൃസമിതി, മാതൃസമിതി എന്നിവ എല്ലാ സ്കൂളുകളിലും രൂപീകരിച്ചിട്ടുണ്ടെങ്കിലും ചില സ്കൂളുകളിൽ മാത്രമേ ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുള്ളു. ചില സ്കൂളുകളിൽ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. അനൗപചാരിക വിദ്യാഭ്യാസരംഗത്ത് 5 ഗ്രന്ഥശാലകളും ഇവയ്ക്ക് പുറമേ പഞ്ചായത്ത് വക 2 സാംസ്കാരിക നിലയങ്ങളും പ്രവർത്തിക്കുന്നു.

സാക്ഷരതാ പ്രവർത്തനത്തിൽ 1990-91 വർഷത്തിൽ സമ്പൂർണ്ണ സാക്ഷരതായജ്ഞം ഈ പഞ്ചായത്തിൽ മെച്ചപ്പെട്ട രീതിയിൽ നടന്നു. 610 നിരക്ഷരരെ സാക്ഷരരാക്കാൻ കഴിഞ്ഞതു വഴി പഞ്ചായത്തിന്റെ സാക്ഷരതാ നിലവാരം 94.45% ആക്കി ഉയർത്താൻ കഴിഞ്ഞു. സമാന്തര വിദ്യാലയങ്ങൾ പൊതുവേ ഈ പഞ്ചായത്തിൽ കുറവാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല.

**ആകെ** 15 അംഗൻവാടികളുണ്ട്.

ആകെ 15 അംഗൻവാടികളുണ്ട്. അംഗൻവാടികളിലെല്ലാംകൂടി ഏകദേശം 300ഓളം ശിശുക്കൾക്ക് അഭ്യസനം നൽകിക്കൊണ്ടിരിക്കുന്നു. അംഗൻവാടികളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, അദ്ധ്യാപകരുടെ വേതനക്കുറവ് മുതലായ കാരണങ്ങളാൽ ഇവയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ല.

## *പ്രശ്നങ്ങൾ*

- ചില വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നു.
- പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
- അൺ-എയ്ഡഡ് വിദ്യാലയങ്ങൾ സമീപപ്രദേശങ്ങളിലുള്ളവ വർദ്ധിച്ചുവരുന്നത് പൊതുവിദ്യാലയങ്ങളെ പല തരത്തിലും ബാധിക്കുന്നു.
- ചില സ്കൂളുകളിലെ പി.ടി.എ.യുടെയും മാതൃസമിതിയുടെയും പ്രവർത്തനം ഫലപ്രദമല്ല.
- സിഗ്നൽ ബോർഡുകളുടെ ആഭാവം സ്കൂൾ പരിസരത്ത് അപകട സാദ്ധ്യതയുണ്ടാക്കുന്നു.
- പഞ്ചായത്തിന്റെ ഭൂമിശാസ്ത്രം അനുസരിച്ചല്ല സ്കൂളുകൾ സ്ഥാപിച്ചിട്ടുള്ളത്. വിദ്യാഭ്യാസരംഗത്ത് ഹൈസ്കൂളിന്റെ അപര്യാപ്തതയുണ്ട്.
- പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സൗകര്യം ഇല്ല.
- പഞ്ചായത്തിൽ ഹയർ സെക്കണ്ടറി വിദ്യാലയം ഇല്ല.
- കുട്ടികളുടെ പഠന നിലവാരം തൃപ്തികരമല്ല.
- നിർദ്ധനരായ കുട്ടികൾക്കുള്ള പഠന സഹായങ്ങൾ തൃപ്തികരമല്ല.
- സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ് വ്യവസ്ഥകൾ തൃപ്തികരമല്ല.
- ചില സ്കൂളുകളുടെ പരിസരത്ത് മലിനീകരണ ഭീഷണി നിലനിൽക്കുന്നു.
- അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
- അംൻവാടികളുടെ എണ്ണം അപര്യാപ്തമാണ്.
- പാഠ്യേതര പ്രവർത്തനങ്ങൾ തൃപ്തികരമല്ല.
- വിദ്യാഭ്യാസരംഗത്തെ രാഷ്ട്രീയ ഇടപെടൽ അദ്ധ്യയനത്തെ ബാധിക്കുന്നു.
- പൗരബോധവും ദേശീയബോധവും കുട്ടികളിൽ കുറവായിക്കാണുന്നു.

## *സാദ്ധ്യതകൾ*

- പി.ടി.എ., മാതൃസമിതി ഇവയുടെ പ്രവർത്തനം ഫലപ്രദമാക്കൽ, ഗ്രാന്റുകളുടെ വിനിയോഗ രീതി പുനരാവിഷ്ക്കരിക്കൽ.
- പഞ്ചായത്ത്തല സ്കൂൾ കോംപ്ലക്സ് പരിപാടി കാര്യക്ഷമമാക്കൽ.
- വിദ്യാഭ്യാസ നിലവാരം ഉയർത്തൽ.
- അദ്ധ്യാപകർക്ക് പഞ്ചായത്ത്തല പരിശീലനം.
- പഞ്ചായത്ത്തല വിദ്യാഭ്യാസ സമിതി രൂപീകരണം.
- പി.ടി.എ., മാതൃ സമിതികൾക്ക് പരിശീലനം.
- ശാസ്ത്ര സാഹിത്യ പരിഷത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.
- നിർദ്ധനരായ കുട്ടികൾക്ക് ഗ്രാമപഞ്ചായത്തിൽനിന്നും സാമ്പത്തിക സഹായം.
- അംഗൻവാടികൾക്ക് ജനകീയസമിതിയും അർഹമായ പരിഗണനയും.
- പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രതിവർഷ സമയബന്ധിത പരിപാടി.
- ചെലവുകുറഞ്ഞ പഠനോപകരണ നിർമ്മാണം.
- കുട്ടികളെ അയൽപക്കത്തെ സ്കൂളിൽ പഠിപ്പിക്കുകയും ആ സ്കൂളിന്റെ വികസനത്തിനായി പ്രവർത്തിക്കുകയും ചെയ്യുക (അയൽപക്ക വിദ്യാലയ സംസ്കാരം).

## പട്ടിക 1

### സ്കൂളുകളുടെ പൊതു വിവരം

| സ്കൂളിന്റെ പേര് | ഉടമസ്ഥത | കുട്ടികളുടെ എണ്ണം | | | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ള അദ്ധ്യാപകർ | സ്കൂൾ കാമ്പസിന്റെ ആകെ വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | | | | |
| എം.ടി.ഡി.എം.എച്ച്.എസ്., മാലൂർ | എയിഡഡ് | 183 | 183 | 366 | 23 | 23 | 5 ഏക്കർ | 1 ഏക്കർ |
| സെന്റ് പോൾസ് യു.പി.എസ്. | എയിഡഡ് | 135 | 141 | 276 | 11 | 11 | 1.5 ഏക്കർ | 50 സെന്റ് |
| ജി.യു.പി.എസ്., ഏറത്തുവടക്ക് | സർക്കാർ | 225 | 222 | 447 | 17 | 16 | 50 സെന്റ് | ഇല്ല |
| ജി.യു.പി.എസ്., മാലൂർ | സർക്കാർ | 131 | 140 | 271 | 5 | 9 | 50 സെന്റ് | ഇല്ല |
| ന്യൂ എൽ.പി.എസ്. താഴത്തുവടക്ക് | സർക്കാർ | 51 | 43 | 94 | 4 | 4 | 15 സെന്റ് | ഇല്ല |
| ജി.എൽ.പി.എസ്. താഴത്തുവടക്ക് | സർക്കാർ | 61 | 71 | 132 | 4 | 4 | 50 സെന്റ് | 40 സെന്റ് |
| വെൽഫെയർ എൽ.പി.എസ്. താഴത്തുവടക്ക് | സർക്കാർ | 43 | 33 | 76 | 4 | 4 | 15 സെന്റ് | ഇല്ല |
| ജി.എൽ.പി.എസ്., മീനം | സർക്കാർ | 115 | 107 | 222 | 8 | 8 | 50 സെന്റ് | 12 സെന്റ് |
| സെന്റ് സ്റ്റീഫൻസ് കോളേജ് മാലൂർ | പ്രൈവറ്റ് | 987 | 870 | 1857 | 86 | 86 | 25 ഏക്കർ | 2.5 ഏക്കർ |

## പട്ടിക 2

### കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | | പട്ടിക ജാതി കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | | അഞ്ച് വർഷത്തിനുള്ളിൽ പഠനം നിർത്തിയവർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ആകെ | | | SC | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എം.ടി.ഡി.എം.എച്ച്.എസ്., മാലൂർ | 183 | 183 | 366 | 39 | 46 | 85 | 37 | 17 | 54 | 3 | 1 | 4 | 0 | 1 | 1 |
| സെന്റ് പോൾസ് യു.പി.എസ്. പട്ടാഴി | 135 | 141 | 276 | 50 | 46 | 96 | 13 | 8 | 21 | 1 | 0 | 1 | 1 | 0 | 1 |
| ജി.യു.പി.എസ്. ഏറത്തുവടക്ക് | 225 | 222 | 447 | 49 | 53 | 102 | 10 | 10 | 20 | 5 | 2 | 7 | 1 | 0 | 1 |
| ജി.യു.പി.എസ്., മാലൂർ | 131 | 140 | 271 | 38 | 28 | 66 | 7 | 7 | 14 | 2 | 0 | 2 | 0 | 0 | 0 |
| ന്യൂ എൽ.പി.എസ്. താഴത്തുവടക്ക് | 51 | 43 | 94 | 16 | 17 | 33 | 3 | 4 | 7 | 0 | 0 | 0 | 0 | 0 | 0 |
| ജി.എൽ.പി.എസ്. താഴത്തുവടക്ക് | 61 | 71 | 132 | 17 | 24 | 41 | 3 | 3 | 6 | 0- | 1 | 1 | 0 | 1 | 1 |
| വെൽഫെയർ എൽ.പി.എസ്. താഴത്തുവടക്ക് | 43 | 33 | 76 | 10 | 2 | 12 | 4 | 4 | 8 | 0 | 0 | 0 | 0 | 0 | 0 |
| ജി.എൽ.പി.എസ്., മീനം | 115 | 107 | 222 | 36 | 40 | 76 | 12 | 4 | 16 | 5 | 1 | 6 | 1 | 0 | 1 |
| ആകെ | 944 | 940 | 1884 | 256 | 255 | 511 | 89 | 57 | 146 | 16 | 5 | 21 | 3 | 2 | 5 |

## പട്ടിക 3

## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ

| | ആകെ ഡിവിഷനുകൾ | കെട്ടിടങ്ങൾ | | മുറികൾ | | മൂത്രപ്പുരകൾ | കക്കൂസുകൾ | കക്കൂസ് ഉപയോഗയോഗ്യം | കുടിവെള്ള സൗകര്യം | വൈദ്യുതീ-കരണം | പാചകപ്പുര |
|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | സ്ഥിരം | അർദ്ധ സ്ഥിരം | | | | | | |
| എം.ടി.ഡി.എം.എച്ച്.എസ്. മാലൂർ | 16 | 2 | | 16 | | 4 | 1 | 1 | ഉണ്ട് | ഉണ്ട് | |
| സെന്റ് പോൾസ് യു.പി.എസ്. | 8 | 1 | | 11 | | 2 | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് |
| ജി.യു.പി.എസ്., ഏറത്തുവടക്ക് | 14 | 3 | | 11 | | 2 | | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ജി.യു.പി.എസ്., മാലൂർ | 8 | 2 | 1 | 2 | 2 | 2 | 2 | 1 | ഉണ്ട് | ഇല്ല | ഉണ്ട് |
| ന്യൂ എൽ.പി.എസ്. താഴത്തുവടക്ക് | 4 | 4 | | 4 | | 1 | 1 | | ഉണ്ട് | ഇല്ല | ഉണ്ട് |
| ജി.എൽ.പി.എസ്. താഴത്തുവടക്ക് | 4 | 1 | | 5 | | 1 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| വെൽഫെയർ എൽ.പി.എസ്. താഴത്തുവടക്ക് | 4 | 1 | | 1 | | 1 | | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ജി.എൽ.പി.എസ്., മീനം | 8 | 2 | | 5 | | 1 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് |

## പട്ടിക 4

## അക്കാദമിക് നിലവാരം 1996 1st Term

| സ്കൂളിന്റെ പേര് | അകെ കുട്ടികൾ | കുട്ടികളുടെ പൊതു നിലവാരം | | | | |
|---|---|---|---|---|---|---|
| | | 30% താഴെ മാർക്ക് | 30-40% മാർക്ക് | 40-50% മാർക്ക് | 50-60% മാർക്ക് | 60%ൽ കൂടുതൽ |
| എം.ടി.ഡി.എം.എച്ച്.എസ്. മാലൂർ | 371 | 85 | 120 | 85 | 50 | 31 |
| സെന്റ് പോൾസ് യു.പി.എസ്. | 275 | 81 | 43 | 46 | 21 | 84 |
| ജി.യു.പി.എസ്., ഏറത്തുവടക്ക് | 336 | 80 | 70 | 90 | 50 | 46 |
| ജി.യു.പി.എസ്., മാലൂർ | 201 | 53 | 32 | 34 | 27 | 55 |
| ന്യൂ എൽ.പി.എസ്. താഴത്തുവടക്ക് | 53 | 12 | 5 | 6 | 8 | 22 |
| ജി.എൽ.പി.എസ്. താഴത്തുവടക്ക് | 60 | 24 | 20 | 3 | 4 | 9 |
| വെൽഫെയർ എൽ.പി.എസ്. താഴത്തുവടക്ക് | 76 | 8 | 8 | 26 | 15 | 19 |
| ജി.എൽ.പി.എസ്., മീനം | 224 | 63 | 20 | 22 | 22 | 97 |
| ആകെ | 1596 | 406 | 318 | 312 | 197 | 363 |

# പട്ടിക 5

## എസ്.എസ്.എൽ.സി. വിജയശതമാനം

| സ്കൂളിന്റെ പേര് | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| എം.ടി.ഡി.എം.എച്ച്.എസ്. മാലൂർ | 52% | 46.6% | 61% | 48.8% |



ഒരേ സമയം നിയമനിർമ്മാണ സഭയും നീതിപീഠവും ഭരണ സമിതിയുമായിരിക്കും പഞ്ചായത്ത്. ഇവിടെ നാം ഇന്നറിയപ്പെടുന്ന രീതിയിലുള്ള ശിക്ഷാവിധികൾ കാണില്ല.

— ഗാന്ധിജി



# 5.8 സംസ്കാരം

പട്ടാഴി എന്ന് അറിയപ്പെട്ടിരുന്ന ഒറ്റ ദേശം പിൽക്കാലത്ത് 'പട്ടാഴി' എന്നും 'പട്ടാഴി വടക്കേക്കര' എന്നും രണ്ടായി വിഭജിക്കപ്പെട്ടു. പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിനെ എട്ട് വാർഡുകളായി വിഭജിച്ചിരിക്കുന്നു.

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നീ മൂന്ന് മതവിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ ഇവിടെ അധിവസിക്കുന്നുണ്ട്. ഈ ഗ്രാമപഞ്ചായത്തിൽ 5 ചെറു ക്ഷേത്രങ്ങളും 12 ക്രിസ്ത്യൻ പള്ളികളും 3 മുസ്ലീം പള്ളികളും ഉണ്ട്. എല്ലാക്കാലത്തും സൗഹാർദ്ദത്തിൽ കഴിഞ്ഞിരുന്ന മതവിഭാഗങ്ങളാണ് ഇവിടെയുള്ളത്. ഈ പ്രദേശത്തുള്ളവരുടെ പ്രധാന ആരാധനാ സ്ഥലം പട്ടാഴി ഗ്രാമപഞ്ചായത്തിലെ പട്ടാഴി ദേവീക്ഷേത്രമാണ്. വളരെയധികം ചരിത്രപ്രാധാന്യമുള്ള ഈ ക്ഷേത്രത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങൽ ആരാധനക്കായി എത്തുന്നു. ഇവിടത്തെ ഉത്സവങ്ങളിൽ ജാതിമത വ്യത്യാസം ഇല്ലാതെ മുഴുവൻ ജനങ്ങളും പങ്കെടുക്കുന്നു. നമ്മുടെ പഞ്ചായത്തിനോട് തൊട്ടുള്ള കളമലയിലെ മുസ്ലീം പള്ളിയിലെ പെരുന്നാൾ ആഘോഷം ഇവിടത്തെ മതസൗഹാർദ്ദത്തിന്റെ മറ്റൊരു ഉദാഹരണമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ എല്ലാ മതവിശ്വാസികളും പങ്കെടുക്കുന്ന ഈ പെരുന്നാൾ പണ്ടുകാലത്ത് കാർഷികവിഭവങ്ങൾ വിറ്റഴിക്കുന്നതിനും കാർഷികോപകരണങ്ങൾ വാങ്ങുന്നതിനുമുള്ള ഒരവസരം കൂടിയായിരുന്നു.

ഈ പഞ്ചായത്തിൽ ഒരു കോളേജും ഒരു ഹൈസ്ക്കൂളും 3 യു.പി. സ്ക്കൂളുകളും 6 എൽ.പി. സ്ക്കൂളുകളും 15 അംഗൻവാടികളും ഉണ്ട്. ഇവയെല്ലാംകൂടി ഔപചാരിക വിദ്യാഭ്യാസരംഗത്തെ സമ്പുഷ്ടമാക്കുന്നു.

സാമ്പത്തികമായി ഇടത്തരക്കാരാണ് ഈ പ്രദേശത്ത് അധികവും. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നില്ക്കുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന അനേകം പ്രസ്ഥാനങ്ങൾ ഇവിയെടുണ്ട്. മതത്തിന്റെ പേരിലായാലും മാനവികതയുടെ പേരിലായാലും ധർമ്മദീക്ഷയുടെ പേരിലായാലും മനുഷ്യരുടെ മനസ്സിൽ മാറ്റം വരുത്തി സാംസ്കാരിക പരി

വർത്തനത്തിലൂടെ ലോകത്തെ നന്മയിലേക്കും മേന്മയിലേക്കും നയിക്കുന്നതിനുള്ള പ്രവർത്തനം എന്നും നടന്നിട്ടുണ്ട്. ആധുനിക ലോകത്തിൽ സാംസ്കാരിക സംക്രമണം ഗുരു കാരണവകേന്ദ്രങ്ങളിൽനിന്നും കുടുംബ ഘടന യിൽനിന്നും വേർപെട്ട് മാദ്ധ്യമ മേഖലകളുടെ നിയന്ത്രണത്തിലാണ്. ഇതോടെ ഗ്രാമീണ കൂട്ടാ യ്മയ്ക്ക് കോട്ടം തട്ടി. ഈ സാഹചര്യത്തിലാണ് ഗ്രന്ഥശാലകൾ, വായനശാലകൾ, കലാസമിതി കൾ, കായികസമിതികൾ എന്നിവയുടെ പ്രസക്തി ഏറുന്നതും ഉത്തരവാദിത്വം അധിക രിക്കുന്നതും.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഗ്രന്ഥശാ ലകൾ, വായനശാലകൾ, കലാ–കായിക സമിതി കൾ എന്നിവയുടെ ഒരു വിവരണം പട്ടികയിൽ കൊടുത്തിരിക്കുന്നു. കലാ–സാഹിത്യ രംഗത്ത് വളരെ പ്രശസ്തരായ വ്യക്തികൾ മുമ്പ് ഇവിടെ ഇല്ലായിരുന്നു. എന്നാൽ യുവതലമുറയിൽ സാഹിത്യകാരന്മാരും കലാകാരന്മാരും കവി കളും മറ്റും ഉയർന്നുവരുന്നുണ്ട് എന്നുള്ളത് അഭി മാനാർഹമാണ്. സാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്നതിന് നിലവിലുള്ള സമിതി കൾക്ക് വളരെയധികം പരിമിതികളുണ്ട് എന്നു ള്ളത് പട്ടികയിൽനിന്നും മനസ്സിലാക്കാം. ഗ്രന്ഥാ ലയങ്ങളുടെ പ്രവർത്തനം വളരെക്കുറച്ച് ആളു കളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. വനിത കൾക്ക് പറയത്തക്ക പങ്കാളിത്തം ഇല്ല.

കായികരംഗത്ത് എടുത്തുപറയത്തക്ക തായ നേട്ടങ്ങൾ കുറവുള്ള പ്രദേശമാണിത്. സ്വന്തമായി ഒരു കളിസ്ഥലംപോലും നമുക്കില്ല. ഇത് ഏറ്റവും ഗൗരവത്തിൽ പരിഗണിക്കേണ്ട കാര്യമാണ്. പുനർജ്ജീവിപ്പിക്കുകയും പരിപോ ഷിപ്പിക്കുകയും ചെയ്യേണ്ട അനേകം നാടൻ കളി കളുണ്ട്. ഇതിനുവേണ്ടി ചിട്ടയായ ഒരു പ്രവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു. സ്പോർട്സ് ക്ലബ്ബുകൾ പലതും ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. ഇവ യുടെ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കു ന്നതിനും നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു സമിതി ഉണ്ടാകേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങ ളിലെ കായിക പരിശീലനത്തിന്റെ ഭാഗമായി കുട്ടികളുടെ താത്പര്യം കണ്ടെത്തി അവരെ പരി ശീലിപ്പിക്കാൻ ആസൂത്രിതമായ പ്രവർത്തനം വേണം.

ഒരു സിനിമാശാല ഇല്ലാത്ത പഞ്ചായത്താ ണിത്. ടെലിവിഷൻ വ്യാപകമായി ഉണ്ടെങ്കിലും കേബിൾ ടി.വി. ഈ പ്രദേശത്ത് ഇല്ല.

മുൻകാലത്ത് നിലനിന്നിരുന്ന പല അനാ ചാരങ്ങളും ഇന്ന് ഇല്ലാതായി. എന്നാൽ, വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവ യിൽ ഇന്നു കാണുന്ന ആർഭാടം കുറയ്ക്കുന്ന തിനെപ്പറ്റി ഗൗരവത്തിൽ ആലോചിക്കണം.

നമ്മുടെ പ്രദേശത്തിന് അനുഗുണമായ ഒരു കായിക വികസന നയത്തിനും സാംസ്കാ രിക നയത്തിനും രൂപം കൊടുക്കേണ്ടിയിരി ക്കുന്നു.

## നിലവിലുള്ള കലാസാംസ്കാരിക സമിതികൾ പട്ടിക തിരിച്ച്.

| വാർഡ് | ഗ്രന്ഥശാല/ വായനശാല | ആർട്ട്സ് & സ്പോർട്സ് ക്ലബ്ബുകൾ | പരിശീലിപ്പിക്കുന്ന കളികൾ | സ്വന്തം സ്ഥലം ഉണ്ട്/ഇല്ല | സ്വന്തം കെട്ടിടം ഉണ്ട്/ഇല്ല | വൈദ്യുതി ഉണ്ട്/ഇല്ല |
|---|---|---|---|---|---|---|
| I | വിദ്യാർത്ഥിമിത്രം | | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | | വിദ്യാർത്ഥിമിത്രം | പന്തുകളി, കബഡി | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | | | കിളിത്തട്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| II | ഡി.എസ്.എസ്. | | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | | വിജയവീഥി | കിളിത്തട്ട് | ഇല്ല | ഇല്ല | ഇല്ല |
| | സാംസ്കാരിക നിലയം | | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| III | | ശ്രീഭദ്ര | കബഡി, പന്തുകളി | ഉണ്ട് | ഇല്ല | ഇല്ല |
| | | പല്ലവി | കബഡി | ഇല്ല | ഇല്ല | ഇല്ല |
| | | ടാഗോർ | കബഡി, കിളിത്തട്ട് | ഇല്ല | ഇല്ല | ഇല്ല |
| IV | യുവജനസമാജം | | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | | യുവജനസമാജം | പന്തുകളി | ഉണ്ട് | ഉണ്ട് | ഉണ്ട് |
| V | ഗാന്ധി മെമ്മോറിയൽ | | | ഉണ്ട് | ഉണ്ട് | ഇല്ല |
| | | ഗാന്ധി മെമ്മോറിയൽ | | ഉണ്ട് | ഉണ്ട് | ഇല്ല |
| | | നവോദയ | | ഇല്ല | ഇല്ല | ഇല്ല |
| | | സഹോദരസഖ്യം | കോൽക്കളി | ഇല്ല | ഇല്ല | ഇല്ല |
| VI | വിശ്വദീപം | | | ഇല്ല | ഇല്ല | ഇല്ല |
| | | ശ്രുതി | പന്തുകളി | ഇല്ല | ഇല്ല | ഇല്ല |
| | | ഉദയ | | ഇല്ല | ഇല്ല | ഇല്ല |
| | | ജനകീയ കലാസമിതി | കോൽക്കളി | ഇല്ല | ഇല്ല | ഇല്ല |
| | | ഗാന്ധി മെമ്മോറിയൽ | | ഇല്ല | ഇല്ല | ഇല്ല |
| VII | | ഒയാസീസ് | പന്തുകളി | ഇല്ല | ഇല്ല | ഇല്ല |
| | | പവിത്രം | പന്തുകളി, കിളിത്തട്ട് | | | |
| | | | തിരുവാതിര | ഇല്ല | ഇല്ല | ഇല്ല |
| | | മാലൂർ കൾച്ചറൽ | | | | |
| | | സൊസൈറ്റി | | ഇല്ല | ഇല്ല | ഇല്ല |
| VIII | സാംസ്കാരിക നിലയം | | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | | എൻ.എസ്. ആർട്സ് | | ഇല്ല | ഇല്ല | ഇല്ല |
| | | നേതാജി | | ഇല്ല | ഇല്ല | ഇല്ല |
| | | രഞ്ജിനി | | ഇല്ല | ഇല്ല | ഇല്ല |

### പ്രശ്നങ്ങൾ

- വായനശാലകളും ഗ്രന്ഥശാലകളും എണ്ണത്തിൽ പരിമിതമാണ്. ഉള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ല.
- പുതിയ തലമുറയ്ക്ക് ഗ്രന്ഥപാരായണത്തിൽ താല്പര്യക്കുറവ്.
- കലാകായിക സമിതികളുടെ പ്രവർത്തനം പൊതുവേ തൃപ്തികരമല്ല. അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.
- നാടൻകലകൾക്കും കളികൾക്കും നാശം സംഭവിക്കുന്നു.
- കലാകായിക സമിതികളുടെ പ്രവർത്തനത്തിൽ സ്ത്രീ പങ്കാളിത്തമില്ല.
- കേരളോത്സവം ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നില്ല.
- ഒരു കമ്മ്യൂണിറ്റി ഹാൾ, സിനിമാശാല,

പൊതു കളിസ്ഥലം എന്നിവയുടെ അഭാവം.

- നിലവിലുള്ള സാംസ്കാരിക നിലയങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
- കലാകായിക സമിതികളുടെ പ്രവർത്തനം വിലയിരുത്തുന്നില്ല.
- ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലൂടെ അടിച്ചേൽപ്പിക്കുന്ന പുതിയ രീതികൾ നമ്മുടെ തനത് സംസ്കാരത്തെ നശിപ്പിക്കുന്നു.
- വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയുടെ വർദ്ധിച്ചുവരുന്ന ആർഭാടം.
- ഗ്രാമത്തിലെ സാഹിത്യകാരന്മാർക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.

### *സാദ്ധ്യതകൾ*

- പുതിയ ഗ്രന്ഥശാലകൾക്കുവേണ്ടിയുള്ള ജനീകയ പരിശ്രമം. ഉള്ളവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്യുക.
- കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കന്നതിന് പഞ്ചായത്ത് സാംസ്കാരിക സമിതി.
- കലാകായിക സമിതികൾക്ക് പ്രോത്സാഹനം.
- കേരളോത്സവത്തിന്റെ പുനരാസൂത്രണം.
- നാടൻ കലകൾക്ക് പ്രത്യേക പ്രോത്സാഹനം.
- കലാകായിക സമിതികളുടെ കമ്മിറ്റികളിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന.
- കടുവാത്തോട് ജംഗ്ഷനോടു ചേർന്നുള്ള മിച്ചഭൂമി, വിവിധ പ്രദേശങ്ങളിൽക്കിടക്കുന്ന പഞ്ചായത്തു വക സ്ഥലങ്ങൾ.
- സാംസ്കാരിക നിലയങ്ങൾക്ക് ജനകീയ സമിതികൾ.
- സാംസ്കാരിക ഫിലിം പ്രദർശനങ്ങൾക്ക് വീഡിയോ ക്ലബ്ബ്.
- അനാചാരങ്ങൾക്കെതിരെ സാമുദായിക സംഘടനാ ഇടപെടൽ.
- സ്ക്കൂൾ കുട്ടികൾക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ കലാകായിക മത്സരങ്ങളും കോച്ചിംഗ് ക്യാമ്പുകളും.
- കേരളോത്സവത്തിൽ സാഹിത്യരചനാ മത്സരങ്ങളും.





# 5.9

# വനിത

ജില്ലയിലെ പൊതുസ്ഥിതിപോലെതന്നെ പട്ടാഴി വടക്കേക്കരയിലും ജനസംഖ്യയിൽ സ്ത്രീകളാണ് മുൻപന്തിയിൽ. 1991ലെ കാനേഷുമാരി അനുസരിച്ച് മൊത്തം ജനസംഖ്യ 13,969 ആണ്. ഇതിൽ സ്ത്രീകൾ 7,170 ആണ്. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള 640 കുടുംബങ്ങളുണ്ട്. സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ പഞ്ചായത്തിന് നേട്ടങ്ങൾ അവകാശപ്പെടാമെങ്കിലും വനിതകളുടെ നില ഇന്നും ശോചനീയമാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ സ്ത്രീകൾ വിദ്യാഭ്യാസത്തിലും തൊഴിൽരംഗങ്ങളിലും വളരെ പുറകിലായിരുന്നു. ഭൂരിപക്ഷം സ്ത്രീകളും ഗൃഹജോലിയിൽ ഒതുങ്ങിക്കഴിയുകയായിരുന്നു. തൊഴിലാളി മേഖലയിൽ സ്ത്രീത്തൊഴിലാളികളായി അധഃസ്ഥിതരും പിന്നോക്ക സമുദായക്കാരുമായിരുന്നു ഉണ്ടായിരുന്നത്. അതും പരമ്പരാഗത കൈത്തൊഴിൽ, കൂലിപ്പണി എന്നിവയിൽ ഒതുങ്ങിനിന്നിരുന്നു. അവരെല്ലാംതന്നെ ജാതിപരമായ ഉച്ചനീചത്വങ്ങളാലും നാമമാത്ര വേതനത്താലും പൂർണ്ണമായും ചൂഷണം ചെയ്യപ്പെടുകയായിരുന്നു. ഉദ്യോഗസ്ഥരായ വനിതകൾ ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ ഇവരുടെ പങ്കാളിത്തം തീരെ ഉണ്ടായിരുന്നില്ല.

എന്നാൽ, 1950കളോടെ ഈ സ്ഥിതിക്ക് മാറ്റം കണ്ടുതുടങ്ങി. സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസപദ്ധതിയുടെ ആവിർഭാവത്തോടുകൂടി സ്ത്രീകളുടെ നില മെച്ചപ്പെട്ടു തുടങ്ങുകയും, പരിസര പഞ്ചായത്തുകളിൽ കശുവണ്ടി ഫാക്ടറികൾ ആരംഭിച്ചതോടെ ഭാഗികമായെങ്കിലും വ്യാവസായിക തൊഴിൽ രംഗത്ത് കടന്നുവരികയും ചെയ്തു. വിവിധ ട്രേഡ് യൂണിയനുകൾ, വനിതാ സമാജങ്ങൾ, സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ തുടങ്ങിയ പ്രസ്ഥാനങ്ങൾ വഴി ബോധവൽക്കരണം ഉണ്ടായതോടുകൂടിയാണ് മാറ്റങ്ങൾക്ക് തുടക്കം കുറിച്ചത്. എങ്കിലും വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, സംസ്കാരം, സാമൂഹ്യപദവി തുടങ്ങിയ രംഗങ്ങളിൽ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിൽ ഇന്നും സ്ത്രീകൾ പിന്നിലാണ്. സാക്ഷരതാ പ്രവർത്തനങ്ങളുടെ വരവോടെ നിരക്ഷരർ കുറഞ്ഞെങ്കിലും തുടർവിദ്യാഭ്യാസത്തിന്റെ ന്യൂനത കാരണം സാക്ഷരത പൂർണ്ണമായും കൈവരിച്ചിട്ടില്ല. സാങ്കേതിക-തൊഴിൽ വിദ്യാഭ്യാസവും ബിരുദ ബിരുദാനന്തര വിദ്യാഭ്യാസവും ലഭിച്ചവർ ഉണ്ടെങ്കിലും പൊതുനിലവാരം എസ്.എസ്.എൽ.സി. വരെ മാത്രമേ എത്തുന്നുള്ളു. പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ നിലവാരം അതിലും താഴെയാണ്. തൊഴിലില്ലായ്മയും സാമ്പത്തിക പരാധീനതയുമാണ് പ്രധാന കാരണം.

തൊഴിൽ രംഗത്ത് വനിതകളുടെ നില വളരെ ശോചനീയമാണ്. പ്രധാന തൊഴിലാളികളിൽ 3,426 പുരുഷന്മാരും 669 സ്ത്രീകളുമാണുള്ളത്. അടുത്തകാലത്ത് പഞ്ചായത്തിൽ ആരംഭിച്ച കശുവണ്ടി ഫാക്ടറിയിൽ ഇപ്പോൾ 500 സ്ത്രീതൊഴിലാളികൾ പണിയെടുക്കുന്നു. ഭാഗികമായെങ്കിലും തൊഴിലുണ്ടായിരുന്ന പരമ്പരാഗത കൈത്തൊഴിലുകളായ പനമ്പ്, പായ്, വട്ടി, കുട്ട തുടങ്ങിയ നെയ്ത്ത് മേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പ്രകടമാണ്.

ഡി.ഡബ്ല്യൂ.സി.ആർ.എ.യുടെ രണ്ട് യൂണിറ്റുകൾ, ഒരു കോഴി വളർത്തൽ കേന്ദ്രം, രണ്ട് ഖാദിവ്യവസായ യൂണിറ്റുകൾ, പശു വളർത്തൽ പദ്ധതി എന്നിവയൊഴിച്ചാൽ കാര്യമായ വനിതാ തൊഴിൽ സംരംഭങ്ങൾ ഒന്നുംതന്നെയില്ല. കാർഷികമേഖലയിലെ തകർച്ചയും കൂലിക്കുറവും സ്ത്രീ തൊഴിലാളികളെ കാര്യമായി ബാധിച്ചിട്ടുണ്ട്. വേതന കാര്യത്തിൽ പുരുഷന്മാരേക്കാൾ വളരെ താഴെയാണ് സ്ത്രീകൾ.

ആരോഗ്യരംഗത്ത് വനിതാ ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ വ്യാപിക്കേണ്ടതുണ്ട്. അംഗൻവാടികൾ എല്ലാ വാർഡുകളിലും ഉണ്ടെങ്കിലും വനിതാ ബോധവൽക്കരണം കാര്യക്ഷമമാകേണ്ടതുണ്ട്. പൊതുരംഗങ്ങളിലും സന്നദ്ധ പ്രവർത്തനങ്ങളിലും അടുത്തകാലത്ത് വനിതാ മുന്നേറ്റമുണ്ടായിട്ടുണ്ട്. പുരുഷന്മാർക്ക് ആധിപത്യമുള്ള എല്ലാ മേഖലകളിലും ഇന്ന് അവർ കടന്നുചെന്നിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനം, വിഭവ ഭൂപട നിർമ്മാണം, ജനകീയാസൂത്രണ പരിപാടി എന്നിവയിൽ വലിയ പങ്കു വഹിക്കുവാൻ അവർക്കു കഴിഞ്ഞു. വനിതാ സമാജങ്ങൾ പലതുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല.

സ്ത്രീ പീഢനങ്ങൾ, സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങൾ, ചൂഷണങ്ങൾ എന്നിവ പ്രകടമാണ്. സ്ത്രീകളുടെ അഭിമാനത്തിന് ക്ഷതം വരുത്തുന്ന അശ്ലീല ചിത്രങ്ങൾ, പരസ്യങ്ങൾ എന്നിവയ്ക്കും ഈ പ്രദേശം പിന്നിലല്ല. ഇവയ്ക്കെതിരെ കടുത്ത നിയമ നടപടികളും തികഞ്ഞ ബോധവൽക്കരണവും ആവശ്യമാണ്. പഞ്ചായത്തിലെങ്ങും വ്യാപകമായ മദ്യമാണ് ഈ ദുഃസ്ഥിതിക്ക് ഒരു കാരണം. അംഗീകൃത മദ്യഷാപ്പുകൾ കുറവാണെങ്കിലും എല്ലാത്തരം വ്യാജമദ്യങ്ങളും സുലഭമാണ് വിഷമദ്യ ദുരന്തങ്ങൾ അനിവാര്യമായ നിലയിൽ എത്തിനിൽക്കുന്നു. സമ്പൂർണ്ണ മദ്യനിരോധനത്തുനുവേണ്ടി സ്ത്രീകൾ ഉണർന്നു പ്രവർത്തിക്കേണ്ട സാഹചര്യമാണിന്ന്. സ്ത്രീധന പീഢനങ്ങളും വിവാഹമോചനങ്ങളും ധാരാളമായിട്ടുണ്ട്. ഇവയ്ക്കെതിരെ സ്ത്രീ ശക്തി ഊർജ്ജിതമാക്കാനുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്.

### *പ്രശ്നങ്ങൾ*

- രൂക്ഷമായ തൊഴിലില്ലായ്മ.
- വനിതാ സഹകരണ സംഘങ്ങളുടെ അപര്യാപ്തത.
- തൊഴിൽ മേഖലയിലും സേവന-വേതന മേഖലയിലും തുല്യതയില്ലായ്മ.
- തൊഴിൽ പരിശീലനം, തൊഴിൽ നിയമങ്ങളിൽ ബോധവൽക്കരണം എന്നിവയുടെ അപര്യാപ്തത.
- മദ്യം, മയക്കുമരുന്ന്, സ്ത്രീപീഢനം എന്നിവയുടെ വർദ്ധനവ്.
- സംസ്കാര പോഷണത്തിനുതകുന്ന പുസ്തകങ്ങൾ സ്ത്രീകൾ വായിക്കുന്നില്ല.
- ആരോഗ്യ രക്ഷാസംവിധാനങ്ങളുടെ അപാകത.
- കലാ-സാംസ്കാരിക രംഗങ്ങളിൽ പ്രോത്സാഹനമില്ലായ്മ.
- രൂക്ഷമായ സ്ത്രീധന പ്രശ്നങ്ങൾ.
- പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങളുടെ അഭാവം.

### *സാദ്ധ്യതകൾ*

- തയ്യൽ വൈദഗ്ദ്ധ്യവും കൈത്തറിനെയ്ത്തും അറയാവുന്ന സ്ത്രീകൾ ധാരാളമുണ്ട്. രണ്ട് കൈത്തറി യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമല്ല. തേനീച്ച വളർത്തലിലും അടുക്കളത്തോട്ട നിർമ്മാണത്തിനും ഉദ്യാനകൃഷിക്കും ഔഷധ സസ്യകൃഷിക്കും കോഴി വളർത്തലിലും പലഹാര നിർമ്മാണത്തിനും അനുകൂലമായ സാഹചര്യം നിലവിലുണ്ട്.
- സേവന സന്നദ്ധരായ സ്ത്രീകൾ ധാരാളമുണ്ട്.
- പുരോഗമന സന്നദ്ധ സംഘടനകൾ ധാരാളം നിലവിലുണ്ട്.
- മദ്യം, മയക്കുമരുന്ന്, സ്ത്രീധന സമ്പ്രദായം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനുള്ള സംഘടനകളും വ്യക്തികളും ധാരാളമുണ്ട്.
- നിലവിലുള്ള അംഗൻവാടികൾ, ഹെൽത്ത് സെന്ററുകൾ, സബ് സെന്ററുകൾ എന്നിവയുടെ പ്രവർത്തം കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.
- വനിതകളുടെ കലാവാസന പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടികൾ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ നടത്താവുന്നതാണ്.
- വ്യക്ഷപ്പട്ടയ നിയമം നിലവിലുണ്ട്.
- സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സമൂഹവിവാഹ മേളകൾ സംഘടിപ്പിക്കാവുന്നതാണ്.



# 5.10

# സഹകരണ മേഖല

ഇന്ത്യൻ ജനതയിൽ ഏതാണ്ട് 80% ത്തോളം കർഷകരാണ്. 'കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടംതന്നെ പിൻതലമുറയ്ക്ക് ഭാഗിച്ചുകൊടുത്തുകൊണ്ട് മരണമടയുന്നവരാണ് ഇന്ത്യൻ കർഷകർ', എന്ന ചൊല്ല് പ്രസിദ്ധമാണ്. ഇവരെ സഹായിക്കുന്നതിനും അവരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയാണ് ഉചിതമായ മാർഗ്ഗമെന്ന് സർക്കാർ ചിന്തിക്കുവാൻ തുടങ്ങിയതിന്റെ ഫലമായാണ് 1904ൽ ഇന്ത്യയിലെ ആദ്യത്തെ സഹകരണസംഘനിയമം നിലവിൽവന്നത്. തിരുവിതാംകൂറിൽ ശ്രീ. പി. രാജഗോപാലാചാരി ദിവാനായിരുന്ന കാലത്താണ് ആദ്യമായി ഒരു സഹകരണനിയമം നടപ്പിലാക്കിയത്. ഈ നിയമപ്രകാരം 1914 ഏപ്രിൽ 4ന് സ്ഥാപിക്കപ്പെട്ട തിരുവിതാംകൂർ സെൻട്രൽ സഹകരണ ബാങ്കാണ് ഇന്നത്തെ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾ പ്രത്യേകമായി നിലനിന്നിരുന്നപ്പോൾ ഇവിടങ്ങളിൽ വ്യത്യസ്ഥ സഹകരണനിയമങ്ങളായിരുന്നു നിലനിന്നിരുന്നത്. 1956ൽ ഈ മൂന്ന് പ്രദേശങ്ങളും ചേർന്നുള്ള കേരളസംസ്ഥാനം രൂപപ്പെട്ടതോടുകൂടി കേരളത്തിന് പൊതുവായ ഒരു സഹകരണനിയമം അനിവാര്യമായി. അതിന്റെ ഫലമായാണ് 1969 ലെ കേരളാസഹകരണനിയമം.

1994 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 3.95 ലക്ഷം സഹകരണ സംഘങ്ങളാണുള്ളത്. ഇതിലെല്ലാംകൂടി 18.96 കോടി ജനങ്ങൾ അംഗങ്ങളായും 1.18 ലക്ഷം കോടി രൂപ പ്രവർത്തനമൂലധനം ഉള്ളതായും കണക്കുകൾ സൂചിപ്പിക്കുന്നു. 1960-61 കാലഘട്ടത്തിൽ 200 കോടി രൂപയാണ് വായ്പകൊടുക്കുവാൻ കഴിഞ്ഞിരുന്നതെങ്കിൽ 90 91 ൽ 6900 കോടിരൂപ വായ്പകൊടുക്കുവാൻ കഴിഞ്ഞു. ഇതിൽനിന്നും നമ്മുടെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച ഊഹിക്കാവുന്നതേയുള്ളൂ. ഇന്ന് ഇന്ത്യയിലെ വളം വില്പനയുടെ 35% വും പഞ്ചസാര ഉല്പാദനത്തിന്റെ 55% വും കൈത്തറി വ്യവസായത്തിന്റെ 50% വും സഹകരണമേഘലയിലാണെന്നുള്ളത് ഈ പ്രസ്ഥാനത്തിന്റെ പ്രസക്തി എടുത്തുകാണിക്കുന്നു.

കേരളത്തിൽ 20000 ത്തോളം വായ്പ-വായ്പേതര സംഘങ്ങളാണുള്ളത്. ഇവയിൽ 2 കോടിയോളം ജനങ്ങൾ അംഗങ്ങളായുണ്ട്. ഇത് കേരളത്തിലെ ജനസംഖ്യയുടെ 2/3 ഭാഗമാണ്. വായ്പാ സഹകരണസംഘങ്ങളുടെ എണ്ണം 1583 ഉം അംഗങ്ങൾ 114 ലക്ഷവും ഓഹരി മൂലധനം 134.78 കോടി രൂപയും നിക്ഷേപം 1891.22 കോടി രൂപയുമാണ്. കേരളത്തിലെ ശരാശരി നിക്ഷേപം 0.22 കോടി രൂപയാണ്. എന്നാൽ ഇന്ത്യൻ ശരാശരിയാകട്ടെ ഒരു ലക്ഷത്തിന് താഴെ മാത്രമാണ്. ഇതിൽനിന്നും കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ത്യയ്ക്ക് മാതൃകയാണെന്നു കാണാം.

1961-62 കാലഘട്ടത്തിൽ പട്ടാഴി കേന്ദ്രമാക്കി ഒരു തീപ്പെട്ടിതൊഴിലാളി സഹകരണ സംഘം രൂപീകരിക്കപ്പെട്ടു. അതിന്റെ ഒരു യൂണിറ്റ് മാലൂരിൽ പ്രവർത്തിച്ചിരുന്നു. ചേരിപ്പോരും പിടിപ്പുകേടും മൂലം തകരാനിടയായി. പരേതനായ അഡ്വ. കേശവൻ നായർ ആയിരുന്നു മുഖ്യസഹകാരി.

1979 ൽ പട്ടാഴി വടക്കേക്കര പഞ്ചായത്ത് ഔദ്യോഗികമായി നിലവിൽ വരുന്നതിനുമുമ്പ് ഈ പ്രദേശം പട്ടാഴിപഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1924 ൽ ആദ്യത്തെ സഹകരണ പ്രസ്ഥാനം ഇവിടെ സ്ഥാപിതമായി. ആദ്യസഹകാരി തോണ്ടലിൽ നാണുനായർ ആയിരുന്നു. ഈ സ്ഥാപനമാണ് ഇന്നത്തെ പട്ടാഴി സർവീസ് സഹകരണ ബാങ്ക്. പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിൽ പട്ടാഴി വടക്കേക്കര സർവീസ് സഹകരണ ബാങ്ക് H.W.25, പട്ടികജാതി സഹകരണ സംഘം Q.890, ക്ഷീരോല്പാദക സഹകരണ സംഘം Q.126(D-APCOS) എന്നീ മൂന്ന് സ്ഥാപനങ്ങളാണ് ഇന്ന് നിലവിലുള്ളത്.

പട്ടാഴി വടക്കേക്കര സർവ്വീസ് സഹകരണ ബാങ്ക്.

25-3-1961ൽ ചെളിക്കുഴി കേന്ദ്രമാക്കി രൂപീകരിച്ച അഗ്രിക്കൽച്ചർ ക്രെഡിറ്റ് സംഘമാണ് ഇന്നത്തെ ഈ സ്ഥാപനം. ആദ്യസഹകാരി കൃഷ്ണൻ വൈദ്യനായിരുന്നു. പിന്നോക്ക വിഭാഗങ്ങൾക്കും പട്ടികജാതി- പട്ടികവർഗ്ഗങ്ങൾക്കും നിയമാനുസൃതമായി മുൻതൂക്കം വ്യവസ്ഥ ചെയ്തിരുന്ന ഈ സ്ഥാപനത്തിന് പറയത്തക്ക വളർച്ചകൈവരിക്കാൻ കഴിഞ്ഞിരുന്നില്ല. പഞ്ചായത്തിന്റെ ആവിർഭാവത്തോടുകൂടി ഒരു പൊതുസഹകരണ സംഘത്തിന്റെ അനിവാര്യത ഈ പ്രദേശത്തുണ്ടായി. തുടർന്നു നടത്തിയ പരിശ്രമത്തിന്റെ ഫലമായി 1986ൽ മേൽപറഞ്ഞ അഗ്രിക്കൽച്ചറൽ ക്രെഡിറ്റ് സംഘം പട്ടാഴി വടക്കേക്കര സർവ്വീസ് സഹകരണ സംഘമായി അംഗീകരിച്ചുത്തരവായി. ശ്രീ. പ്രഭാകരനുണ്ണിത്താൻ (റിട്ട. H.M.), ശ്രീ. ചെളിക്കുഴി കുഞ്ഞുപിള്ള എന്നിവർ ഈ ഘട്ടത്തിൽ സംഘത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിച്ച പ്രധാന വ്യക്തികളായിരുന്നു. 1992ൽ പട്ടാഴി വടക്കേക്കര സർവീസ് സഹകരണ ബാങ്കായി അംഗീകരിക്കപ്പെട്ടു. അഡ്വ. പട്ടാഴി സുധാകരൻ, പി. വിശ്വംഭരൻ, ജി. കൊച്ചുചെറുക്കൻ എന്നിവരായിരുന്നു മുൻകാല പ്രസിഡന്റ്മാർ. ഇപ്പോഴത്തെ പ്രസിഡന്റ് പി.എം. രാജപ്പനും സെക്രട്ടറി ഒ. ഗംഗാധരനും ആണ്. പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 8 വാർഡുകളും ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നു.

***സ്ഥിതിവിവരപ്പട്ടിക (1995-96 സഹകരണവർഷം)***

| | |
|---|---|
| സംഘത്തിന്റെ പേര് | പട്ടാഴി വടക്കേക്കര സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| പ്രവർത്തനം ആരംഭിച്ച വർഷം | 1983 |
| പ്രവർത്തനപരിധി | പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് |
| വ്യക്തി അംഗത്വം | 4046 |
| ഓഹരി മൂലധനം | 765345 |
| കടം | 1552159 |
| നിക്ഷേപം | 5578540 |

| | |
|---|---|
| വായ്പകൾ – കാർഷികം | 1447868 |
| വായ്പകൾ – കാർഷികേതരം | 4718411 |
| പ്രവർത്തന മൂലധനം | 79 ലക്ഷം |
| നഷ്ടം | 75000 |
| ജീവനക്കാർ – സ്ഥിരം | 5 |
| താൽക്കാലികം | 1 |

സ്ഥിരവിവര പട്ടികയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ പ്രഥമിക സർവീസ് സഹകരണ സംഘങ്ങളുമായി ഈ സ്ഥാപനത്തെ താരതമ്യപ്പെടുത്തുമ്പോൾ ചില കാര്യങ്ങളിൽ സംസ്ഥാന ശരാശരിയെക്കാൾ പിന്നിലാണെന്നു കാണാം. അതിൽ പ്രധാനം വ്യക്തിഗത അംഗത്വത്തിലാണ്. സംസ്ഥാന ശരാശരി ആകെ ജനസംഖ്യയുടെ 2/3 ആണെങ്കിൽ ഇവിടെ ജനസംഖ്യയുടെ 1/4 ഭാഗമായികാണുന്നു. ഇതിന്റെ പ്രധാനകാരണം ഈ ബാങ്കിന്റെ പ്രവർത്തനപരിധിക്കുള്ളിലുള്ള നല്ലൊരു ശതമാനം ആളുകൾ ഇപ്പോഴും പട്ടാഴി, ഏനാത്ത്, നെടുമൺ, കുണ്ടയം എന്നീ സഹകരണ ബാങ്കുകളിൽ അംഗങ്ങളായി തുടരുന്നു എന്നുള്ളതാണ്. ഇതുമൂലം ബാങ്കിന്റെ നിക്ഷേപ സമാഹരണത്തിലും ലക്ഷ്യത്തിനൊത്ത് ഉയരാൻ കഴിയുന്നില്ല. തന്മൂലം കാലാകാലങ്ങളിൽ ഈ ഗ്രാമപഞ്ചായത്തിലെ ബഹുപൂരിപക്ഷം വരുന്ന കർഷകർക്കും സാധാരണക്കാർക്കും ആവശ്യമായ വായ്പകൾ കൃത്യമായികൊടുക്കുവാൻ കഴിയുന്നില്ല. നിക്ഷേപം കുറയുവാൻ മറ്റൊരു കാരണം ആളുകളുടെ ദേശസാൽകൃത ബാങ്കുകളോടുള്ള ആഭിമുഖ്യമാണ്. ഇതുമൂലം പ്രാഥമിക സർവീസ് സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് വിദേശരാജ്യങ്ങളിൽപോയി സാമ്പത്തിക നേട്ടം ഉണ്ടാക്കിയിട്ടുള്ളവർപോലും പിന്നീട് ബാങ്കിംഗ് ഇടപാടുകൾക്കായി ദേശസാൽകൃത ബാങ്കുകളെ ആണ് ഉപയോപ്പെടുത്തുന്നത്. അതുപോലെ അമിതമായി ലാഭേച്ഛയോടുകൂടി സ്വകാര്യപണമിടപാടുസ്ഥാപനങ്ങളിൽ പണം നിക്ഷേപിച്ച് ആവശ്യത്തിനുപകരിയ്ക്കാതെ നിരാശരാകേണ്ടിവരുന്നവരും സാധാരണമാണ്. ഈ സ്ഥിതിക്ക് അടിസ്ഥാനപരമായ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ഗ്രാമത്തിലെ യോഗ്യരായ എല്ലാവരും ഈ സ്ഥാപനത്തിൽ അംഗങ്ങളാവുകയും ഇവിടുത്തെ മൂലധനം ഈ ബാങ്കിൽതന്നെ നിക്ഷേപിക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് എത്തേണ്ടിയിരിക്കുന്നു.

ഈവിധ പരിമിതികളൊക്കെ ഉണ്ടെങ്കിലും വ്യാപാരരംഗത്ത് നിർണായകമായ ഒരു പങ്ക് ഈ സ്ഥാപനം വഹിക്കുന്നു എന്നത് ആശാവഹമാണ്. ബഹുഭൂരിപക്ഷം വരുന്ന കർഷകർക്ക് ആവശ്യമായ രാസവളങ്ങളും കീടനാശിനികളും വിതരണം ചെയ്യത്തക്ക നിലയിൽ ചെളിക്കുഴി, ഗോവിന്ദമഠം (ഏറത്തു വടക്ക്), മഞ്ചാടിമൂട് (താഴത്തുവടക്ക്), മെതുകുമ്മേൽ, മാലൂർ എന്നിവിടങ്ങളിൽ വളം ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. ചെളിക്കുഴിയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ സ്റ്റോറും, ടെക്സ്റ്റയിൽസും സഹകാരികൾക്ക് ഒരളവുവരെ പ്രയോജനപ്രദമാണ്. ഓണക്കാലത്ത് ഗവൺമെന്റ് തീരുമാനപ്രകാരം അനുവദിക്കപ്പെട്ട 2 സ്ഥലത്ത് ഓണച്ചന്തകൾ നടത്തി ഈ പ്രദേശത്തെ വിലക്കയറ്റം ഒരളവുവരെ പിടിച്ചുനിർത്തി നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് സാധാരണക്കാർക്ക് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ഒരളവുവരെ പരിഹാരം ഉണ്ടാക്കത്തക്കതരത്തിൽ കച്ചവടരംഗത്തും പൊതുവിതരണരംഗത്തും വ്യവസായരംഗത്തും ഇടപെട്ടുകൊണ്ട് പ്രദേശത്തെ ആളുകൾക്ക് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കികൊടുക്കുവാൻ ഈ സ്ഥാപനത്തിനുകഴിയണം.

### *പട്ടികജാതി സഹകരണ സംഘം.*

9-4-1984ൽ ആണ് പട്ടാഴി വടക്കേക്കര പട്ടികജാതി സഹകരണ സംഘം (രജിസ്റ്റർ നമ്പർ Q890) സ്ഥാപിതമായത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അഭിവൃദ്ധി ലക്ഷ്യമാക്കി

ക്കൊണ്ട് സ്ഥാപിതമായ ഈ പ്രസ്ഥാനത്തിന് ഇന്നുവരെ കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ആദ്യകാലങ്ങളിൽ പാറയിറക്കി മെറ്റലടി സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ ആരംഭിച്ച് കുറേ ആളുകൾക്ക് ഭാഗികമായി തൊഴിൽനല്കി. സാമ്പത്തിക പരാധീനതയും സഹകാരികളുടെ ശുഷ്ക്കിച്ച പങ്കാളിത്തവും തുച്ഛമായവേതനവും കാരണം ഈ സംരംഭം അധികകാലം നീണ്ടുനിന്നില്ല. ഇപ്പോൾ ഈറ്റ ഉല്പന്നങ്ങളായ കുട്ട, വട്ടി, പനമ്പ്, മുറം എന്നിവയുടെ നിർമ്മാണവും വില്പനയും നടക്കുന്നുണ്ട്. എന്നിരുന്നാലും സാമ്പത്തിക പാരാധീനത പലപ്പോഴും ബുദ്ധിമുട്ടുണ്ടാക്കുന്നു. അംഗങ്ങൾക്ക് ആവശ്യമായ വായ്പകൾ കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ആകെ പട്ടികജാതിക്കാരുടെ ജനസംഖ്യ 2429 ആണ്. ഇതിൽ 461 പേരാണ് 1996 നവംബർ 30 വരെ അംഗങ്ങളായിട്ടുള്ളത്. ഇത് ആകെ പട്ടികജാതി ജനസംഖ്യയുടെ 19.3% മാത്രമാണ്. ഈ സ്ഥിതിയ്ക്ക് മാറ്റമുണ്ടായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗക്കാരും ഈ സ്ഥാപനത്തിൽ അംഗങ്ങളായിതീരണം. അതോടൊപ്പം സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കാവശ്യമായ ധനം ഗ്രാന്റായും സമാഹരണമായും കണ്ടെത്തേണ്ടതുണ്ട് കല്ലുവെട്ട്, മെറ്റൽ നിർമ്മാണം, കയർ ഉല്പന്നങ്ങളുടെ നിർമ്മാണം, ഈറ്റകൃഷി, ഈറ്റ ഉല്പന്നങ്ങളുടെ നിർമ്മാണം, ഖാദി യൂണിറ്റുകൾ തുടങ്ങി കുറഞ്ഞമൂലധനം മുടക്കി കൂടുതൽ സാമ്പത്തിക നേട്ടം കൈവരിയ്ക്കാവുന്ന സംരഭങ്ങളിൽ ഏർപ്പെട്ട് ഈ പ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

## *ക്ഷീരോല്പാദക സഹകരണ സംഘം*

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിൽ ചെളിക്കുഴി കേന്ദ്രമാക്കി 15.6.84ൽ ഒരു ക്ഷീരോല്പാദക സഹകരണ സംഘം (Q126(D)APCOS) പ്രവർത്തമാരംഭിച്ചു. 36 അംഗങ്ങൾ ഉണ്ടായിരുന്ന സംഘത്തിൽ പ്രതിദിനം 160 ലിറ്റർ പാൽ സംഭരിക്കയും പൊതുവിപണനത്തിനുശേഷമുള്ള പാൽ മിൽമയുടെ ചില്ലിംഗ് പ്ലാന്റിലേക്ക് അയയ്ക്കുകയും ചെയ്തിരുന്നു. അംഗങ്ങൾക്ക് കറവപ്പശുക്കളെ വളർത്തുന്നതിനും തൊഴുത്തു നിർമ്മാണത്തിനും വായ്പാ സൗകര്യങ്ങളും ഗുണമേന്മയുള്ള കാലിത്തീറ്റയും സംഘത്തിൽനിന്നും മിതമായ വിലയ്ക്ക് വിതരണം ചെയ്തിരുന്നു. ആഴ്ചയിൽ ഒരു ദിവസം (ബുധനാഴ്ച) വെറ്ററിനറി ഡിപ്പാർട്ടുമെന്റിന്റെ വൈദ്യസഹായവും സൗജന്യമായി നടത്തിയിരുന്നു.

തുടർന്നുള്ള സംഘത്തിന്റെ പ്രവർത്തന വൈകല്യംമൂലം പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കഴിയാതെവരികയും കാരക്രമേണ പ്രവർത്തനം പൂർണ്ണമായും നിലയ്ക്കുകയും ചെയ്തു.

സമീപകാലത്ത് വീണ്ടും പ്രവർത്തനം പുനരാരംഭിച്ചു. ശരാശരി 80 ലിറ്ററോളം പാൽ ഇവിടെ ശേഖരിക്കുകയും ഇവിടെത്തന്നെ വിറ്റഴിക്കുകയും ചെയ്യുന്നു. ആദ്യകാലങ്ങളിലെ തളർച്ചയിലൂടെ ഉണ്ടായ വിശ്വാസക്കുറവും സ്വകാര്യ ക്ഷീരയൂണിറ്റുകളുടെ പ്രവർത്തനവും ഇതിന്റെ വളർച്ചയ്ക്ക് വിലങ്ങുതടിയായി നില്ക്കുന്നു. ക്ഷീരകർഷകർക്കാവശ്യമായ സഹായങ്ങൾ കാലാകാലങ്ങളിൽ ലഭ്യമാക്കുന്നതിന് ഈ സ്ഥാപനത്തിന് കഴിയുന്നില്ല. കർഷകർക്ക് ഗുണനിലവാരമുള്ള കന്നുകാലികൾ, കാലിത്തീറ്റ എന്നിവ വിതരണം ചെയ്യണം. കന്നുകാലികളെ സംരക്ഷിക്കുന്നതിനുള്ള തൊഴുത്തുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നല്കുകയും കന്നുകാലികളുടെ രോഗവിമുക്ത നടപടികൾക്ക് വെറ്ററിനറി സബ്സെന്ററുകൾ പ്രവർത്തിപ്പിക്കുകയും വേണം. തീറ്റപ്പുൽകൃഷി, കാലിത്തീറ്റ നിർമ്മാണം എന്നിവയ്ക്ക് വലിയ സാദ്ധ്യത ഇവിടെ ഉണ്ട്.

## *പ്രശ്നങ്ങൾ*

- ബാങ്കിലെ നിക്ഷേപം താരതമ്യേന കുറവാണ്.
- വായ്പാപരിധിയുടെ കുറവ് (ആൾ ജാമ്യം 2,000, വസ്തു ജാമ്യം 10,000)
- വായ്പകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.
- പ്രവർത്തപരിധിയുടെ വിസ്തൃതിക്കനുസരിച്ച് ബ്രാഞ്ചുകളില്ല.
- ബാങ്കിൽനിന്നും എടുക്കുന്ന വായ്പകൾ

കൃത്യമായി തിരിച്ചടക്കപ്പെടുന്നില്ല.

- ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സഹകരണ സംവിധാനം ഇവിടെ നിലവിലില്ല.
- നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സഹകരണ മാവേലി സ്റ്റോർ നിലവിലില്ല.
- കാർഷികരംഗത്ത് ഉല്പാദന വിപണന സഹകരണ സംഘം നിലവിലില്ല.
- കാർഷികോപകരണങ്ങളും യന്ത്രങ്ങളും സഹകരണ സംഘങ്ങളിൽനിന്നും ലഭ്യമല്ല.
- കാർഷിക വായ്പകൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
- സർവ്വീസ് സഹകരണം ബാങ്ക്, പട്ടികജാതി സഹകരണ സംഘം, ക്ഷീരസഹകരണ സംഘം എന്നിവയ്ക്ക് സ്വന്തമായ കെട്ടിടങ്ങളില്ല.
- സ്വർണ്ണപ്പണയത്തിന്മേൽ പണം കടം കൊടുക്കുന്നതിനുള്ള സംവിധാനമില്ല.
- വനിതാ സഹകരണ സംഘത്തിന്റെ അപര്യാപ്തത.
- റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി നിലവിലില്ല.
- കാർഷികേതര വായ്പകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഗവണ്മെന്റ് ഫീസ് വർദ്ധന.
- സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടിയുടെ രജിസ്ട്രേഷൻ സബ്രജിസ്ട്രാർ ഓഫീസ് മുഖേനയായതുമൂലം രജിസ്ട്രേഷന് താമസം നേരിടുന്നു.

### *സാദ്ധ്യതകൾ*

- ഗ്രാമപഞ്ചായത്തിന്റെ ഫണ്ടുകൾ സഹകരണ ബാങ്കു വഴി വിനിമയം നടത്തത്തക്കവിധം നിയമനിർമ്മാണം ഉണ്ടാവുക, ബോധവൽക്കരണം, പഞ്ചായത്ത്തല സഹകരണ സെല്ലിന്റെ രൂപീകരണം.
- ബൈലാ ഭേദഗതിയിലൂടെ വായ്പയുടെ പരിധി ഉയർത്താവുന്നതാണ്.
- സാമ്പത്തിക സമാഹരണം.
- ബ്രാഞ്ചുകൾ സ്ഥാപിക്കാവുന്നതാണ്.
- വ്യവസായ സഹകരണം സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.
- ഗ്രാമപഞ്ചായത്തിൽ ഒരു മാമേലി സ്റ്റോർ ആരംഭിക്കാവുന്നതാണ്.
- സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഒരു കാർഷിക ഉല്പാദനവിപണന കേന്ദ്രം ആരംഭിക്കാം.
- ബാങ്കിന്റെ ഉടമസ്ഥതയിൽ കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യാവുന്നതാണ്.
- റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കാവുന്നതാണ്.
- സഹകരണ സ്ഥാപനങ്ങളിലെ ചിട്ടി രജിസ്ട്രേഷൻ സഹകരണ വകുപ്പിന്റെ കീഴിലാക്കണം.
- ബാങ്കിന്റെ അനുബന്ധസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ.
- കെട്ടിട നിർമ്മാണത്തിനുള്ള ഊർജ്ജിത നടപടി.



# 5.11

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം



പട്ടാഴി വടക്കേക്കര എന്ന നമ്മുടെ ഗ്രാമ പഞ്ചായത്തിൽ 1991ലെ സെൻസസ് കണക്ക് പ്രകാരം ജനസംഖ്യ 13969 ആണ്. ഇതിൽ പട്ടികജാതിക്കാർ 2429 ആണ്. ഇതിൽ പുരുഷന്മാർ 1226ഉം സ്ത്രീകൾ 1203ഉം ആണ്. ആകെയുള്ള ജനസംഖ്യയുടെ 17% ആണ് ഇത്. പട്ടികവർഗ്ഗ വിഭാഗക്കാർ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇല്ല. ഈ ഗ്രാമപഞ്ചായത്തിൽ ഏകദേശം 650 പട്ടിക ജാതി കുടുംബങ്ങളുണ്ട്.

നമ്മുടെ ഗ്രാമത്തിൽ രണ്ട് ഐ.എച്ച്.ഡി.പി. കോളനി ഉൾപ്പെടെ 6 അംഗീകൃത കോളനികളും (പട്ടിക 1) 3 ലക്ഷംവീട് കോളനികളും (പട്ടിക 2) ഇപ്പോൾ ഉണ്ട്. പട്ടികജാതിക്കാരുടെ വാസസ്ഥാനത്തിന്റെ പ്രത്യേകത പരിഗണിക്കുമ്പോൾ കോളനികളായി പ്രഖ്യാപിക്കാവുന്ന 6 പ്രദേശങ്ങൾ വേറെയുമുണ്ട് (പട്ടിക 3).

ജാതിയുടെ പേരിലുള്ള അയിത്തം, ഉച്ചനീചത്വം തുടങ്ങിയവയിൽ നല്ലൊരു വിഭാഗം ജനങ്ങൾ വിശ്വസിച്ചിരുന്നതിനാൽ ഈ പ്രദേശത്തെ പട്ടികജാതിക്കാർക്ക് അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഇന്ന് സ്ഥിതിക്ക് വളരെ മാറ്റം വന്നിട്ടുണ്ട്. എങ്കിലും എല്ലാ ജാതിമതസ്ഥരുടെയും ചടങ്ങുകളിലും പൊതുപരിപാടികളിലും തുല്യ പരിഗണന കൊടുക്കേണ്ടതുണ്ട്.

### പട്ടിക 1

### *അംഗീകൃത കോളനികളുടെ വിവരം*

| നമ്പർ | കോളനിയുടെ പേര് | വാർഡ് നമ്പർ | വീടുകളുടെ എണ്ണം | വൈദ്യുതി ഉണ്ട്/ഇല്ല |
|---|---|---|---|---|
| 1 | മാടൻ മുരുപ്പ് | III | 45 | ഉണ്ട് |
| 2. | അംബേദ്കർ (IHDP) | III | 40 | ഉണ്ട് |
| 3. | ചെമ്പന്നൂർ | III | 35 | ഉണ്ട് |
| 4. | മണയറ | V | 50 | ഉണ്ട് |
| 5. | നിരപ്പുവിള-വാഴക്കുന്ന (IHDP) | VII | 55 | ഇല്ല |
| 6. | മുരുക്കുംകോട് | VIII | 35 | ഉണ്ട് |

## ലക്ഷംവീട് കോളനികൾ

പട്ടിക 2

| നമ്പർ | കോളനിയുടെ പേര് | വാർഡ് നമ്പർ | വീടുകളുടെ എണ്ണം | വൈദ്യുതി ഉണ്ട്/ഇല്ല |
|---|---|---|---|---|
| 1 | ഏറത്തുവടക്ക് തെക്ക് | III | 25 | ഇല്ല |
| 2. | പള്ളത്തുവിള | III | 25 | ഇല്ല |
| 3. | മീനം വടക്കേക്കര | VI | 20 | ഇല്ല |

## കോളനികളായി പ്രഖ്യാപിക്കേണ്ട സ്ഥലങ്ങൾ

പട്ടിക 3

| നമ്പർ | പ്രദേശത്തിന്റെ പേര് | വാർഡ് നമ്പർ | വീടുകളുടെ എണ്ണം | വൈദ്യുതി ഉണ്ട്/ഇല്ല |
|---|---|---|---|---|
| 1 | വെട്ടുതുരുത്തി | I | 70 | ഇല്ല |
| 2 | കുന്നുംപുറം മിച്ചഭൂമി | IV | 30 | ഇല്ല |
| 3 | വെള്ളിഞ്ചയിൽ | I | 15 | ഇല്ല |
| 4 | ചെറുമല | VIII | 10 | ഇല്ല |
| 5 | നെടുംകുളം | VIII | 15 | ഇല്ല |
| 6 | ചാണിക്കൽപടിഞ്ഞാറുഭാഗം | VI | 10 | ഇല്ല |

## പട്ടിക 4

## പട്ടികജാതി ജനസംഖ്യ - വാർഡ് തിരിച്ച് (1991ലെ സെൻസസ്)

| വാർഡ് | ആകെ ജനസംഖ്യ | പട്ടികജാതിയിൽപ്പെവർ | | |
|---|---|---|---|---|
| | | ആൺ | പെൺ | ആകെ |
| 1 | 1579 | 213 | 195 | 408 |
| 2 | 1625 | 61 | 64 | 125 |
| 3 | 2183 | 377 | 376 | 753 |
| 4 | 1537 | 51 | 41 | 92 |
| 5 | 2079 | 160 | 145 | 305 |
| 6 | 1848 | 74 | 91 | 165 |
| 7 | 1587 | 161 | 178 | 339 |
| 8 | 1531 | 129 | 113 | 242 |
| ആകെ | 13969 | 1226 | 1203 | 2429 |

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയിലെ കൂലിപ്പണിക്കാരായിരുന്നു. കാർഷികമേഖലയിലെ തകർച്ച, തൊഴിൽ ബന്ധങ്ങൾ, കൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പുതിയ തൊഴിൽ സംസ്കാരം ഇവയുടെയെല്ലാം ഫലമായി വളരെയധികം ആളുകൾ മറ്റ് തൊഴിൽ മേഖലയിൽ പണി എടുക്കുന്നവരായി മാറുന്നു. പരമ്പരാഗത കൈത്തൊഴിലായ പായ്, പനമ്പ്, കുട്ട, വട്ടി,മുറം തുടങ്ങിയവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവർ ഏറെയുണ്ടായിരുന്നു. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും കൂടിയ വിലയും ഉൽപ്പന്നം വിറ്റഴിക്കുന്നതിനുള്ള വിപണിക്കുറവും കാരണം മിക്കപേരും ഈ തൊഴിൽ ഉപേക്ഷിച്ച് മറ്റ് ജീവിതമാർഗ്ഗം തേടി.

പ്രാഥമിക വിദ്യാഭ്യാസരംഗത്ത് പട്ടികജാതിക്കാരായ വിദ്യാർത്ഥികളുടെ പങ്കാളിത്തം മെച്ചപ്പെട്ടതാണ്. ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലുംകൂടി 1884 കുട്ടികൾ പഠിക്കുന്നതിൽ 511 പട്ടികജാതി വിദ്യാർത്ഥികളുണ്ട്. 'കൊഴിഞ്ഞുപോകുന്ന' വിദ്യാർത്ഥികളിൽ ഈ വിഭാഗത്തിൽനിന്നുള്ളവർ താരതമ്യേന കൂടുതലാണ്. മിക്കവരുടെയും വിദ്യാഭ്യാസം എസ്.എസ്.എൽ.സി. വരെയാണ്. ബിരുദാനന്തര ബിരുദം നേടിയവർ ഈ ഗ്രാമപഞ്ചായത്തിൽ ഈ വിഭാഗത്തിൽ 5ൽ താഴെയാണ്. ഗാർഹിക അന്തരീക്ഷവും കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടിവരുന്ന സാഹചര്യവും വിദ്യാഭ്യാസരംഗത്ത് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മയും ഉന്നതവിദ്യാഭ്യാസരംഗത്തെ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കഴിയാതെവരുന്നു.

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് കാലാകാലങ്ങളായി പല പദ്ധതികളും നടപ്പിലാക്കിയതുവഴി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ വീടുകളിലെയും കോളനികളിലേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ചെറ്റക്കുടിലുകൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. കോളനികളിൽ ഉൾപ്പെടാതെ ഒറ്റപ്പെട്ട കുടുംബങ്ങളായി താമസിക്കുന്നവർക്ക് പരിഗണനയും സഹായവും കുറവാണ്.

ആരോഗ്യ സംരക്ഷണകാര്യത്തിൽ ബോധവൽക്കരണം ഈ രംഗത്ത് അനിവാര്യമാണ്. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സൗജന്യ മെഡിക്കൽ പരിശോധന, സെമിനാറുകൾ, ഫിലിം പ്രദർശനം എന്നിവ വഴിയും ആരോഗ്യ പരിപാലനകാര്യത്തിൽ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും.

ഈ വിഭാഗങ്ങളുടെ പ്രാചീന കലാരൂപങ്ങളായ പറയൻതുള്ളൽ, പാക്കനാർകളി, വേലകളി, മുടിയാട്ടം, പരിചമുട്ട്, കോൽക്കളി തുടങ്ങിയവ ഈ പ്രദേശത്തെ പട്ടികജാതിക്കാരായ ആളുകളിൽനിന്ന് ഇന്ന് അകന്നുപോയിരിക്കുന്നു. ഈ കലാരൂപങ്ങൾ പുനർജീവിപ്പിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യമായി പട്ടികജാതിക്കാരുടെ പദവി ഉയരേണ്ടത് കാലഘട്ടത്തിന്റെയും ആവശ്യമാണ്. ഈ വിഭാഗക്കാരുടെ വീടുകളിൽ വിവാഹത്തിൽ പങ്കെടുക്കുക, അവരുടെ വീടുകളിൽനിന്നും ഭക്ഷണം കഴിക്കുക എന്നീ കാര്യങ്ങളിലെല്ലാം മറ്റു സമുദായക്കാരിൽ പലരും ഇന്നും വിട്ടുനിൽക്കുന്നു.

പട്ടികജാതിക്കാരിൽ ഒരു ചെറിയ ശതമാനമൊഴിച്ച് എല്ലാവരും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. സർക്കാർ ഈ വിഭാഗത്തിനായി അനേകം പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ഉദ്ദേശിച്ച ഗുണഫലം ലഭ്യമായിട്ടില്ല. ദാരിദ്ര്യവും ഇല്ലായ്മകളും ഈ ജനസഞ്ചയത്തെ പരാശ്രയത്തിലും നിസ്സഹായതയിലും നിരാശാബോധത്തിലും കൊണ്ടെത്തിച്ചിരിക്കുന്നു. ഇവരുടെ ക്രിയാശേഷി വർദ്ധിപ്പിക്കുന്ന, ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന, ഇവർക്കുമാത്രം പ്രയോജനം കിട്ടുന്ന പദ്ധതികൾക്ക് രൂപം കൊടുക്കണം. ഇപ്രകാരം നിർമ്മിക്കുന്ന സാമൂഹ്യ ആസ്തികൾ പ്രത്യുദ്പാദനക്ഷമവും പിൽക്കാലത്ത് അധിക തൊഴിലവസരങ്ങൾക്ക് സാദ്ധ്യതയുള്ളതുമായിരിക്കണം. ഇവരുടെ പ്രശ്നങ്ങൾ സാമൂഹ്യനീതിയുടെ പ്രശ്നമാണെന്ന ഉൾക്കാഴ്ചയോടുകൂടിയ സമീപനം പദ്ധതികൾ രൂപീകരിക്കുമ്പോൾ സ്വീകരിക്കേണ്ടതാണ്.

### *പ്രശ്നങ്ങൾ*

- ❒ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത.
- ❒ തൊഴിൽപരമായ പിന്നോക്കാവസ്ഥയും ദാരി

ദ്ര്യവും.

- വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ.
- സാമൂഹ്യ ഉച്ചനീചത്വങ്ങൾ.
- അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള തടസ്സം.
- ആനുകൂല്യങ്ങൾ വേണ്ടുംവിധം ഉപയോഗപ്പെടുത്തുന്നില്ല.
- ആരോഗ്യപരിപാലനത്തിലുള്ള പിന്നോക്കാവസ്ഥ.
- കോളനിയായി പ്രഖ്യാപിക്കേണ്ട പ്രദേശങ്ങൾ നിലനിൽക്കുന്നു.
- പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടവരുടെ പ്രശ്നങ്ങൾ
- സ്വന്തമായി ഭൂമിയില്ലാത്തവരുണ്ട്.
- കൈവശഭൂമിക്ക് പട്ടയം ഇല്ല.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുവേണ്ടിയുള്ള സ്കീമുകൾ ഉപയോഗപ്പെടുത്തുന്നില്ല.
- നിലവിലുള്ള സ്കീമുകളെക്കുറിച്ച് അറിവില്ലായ്മ.

## *സാദ്ധ്യതകൾ*

- പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി വികസന പദ്ധതിക്ക് തുക നീക്കിവയ്ക്കലും കോളനികൾക്ക് പ്രത്യേക പരിഗണനയും.
- വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിൽ സ്കീമുകൾ.
- കാർഷികേതര മേഖലയിൽ തൊഴിലവസരം.
- വിദ്യാഭ്യാസമേഖലയ്ക്ക് പ്രത്യേക സ്കീമുകൾ.
- ബോധവൽക്കരണ പരിപാടികൾ.
- ആനുകൂല്യങ്ങൾ ജനകീയ ഇടപെടലോടെ ലഭ്യമാക്കുക.
- ശുചിത്വം, ആരോഗ്യം എന്നീ മേഖലയ്ക്ക് പ്രത്യേക പദ്ധതി.
- കൂടുതൽ കോളനികൾ സ്ഥാപിക്കൽ.
- സഹകരണാടിസ്ഥാനത്തിൽ കൈത്തൊഴിൽക്കാരെ സംഘടിപ്പിക്കൽ.



# 5.12 വിഭവ സമാഹരണം

പട്ടാഴി പഞ്ചായത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശം 1979ൽ ആണ് പട്ടാഴി വടക്കേക്കര പഞ്ചായത്തായി രൂപീകൃതമായത്. കൊല്ലം ജില്ലയിലെ ഏറ്റവും വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്താണിത്. അടിസ്ഥാന സൗകര്യങ്ങളിൽ മിക്കതും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ജനസംഖ്യയിൽ ബഹുഭൂരിപക്ഷം നാമമാത്ര കർഷകരും തൊഴിലാളികളുമാണ്. നല്ലൊരു ശതമാനം പേർ തൊഴിൽരഹിതരുമാണ്.

ഗ്രാമത്തിന്റെ ഭക്ഷ്യോല്പാദന മേഖല ഗുരുതതമായ പ്രതിസന്ധി നേരുടുകയാണ്. വ്യാവസായികമായി വളരെ പിന്നോക്കാവസ്ഥയിലാണ്. അടുത്തകാലത്തായി പ്രവർത്തനം ആരംഭിച്ച ഒരു കശുവണ്ടി ഫാക്ടറിയാണ് ആകെയുള്ളത്. അതും തുടർച്ചയായി പണി ലഭിക്കുന്നില്ല. ഉപഭോഗവസ്തുക്കളുടെ ഉല്പാദന യൂണിറ്റുകളും ഇല്ല. ഇക്കാരണങ്ങളാൽ ഉള്ള വരുമാനം ഗ്രാമത്തിനു വെളിയിലേക്ക് പോവുകയാണ്.

ഭക്ഷ്യോല്പാദനരംഗത്തും വ്യാവസായിക രംഗത്തും നേട്ടങ്ങൾ കൈവരിക്കാനും അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമാകുവാനും കഴിഞ്ഞാലേ പഞ്ചായത്തിന് സാമ്പത്തിക വളർച്ച കൈവരിക്കുവാൻ കഴിയൂ.

1995-96 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം 10,10,442 രൂപയും സർക്കാർ ഗ്രാന്റ് 10,53,500 രൂപയുമാണ്. ആകെ വരുമാനം 20 ,63,942 രൂപയാണ്. കെട്ടിടനികുതി, തൊഴിൽ നികുതി, ചന്തവരവ്, ലൈസൻസ് ഫീസ്, വസ്തു കൈമാറ്റ നികുതി, സർക്കാർ ഗ്രാന്റ്, ഡിപ്പോസിറ്റ്, മറ്റുള്ളവ; ഈ നിലയിലാണ് വരുമാന മാർഗ്ഗങ്ങൾ. പത്ത് വർഷം മുൻപുള്ള സ്ഥിതി പരിശോധിച്ചാൽ തനതു വരുമാനം 2,96,284 രൂപയും ഗ്രാന്റ് 1,80,998 രൂപയും ആയിരുന്നു. ആകെ 4,77,282 രൂപ. 198687ൽ നിന്നും 199596ൽ എത്തിയപ്പോൾ തനതു വരുമാനം 341 ശതമാനം വർദ്ധിച്ചിട്ടുള്ളതായിക്കാണാം. സർക്കാർ ഗ്രാന്റിൽ 582 ശതമാനത്തിന്റെ വർദ്ധനയുണ്ടായിട്ടുണ്ട്.

ഇനി ചെലവിന്റെ കാര്യം പരിശോധിക്കാം. 1995-96 വർഷത്തിൽ ആകെ ചെലവ് 11,20,295

രൂപയാണ്. ഇതിൽ, ഭരണച്ചെലവ് 4,30,695 രൂപയാണ്. ഇത് തനത് വരുമാനത്തിന്റെ 42.62 ശതമാനം വരുന്നു (ആകെ വരവിന്റെ 20.80 ശതമാനം). ആകെ വരുമാനത്തിന്റെ 7.1 ശതമാനം പൊതുമരാമത്തിനും 2.1 ശതമാനം വിദ്യാഭ്യാസത്തിനും 0.5 ശതമാനം പൊതുജനാരോഗ്യത്തിനും 2 ശതമാനം തെരുവുവിളക്കിനും 21.5 ശതമാനം മറ്റിനത്തിലും. ഈ നിലയിലാണ് ചെലവ് 1996 മാർച്ച് 31ന് ആകെ വരവിൻെറ 45.72 ശതമാനം തുക മിച്ചമായിരുന്നു. പത്തു വർഷം മുമ്പുള്ള സ്ഥിതി പരിശോധിച്ചാൽ 1986-87 വർഷത്തിൽ ആകെ ചെലവ് 4,91,477 രൂപയായിരുന്നു. അന്ന് ഭരണച്ചെലവ് തനത് വരുമാനത്തിന്റെ 29.5 ശതമാനമായിരുന്നു (ആകെ ചെലവിന്റെ 18.3 ശതമാനം). പൊതുമരാമത്തിന് 17 ശതമാനം, വിദ്യാഭ്യാസത്തിന് 0.06 ശതമാനം, പൊതുജനാരോഗ്യത്തിന് NIL, തെരുവുവിളക്കിന് 6.3 ശതമാനം, മറ്റിനത്തിൽ 61.1 ശതമാനം, ഈ നിലയിലായിരുന്നു അന്നത്തെ ചെലവ്. 14,195 രൂപ കമ്മിയായിരുന്നു.

പത്ത് വർഷത്തെ സ്ഥിതി വിലയിരുത്തുമ്പോൾ വരവിന്റെയും ചെലവിന്റെയും കാര്യത്തിൽ തുകയിൽ ഇപ്പോൾ വളരെ വലിയ വർദ്ധന ഉണ്ടായിരിക്കുന്നു. എന്നാൽ, ചെലവിന്റെ ശതമാനം പരിശോധിക്കുമ്പോൾ ചില പ്രത്യേകതകൾ കാണാൻ കഴിയും. 10 വർഷം മുമ്പ് ആകെ വരുമാനത്തിന്റെ 18.3 ശതമാനമായിരുന്ന ഭരണച്ചെലവ് ഇപ്പോൾ 20.8 ശതമായി ഉയർന്നിരിക്കുന്നു. പൊതുമരാമത്തിന് 17 ശതമാനം തുക ചെലവാക്കിയിരുന്ന സ്ഥാനത്തിപ്പോൾ 7.1 ശതമാനം മാത്രമാണ് ചെലവ്. വിദ്യാഭ്യാസത്തിന് ശതമാനം വർദ്ധിച്ചിട്ടുണ്ട്. തെരുവുവിളക്കിന് 6.3 ശതമാനം ചെലവിന്റെ സ്ഥാനത്തിപ്പോൾ 2 ശതമാനം മാത്രമാണ് ചെലവാകുന്നത്. 1995-96 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ 9 ,43,647 രൂപ മിച്ചമാണ് (ആകെ വരുമാനത്തിന്റെ 45.72 ശതമാനം).

### *ചാർട്ട് 1*
### *1986ൽനിന്നും 1995ൽ എത്തിയപ്പോൾ വരവിലുണ്ടായ വർദ്ധന ശതമാനം*

| കെട്ടിട നികുതി | തൊഴിൽ നികുതി | ലൈസൻസ് ഫീ | വസ്തു കൈമാറ്റ നികുതി | സർക്കാർ ഗ്രാന്റ് | ഡിപ്പോസിറ്റ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 434% | 383.6% | 154% | 258.7% | 582% | 118% | 585.7% | 432.4% |

### *ചാർട്ട് 2*
### *1986ൽനിന്നും 1995ലെത്തിയപ്പോൾ ചെലവിൽ വന്ന വർദ്ധന പ്രത്യേകതകൾ*

| ഭരണച്ചെലവ് തനതു വരുമത്തിൽ | പൊതുമരാമത്ത് | വിദ്യാഭ്യാസം | പൊതു-ജനാരോഗ്യം | തെരുവു വിളക്ക് | ആകെ |
|---|---|---|---|---|---|
| കൂടുകയും കുറയുകയും ചെയ്യുന്നു. 1993 മുതൽ ക്രമമായി കുറയുന്നു. | 180% വർദ്ധിച്ചു 94- 95, 95- 96 കാലയളവിൽ കൂടുതൽ വർദ്ധന | 90- 91ൽ NIL 1986- 87ലെ രൂ.310ൽനിന്നും 1995- 96 ആയപ്പോൾ രൂ. 45,151 ആയി ഉയർന്നു | 1986 മുതൽ 1990 വരെ ചെലവില്ല. 1996 ആയപ്പോൾ രൂ. 10,730 ആയി ഉയർന്നു. | വലിയ വ്യത്യാസമില്ല. 1994-നെക്കാൾ 1995ൽ കുറഞ്ഞു | 227% കൂടിയിട്ടുണ്ട്. |

## ചാർട്ട് 3

### 1986-87, 1995-96 വർഷങ്ങളിലെ ചെലവ് ഗ്രാന്റ് ഉൾപ്പെടെ ആകെ വരവിന്റെ എത്ര ശതമാനം

| 1995-96 | | | | | |
|---|---|---|---|---|---|
| ഭരണം | പൊതുമരാമത്ത് | വിദ്യാഭ്യാസം | പൊതു-ജനാരോഗ്യം | തെരുവു വിളക്ക് | മറ്റിനം |
| 20.8% | 7.1% | 2.1% | 0.5% | 2% | 21.5% |
| 1986-87 | | | | | |
| 18.3% | 17% | 0.06% | NIL | 6.3% | 61.1% |

നികുതി സാദ്ധ്യതയ്ക്കനുസരിച്ച് നമ്മുടെ വരുമാനം വർദ്ധിച്ചിട്ടുണ്ടെന്നു പറയാൻ കഴിയില്ല. നികുതി നിയമങ്ങൾ കർശനമായി പാലിച്ചുകൊണ്ട് വരുമാനത്തിൽ വർദ്ധനയുണ്ടാക്കാൻ കഴിയും. എന്നാൽ ഇത് സാദ്ധ്യമാകുന്നതിന് വിപുലമായ ബഹുജന ബോധവൽക്കരണം ആവശ്യമാണ്. നികുതി നിയമങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഓരോരുത്തരും കൃത്യമായ നികുതി ഗ്രാമപഞ്ചായത്തിന് കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഓരോ പൗരനും ബാദ്ധ്യതയുണ്ട്. ജനങ്ങളുടെ ബോധ നിലവാരം ഉയരുകയും നിയമങ്ങൾ കർശനമായി നടപ്പാക്കാൻ പഞ്ചായത്തിന്റെ ശ്രമവും – ഇത് രണ്ടും ഉണ്ടാകുമ്പോൾ ഇത് സംബന്ധമായ പ്രശ്നങ്ങൾ ഇല്ലാതാകും. ചെളിക്കുഴി ചന്ത ആഴ്ചച്ചന്തയാക്കി മാറ്റിയാൽ അതുവഴിയുള്ള വരുമാനം വർദ്ധിക്കും.

ഇപ്പോൾ ആകെ ഗ്രാന്റ് തുകയായ 13,06,222 രൂപയിൽ 3,22,275 രൂപ അൺടൈഡ് ഫണ്ടാണ്. ഇത് ആകെ ഗ്രാന്റിന്റെ 24.6 ശതമാനമാണ്. ജെ.ആർ.വൈ. ഫണ്ട് 2,74,484 രൂപയും വി.ആർ.എം. ഗ്രാന്റ് 70,607 രൂപയും എം.ഐ. 9,000 രൂപയും വി.ടി.സി. 6,02,466 രൂപയുമാണ്. പുതിയ പഞ്ചായത്തീരാജ് നിയമം അനുസരിച്ച് മറ്റ് ഡിപ്പാർട്ട്മെന്റുകൾ വഴി ചെലവാക്കിയിരുന്ന തുകകൾ ഗ്രാമപഞ്ചായത്ത് വഴി ചെലവഴിക്കാൻ ലഭിച്ചുതുടങ്ങിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽനിന്നും 3,500 രൂപ, ആരോഗ്യ വകുപ്പിൽനിന്നും 1,609 രൂപ, കൃഷി വകുപ്പിൽനിന്നും 2,73,862 രൂപ, പട്ടികജാതിക്ഷേമ വകുപ്പിൽനിന്നും 5,400 രൂപ, മറ്റുള്ളവ 48,800 രൂപ. ആകെ 3,33,171 രൂപയുടെ വിനിയോഗം പുതുതായി ഗ്രാമപഞ്ചായത്ത് വഴി നടത്താനായി ലഭിക്കുകയും വിനിയോഗം നടത്തുകയും ചെയ്തുവരുന്നു.

വായ്പകൾ എടുത്തിട്ടില്ലാത്തതിനാൽ കടം തിരിച്ചടവ് എന്ന ഇനം ഇല്ല. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് 1994-95ൽ 71,936 രൂപയും 1995-96ൽ 21,562 രൂപയും ആണ്. കുറെക്കൂടി പിറകോട്ടു പരിശോധിച്ചാൽ ഈ ഗ്രാന്റ് കുറഞ്ഞും കൂടിയും വ്യത്യസ്ത തുകകൾ ലഭിച്ചുകൊണ്ടിരിക്കുന്നതായിട്ടാണ് കാണപ്പെടുന്നത്. ഈ തുക ഇന്നത്തെ നിലയിൽ വളരെ പരിമിതമാണ്. ഈ ഗ്രാന്റ് വിതരണവ്യവസ്ഥയിൽ കാലികമായ മാറ്റം വരുത്തി ഗ്രാമപഞ്ചായത്തിന് കൂടുതൽ തുക അനുദിക്കേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ വാണിജ്യ ബാങ്കുകൾ ഒന്നുമില്ല. മാലൂർ കോളേജിനോടു ചേർന്ന് എസ്.ബി.ടി.യുടെ ഒരു എക്സ്ടെൻഷൻ കൗണ്ടർ ഉണ്ടെങ്കിലും ഗ്രാമവാസികൾക്ക് ഇത് പ്രയോജനപ്പെടുന്നില്ല. ഏക ധനകാര്യ സ്ഥാപനമായ പട്ടാഴി വടക്കേക്കര സർവ്വീസ് സഹകരണ ബാങ്കിനും പരിമിതികൾ ഏറെയാണ്. സ്വന്തം കെട്ടിടം ഇല്ലായ്മ, ശാഖകൾ ഒന്നുമില്ലായ്മ, വായ്പാ പരിധിയുടെ കുറവ്, പ്രാദേശിക ഉല്പാദന മേഖലകൾക്ക് പ്രാമുഖ്യമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ ജനങ്ങളുടെയും ധനകാര്യ ആവശ്യങ്ങൾ

നിറവേറ്റുന്നതിന് ഈ സഹകരണ സ്ഥാപനത്തിന് കഴിയുന്നില്ല. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന സാമ്പത്തിക ഇടപാടുകൾ ഈ സ്ഥാപനത്തിൽക്കൂടി നടത്തായൻ കഴിയാത്ത് നിലയിലുള്ളതാണ് നിലവിലുള്ള നിയമങ്ങൾ. ഇതിന് മാററം വരുത്തി ഈ സഹകരണ ബാങ്കും ഗ്രാമാപഞ്ചായത്തും സാമ്പത്തിക ഇടപാടുകളിൽ സഹകരിക്കുന്നതിനുള്ള നിയമങ്ങളുണ്ടാക്കാൻ അടിയന്തിരമായി ശ്രമിക്കണം. മറ്റ് ബാങ്കുകളോ ബാങ്കേതര ധനകാര്യ സ്ഥാപനങ്ങളോ ഒന്നും ഇവിടെയില്ല എന്നതും നമ്മുടെ വികസനത്തിന് ഒരു തടസ്സമാകുന്നുണ്ട്.

വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്നവരായി ഏകദേശം 400 ആളുകൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട്. ഇവർ വരുമാനം കാർഷിക മേഖലയിലോ വ്യാവസായിക മേഖലയിലോ മറ്റ് ഉല്പാദന മേഖലയിലോ മുടക്കുന്നതിന് വിമുഖരാണ്. ഇവരുടെ വരുമാനം ഈ മേഖലയിലേക്ക് തിരിച്ചുവിടുന്നതിനുവേണ്ട പരിപാടികൾ തയ്യാറാക്കണം.

സന്നദ്ധ പ്രവർത്തനത്തിന്റെയും സംഭാവനയുടെയും അടിസ്ഥാനത്തിൽ വികസനപ്രവർത്തങ്ങൾ ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് നമുക്കുള്ള സാദ്ധ്യത ഏറെയാണ്. ചില സ്കൂൾ പി.ടി.എ.കൾ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഇതിന് നല്ല ഉദാഹരണമാണ്. സന്നദ്ധ പ്രവർത്തനമേഖലയിലേക്ക് തിരിച്ചുവിടാവുന്ന മനുഷ്യസമ്പത്ത് നമുക്ക് വേണ്ടുവോളമുണ്ട്. ഇത് പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

നമ്മുടെ ഗ്രാമ പഞ്ചായത്തിലെ കല്ലടയാറിന്റെ തീരത്തുള്ള പുറമ്പോക്ക്, തോട്ടുപുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവ അളന്നു തിട്ടപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. ഗ്രാമപഞ്ചായത്തു പ്രദേശത്തെ പാറ പൊട്ടിക്കുന്നതിൽനിന്നും ഒരു നിശ്ചിത വരുമാനം ലഭിക്കുന്നതിനുള്ള നടപടികളും വേണം. ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനും പിരിക്കുന്നതിനുമുള്ള അവകാശം ഗ്രാമപഞ്ചായത്തിന് ലഭിക്കണം. ഈ സാഹചര്യത്തിൽ നമ്മുടെ വിഭവ സമാഹരണരംഗത്തെ പ്രശ്നങ്ങളും സാദ്ധ്യതകളും പരിശോധിക്കാം.

(ചാർട്ട് 1 നോക്കുക)

### *പ്രശ്നങ്ങൾ*

- ☐ പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൊതുവെ കുറവാണ്. ഉള്ളവ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല.
- ☐ പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നില്ല.
- ☐ പ്രാദേശിക ആവശ്യങ്ങൾക്കും ഉല്പാദന മേഖലയ്ക്കും അനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നില്ല.
- ☐ പൊതു ഫണ്ട് സ്വരൂപിക്കുന്നില്ല.
- ☐ സന്നദ്ധ പ്രവർത്തനത്തിന് ആളുകളുടെ പങ്കാളിത്തക്കുറവ്.
- ☐ നികുതി നിർണ്ണയത്തിൽ സുതാര്യത കുറവാണ്.
- ☐ കോൺട്രാക്ടർമാർക്ക് അമിത ലാഭം നേടുന്നതിനുള്ള അവസരം നിലനിൽക്കുന്നു.
- ☐ ഗ്രാമപഞ്ചായത്തും സഹകരണ ബാങ്കുമായി സാമ്പത്തിക ഇടപാടിന് തടസ്സങ്ങൾ.
- ☐ ധനകാര്യ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല.
- ☐ വിനോദ നികുതി കിട്ടാനുള്ള അവസരം ഇല്ല.

### *സാദ്ധ്യതകൾ*

- ☐ കെട്ടിട നികുതി ശാസ്ത്രീയമായി പുനർനിർണ്ണയിക്കുക.
- ☐ പുതിയ നികുതി സ്രോതസ്സുകൾ – മണൽ ലേലം, ഭൂനികുതി, പുറമ്പോക്ക് ഉപയോഗപ്പെടുത്തൽ, പാറ മടകൾ – ഉപയോഗപ്പെടുത്താനുള്ള ശ്രമം.
- ☐ പഞ്ചായത്തീരാജ് നിയമം നൽകുന്ന പുതിയ നികുതിയധികാരങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തണം.
- ☐ സന്നദ്ധ പ്രവർത്തനത്തിനുള്ള മാസ്റ്റർ പ്ലാൻ.
- ☐ വിദ്യാഭ്യാസം, പൊതുജനാരോഗ്യം തുടങ്ങിയ മേഖലകളിൽ ക്ഷേമപ്രവർത്തനത്തിന് പൊതുഫണ്ട് സ്വരൂപിക്കുക.

- ഗ്രാമ പഞ്ചായത്തിന്റെ വരവ് ചെലവ് കണക്ക് സുതാര്യമാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കാം.
- ബഹുജന പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുക.
- സന്നദ്ധ സംഘടനകൾക്കുള്ള കേന്ദ്ര-സംസ്ഥാന സഹായധന പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുക.
- ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയ പദ്ധതികൾ.
- സ്വകാര്യ മേഖലയിൽ സിനിമാശാല.



ചാർട്ട് 1

## കഴിഞ്ഞ 10 വർഷക്കാലത്തെ വരവ് സ്റ്റേറ്റ്മെന്റ്

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | ചന്ത വരവ് | ലൈസൻസ് ഫീ | വസ്തു കൈമാറ്റ നികുതി | | സർക്കാർ ഗ്രാന്റ് | ഡിപ്പോസിറ്റ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | | | | 75% | 25% | | | | |
| 1995-96 | 91,940 | 1,16,675 | 2,650 | 1,771 | 1,63,639 | 40,000 | 10,53,500 | 25,140 | 5,68,627 | 20,63,942 |
| 1994-95 | 86,622 | 1,00,496 | 2,050 | 1,803 | 1,23,229 | 39,719 | 5,08,170 | 16,830 | 3,96,883 | 12,75,804 |
| 1993-94 | 82,004 | 1,18,215 | 2,550 | 1,655 | 1,36,353 | 39,119 | 3,27,230 | 12,149 | 1,15,969 | 8,35,244 |
| 1992-93 | 53,438 | 76,450 | 1,878 | 1,742 | 1,22,340 | 35,000 | 31,457 | 24,253 | 1,40,069 | 4,86,627 |
| 1991-92 | 50,884 | 59,975 | 2,727 | 1,579 | 60,929 | 49,965 | 73,068 | 9,519 | 1,36,590 | 4,45,236 |
| 1990-91 | 49,364 | 43,204 | 4,600 | 1,271 | 86,653 | 50,000 | 26,128 | 18,295 | 93,238 | 3,72,753 |
| 1989-90 | 45,043 | 45,369 | 2,031 | 1,378 | - | 40,000 | - | 7,770 | 1,87,090 | 3,28,681 |
| 1988-89 | 45,001 | 40,111 | - | 1,396 | 80,469 | 1,04,063 | 44,178 | 25,795 | 1,35,800 | 4,76,813 |
| 1987-88 | 22,314 | 34,491 | 1,000 | 1,162 | 1,18,436 | 82,413 | 1,19,877 | 29,942 | 92,245 | 5,01,880 |
| 1886-87 | 21,161 | 30,411 | - | 1,143 | 63,231 | 83,257 | 1,80,998 | - | 97,081 | 4,77,282 |

# കഴിഞ്ഞ 10 വർഷക്കാലത്തെ ചെലവ് സ്റ്റേറ്റ്മെന്റ്

| വർഷം | ഭരണം | പൊതു-<br>മരാമത്ത് | വിദ്യാഭ്യാസം | ജലവിതരണം<br>ഓട<br>പൊതുജനാരോഗ്യം | തെരുവു<br>വിളക്ക് | മറ്റുള്ളവ | ആകെ | ഭരണച്ചെലവ്<br>ശതമാനം<br>തനതു<br>വരുമാനത്തിൽ |
|---|---|---|---|---|---|---|---|---|
| 1995-96 | 4,30,659 | 1,47,093 | 45,151 | 10,730 | 41,436 | 445,226 | 1,120,295 | 42.62% |
| 1994-95 | 3,59,242 | 1,64,255 | 22,946 | 2,541 | 41,714 | 367,407 | 958,105 | 46.79% |
| 1993-94 | 2,90,836 | 98,534 | 12,500 | - | 34,901 | 424,642 | 861,413 | 58.66% |
| 1992-93 | 2,44,379 | 98,242 | 17,169 | 8,200 | 33,278 | 264,512 | 665,780 | 53.69% |
| 1991-92 | 2,43,563 | 54,363 | 72,147 | - | 30,041 | 259,567 | 659,681 | 32.85% |
| 1990-91 | 1,67,956 | 76,166 | - | 15,000 | 30,050 | 378,075 | 667,247 | 30.2% |
| 1989-90 | 1,60,149 | 16,994 | 1,400 | - | 30,040 | 328,262 | 536,845 | 48.72% |
| 1988-89 | 1,48,612 | 1,74,000 | 4,500 | - | 30,041 | 268,716 | 625,869 | 43.58% |
| 1987-88 | 96,278 | 1,11,597 | 1,700 | - | 30,041 | 309,916 | 549,532 | 27.38% |
| 1886-87 | 87,474 | 81,342 | 310 | - | 30,278 | 292,073 | 491,477 | 29.52% |

## ഗ്രാമപഞ്ചായത്തിലെ ആസ്തികൾ - ഒറ്റനോട്ടത്തിൽ

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|---|
| പ്രാഥമികാരോഗ്യകേന്ദ്രം | | | | | | | 1 | |
| ആയുർവ്വേദം ആശുപത്രി (സ്വകാര്യം) | | | | | 1 | | | |
| മാതൃ-ശിശു സംരക്ഷണകേന്ദ്രം | | | | | | 1 | | |
| അലോപ്പതി ആശുപത്രി (സ്വകാര്യം) | | | | | 1 | 1 | | |
| മൃഗാശുപത്രി/സബ് സെന്റർ | | | | | | 1 | 1 | |
| അംഗൻവാടി / ബാലവാടി | 2 | 2 | 2 | 1 | 2 | 2 | 2 | 2 |
| നഴ്സറി സ്കൂൾ / ശിശുവിഹാർ | | | 1 | | 1 | | | |
| ലോവർ പ്രൈമറി സ്കൂൾ | 1 | 1 | | 2 | 1 | | 1 | |
| അപ്പർ പ്രൈമറി സ്കൂൾ | 1 | | | 1 | | | 1 | |
| ഹൈസ്കൂൾ | | | | | | 1 | | |
| ട്യൂട്ടോറിയൽ/പാരലൽ കോളേജ് | | | | | | | 1 | 1 |
| ആർട്ട്സ് & സയൻസ് കോളേജ് | | | | | | | 1 | |
| ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | | | | 1 | | 1 | | |
| സാംസ്കാരിക നിലയം | | 1 | | | | | | 1 |
| ഗ്രന്ഥശാല | 1 | 1 | | 1 | 1 | 1 | | 1 |
| പഞ്ചായത്ത് ആഫീസ് | | | 1 | | | | | |
| സർവ്വീസ് സഹകരണ ബാങ്ക് | | | | | 1 | | | |
| പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘം | | | 1 | | | | | |
| ക്ഷീര സഹകരണ സംഘം | | | | 1 | | | | |
| വില്ലേജ് ആഫീസ് | | | 1 | | | | | |
| കൃഷി ഭവൻ | | 1 | | | | | | |
| വി.ഇ.ഒ. ഓഫീസ് | | | 1 | | | | | |
| പോസ്റ്റാഫീസ് | | 1 | | | 1 | | 2 | |

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|---|
| കലാ-കായിക സമിതികൾ | 2 | 1 | 3 | 2 | 4 | 4 | 3 | 4 |
| റേഷൻ കട | 1 | 1 | 1 | | 1 | 2 | 1 | 1 |
| കൺസ്യൂമർ സ്റ്റോർ | | | | | 1 | | | |
| മാർക്കറ്റ് | | | | 1 | | | | |
| കശുവണ്ടി വ്യവസായം | | | | 1 | | | | |
| കയർ വ്യവസായം | | | | | | 1 | | |
| കൈത്തറി | | 1 | | | 1 | | | |
| ധാന്യം പൊടിക്കുന്ന മില്ല് | 1 | 1 | | | 1 | 1 | 1 | |
| ചൂള വ്യവസായം | | 4 | 4 | 1 | | 2 | | 2 |
| തടി മില്ല് | | | | | 1 | | | |
| കുഴൽ കിണർ | 1 | 1 | 3 | 1 | 2 | 1 | 2 | |
| സെൻട്രൽ വാട്ടർ കമ്മീഷൻ ഓഫീസ് | 1 | | | | | | | |
| ക്ഷേത്രം | 1 | 1 | 1 | 1 | 1 | | | |
| ക്രിസ്ത്യൻ പള്ളി | 5 | 2 | 1 | | 3 | | 1 | 1 |
| മുസ്ലീം പള്ളി | | | 1 | | | 2 | | 1 |
| സർപ്പക്കാവ് | 3 | 2 | 4 | 1 | 3 | | 2 | 1 |
| വെട്ടുകല്ല് ഖനനം | | | 1 | | | | | |
| പ്രാഥമികാരോഗ്യ ഉപകേന്ദ്രം | 1 | | | | | 1 | | 1 |

അവലംബം : വിഭവഭൂപടം, സാമൂഹ്യ സാമ്പത്തിക സർവ്വേ

# 1991ലെ കാനേഷുമാരി വിവരങ്ങൾ

| | | വാർഡ് നമ്പർ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | I | II | III | IV | V | VI | VII | VIII | ആകെ |
| ആകെ വീടുകൾ | | 357 | 360 | 492 | 356 | 485 | 410 | 368 | 340 | 3168 |
| ജനസംഖ്യ | പുരുഷൻ | 767 | 758 | 1122 | 765 | 1031 | 856 | 765 | 735 | 6799 |
| | സ്ത്രീ | 812 | 867 | 1061 | 772 | 1048 | 992 | 822 | 796 | 7170 |
| | ആകെ | 1579 | 1625 | 2183 | 1537 | 2079 | 1848 | 1587 | 1531 | 13969 |
| പട്ടികജാതി | പുരുഷൻ | 213 | 61 | 377 | 51 | 160 | 74 | 161 | 129 | 1226 |
| | സ്ത്രീ | 195 | 64 | 376 | 41 | 145 | 91 | 178 | 113 | 1203 |
| പ്രധാന ജോലിക്കാർ | പുരുഷൻ | 363 | 438 | 555 | 392 | 511 | 449 | 383 | 335 | 3426 |
| | സ്ത്രീ | 98 | 48 | 89 | 36 | 104 | 153 | 87 | 54 | 669 |
| കർഷകർ | പുരുഷൻ | 148 | 330 | 197 | 215 | 219 | 130 | 140 | 135 | 1514 |
| | സ്ത്രീ | 9 | 2 | 2 | 9 | 18 | 44 | | 3 | 87 |
| കർഷകത്തൊഴിലാളി | പുരുഷൻ | 147 | 42 | 148 | 69 | 116 | 105 | 144 | 62 | 833 |
| | സ്ത്രീ | 61 | 25 | 41 | 10 | 52 | 38 | 60 | 20 | 307 |
| തൊഴിലില്ലാത്തൻ | പുരുഷൻ | 396 | 309 | 529 | 372 | 470 | 407 | 348 | 347 | 3178 |
| | സ്ത്രീ | 675 | 814 | 898 | 735 | 935 | 837 | 734 | 714 | 6342 |



# 6
# പ്രവർത്തന രേഖ

ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ട പരിപാടി പഞ്ചായത്ത് വികസന സെമിനാർ നടക്കുന്നതോടുകൂടി സമാപിക്കുകയാണ്. അധികാരം ജനങ്ങളിലേക്ക് എന്ന സന്ദേശവുമായി തുടക്കം കുറിച്ച ജനകകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ഒരു പുത്തൻ ഉണർവ്വും ആവേശവും കൈവന്നതായി അനുഭവങ്ങൾ തെളിയിക്കുന്നു. അധികാര വികേന്ദ്രീകരണം വികേന്ദ്രീകൃത ആസൂത്രണം എന്നിവയെ സംബന്ധിച്ച് സാധാരണ ജനങ്ങളിൽ പുതിയ അവബോധം ജനിപ്പിക്കാൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

ത്രിതല പഞ്ചായത്ത് രാജ് നിയമപ്രകാരം നടന്ന തെരഞ്ഞെടുപ്പിനെത്തുടർന്ന് 1995 ഒക്ടോബർ 4ന് ഇന്നത്തെ പഞ്ചായത്ത് ഭരണ സമിതി സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റെടുത്തു. അന്നേ ദിവസം രാവിലെ 11 മണിക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന സമ്മേളനത്തിൽ ബഹുജനങ്ങളുടെയും രാഷ്ട്രീയ-സാമൂഹിക-സന്നദ്ധ സംഘടനാ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി സത്യസന്ധമായി ഈ ഭരണസമിതി ജനങ്ങളോടൊപ്പം നിലകൊള്ളുമെന്ന് ഭരണസമിതിക്കുവേണ്ടി പ്രസിഡന്റ് ശ്രീ. കെ. രാജൻ പ്രഖ്യാപിക്കുകയാണ്ടായി. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടിയുള്ള നിരന്തര പരിശ്രമങ്ങളിലാണ് ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടിരിക്കുന്നത്. എന്നാൽ ജനങ്ങളുടെ പ്രതീക്ഷക്കനുസൃമായി ഭരണ സമിതിക്ക് ഉയർന്നു പ്രവർത്തിക്കുവാൻ കഴിഞ്ഞു എന്ന് അവകാശപ്പെടുവാനാവില്ല. അധികാരവികേന്ദ്രീകരണത്തോടനുബന്ധിച്ചുണ്ടാകേണ്ട നിയമങ്ങളും ചട്ടങ്ങളും നിലവിൽ വരുന്നതിനിടയാക്കിയ കാലതാമസവും തങ്ങളിൽ നിക്ഷിപ്തമായിരുന്ന അധികരങ്ങൾ താഴെത്തലങ്ങളിലേക്ക് വിട്ടുകൊടുക്കുന്നതിനുള്ള ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ വൈമനസ്യവും വികസന പ്രവർത്തനങ്ങൾ നടത്തിക്കാനാവശ്യമായ സമ്പത്ത് പഞ്ചായത്തുകൾക്ക് വീതിച്ചുകൊടുക്കുവാൻ സർക്കാരിന് കഴിയാതെവന്നതും ഗ്രാന്റുകൾ യഥാസമയം ലഭിക്കാത്തതുമൂലം പഞ്ചായ

ത്തുകളുടെ സാമ്പത്തികനില താറുമാറായതു മാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. എന്നിരു ന്നാലും ജനപങ്കാളിത്തത്തോടുകൂടി ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തുവാൻ ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്.

ഗ്രാമപ്രദേശത്തെ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഇടത്തട്ടുകാരെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ പൂർത്തീകരിച്ചുകൊണ്ട് ഈ ശ്രമത്തിന് തുടക്കം കുറിച്ചു. പുനരർപ്പണദിനമായ നവംബർ ഒന്നിന് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ റോഡ് പൊതുജനപങ്കാളിത്തോടുകൂടി പണികൾ നടത്തി സഞ്ചാരയോഗ്യമാക്കിത്തീർക്കുന്നതി നുള്ള പ്രവർത്തനം നടന്നുവരുന്നു. ഈ ഗ്രാമ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽനിന്ന് ഒറ്റ പ്പെട്ടുകിടക്കുന്ന താഴത്തുവടക്ക്, ചെമ്പന്നൂർ കിഴ ക്കേക്കര, ഗോവിന്ദമഠം, പള്ളത്തുവിള ലക്ഷം വീട്, കുന്നിൻപുറം എന്നീ പട്ടികജാതി കേന്ദ്ര ങ്ങളെ ചെളിക്കുഴിയുമായി ബന്ധിപ്പിക്കുന്നതാണ് മഞ്ചാടിമൂട്–കുന്നിൻപുറം– ചെളിക്കുഴി റോഡ്. പ്രസ്തുത റോഡ് എട്ടുമീറ്റർ വീതിയിൽ സഞ്ചാ രയോഗ്യമാക്കുന്നതിന് ആവശ്യമായ സ്ഥലം പൊതുജനസഹകരണത്തോടുകൂടി വിലയ്ക്കു വാങ്ങി സന്നദ്ധ പ്രവർത്തനത്തിലൂടെ നിർമ്മാ ണപ്രവർത്തനങ്ങൾ പുനരർപ്പണദിന ത്തിൽത്തന്നെ ആരംഭിച്ചു. ചെളിക്കുഴി യിൽനിന്നു മണയറ വഴി മാലൂർ കോളേജ് റോഡിന്റെ പ്രസക്തി കണക്കിലെടുത്തുകൊണ്ട് ആദ്യഘട്ടമെന്ന നിലയിൽ ചെളിക്കുഴി യിൽനിന്നും മണയറ വരെയുള്ളു ഒരു കിലോ മീറ്റർ ടാറിംഗ് നടത്തുന്നതിനുള്ള പണികൾ നട ന്നുവരുന്നു. മെതുകുമ്മേൽ വാർഡിൽ കുരീ ക്കാട്ട് ജംഗ്ഷനിൽനിന്നും വെട്ടുതുരുത്തി കോള നിയിലേക്കുള്ള റോഡിന്റെ ഉദ്ധാരണപ്പണികൾ വി.ടി.സി. ഫണ്ട് വിനിയോഗിച്ച് നടത്തിവരുന്നു.

ഗ്രാമപഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 250ഓളം കുടുംബങ്ങൾക്ക് പുരകെ ട്ടിമേയുന്നതിനുള്ള സാമ്പത്തിക സഹായം യഥാ സമയം അനുവദിച്ചുനൽകുന്നതിന് കഴിഞ്ഞു. പാവപ്പെട്ട 150 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മി ക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്. എൽ.സി. പരീക്ഷക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ഗ്രാമപഞ്ചായത്തിലെ നാലു കുട്ടി കൾക്ക് ക്യാഷ് അവാർഡ് നൽകി അനുമോദി ക്കുകയുണ്ടായി.

സമീപകാലത്ത് കേരളത്തിനകത്തും പുറത്തും പടർന്നുപിടിച്ച ജപ്പാൻജ്വരം ഈ ഗ്രാമ ത്തിലെ ജനങ്ങളെയും പരിഭ്രാന്തരാക്കി. ജപ്പാൻജ്വരത്തിനെതിരായി ഗവ. സ്വീകരിച്ച പ്രതി രോധ നടപടിയുടെ ഭാഗമായി ഗ്രാമവാസികളെ സംഘടിപ്പിച്ച് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. ഡോ. എം.എൻ. മണി (പത്തനാ പുരം പി.എച്ച്.സി.), ഡോ. കെ. ബാലകൃഷ്ണൻ നായർ (പട്ടാഴി ഹോമിയോ ആശുപത്രി) എന്നി വരാണ് ക്ലാസ്സുകൾ നയിച്ചത്. തുടർന്ന് പഞ്ചാ യത്ത് ഭരണസമിതി അംഗങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും കൂട്ടായ സഹകരണ ത്തോടെ പ്രതിരോധ മരുന്നുകൾ സമയബന്ധി തമായി എല്ലാ വീടുകളിലും എത്തിച്ചുകൊ ടുത്തു. വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങ ളുടെ ഭാഗമായി പത്തനാപുരം വികസന ബ്ലോക്കിന്റെ സഹായത്തോടെ വരൾച്ച ബാധിച്ച കിണറുകളുടെ ആഴം വർദ്ധപ്പിച്ചും ഉപയോഗശൂ ന്യമായിക്കിടന്നിരുന്ന കിണറുകളുടെ അറ്റകുറ്റ പ്പണികൾ നടത്തിയും വരൾച്ചയെ നേരിടുന്നതി നുള്ള ഫലപ്രദമായ നടപടികൾക്ക് നേതൃത്വപ രമായ പങ്കുവഹിച്ചു. നാല് ഘട്ടങ്ങളിലായുണ്ടായ പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നഷ്ടം സംഭ വിച്ചവർക്ക് അടിയന്തിരമായി ആശ്വാസ സഹായം എത്തിച്ചുകൊടുക്കുന്നതിൽ ജാഗ്രത പുലർത്തി. കൃഷിനാശം സംഭവിച്ചതിന്റെയും വീടുകളുടെ നഷ്ടം തിട്ടപ്പെടുത്തുന്നതിനുമായി വിവിധ ഡിപ്പാർട്ടുമെന്റുകളെ കൂട്ടിയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വപര മായ പങ്കുവഹിച്ചു. എന്നിരുന്നാലും കർഷകർക്ക് ലഭിച്ച നഷ്ടപരിഹാരം നാമമാത്രമായിപ്പോയി.

നിലത്തെഴുത്ത് ആശാട്ടിമാർക്ക് നൽകി ക്കൊണ്ടിരുന്ന ഗ്രാന്റിൽ 20 ശതമാനം വർദ്ധിപ്പി ച്ചുകൊണ്ടുള്ള നടപടി സ്വീകരിച്ചു. ഗ്രാമപഞ്ചാ യത്താഫിസനോടനുബന്ധിച്ച് വില്ലേജ് എക്സ്ടെൻഷൻ ഓഫീസിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു.

കടുവാത്തോട് ജംഗ്ഷൻ മുതൽ ഇടക്കടവ് പാലംവരെയുള്ള ഇലക്ട്രിക് ലൈൻ പഴയ റോഡിൽനിന്നും മാറ്റിച്ചു പുതിയ റോഡിൽ തെരുവുവിളക്കുകൾ സഹിതം സ്ഥാപിക്കാൻ കഴിഞ്ഞു. കൂടാതെ, ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 37 തെരുവുവിളക്കുകൾകൂടി സ്ഥാപിച്ചു.

പഞ്ചായത്തീരാജ് സംവിധാനത്തിൽ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാകുന്നതോടെ ഈ പഞ്ചായത്തിലെ വികസന പ്രശ്നങ്ങൾ പലതും പരിഹരിക്കാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം. ഗ്രാമസഭകളിൽ മുഴങ്ങിയ എല്ലാ ജനകീയ അവശ്യങ്ങളും പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞെന്നുവരില്ല. എന്നാൽ ബഹുജന പങ്കാളിത്തത്തോടെ നടത്തുന്ന ഈ അസൂത്രണവും അതിന്റെ പ്രയോഗവും തീർച്ചയായും നമ്മുടെ ഗ്രാമത്തിൽ ഒട്ടേറെ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട.

ജനകീയ ആസൂത്രണ പരിപാടിയുടെ മൂന്നാം ഘട്ടമായി പദ്ധതി രൂപീകരണം നടക്കും. ഇതിനുവേണ്ടിയുള്ള കർമ്മസമിതികൾ വികസനസെമിനാറിൽവച്ച് നിയോഗിക്കപ്പെടും. ഇതിനാലകം നടന്ന ജനകീയ ആസൂത്രണ പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളിൽനിന്നും ആത്മാർത്ഥമായ സഹകരണം ഉണ്ടായിട്ടുണ്ട്. നമ്മുടെ ഗ്രാമസഭികളിൽ ആവേശപൂർവ്വം ജനങ്ങൾ പങ്കെടുത്തിട്ടുണ്ട്. നിസ്വാർത്ഥമായും അർപ്പണമനോഭാവത്തോടെയും പ്രവർത്തിക്കുവാൻ സന്നദ്ധരായ ഒട്ടനവധി ആളുകൾ ഇതിൽ പങ്കാളികളായിട്ടുണ്ട്. ഇവയെല്ലാം നമുക്ക് പുതിയ ഉണർവ്വും ആവേശവും പകരുകയാണ്. രാജ്യസ്നേഹത്തിന്റെയും സേവനസന്നദ്ധതയുടെയും ഒരു പുതിയ പന്ഥാവ് വെട്ടിത്തുറന്നുകൊണ്ട് തുടർന്നുള്ള പ്രവർത്തനങ്ങളിൽ കൂട്ടായ്മയിലൂടെ കരുത്താർജ്ജിച്ചുകൊണ്ട് ഒരു നല്ല നാളെയ്ക്കായ് നമുക്ക് പ്രവർത്തിക്കാം.

സർവ്വാദരവോടെ

കെ. രാജൻ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

*ഓർമ്മയിൽ ഒളിമിന്നും ഓമനഗ്രാമത്തിൻ–*
*രൂപഭാവങ്ങൾക്ക് ചേതനയേകുവാൻ*
*ഒന്നായ്, ഒരുമയായ്, ഒരമ്മതൻ മക്കളായ്*
*ചേർന്നിടാം ആ നവ ഗ്രാമത്തിൻ സൃഷ്ടിക്കായ്*



ജനകീയ ആസൂത്രണ പരിപാടിക്ക്
ആശംസകൾ

# പട്ടാഴി വടക്കേക്കര
# സർവ്വീസ് സഹകരണ ബാങ്ക്

രജി: നമ്പർ H.W. 25, ചെളിക്കുഴി. P.O, ഫോൺ–399 461

*സ്ഥാപിതം: 1961*

നിക്ഷേപങ്ങൾക്ക്
കൊമേർഷ്യൽ ബാങ്കുകളേക്കാൾ
ഉയർന്ന പലിശ.

| | |
|---|---|
| ടആ അക്കൗണ്ട് | 6.5% |
| ഹോം സേഫ് അക്കൗണ്ട് | 10% |
| ഫിക്സഡ് ഡിപ്പോസിറ്റ് | |
| 30 മുതൽ 1വർഷം വരെ | 13% |
| 1 വർഷം മുതൽ 3 വർഷം വരെ | 14.5% |
| 3 വർഷത്തിനു മുകളിൽ 5 വർഷം വരെ | 15% |
| 5 വർഷത്തിനു മുകളിൽ | 15.5% |

*നിങ്ങളുടെ നിക്ഷേപം നാടിന്റെ പുരോഗതിക്ക്.*



**പട്ടാഴി വടക്കേക്കര പഞ്ചായത്ത്.**




ഗ്രാമപഞ്ചായത്തിനെക്കുറിച്ച് ഇങ്ങനെയൊരു പുസ്തകം ആദ്യമാണ്. പട്ടാഴി വടക്കേക്കര പഞ്ചായത്തിന്റെ സമഗ്രവിവരങ്ങൾ, ചരിത്രകാര്യങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടം. 12 വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമസഭകളിലുയർന്ന ആവലാതികൾ ഉൾക്കൊണ്ടുകൊണ്ട് സമഗ്രവികസനത്തിനുള്ള റിപ്പോർട്ടുകൾ എന്നിവ ഇതിന്റെ ഉള്ളടക്കത്തിലുണ്ട്. CESSന്റെ നേതൃത്വത്തിൽ 1994ൽ സന്നദ്ധപ്രവർത്തകർ തയ്യാറാക്കിയ വിഭവഭൂപടവും സാമൂഹ്യ സാമ്പത്തിക സർവ്വേ റിപ്പോർട്ടും ഈപുസ്തകം തയ്യാറാക്കാൻ ഏറെ സഹായകമായി. തെരഞ്ഞെടുക്കപ്പെട്ട കോർ ഗ്രൂപ്പ് ബഹുജന സഹകരണത്തോടെ കൂട്ടായ പരിശ്രമഫലമായി സമയബന്ധിതമായിട്ടാണ് ഇത് തയ്യാറാക്കിയത്. കേരള സർക്കാരിന്റെയും ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിലുള്ള ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഈ പുസ്തകം പട്ടാഴി വടക്കേക്കര ഗ്രാമത്തെ ഇന്നലെയുടെ പ്രത്യേകതകൾ കണ്ടറിഞ്ഞ് ഇന്നിന്റെ പ്രശ്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ച് സമഗ്രവികസനത്തിലേക്ക് നയിക്കുവാൻ അടിസ്ഥാന രേഖയായി ഏവർക്കും പ്രയോജനപ്പെടുമെന്ന് കരുതുന്നു.

**പട്ടാഴി വടക്കേക്കരഗ്രാമ പഞ്ചായത്ത്**

**ജനകീയ ആസൂത്രണ പ്രസ്ഥാനം**